بسم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാഹ് പ്രസിദ്ധീകരണം

പത്രാധിപർ:
ബിഎം കോയ

2004
ഒക്ടോബർ 16 – നവംബർ 15

1179 തുലാം–വൃശ്ചികം
1425 ശഅ്ബാൻ – റമദാൻ
1382 – ഇഖാഅ്

പുസ്തകം 4
ലക്കം 10
വില 7 രൂപ

**SATHYAMITHRAM**
MILLENNIUM PUBLICATION

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010, 2761020
and Edited by BM Koya
Nazim A' la, Maj. Ansarullah Kerala.

Manager: Muhammed Salim,
Kannur
Ph: 98460 89896.



**Postal Address :**
Editor/Manager
Sathyamithram Monthly
BRB Centre,
Kannur-17


**അറിയിപ്പ്**
സത്യമിത്രത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ ഉത്തരവാദിത്തം ലേഖകരിൽതന്നെ നിക്ഷിപ്തമായിരിക്കും. അവ സത്യമിത്രത്തിന്റെ വീക്ഷണമോ പാഠമോ ആയിക്കൊള്ളണമെന്നില്ല. *-പത്രാധിപർ*

# വി ഷ യ വി വ രം


*ആമുഖം*
പുണ്യത്തിന്റെ പൂക്കളുമായി ഒരു റമദാൻ കൂടി ........ 4


*യുഗനാദം*
ദൈവീകസംരക്ഷണത്തിന്റെ രഹസ്യം ........ 6
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) വിവ: മൗലവി മുഹമ്മദ് ഉമർ എച്ച്.എ.

*വിശുദ്ധ ഖുർആൻ*
സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം ........ 10

*വിശുദ്ധ ഖുർആനിൽനിന്ന്*
അല്ലാഹുവിനത്രെ സർവ്വസ്തുതിയും ........ 14
അല്ലാഹു ഞാൻതന്നെ ........ 15
ബിഎം

*ലേഖനങ്ങൾ*
*വ്രതാനുഷ്ഠാനം*
സമസ്തമനുഷ്യർക്കും സന്മാർഗ്ഗദായകം ........ 18
ഹ: മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു), വിവ: മൗലവി മുഹമ്മദ് ഇസ്മാഈൽ
റമദാൻ അനുഗൃഹീതമാസം ........ 26
ഹ: മിർസാ ത്വാഹിർ അഹ്മദ് (റഹ്മഹു), വിവ: മൗലവി മുഹമ്മദ് ഇസ്മാഈൽ
വിശുദ്ധഖുർആൻ നല്കുന്ന പാഠങ്ങൾ ........ 32
അബു കുറ്റിച്ചിറ
ലൈലത്തുൽ ഖദ്ർ ........ 40
ഫയ്ഹിമ കാനത്തൂർ
തേൻമഴയായി റമദാൻ വീണ്ടും ........ 43
ഡോ. ഇ.കെ. മുഹമ്മദ്, കോഴിക്കോട്
ഇഅ്ത്തികാഫ് ........ 44
ബി. എസ്.ബി.
ആയത്തിലെ ഒരു ഭാഗം മൻസൂഖോ? ........ 46
എം.കെ.
ഒരു ഡയറിക്കുറിപ്പ് ........ 48
ഉമർ ബിലാവിനകം

പംക്തികൾ:
വായിക്കുന്നവർ എഴുതുന്നു........ 8
അനുസ്മരണം
വാർത്തകൾ, അറിയിപ്പുകൾ

മുഖചിത്രം:
- *മജ്ലിസ് അൻസാറുല്ലാഹ് കേന്ദ്ര ഓഫീസ്, ഖാദിയാൻ–*
- *27–ാമത് മജ്ലിസ് അൻസാറുല്ലാഹ് ഇജ്തിമായുടെ പതാക ഹസ്റത്ത് മിയാൻ സാഹിബ് ഉയർത്തുന്നു*
- *കേരളത്തിൽനിന്ന് പങ്കെടുത്ത പ്രതിനിധികൾ*

**ആമുഖം**

# പുണ്യത്തിന്റെ പൂക്കാലമായി വീണ്ടും റമദാൻ

ഇത് പരിശുദ്ധമാസമാണ്. ലോകമാകെ കാത്തിരിക്കുന്ന ധന്യമാസം. റമദാനെപ്പോലെ മറ്റൊരു മാസത്തെ മാലോകരിലാരെങ്കിലും ഈ വിധത്തിൽ കാത്തിരിക്കുന്നുണ്ടോ? മാസം പിറക്കുന്നതിനു മുൻപായി ഉദ്വേഗം. വരുന്നത് റമദാൻ. റമദാനെ വരവേല്ക്കാനായി എന്തൊക്കെ ചെയ്യണം. അവയൊക്കെ ചെയ്തുവെച്ചോ? മുന്നൊരുക്കങ്ങൾ കഴിഞ്ഞോ? ഉത്കണ്ഠയാണ്. വൈകുന്നേരമാകുമ്പോൾ തെളിഞ്ഞ മാനത്തേക്കു കണ്ണുയർത്തിനോക്കാൻ എത്രയായിരം കണ്ണുകൾ. എവിടെ ചന്ദ്രക്കല? മൈതാനം, കടൽപ്പുറം, കുന്നിൻപുറം, വീടുകളിൽ മട്ടുപ്പാവ്– എല്ലായിടങ്ങളിലും ആളുകൾ. എവിടെ പിറവിചന്ദ്രൻ? പള്ളികളായ പള്ളികളിൽ ജനം കൂടി നില്ക്കുന്നു. വീടുകളായ വീടുകളിൽ വാർത്തയറിയാൻ സ്ത്രീജനം കാത്തിരിക്കുന്നു. വേല ചെയ്യുന്നവരുടേയും യാത്ര ചെയ്യുന്നവരുടേയും ചോദ്യവും ഇതുതന്നെ. റമദാനെത്തിയോ? '*വല്ലിച്ച*' വിവരമറിഞ്ഞോ? തക്ബീർ കേട്ടോ?

'ഉവ്വ്' എന്ന് കേൾക്കാനാണ് കൊതി. നല്ല ആളിനെ, വലിയ ആളിനെ കാത്തിരിക്കുമ്പോൾ ആ ആൾ അതിവേഗമെത്തണമെന്നാണ് മനസ്സ് കൊതിക്കുന്നത്. നേരം കുറിച്ച്, കൊച്ചുവാക്കുകൾ കൊറിച്ച്, ക്ഷമ കുറച്ച്, വഴിയിലേക്ക് കണ്ണയച്ച് എന്താ വരാത്തത്, വരാറായില്ലേ, വരുന്നുണ്ടോ, വരുന്നത് ആ ആളാണോ, ഉറപ്പല്ലേ, ആൾ ഇങ്ങെത്തിയോ... ഇങ്ങനെ അന്വേഷിക്കുമ്പോൾ ആൾ വന്നെത്താൻ, വന്നുകിട്ടാൻ എന്തൊരു തിടുക്കം. കണ്ടുപുണരാൻ, കണ്ണു തുടയ്ക്കാൻ എന്തൊരാവേശം. റമദാന്റെ കാര്യവും അങ്ങനെയാണ്. കണ്ടോ? കാണുന്നുണ്ടോ? എന്താ കാണാത്തത്? നല്ലപോലെ നോക്കുന്നില്ലേ? കണ്ണുകളെല്ലാം മാനത്ത്. മനസ്സും മാനത്ത്.

അതാണ് റമദാൻ. പുണ്യമാസം. ആണ്ടിലൊരിക്കൽ ഹർഷത്തോടെ വന്നുചേരുന്ന പുണ്യം വിതറുന്ന മാസം. അത് മനുഷ്യർക്ക് പുണ്യത്തിന്റെ പൂക്കാലം. ആ പൂക്കാലത്തിൽ ഇസ്‌ലാമിന്റെ ആത്മസത്തയുടെ നിറം വെളിവാകുന്നു. ഭാവം പ്രത്യക്ഷമാകുന്നു. ത്യാഗത്തിന്റെ തിളക്കം അറിയുമാറാകുന്നു.

റസൂലുല്ലാഹി(സ) പറഞ്ഞു. ***ഇദാ ജാഅ റമളാനു ഫുതിഹത് അബ്‌വാബുൽ ജന്നഃ*** റമദാൻ ആരംഭിക്കുമ്പോൾ സ്വർഗ്ഗവാതിലുകൾ തുറക്കപ്പെടുന്നു. മറ്റൊരു ഹദീസിൽ ***ഫുതിഹത് അബ്‌വാബസ്സമാഇ*** എന്നാണ് പറഞ്ഞത്. ആകാശവാതിലുകൾ തുറക്കപ്പെടും എന്ന്. തുടർന്ന് ***വ ഗുല്ലിഖത് അബ്‌വാബുന്നാറി വ സുഫ്ഫിദതിശ്ശയാത്വീൻ–*** നരകത്തിന്റെ വാതിലുകൾ അടയ്ക്കപ്പെടും, ശയ്ത്വാനുകളെ ചങ്ങലയിൽ ബന്ധിക്കപ്പെടും എന്നും പറഞ്ഞു..

റമദാന്റെ 'പോരിശ'യാണിത്. സ്വർഗ്ഗം റമദാനുവേണ്ടി ചമഞ്ഞൊരുങ്ങുന്നു. 'എവിടെ നിന്റെ ദാസന്മാർ, നിന്നെ സ്വായത്തമാക്കിയവർ'. 'റയ്യാൻ' എന്ന വാതിൽ തുറന്നുവെച്ച് സ്വർഗ്ഗം റമദാനോട് ചോദിക്കുന്നു. റമദാനെ സ്വായത്തമാക്കിയവർ– അവർ മോദത്തോടെ ധൃതിവെച്ച് റയ്യാനിലൂടെ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നു.

റമദാനിലെ ആദ്യപത്തിന് ഭാരമുണ്ട്. അതിലുള്ളത് ***നിഅ്മത്ത്***. ആ 'പത്ത്' പതുക്കെ സഞ്ചരിക്കുന്നു. രണ്ടാമത്തെ പത്ത് വേഗം സഞ്ചരിക്കുന്നു. അർഹരായവർക്ക് ***മഗ്ഫിറത്ത്*** നല്കിക്കൊണ്ടുള്ള സഞ്ചാരം. മൂന്നാമത്തെ പത്ത് ഇഅ്ത്തികാഫ് ഇരിക്കുന്നവർക്കുള്ളതാണ്; ദാന, ധ്യാനനിരതരായവർക്കും. അതിവേഗത്തിലാണത് സഞ്ചരിക്കുന്നത്. മുഅ്മിനീങ്ങളെ നരകത്തിൽനിന്ന് ദൂരത്താക്കി സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചുകൊടുക്കുന്നു അത്.

എല്ലാം നല്ലതിന്, ആത്യന്തികനന്മയ്ക്ക്. എത്തിച്ചേരുന്നതാവട്ടെ, റമദാന്റെ ഉടമസ്ഥനായ അല്ലാഹുവിന്റെ അങ്കണത്തിൽ. അതറിവുള്ളതുകൊണ്ട് തിരുമേനി തെളിമയോടെ പറഞ്ഞു. ***സൂമൂ ലി റുഅ്‌യതിഹി, വ അഫ്തിറൂ ലിറുഅ്‌യതിഹി–*** 'നിങ്ങൾ പിറവിചന്ദ്രനെ കാണുമ്പോൾ നോമ്പ് നോല്ക്കുക, അടുത്ത പിറവിചന്ദ്രനെ കാണുമ്പോൾ നോമ്പ് ഉപേക്ഷിക്കുക'. പിറവിചന്ദ്രനെ കാണുമ്പോഴാണ് റമദാന്റെ ആരംഭമുണ്ടാകുന്നത്. റമദാന് സാക്ഷിയാകുന്നതും അപ്പോഴാണ്. വിശുദ്ധഖുർആൻ പറഞ്ഞതും അതുതന്നെ.

***ഫമൻ ശഹ്റ മിൻകുമുശ്ശഹ്റ–*** നിങ്ങളിലാരെങ്കിലും ഈ മാസത്തിന്–റമദാന് സാക്ഷ്യം വഹിച്ചാൽ,

***ഫൽ യസുംഹു–*** അയാൾ അതിൽ നോമ്പ് നോല്ക്കട്ടെ. റമദാന് സാക്ഷ്യം വഹിക്കുന്നതെങ്ങനെയാണ്. പിറവിചന്ദ്രനെ കണ്ടുതന്നെ. കാണാൻ കഴിയുന്നവിധത്തിലാണ് പ്രപഞ്ചത്തെ, പ്രകൃതിയെ ഈവിധം അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നത്. അല്ലാഹുതന്നെ പറഞ്ഞില്ലേ? ഭൂമിയിലുള്ളതൊക്കെ, ആകാശങ്ങളിലുള്ളതും ആയാത്തുകളാണ്. ഖുർആനിലുള്ളത് ആയത്തുകളും. രണ്ടും സമംസമമായി പുലരുന്നു. അതിസുഭഗമായ ഒരു ചേരുവയാണിത്. ഒന്ന് ഒന്നിന്റെ വിശദീകരണമാണ്. ഒന്ന് ഒന്നിന്റെ അപഗ്രഥനമാണ്. അല്ലാഹുവിന്റെ കർമ്മമാണൊന്ന്. അല്ലാഹുവിന്റെ കലാമാണ് മറ്റൊന്ന്. എങ്ങനെയുള്ള അല്ലാഹുവിന്റെ? '***ലിമ തഖൂലൂന മാലാ തഫ്അലൂൻ***' എന്ന് പഠിപ്പിച്ച അല്ലാഹുവിന്റെ. തീർച്ചയായും പ്രവർത്തിച്ചത് അല്ലാഹു പറയുന്നു, പറയുന്നത് അല്ലാഹു പ്രവർത്തിക്കുന്നു. അത് മനസ്സിലാക്കുവാൻ മനസ്സിനെ സജ്ജമാക്കുമ്പോഴാണ് അല്ലാഹുവിന്റെ പാതയെ തിരിച്ചറിയുന്നവരായി നാം മാറുന്നത്. ആ പാത ***സിറാത്വൽ മുസ്തഖീം*** ആണ്. അത് നാം അന്വേഷിക്കണം. അത് നാം സ്വന്തമാക്കണം. റമദാനിലെ മുഖ്യആകർഷണം റമദാനിൽ ആ പാത അതീവ ഭംഗിയായി ഒരുക്കപ്പെട്ടിരിക്കുന്നു എന്നതാണ്.

ശരിയാണ്, അങ്ങനെ വരാവുന്നതാണ്. പിറവിചന്ദ്രനെ കാണാൻ കഴിയാതിരിക്കുമാറ് ആകാശം മേഘാവൃതമാകാം, വർഷപാതമുണ്ടാകാം. അങ്ങനെയുള്ള അവസരങ്ങളിൽ എന്തുചെയ്യണമെന്ന് റസൂലുല്ലാഹി(സ) പറഞ്ഞു. *അപ്പോൾ നിങ്ങൾ കണക്ക് നോക്കുക*. ചിന്തിക്കാനും അപഗ്രഥിക്കാനും കണക്കുകൂട്ടി ശരിയായതിലെത്തിച്ചേരുവാനുമുള്ള ബുദ്ധിയും വഴിയും അല്ലാഹു മനുഷ്യർക്ക് നല്കിയിട്ടുണ്ട്. ആ വഴി പ്രയോജനപ്പെടുത്തുക. അത് 'എമർജൻസി എക്സിറ്റ്' ആണ്. ഒരു കെട്ടിടത്തിൽനിന്നോ വാഹനത്തിൽനിന്നോ പുറത്തേക്ക് പോകാൻ സാധാരണവാതിലുകൾ കാണും. അതിനുപുറമെ, ആ വാതിലുകൾ അടയുകയോ അവിടേക്ക് പോകാൻ നിവൃത്തിയില്ലാതെ വരികയോ ചെയ്യുന്നപക്ഷം ഒരു 'എമർജൻസി എക്സിറ്റ്' ആവശ്യമാകും. പക്ഷെ, ആ 'എക്സിറ്റ്' ആരും പതിവായി ഉപയോഗിക്കാറില്ല. വിരളമായി, അനിവാര്യമായി ഉപയോഗിക്കാനുള്ളതാണത്. അതുപോലെയാണ് 'കണക്കുകൂട്ടി റമദാനെ നിർണ്ണയിക്കുക' എന്ന നിർദ്ദേശം. ആകാശം മേഘാവൃതമാണെങ്കിൽ, വർഷപാതമുണ്ടാവുകയാണെങ്കിൽ അപ്പോൾ മാത്രം പ്രയോഗിക്കാനുള്ളതാണത്. അല്ലാതെ എപ്പോഴത്തേക്കുമായി നാളും താളും നോക്കി നിർണ്ണയം നടത്തുകയാണെങ്കിൽ ഒക്കെ യാന്ത്രികമാകും. 'കാത്തിരിക്കുക' എന്ന അവസ്ഥയില്ല. കണക്കനുസരിച്ച് തിയ്യതി വന്നുകൊള്ളും. 'തിങ്കളാഴ്ച' വരുന്നതുപോലെ. 'പത്താംതിയ്യതി' പ്രത്യക്ഷപ്പെടുന്നതുപോലെ. ആർക്കുമില്ല ഉദ്വേഗം. ആർക്കുമില്ല തിടുക്കം. മാനസികമായ ഒരു തയ്യാറെടുപ്പും ആർക്കും ലഭിക്കുന്നില്ല.


അറിയുക, തിരുമേനി ആഹ്ലാദത്തോടെയാണ്, ആത്മാർത്ഥതയോടെയാണ് പിറവിചന്ദ്രനെ കാണാനായി കണ്ണുയർത്തിയത്. തിരുമേനി കാതരമായ ഭാഷയിൽ പ്രാർത്ഥിച്ചു. "***അല്ലാഹുമ്മ അഹില്ലഹു അലൈനാ ബിൽ അംനി വൽ ഈമാനി വസ്സലാമത്തി വൽഇസ്ലാമി. റബ്ബീ വ റബ്ബുക്കല്ലാഹ്, ഹിലാലു റുശ്ദിൻ വ ഖയ്റിൻ–*** എന്റെ അല്ലാഹുവേ, ഈ പിറവിചന്ദ്രനെ നിർഭയത്തോടെയും സുരക്ഷയോടെയും സുഖത്തോടെയും ക്ഷേമത്തോടെയും നീ ഉദിപ്പിക്കേണമെ. അല്ലയോ ഹിലാൽ, എന്റെയും നിന്റെയും റബ്ബ് അല്ലാഹുവാണ്. നീ നന്മയുടേയും സന്മാർഗ്ഗത്തിന്റേയും സദാചാരത്തിന്റേയും സൽകർമ്മത്തിന്റേയും ചന്ദ്രനായിത്തീർന്നാലും."

ഈ ചന്ദ്രനെ നാം അവഗണിക്കണോ. ആകാശത്ത് അനന്തവിസ്തൃതിയിൽ അല്ലാഹു പ്രത്യക്ഷപ്പെടുത്തിത്തരുന്ന ഈ അടയാളം നമ്മുടെ നന്മയും സന്മാർഗ്ഗവുമാണ്, സദാചാരവും സൽകർമ്മവുമാണ്. അതിനെ ആദരപൂർവ്വം അറിയുകയല്ലേ നമുക്കുചിതം. അതിനെ അവഗണിച്ച് നമ്മുടെ ഇത്തിരിപ്പോന്ന തലയ്ക്കകത്തെ കണക്കിലേക്ക് നാം ഒതുങ്ങുകയാണെങ്കിൽ നമുക്ക് നഷ്ടപ്പെടുന്നത് വികാസം. തിരുനബിയുടെ മിഴിവാർന്ന മഹാദർശനത്തെ നാം അപായപ്പെടുത്തുന്നു. അങ്ങനെ ചെയ്യാൻ നാമാര്?

പിറവിചന്ദ്രനെ കാണാനൊരുങ്ങുമ്പോൾ നാം റമദാനെയാണ് കാണാനൊരുങ്ങുന്നത്. റമദാന് സാക്ഷിയാകുവാനും റമദാനെ ജീവിതത്തിൽ കുടിയിരുത്തുവാനും കഴിയുമ്പോൾ അല്ലാഹുവിന്റെ പക്കൽ ഒരു കുടി സ്വന്തമാക്കുവാനുള്ള അപൂർവ്വവും അമൂല്യവുമായ ഒരു അസുലഭ സന്ദർഭമാണ് ഓരോരുത്തർക്കും വീണുകിട്ടുന്നത്. മഹാസൗഭാഗ്യം. '***ഫുതിഹത് അബ്വാബുൽ ജന്നഃ'*** എന്ന് പറഞ്ഞപ്പോൾ അതാണ് തിരുമേനി ഉദ്ദേശിച്ചത്. '***ഫൽയസുംഹു***' എന്നു പറഞ്ഞ് വിശുദ്ധഖുർആൻ ഉദ്ബോധിപ്പിക്കുന്നതും അതുതന്നെ.

നമുക്ക് റമദാന് സാക്ഷിയാകാം. റമദാൻ നമുക്കുള്ളിൽ പ്രവേശിക്കുമാറാകട്ടെ. അകം ശുദ്ധിയാക്കി, കർമ്മം ശുദ്ധിയാക്കി, വചനം ശുദ്ധിയാക്കി റമദാനെ സ്വീകരിക്കുവാൻ നമുക്കു സന്നദ്ധരാകാം. അല്ലാഹു അതിനുള്ള തൗഫീഖ് നമുക്കു നല്കുമാറാകട്ടെ. നമ്മിൽ ധാരാളമായി കരുണ ചൊരിയുമാറാകട്ടെ.

**സത്യമിത്രം വായനക്കാർക്ക് റമദാൻ ആശംസകൾ.**



# വ്രതാനുഷ്ഠാനം –
# ദൈവിക സംരക്ഷണത്തിന്റെ രഹസ്യം

**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**വിവ: മൗലവി മുഹമ്മദ് ഉമർ എച്ച്.എ.**

***'ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ'*** എന്ന ആയത്തിൽനിന്ന് പരിശുദ്ധ റമളാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം മനഃസംസ്കരണത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയദർശനശക്തി ലഭിക്കുന്നതാണെന്നും സൂഫിവര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനംചെയ്യുന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽനിന്നുള്ള മോചനമാണ്. മനഃസംസ്കരണമെന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്ന് ദൈവദർശനം സാധിക്കലുമാണ്. '***ഉൻസില ഫീഹിൽ ഖുർആൻ***' എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം മഹത്വപൂർണ്ണമാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധതരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹലബ്ധിയിൽനിന്ന് തടഞ്ഞുനിർത്തുന്നു. എനിക്കോർമ്മയുണ്ട്. എന്റെ യൗവ്വനകാലത്ത് വ്രതാനുഷ്ഠാനം അഹ്‌ലുബൈത്തിന്റെ ചര്യയിൽപ്പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് ***സൽമാനുൻ മിന്നാ അഹ്‌ലുൽ ബൈത്തി*** എന്ന് അരുൾചെയ്തിട്ടുണ്ട്. ***സൽമാൻ*** എന്ന വാക്കിന് 'രണ്ടുവിധത്തിലുള്ള സമാധാനം' എന്നാണർത്ഥം. അതായത് ആന്തരീകവും ബാഹ്യവുമായ സമാധാനങ്ങൾ– ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവ്വഹിക്കുക. വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നതായി എനിക്കു തോന്നി. അങ്ങനെ ഞാൻ തുടരെ ആറുമാസക്കാലം നോമ്പനുഷ്ഠിച്ചു. ഇതിനിടയിൽ പ്രകാശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്ക് ഉയർന്നുപോകുന്നതായി എനിക്ക് കാണുവാൻ സാധിച്ചു. ആ പ്രകാശസ്തൂപങ്ങൾ ഭൂമിയിൽനിന്ന് ആകാശത്തേക്കുയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽനിന്ന് ഉയർന്നുപോകുന്നതാണോ എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല.

സാധിക്കുന്നേടത്തോളം അല്ലാഹു നിർദ്ദേശിച്ച കടമകൾ നിർവ്വഹിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെക്കുറിച്ച് അല്ലാഹു പറയുന്നത് ***വ ഇൻ തസൂമു ഖയ്റുല്ലകും*** (*2:185*) നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് നന്മയാണെന്നാണ്.

എന്തിനാണ് അല്ലാഹു ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതെന്ന ചിന്ത എന്റെ ഹൃദയത്തിൽ പൊങ്ങിവന്നപ്പോൾ വ്രതാനുഷ്ഠാനത്തിനുള്ള കഴിവും സൗഭാഗ്യവും ലഭിക്കുന്നതിനായിട്ടാണെന്ന് എന്റെ അന്തഃരംഗം എന്നോട് മറുപടി പറഞ്ഞു. മനുഷ്യന് തൗഫീഖ് നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ട് ഓരോ കാര്യവും അല്ലാഹുവിനോടാണ് ആവശ്യപ്പെടേണ്ടത്. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയരോഗിക്കും വ്രതാനുഷ്ഠാനത്തിനുള്ള ശക്തിയും കഴിവും നൽകുന്നതാണ്. ആ ശക്തി സംജാതമാകുന്നതിനുവേണ്ടിയാണ് ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നത്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമെ സാധിക്കുകയുള്ളൂ. അതുകൊണ്ട് എന്റെ പക്കൽ മനുഷ്യൻ അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ച് സഹായം തേടേണ്ടതാണ്. "അല്ലാഹുവേ! ഇത് നിന്റെ അനുഗൃഹീതമതമാണ്. എന്നാൽ ഞാൻ ഈ അനുഗ്രഹത്തെ ഉൾക്കൊള്ളാൻ സാധിക്കാതെ നഷ്ടപ്രാപ്തനായിരിക്കുകയാണ്. അടുത്തവർഷവും ഞാൻ ജീവനോടുകൂടി ഇരിക്കുമോ ഇല്ലയോ? ഒഴിഞ്ഞുപോയ നോമ്പുകൾ നോറ്റുവീട്ടാൻ എനിക്ക് സാധിക്കുമോ ഇല്ലയോ എന്നാർക്കറിയാം?"

ഇങ്ങനെ അല്ലാഹുവിനോട് തൗഫീഖ് ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്ക് അല്ലാഹു തീർച്ചയായും തൗഫീഖ് നൽകും എന്നെനിക്ക് ഉറച്ച വിശ്വാസമുണ്ട്.

ഈ അവസ്ഥയിൽ ഒരാൾ റമസാൻ മാസത്തിൽ രോഗഗ്രസ്തനായിത്തീരുകയാണെങ്കിൽ ഈ രോഗം അയാൾക്ക് അല്ലാഹുവിന്റെ കാരുണ്യത്തിനുള്ള നിദാനമായിത്തീരുന്നതാണ്. കാരണം ഓരോ പ്രവൃത്തിയുടെയും അടിത്തറ ഉദ്ദേശ്യത്തിലാണുള്ളത്. അവർക്കു വേണ്ടി മലക്കുകൾ വ്രതമനുഷ്ഠിക്കുന്നതാണ്.

വളരെ സൂക്ഷ്മവും ലോലവുമായ കാര്യമാണിത്. ഒരാൾക്ക് അയാളുടെ മനസ്സിന്റെ ആലസ്യം നിമിത്തം നോമ്പ് ഭാരമായിത്തോന്നുകയും താൻ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ– ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽകൂടി– ഇന്നയിന്ന രോഗങ്ങൾ പിടിപെടുന്നതാണെന്ന് ശങ്കിക്കുകയും അങ്ങനെ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ തനിക്ക് ഭാരമാണെന്ന് കരുതുകയാണ് ചെയ്യുന്നത്. അപ്പോൾ അയാൾക്ക് അല്ലാഹുവിൽ നിന്നെങ്ങനെയാണ് പ്രതിഫലം ലഭിക്കുക? എന്നാൽ ഏതൊരാളുടെ ഹൃദയം റമദാന്റെ ആഗമനത്തിൽ ആനന്ദമനനുഭവിക്കുകയും അങ്ങനെ റമദാൻ ആഗതമായാൽ നോമ്പനുഷ്ഠിക്കുന്നതാണെന്ന് പ്രതീക്ഷിച്ചിരിക്കുകയും എന്നാൽ തക്കസമയത്ത് രോഗകാരണം നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത നിർബന്ധിതാവസ്ഥ വരികയും ചെയ്യുന്നുവോ അങ്ങനെയുള്ള ആളിനെ അല്ലാഹു ഉപരിലോകത്ത് നോമ്പനുഷ്ഠിച്ചവരുടെ കൂട്ടത്തിൽപെടുത്തുന്നതായിരിക്കും.

അല്ലാഹു, ഹൃദയത്തിൽ കുടികൊള്ളുന്ന സത്യവും ആത്മാർത്ഥവും ആയ ഉദ്ദേശ്യത്തെയാണ് വീക്ഷിക്കുന്നത്. അയാളുടെ ഹൃദയത്തിൽ വേദന വിങ്ങിപ്പൊട്ടുന്നുവെന്ന് അല്ലാഹുവിന്നറിയാം. അങ്ങനെയുള്ള ആൾക്ക് അല്ലാഹു അധികമായ പ്രതിഫലവും പുണ്യവും നൽകുന്നതാണ്. കാരണം, വേദനയോടുകൂടിയ ഹൃദയം വിലമതിക്കാനാകാത്തതാണ്. ഒഴിഞ്ഞുമാറുന്ന മനഃസ്ഥിതിയുള്ള ആൾ പല വിശദീകരണങ്ങളിലും അഭയം തേടുന്നു. എന്നാൽ അല്ലാഹുവിന്റെ പക്കൽ ഈ അഭയം നിഷ്പ്രയോജനമാണെന്നതിൽ സംശയമില്ല. ഞാൻ ആറുമാസം തുടർച്ചയായി നോമ്പനുഷ്ഠിച്ചപ്പോൾ ഒരിക്കൽ പ്രവാചകന്മാരുടെ ഒരുകൂട്ടം ആത്മദർശനത്തിൽ വന്നു എന്നോട് നിങ്ങളെന്തിനാണ് നിങ്ങളുടെ ആത്മാവിന് ഇത്രയധികം പ്രയാസം നൽകുന്നത്. ഇതിൽനിന്ന് പുറത്തുവരിക എന്ന് പറഞ്ഞു. ഇതേപ്രകാരം ഒരു മനുഷ്യൻ അല്ലാഹുവിനുവേണ്ടി തന്നെ കഷ്ടത്തിലും പ്രയാസത്തിലും പെടുത്തുകയാണെങ്കിൽ അവൻ സ്നേഹമുള്ള മാതാപിതാക്കളെപ്പോലെ അവൻ അയാളോട് കരുണകാണിച്ചുകൊണ്ട് 'നീ എന്തിനിങ്ങനെ കഷ്ടപ്പെടുന്നു' എന്ന് ചോദിക്കുന്നതാണ്.

എന്നാൽ ഇത്തരം പ്രയാസങ്ങളിൽനിന്നും മാറിനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നവരെ അല്ലാഹു മറ്റുവിധത്തിലുള്ള പ്രയാസങ്ങളിൽ അകപ്പെടുത്തുന്നതാണ്. അതിൽനിന്ന് പുറത്തുവരാൻ അത്തരക്കാർക്ക് സാധിക്കാതെയുംപോകും. സ്വയം പ്രയാസങ്ങൾ ഏറ്റെടുക്കുന്നവരെ അല്ലാഹു ആ പ്രയാസങ്ങളിൽനിന്ന് പുറത്തേക്കു നയിക്കുന്നതാണ്. അതുകൊണ്ട് തന്റെ നഫ്സിനോട് അനുകമ്പ കാണിക്കാതെ അല്ലാഹുവിന്റെ അനുകമ്പയ്ക്ക് പാത്രമാകാൻ ശ്രമിക്കുക. കാരണം തന്റെ നഫ്സിനോട് അനുകമ്പ കാണിക്കുന്നത് അതിന്നു നരകമായിരിക്കും. അല്ലാഹുവിൽനിന്നുള്ള അനുകമ്പയാകട്ടെ അതിന് സ്വർഗ്ഗവും!

ഹസ്റത്ത് ഇബ്രാഹിം(അ)ന്റെ സംഭവംതന്നെ നോക്കുക. അഗ്നിയിൽ പ്രവേശിക്കാൻ സ്വയമേവ തയ്യാറാകുന്നവരെ അല്ലാഹു അഗ്നിയിൽനിന്ന് രക്ഷപ്പെടുത്തുന്നു. എന്നാൽ അഗ്നിയിൽനിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരെ അഗ്നി ആഹൂതി ചെയ്യുന്നു. ഇതിനാണ് ഇസ്ലാം എന്നു പറയുന്നത്. അല്ലാഹുവിന്റെ വഴിയിൽ എന്തുതന്നെ വന്നുഭവിക്കുകയാണെങ്കിലും അതിനെ നിഷേധിക്കരുത്. റസൂൽ തിരുമേനി(സ) തന്റെ സ്വയം സംരക്ഷകനാവുകയും അതിനെക്കുറിച്ച്തന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നെങ്കിൽ ***വല്ലാഹു യഅ്സിമുക മിനന്നാസ്*** *(5:68)* അല്ലാഹു നിന്നെ ജനങ്ങളിൽനിന്ന് സംരക്ഷിക്കുന്നതാണെന്ന തിരുവചനം ഇറങ്ങുമായിരുന്നില്ല.

ദൈവികസംരക്ഷണത്തിന്റെ രഹസ്യം ഇതിലാണടങ്ങിയിരിക്കുന്നത്.

*(മൽഫൂസാത്ത്, വോള്യം–4, പേ.256–260)*

## ഹസ്റത്ത് മിയാൻ സാഹിബ് കേരളത്തിൽ*

**സ**ത്യമിത്രം ആഗസ്റ്റ് ലക്കത്തിലെ സ്വന്തം ലേഖകന്റെ 'ഹസ്റത്ത് മിയാൻ സാഹിബ് കേരളത്തിൽ' എന്ന റിപ്പോർട്ട് കണ്ടു. കാര്യങ്ങൾ വസ്തുനിഷ്ഠമായിരിക്കണമെന്നുള്ളതുകൊണ്ട് ചില തിരുത്തലുകൾ അറിയിക്കുന്നു. വിമാനത്താവളത്തിൽനിന്ന് കോയമ്പത്തൂർ ജമാഅത്തിലേക്കുള്ള യാത്രാവേളയിൽ ഞാൻ സഞ്ചരിച്ചിരുന്ന വാഹനത്തിൽ ഒപ്പം നൂറുൽഅമീൻ സാഹിബിന്റെ രണ്ട് മക്കളും ഒരു മരുമകളുമായിരുന്നു ഉണ്ടായിരുന്നത്. മൗലവി മഹ്മൂദ് അഹ്മദ് സാഹിബ് മോട്ടോർ സൈക്കിളിലാണ് അനുധാവനം ചെയ്തിരുന്നത്.

മിയാൻ സാഹിബ് മണ്ണാർക്കാട്ടെത്തി ഹ്രസ്വവിശ്രമത്തിനുശേഷം പള്ളിയിൽപോയി ശിലാസ്ഥാപനവും നമസ്കാരങ്ങളും നിർവ്വഹിച്ചിട്ട് വന്ന് ഭക്ഷണവും വിശ്രമവും കഴിഞ്ഞ് കോഴിക്കോട്ടേക്ക് പുറപ്പെടുകയായിരുന്നു. കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും മദ്രാസ് ഫ്ളൈറ്റിൽ യാത്ര അയക്കുവാൻ എം.എ. മുഹമ്മദ് സാഹിബിന് എത്തിച്ചേരുവാനായിട്ടില്ല.

– *എ.ക്യൂ. മുസ്‌ലിം*

**വളരെ ധൃതിയിൽ ശേഖരിച്ച് തയ്യാറാക്കിയ ഒരു റിപ്പോർട്ടായിരുന്നു അത്. ചിലതൊക്കെ വിട്ടുപോയി എന്നത് ശരിയാണ്. മൗലവി ടി.എം. മുഹമ്മദ് സാഹിബ് മിയാൻ സാഹിബിന്റെ സ്വീകരണത്തിൽ മണ്ണാർക്കാടും, കൊടുവായൂരിലുമുണ്ടായിരുന്നു എന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. അതെഴുതിയില്ല. അതുപോലെതന്നെയാണ് എക്യു.സാഹിബ് എഴുതിയ തെറ്റുകളും വന്നുപോയത്. പ്രവൃത്തി ചെയ്യുമ്പോഴുണ്ടാകുന്ന വീഴ്ചകളായി ഇതിനെ കാണണമെന്നും ബന്ധപ്പെട്ടവർ ക്ഷമിക്കണമെന്നും അപേക്ഷിക്കുന്നു.*

*– പത്രാധിപർ*

## ഖാദിയാനിൽ നടക്കുന്ന വാർഷിക ജൽസയുടെ പ്രാധാന്യം

**ഈ** വർഷത്തെ നമ്മുടെ വാർഷികജൽസ ഡിസംബർ 26,27,28 ന് ഖാദിയാനിൽ വെച്ച് നടക്കുകയാണല്ലോ. അത് സംബന്ധിച്ച് ജൽസയുടെ പ്രത്യേകതയും പ്രാധാന്യവും ഉൽഘോഷിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദീ മസീഹ് നടത്തിയ ഒരു ഉദ്ബോധനം അനുസ്മരിക്കുന്നത് ഇത്തരുണത്തിൽ പ്രയോജനപ്രദമായിരിക്കുമല്ലോ.

1892 ഡിസംബറിൽ 'ഇശ്തിഹാറി'ൽ അദ്ദേഹം എഴുതി. "നിരവധി അനുഗൃഹീത നന്മകളാൽ ആവരണം ചെയ്യപ്പെട്ട ഈ ജൽസയ്ക്ക് യാത്ര ചെയ്യാൻ കഴിവുള്ള ഓരോരുത്തരും വന്നുചേരേണ്ടത് നിർബന്ധമാണ്.

## ഒരു വിശദീകരണം

**സ**ത്യമിത്രം പുസ്തകം നാല്, ലക്കം 7 ഖുർആൻ പതിപ്പിൽ ജ: കെ.എ. നദീർ അഹ്മദ് സാഹിബ് എഴുതിയ 'പേരിൽ ഒരു തെറ്റ്' എന്ന കത്തിൽ വന്നുപോയ ചില തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എട്ടാം ലക്കത്തിൽ ഞാനെഴുതിയ കത്തിനു മറുപടിയായി 9–ാം ലക്കത്തിൽ ജ: നദീർ സാഹിബിന്റെ അല്പം ദീർഘിച്ച ഒരു കത്ത് പ്രസിദ്ധീകരിച്ചുകണ്ടു. അദ്ദേഹത്തിന്റെ ഉറുദുവിൽനിന്ന് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാറുള്ള കനപ്പെട്ട ലേഖനങ്ങൾ ഞാൻ ആവേശപൂർവ്വം വായിക്കാറുണ്ടെന്നു മാത്രമല്ല, അദ്ദേഹത്തെ നേരിൽ അഭിനന്ദിക്കുകയും സന്തോഷം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷെ, ജ:എം.കെ. സാഹിബിന്റെ തെറ്റു തിരുത്തിയ കത്തിൽ 'മുർത്തളാ' എന്ന പദം അല്ലാഹുവിന്റെ സ്വിഫാത്തീ നാമമാണെന്നും അതിൽനിന്ന് 'ഗുലാം' ഒഴിവാക്കിയാൽ 'അബ്ദുല്ലാഹ്' എന്നതിൽ നിന്ന് അബ്ദ് ഒഴിവാക്കിയതുപോലെ ആയിത്തീരുമെന്നും എഴുതിയത് ശരിയല്ലെന്നുതന്നെയാണ് എന്റെ വാദം. അല്ലാഹുവിന്റെ സുന്ദരനാമങ്ങളിൽ (അസ്മാഉൽ ഹുസ്ന) നിന്നോ, വിശുദ്ധഖുർആനിൽനിന്നോ, ഹദീസുകളിൽനിന്നോ ഇതിന് തെളിവ് ഉദ്ധരിക്കാൻ അദ്ദേഹത്തിന് കഴിയുമെന്ന് തോന്നുന്നില്ല. 'മുർത്തളാ' എന്ന പദത്തിന്, ആ പദം അല്ലാഹുവിന്റെ സ്വിഫത്താക്കാൻ '***റളിയല്ലാഹു അൻഹും വ റളൂ അൻഹു***' എന്ന ഖുർആൻ വചനം ഉദ്ധരിച്ചത് ശരിയായില്ല. കാരണം മുർത്തളാ എന്ന പദം പ്രീതി സമ്പാദിച്ചവൻ, തൃപ്തി ആർജ്ജിച്ചവൻ എന്നെല്ലാം അർത്ഥം വരുന്ന 'ഇസ്മ് മഫ്ഊൽ' ആണ്. 'ഇസ്മ് മഫ്ഊലി'ന്റെ വിവക്ഷയാകട്ടെ അല്ലാഹു അടിമകളിൽ തൃപ്തനായാലും, അടിമകൾ അല്ലാഹുവിൽ തൃപ്തരായാലും എന്നാണ്. തൃപ്തി ആർജ്ജിക്കുന്നവർ അടിമകൾതന്നെയാണല്ലോ. ആയത്തിന്റെ അവസാനഭാഗം '***ദാലിക ലിമൻ ഖശിയ റബ്ബഃ***' അത് (ആ സംപ്രീതി) നാഥനെ ഭയപ്പെടുന്നവർക്കുള്ളതാണ് എന്നാണ്. '***വ മകറൂ മകറല്ലാഹി വല്ലാഹു ഖയ്റുൽ മാകിരീൻ***' എന്നും '***അല്ലാഹു യസ്തഹ്സിഹുബിഹിം***' എന്നും തുടങ്ങി പല വിശേഷണങ്ങളും ഖുർആനിലുണ്ട്. എന്നുവെച്ച് 'മാകിർ', 'മുസ്തഹ്സിഅ്' എന്നീ സ്വിഫത്തുകൾ അല്ലാഹുവിനുണ്ടെന്ന് പറയാനാവുമോ? ഗുലാം മുർത്തളയെ അബ്ദുല്ലാഹ് ആക്കാൻ മഹ്ദിയുടെ പേര് എന്റെ പേരിനോടും അദ്ദേഹത്തിന്റെ പിതാവിന്റെ പേര് എന്റെ പിതാവിന്റെ പേരിനോടും യോജ്യമായിരിക്കും എന്ന ഹദീസ് ഉദ്ധരിച്ചതും ഒട്ടും ശരിയായില്ല.

മഹ്ദി മസീഹ് ആഗതനായാൽ അദ്ദേഹം പന്നിയെ കൊല്ലുമെന്നും കുരിശ് തകർക്കുമെന്നും വഫാത്തായാൽ തിരുനബിയുടെ ഖബറിൽ അടക്കപ്പെടുമെന്നും മഹ്ദി വെളിപ്പെടുന്ന കാലത്ത് സൂര്യൻ പടിഞ്ഞാറുനിന്നും ഉദിക്കുമെന്നും മറ്റുമുള്ള നിരവധി ഹദീസുകൾ ഉണ്ട്. ഇവിടങ്ങളിലൊന്നും സാദൃശ്യങ്ങളല്ല, വസ്തുതകളും സംഭവങ്ങളും നേർക്കുനേരെയാണ് പറഞ്ഞിട്ടുള്ളത്. എന്നിട്ടും ഇവയെല്ലാം ബാഹ്യമായി വ്യാഖ്യാനിച്ചു ബോധ്യപ്പെടുത്താൻ നമുക്കാവുമോ?

ഇനി തിരുനബിയുടെ പേരും പിതാവിന്റെ പേരും മഹ്ദി മസീഹുമായി യോജിക്കുന്ന ഹദീസ് ഇല്ലെന്നുവന്നാലും മഹ്ദീ മസീഹ്(അ) തിരുനബി(സ)യുടെ പ്രതിപുരുഷനും ആത്മീയസുതനുമാണെന്ന്

## വായിക്കുന്നവർ എഴുതുന്നു

തങ്ങളുടെ ആവശ്യത്തിന് വിരിപ്പും പുതപ്പും കൊണ്ടുവരേണ്ടതുമാണ്. അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും മാർഗ്ഗത്തിൽ നേരിടേണ്ടി വരുന്ന ചെറിയ ചെറിയ ബുദ്ധിമുട്ടുകൾ സാരമാക്കരുത്. അല്ലാഹുതആലാ ആത്മാർത്ഥതയുള്ളവരുടെ ഓരോ കാൽവെപ്പിലും പ്രതിഫലം നല്കുന്നതാണ്. അവന്റെ മാർഗ്ഗത്തിൽ നേരിടേണ്ടിവരുന്ന ഓരോ തരത്തിലുള്ള പ്രയാസവും ബുദ്ധിമുട്ടും പാഴായിപ്പോകില്ല. സാധാരണയായി മനുഷ്യർ രൂപകല്പന ചെയ്തുവരാറുള്ള പൊതുസമ്മേളനങ്ങളെപ്പോലെ ഈ ജൽസയെ സംബന്ധിച്ച് നിങ്ങൾ ധരിച്ചുപോകരുത് എന്ന് ആവർത്തിച്ച് പറയട്ടെ. സത്യം ബലപ്പെടുത്തുന്നതിന് പ്രത്യേകമായുള്ളതും ഇസ്‌ലാമിന്റെ കലിമയുടെ ഔന്നത്യത്തിൽ അധിഷ്ഠിതവുമാണ് ഈ കാര്യം. ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനശിലാസ്ഥാപനം അല്ലാഹുതആലാ അവന്റെ കൈകൊണ്ട് നിർവ്വഹിച്ചതത്രെ. വളരെ അടുത്തുതന്നെ ഇതിലേക്ക് വന്നുചേരുന്ന സമൂഹം സന്നദ്ധമായിക്കഴിഞ്ഞു. കാരണം ഏതൊരുവന്റെ മുമ്പിൽ അസാധ്യമായി യാതൊന്നുംതന്നെ ഇല്ലയോ ആ സർവ്വശക്തന്റെ പ്രവൃത്തിയാണ് ഇത്."

*–എൻ. കുഞ്ഞഹ്മദ് മാസ്റ്റർ, പഴയങ്ങാടി*

---

അഹ്മദികൾ വിശ്വസിക്കും. മറിച്ച്, മഹ്ദീ മസീഹിന്റെ പേര് മുഹമ്മദ് എന്നും മാതാപിതാക്കളുടെ പേരുകൾ ആമിന-അബ്ദുല്ലാഹ് എന്നുംതന്നെ ആയിരുന്നാലും ഹിദായത്ത് ലഭിച്ചിട്ടില്ലാത്ത ഇരുട്ടിന്റെ ആത്മാക്കൾക്ക് ആ മഹാത്മാവിനെ നിഷേധിക്കാൻ ആയിരമായിരം ദുർന്യായങ്ങൾ ഉന്നയിക്കാനുണ്ടാവും. പിന്നെ, ഗുലാം എന്ന പദത്തിന് തെളിവായി വിശുദ്ധഖുർആനിൽ നിന്ന് ചില ഉദാഹരണങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ചതിന് മറുപടിയായി വിശുദ്ധഖുർആനിൽ ഈ പദം എത്രതവണ വന്നിട്ടുണ്ടെന്ന് കൃത്യമായിത്തന്നെ ജ: നദീർ സാഹിബ് ഉദ്ധരിക്കുകയും അവയ്ക്കെല്ലാം ഞാൻ എഴുതിയ അതേ അർത്ഥം തന്നെയാണുള്ളതെന്ന് സമ്മതിച്ചതിനോടൊപ്പം ഉറുദുവിലും പാർസിയിലും ഗുലാമിന് അടിമ എന്ന അർത്ഥമാണുള്ളതെന്ന് സമർത്ഥിക്കുകയും ചെയ്തിരിക്കുന്നു. ഉറുദുവിൽ ഗുലാമിന് അടിമ എന്നാണ് അർത്ഥമെങ്കിൽ മുത്തളയ്ക്ക് അറബിയിലല്ലാത്ത വല്ല അർത്ഥവുമുണ്ടോ? ഇല്ലെങ്കിൽ ഗുലാം മുർത്തളയ്ക്ക് മുർത്തളയുടെ അടിമ എന്ന് അർത്ഥം ലഭിക്കാമെങ്കിൽ, അൽ എന്ന അവ്യയം ചേർത്ത് 'ഗുലാമുൽ മുർതള' എന്നാണ് പ്രയോഗിക്കേണ്ടത്. അഥവാ രണ്ടു പദങ്ങളും ഉറുദുവിന്റെ സ്ഥാനത്താണെങ്കിൽ 'ഗുലാമെ മുർതളാ' എന്നല്ലേ വേണ്ടത്. ഗുലാം റസൂൽ രാജകീ, ഗുലാം നബീ ആസാദ്, ഗുലാം മഹ്മൂദ് ബനാത്ത് വാലാ തുടങ്ങിയ പേരുകൾക്ക് എന്തർത്ഥം കല്പിക്കുന്നുവോ അതേ അർത്ഥം ഗുലാം മുർത്തളക്കും നൽകുകയല്ലേ ഉചിതം.

*– കുഞ്ഞാലൻ ഹാജി*

## അനുസ്മരണം

### മർഹൂം ഇബ്റാഹീംകുട്ടി സാഹിബ്



**ക**രുനാഗപ്പള്ളി അഹ്മദിയ്യാ ജമാഅത്തിലെ ആദ്യകാല അഹ്മദിയായിരുന്ന വാഴപ്പള്ളി പടീറ്റതിൽ മർഹൂം അലിക്കുഞ്ഞു സാഹിബിന്റെ ഇളയമകനാണ് ദാറുൽ അമാനിൽ ഇബ്രാഹീംകുട്ടി സാഹിബ്. 2004 ഒക്ടോബർ 5-ാം തിയ്യതി ആകസ്മികമായി അന്തരിച്ച അദ്ദേഹത്തിന് 73 വയസ്സായിരുന്നു പ്രായം. നിസ്വാർത്ഥ സേവനവും തികഞ്ഞ മതനിഷ്ഠയും കൊണ്ട് ഏവരുടേയും ശ്രദ്ധയാകർഷിച്ചിരുന്ന ഇബ്രാഹീംകുട്ടി സാഹിബ് ജമാഅത്തിന്റെ വിവിധ മേഖലകളിൽ ഔദ്യോഗിക സ്ഥാനം വഹിച്ചിട്ടുണ്ട്. ജാഇദാദ് സെക്രട്ടറി എന്ന നിലയിലും, സുദീർഘ കാലത്തെ സിയാഫത്ത് സെക്രട്ടറി എന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ സേവനം മാതൃകാപരമാണ്.

അദ്ദേഹം അനാരോഗ്യം വിഗണിച്ചുകൊണ്ട് എന്നും കൃത്യമായി സുബഹിക്കു പള്ളിയിലെത്തുമെന്നു മാത്രമല്ല, എല്ലാ നമസ്കാര സമയങ്ങളിലും കഴയുന്നതും പള്ളിയിലണ്ടായിരിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ വേർപാടുമൂലം ജമാഅത്തിനും കുടുംബത്തിനുമുള്ള നഷ്ടം കനത്തതാണ്. അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തെന്ന നിലയിൽ എനിക്കുള്ള വ്യക്തിപരമായ നഷ്ടം പറഞ്ഞറിയിക്കാനാവാത്തതാണ്. പ്രൈമറി ക്ലാസ്സുമുതൽ ഒന്നിച്ചുപഠിക്കുകയും, മരിക്കുന്നതുവരെ പിരിയാത്ത സുഹൃത്തുക്കളായി കഴിഞ്ഞുവരികയും ചെയ്തവരാണ് ഞങ്ങൾ.

ആദ്യമായി ഇജ്ത്തിമായ്ക്ക് ഖാദിയാനിൽ പോയതും ഞങ്ങളൊന്നിച്ചാണ്. പള്ളിയിൽ ഇഅ്ത്തിക്കാഫ് ഇരിക്കുന്നതും അതുപോലെതന്നെ. ഈ റമദാനിൽ അത് വേദനിക്കുന്ന ഓരോർമ്മയായി. അദ്ദേഹത്തിന്റെ മൂത്തസഹോദരൻ മുഹമ്മദുകുഞ്ഞു മാസ്റ്റർ ഞങ്ങളുടെ ഗുരുവാണ്. 95 വയസ്സുപ്രായമുള്ള അദ്ദേഹമാണ് ജമാഅത്തിലെ ഏറ്റവും പ്രായംകൂടിയ അംഗമെന്നു കരുതുന്നു. മുസ്‌ലിംകൾ ആരും സംസ്കൃതം പഠിക്കാത്ത അക്കാലത്ത് ഇബ്രാഹിംകുട്ടിയെ സംസ്കൃതസ്കൂളിൽ ചേർത്തു പഠിപ്പിച്ചത് അദ്ദേഹമാണ്. നിഷ്കളങ്കതയും നിസ്വാർത്ഥ സേവനവും കൈമുതലായുള്ള ഒരു എളിയ അഹ്മദിയുടെ തെളിഞ്ഞ ജീവിതമായിരുന്നു ഇബ്രാഹിംകുട്ടി സാഹിബിന്റേത്. അതുപോലെയായിരുന്നു അന്ത്യവും. തഹജ്ജുദും, സുബഹിയും നമസ്കരിച്ചുകഴിഞ്ഞപ്പോൾ നെഞ്ചുവേദന അനുഭവപ്പെട്ടു. മൂത്തമകൾ റസിയായോടൊപ്പമായിരുന്നു താമസം. ഉടൻതന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ. സർവ്വശക്തൻ പരേതന് മഗ്ഫിറത്ത് നല്കട്ടെ.

പരേതന്, നാസർഅഹ്മദ്, നദീർഅഹ്മദ് നിസാർ, നിയാസ്, സിയാദ്, അനസ്സ് എന്നീ 6 ആൺമക്കളും, റസിയ, നദീറ, നിസ എന്നീ 3 പെൺമക്കളുമുണ്ട്. സബീന, സലീം, സൈറാബീവി, ലതീത, നിസാർ, സഹിത, സെയ്താലി എന്നിവർ മരുമക്കളുമാണ്.

*അഡ്വ. വി. അഹമ്മദ്കുട്ടി*

# സൂറത്തുൽ ബഖറ

*(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

فَوَيْلٌ لِّلَّذِينَ يَكْتُبُونَ الْكِتَابَ بِأَيْدِيهِمْ ثُمَّ يَقُولُونَ
هَٰذَا مِنْ عِندِ اللَّهِ لِيَشْتَرُوا بِهِ ثَمَنًا قَلِيلًا فَوَيْلٌ
لَّهُم مِّمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَّهُم مِّمَّا يَكْسِبُونَ

**80. "അതിനാൽ തങ്ങളുടെ കൈകൾകൊണ്ട് ഗ്രന്ഥം എഴുതുകയും പിന്നെ അതിനുപകരം തുഛമായ വില വാങ്ങുവാനായി, ഇത് അല്ലാഹുവിന്റെ പക്കൽനിന്നുള്ളതാണെന്ന് പറയുകയും ചെയ്യുന്നവരാരോ അവർക്ക് നാശം. ഏതൊന്ന് അവരുടെ കൈകൾ എഴുതിയുണ്ടാക്കിയോ അത് നിമിത്തവും അവർക്ക് നാശം! അവർ ഏതൊന്ന് സമ്പാദിക്കുന്നുവോ അതുമൂലവും അവർക്ക് നാശം!"**

---

*പദാർത്ഥം*

അവർ ഗ്രന്ഥമെഴുതും യാതൊരു തരക്കാർക്ക് അപ്പോൾ കഷ്ടം/നാശം. അല്ലാഹുവിന്റെ പക്കൽനിന്നുള്ളതാണ് ഇത് അവർ പറയും പിന്നീട് തങ്ങളുടെ കൈകൾ കൊണ്ട് അവർക്ക് കഷ്ടം/നാശം തുച്ഛമായ വില അതിന് അവർ വാങ്ങുവാൻ അവർ അവർക്ക് കഷ്ടം/നാശം അവരുടെ കൈകൾ എഴുതിയുണ്ടാക്കിയതിനാൽ സമ്പാദിക്കുന്നത് മൂലം.

*വ്യാഖ്യാനം*

ചില ജൂതന്മാർ സ്വന്തമായി ചിലത് എഴുതിയുണ്ടാക്കി, അത് ദൈവവചനങ്ങളാണെന്ന് അവകാശപ്പെടുന്നു. കുടിലമായ ഈ പ്രവണത ജൂതന്മാർക്കിടയിൽ സാധാരണമാണ്. മറ്റുള്ളവർക്കിടയിലും ഇതൊരു പതിവാണ്.ബൈബിളിലെ സത്യവേദപുസ്തകങ്ങൾക്കു പുറമെ ധാരാളം 'പുസ്തകങ്ങൾ' വേദപുസ്തകങ്ങളായി അവകാശപ്പെടുന്നു എന്നതിനാൽ ഏതേതൊക്കെയാണ് യഥാർത്ഥത്തിൽ ദൈവികവെളിപാടായി ഇറങ്ങിയ പുസ്തകം എന്ന് തിരിച്ചറിയാൻ ഇന്ന് ബുദ്ധിമുട്ടുണ്ട്. വിശുദ്ധവചനങ്ങളുടെ അർത്ഥങ്ങളെ മാറ്റിമറിക്കുന്ന ഹീനസ്വഭാവം ജൂതരിൽ സർവ്വസാധാരണമാണ്. ഒരു പുസ്തകമോ അതിലെ ചില ഭാഗങ്ങളോ സ്വന്തമായി എഴുതി അത് ബൈബിൾ പ്രമാണങ്ങളെ ആധാരമാക്കി എഴുതിയതാണെന്ന് അവർ അവകാശപ്പെടും. എന്നാൽ യഥാർത്ഥത്തിൽ അത് ബൈബിൾ പ്രമാണങ്ങൾക്ക് വിരുദ്ധമായിരിക്കും. ഇതിനുത്തരവാദികളായവർ വ്യാജവചനങ്ങളുണ്ടാക്കി കൃത്രിമം കാണിക്കുന്ന കുറ്റത്തിന് മാത്രമല്ല, ഇവിടെ ഇതിനു മുൻപ് അവരെക്കുറിച്ച് പറഞ്ഞിട്ടുള്ള പല ആരോപണങ്ങൾക്കും അതായത് (1) ദൈവികവചനങ്ങളെ മനഃപൂർവ്വം മാറ്റിമറിക്കൽ (*2:76*) (2) വിശ്വാസികളെ കബളിപ്പിക്കൽ (*2:77*) (3) ഊഹങ്ങളെ പിന്തുടരൽ എന്നീ കുറ്റകൃത്യങ്ങൾക്കുകൂടി ഉത്തരവാദികളായിത്തീരുന്നു. അതുകൊണ്ടാണ് ***** 'അവർക്ക് നാശം!' എന്ന് ഖുർആൻ അവരെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്. അവരുടെ കുറ്റകൃത്യങ്ങളുടെ ഗൗരവം ഈയൊരു പദപ്രയോഗം വ്യക്തമാക്കുന്നു.

ജൂതന്മാരുടേയും ക്രൈസ്തവരുടേയും വേദപുസ്ത

കങ്ങൾ പ്രവാചകന്റെ കാലത്ത് പുറമേനിന്നുള്ള കൈകടത്തലുകളില്ലാത്ത നിലയ്ക്ക് പൂർണ്ണമായിരുന്നു എന്നതിന് ഈ വചനം തെളിവ് നൽകുന്നു എന്ന് ക്രിസ്ത്യൻ എഴുത്തുകാർ വാദിക്കാറുണ്ട്. അടിസ്ഥാനരഹിതമായ ഒരു വാദമാണിത്. 'ഗ്രന്ഥത്തെ മാറ്റിമറിക്കുന്നു' എന്ന് പറയുമ്പോൾ യഥാർത്ഥമായ ദൈവികഗ്രന്ഥത്തെ തന്നെയാണ് മാറ്റിമറിക്കുന്നത് എന്നുതന്നെയാവണമെന്നില്ല അതിന്റെ അർത്ഥം. ദൈവിക ഗ്രന്ഥം എന്ന് അവകാശപ്പെടുന്ന ഒരു ഗ്രന്ഥത്തെ അത് ദൈവികഗ്രന്ഥമാണെന്ന വിശ്വാസത്തോടെ അതിലുള്ള ചില ഭാഗങ്ങളോ മുഴുവൻ ഭാഗങ്ങളോ മാറ്റിമറിക്കാൻ ശ്രമിക്കുകയാണെങ്കിൽ അയാൾ യഥാർത്ഥത്തിൽ ഗ്രന്ഥത്തിൽ വ്യാജമായി മാറ്റത്തിരുത്തലുകൾ ചെയ്യുന്നവൻ തന്നെയാണ്. അതുകൊണ്ട് ബൈബിൾ മാറ്റിമറിക്കാൻ ശ്രമിച്ചു എന്ന് അവരെക്കുറിച്ച് ഗ്രന്ഥം നല്കപ്പെട്ടവരോട് പറയുമ്പോൾ അവർ മാറ്റിമറിക്കാൻ ശ്രമിച്ചത് യഥാർത്ഥ ബൈബിൾ തന്നെയാവണമെന്നില്ല. പ്രവാചകന്റെ കാലത്തുണ്ടായിരുന്ന ബൈബിൾ യഥാർത്ഥവും കൈകടത്തലിന് വിധേയമായിട്ടില്ലാത്തതുമായ ബൈബിൾ തന്നെയാണെന്നും അതിനർത്ഥമില്ല.

ഇവിടെ 'തുഛമായ വില വാങ്ങുവാനായി' അവരത് ചെയ്തു എന്ന് പറയുന്നതുകൊണ്ട്, വില തുഛമായിരുന്നില്ലെങ്കിൽ-വളരേ വലിയ ഒരു തുകയായിരുന്നെങ്കിൽ അവരുടെ ആ 'ഇടപാട്' ന്യായവും നിയമാനുസൃതവും ആകുമായിരുന്നു എന്ന് ആരും സങ്കല്പിച്ചുപോകരുത്. യഥാർത്ഥത്തിൽ ആ വാക്ക് സൂചിപ്പിക്കുന്നത് അവർ വിലയായി എത്രതന്നെ അതിനു വാങ്ങിയാലും അതുമൂലം അവർക്കു സംഭവിക്കുന്ന മഹാനഷ്ടത്തിന്റെ മുൻപിൽ അത് തുഛമായ വിലയേ ആവുകയുള്ളൂ എന്നാണ്. '***മതാഉദ്ദുൻയാ ഖലീൽ***' എന്ന് ഖുർആൻ പറഞ്ഞത് വെറുതെയല്ല. 'ഐഹിക ജീവിതത്തിലെ വിഭവങ്ങൾ തുഛമാണ്' എന്ന്. (*4:78*)

ഈ ആയത്തിന്റെ ഒടുവിൽ 'അവർക്കു നാശം' എന്ന് രണ്ടു പ്രാവശ്യം ഖുർആൻ ആവർത്തിച്ചു പറയുന്നു. അതായത് 'ഏതൊന്ന് അവരുടെ കൈകൾ എഴുതിയുണ്ടാക്കിയോ അതു നിമിത്തം അവർക്കു നാശം! ഏതൊന്ന് അവർ സമ്പാദിക്കുന്നുവോ അതു നിമിത്തവും അവർക്കു നാശം എന്ന്! ഇത് ചൂണ്ടിക്കാണിക്കുന്നത് ഇസ്റായീലുകൾ ഈ ദുഷ്കൃത്യങ്ങൾ ചെയ്യുമ്പോൾ രണ്ടുതരത്തിലുള്ള കുറ്റങ്ങളാണ് ചെയ്യുന്നത് എന്നാണ്. (1) അവർ ചില കൃത്രിമങ്ങൾ എഴുതിയുണ്ടാക്കുന്നു. (2) അതുമൂലം ലൗകികമായ ചില നേട്ടങ്ങൾ അവർ സമ്പാദിക്കുന്നു. ഇവിടെ അവരുടെ കുറ്റം ഇരട്ടിയാണെന്നതിനാൽ അവർക്കുള്ള ശിക്ഷയും ഇരട്ടിയായിരിക്കും എന്നാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്.

---

وَقَالُوا لَن تَمَسَّنَا النَّارُ إِلَّا أَيَّامًا مَّعْدُودَةً ۚ قُلْ
أَتَّخَذْتُمْ عِندَ اللَّهِ عَهْدًا فَلَن يُخْلِفَ اللَّهُ عَهْدَهُ ۖ
أَمْ تَقُولُونَ عَلَى اللَّهِ مَا لَا تَعْلَمُونَ ﴿٨٠﴾

**81. "ഏതാനും ചില ദിവസങ്ങളല്ലാതെ നരകാഗ്നി ഞങ്ങളെ സ്പർശിക്കുകയില്ലെന്ന് അവർ പറയുകയും ചെയ്യുന്നു. നീ പറയുക. അല്ലാഹുവിന്റെ പക്കൽനിന്ന് നിങ്ങൾ വല്ല കരാറും വാങ്ങിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അല്ലാഹു അവന്റെ കരാർ ഒരിക്കലും ലംഘിക്കുകയില്ല. അല്ലെങ്കിൽ, അല്ലാഹുവിനെ കുറിച്ച് നിങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ ജല്പിക്കുകയാണോ?"**

---

*പദാർത്ഥം*

നരകം/നരകാഗ്നി ഞങ്ങളെ സ്പർശിക്കുകയില്ല എന്ന് അവർ പറയുകയും ചെയ്യുന്നു പറയുക ഏതാനും/എണ്ണം കണക്കാക്കപ്പെട്ടത് ചില ദിവസങ്ങളല്ലാതെ വല്ല കരാറും അല്ലാഹുവിന്റെ പക്കൽനിന്ന് നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ? വാങ്ങിയിട്ടുണ്ടോ? അതല്ലെങ്കിൽ അവന്റെ കരാർ അല്ലാഹു ലംഘിക്കുകയില്ലതന്നെ ***** നിങ്ങൾക്ക് വിവരമില്ലാത്തത് അല്ലാഹുവിനെകുറിച്ച് നിങ്ങൾ പറയുകയാണോ?/നിങ്ങൾ ജല്പിക്കുകയാണോ?

---

*പദവിശദീകരണം*

എന്നാൽ അഗ്നി എന്നാണ് അർത്ഥം. അഗ്നി വെളിച്ചവും ചൂടും രണ്ടും നല്കുന്നു. രണ്ടാമത്തേതിനാണ് കൂടുതൽ പ്രാബല്യം. 'അന്നാർ' എന്ന അതേ ധാതുവിൽനിന്നുള്ള മറ്റൊരു പദമാണ് 'നൂർ' വെളിച്ചമെന്നാണർത്ഥം. ചൂടിനെ അത് സൂചിപ്പിക്കുന്നതേയില്ല. 'അന്നാർ' എന്ന പദം പ്രയോഗത്തിൽ നരകത്തെയാണ് അർത്ഥമാക്കുന്നത്. അവിടെ ശിക്ഷ നല്കുന്നത് 'തീ' കൊണ്ടാണല്ലോ. സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളെ ആലങ്കാരികമായി 'ഒഴുകുന്ന അരുവി'യോടാണ് ഉപമിച്ചിരിക്കുന്നത്. നരകത്തിലെ ശിക്ഷയെക്കുറിച്ച് ഉപമിച്ചിരിക്കുന്നതാവട്ടെ 'തീ' കൊണ്ടും. അർത്ഥഗർഭമാണ് ഈ പ്രയോഗങ്ങൾ.

*വ്യാഖ്യാനം*

ഇസ്റയേലുകൾ അനുവർത്തിച്ച വിശ്വാസവഞ്ചനകളെക്കുറിച്ച് പ്രസ്താവിച്ചതിനുശേഷം അവരുടെ ഈ ഔദ്ധത്യത്തിന്റേയും ഹൃദയകാഠിന്യത്തിന്റേയും മൂലകാരണത്തെക്കുറിച്ച് ഖുർആൻ വിവരിക്കുന്നു. 'തങ്ങൾ എല്ലാതരത്തിലുള്ള ശിക്ഷകളിൽനിന്നും സുരക്ഷിതരായിരിക്കും; അഥവാ ശിക്ഷിക്കപ്പെട്ടാൽതന്നെ തങ്ങൾക്ക് കിട്ടുന്ന ശിക്ഷ അത്യന്തം ലഘുവായിരിക്കും.' (*Jew. Enc. under Gehenna*) ഈ തെറ്റായ വിശ്വാസമാണ് അവരുടെ അഹമ്മതിക്കൊക്കെ നിദാനം. നബിതിരുമേനിയുടെ കാലത്ത് ജൂതരിലുള്ള ഒരു വിഭാഗം വിശ്വസിച്ചിരുന്നത് തങ്ങൾ ശിക്ഷിക്കപ്പെട്ടാൽതന്നെ അത് നാല്പതു ദിവസങ്ങൾക്കപ്പുറം പോവുകയില്ല എന്നാണ്. വേറെ ചിലർ വിശ്വസിച്ചിരുന്നത് ഇത്രയും തന്നെ ശിക്ഷയുണ്ടാവില്ല; ഏറിയാൽ ഒരാഴ്ച മാത്രം എന്നായിരുന്നു. (*Jariv,under 2:81*) ആധുനികകാലത്തെ ജൂതന്മാരെക്കുറിച്ച് സെയിൽസ് പറയുന്നതിങ്ങനെയാണ്. 'അവർക്കിടയിൽ അംഗീകരിക്കപ്പെട്ട ഒരു ധാരണയുണ്ട്. അവരിൽ (ജൂതരിൽ) യാതൊരു വ്യക്തിയുംതന്നെ– എത്ര വലിയ ദുഷ്ടനായാലും ഏതു വിഭാഗത്തിൽപെട്ടവനായാലും മോശേയ്ക്കും അഹറോനും എതിരെ വെല്ലുവിളി ഉയർത്തിയ അഭിരാം, ദാത്താൻ എന്നീ സഹോദരങ്ങളും അവരിൽപെട്ട ഈശ്വരനിഷേധികളും ഒഴികെ ആരുംതന്നെ 11 മാസത്തിലധികം ഏറിയാൽ 12 മാസത്തിലധികം നരകവാസം ശിക്ഷയായി അനുഭവിക്കുകയില്ല എന്നതാണത്. മുകളിൽപറഞ്ഞ അഭിരാമും ദാത്താനും ഈശ്വരനിഷേധികളായതുകൊണ്ട് ശാശ്വതമായിത്തന്നെ ശിക്ഷിക്കപ്പെടുകയും ചെയ്യും. (*വെറി:1, 318*)

ഈ ആയത്തിലെ രണ്ടാം ഭാഗത്തിൽ അല്ലാഹു ചോദിക്കുന്ന ചോദ്യങ്ങൾ വളരേയധികം ശ്രദ്ധാർഹമാണ്. അല്ലാഹു അവരോട് ചോദിക്കുന്നു. എന്താ, നിങ്ങൾ 'അല്ലാഹുവിന്റെ പക്കൽനിന്ന് വല്ല കരാറും വാങ്ങിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അല്ലാഹു അവന്റെ കരാർ ഒരിക്കലും ലംഘിക്കുകയില്ല. അല്ലെങ്കിൽ അല്ലാഹുവിനെക്കുറിച്ച് നിങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ ജല്പിക്കുകയാണോ? ഈ ചോദ്യങ്ങൾ വ്യക്തമാക്കുന്നത് മോക്ഷമെന്ന് പറയുന്നത് ഒരു വ്യക്തിയുടെയോ ചില വ്യക്തികളുടെയോ ഒരു സമൂഹത്തിന്റെയോ ആഗ്രഹപ്രകാരം ലഭിക്കുന്നതല്ല; മറിച്ച് അത് ലഭിക്കണമെങ്കിൽ അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും ആവശ്യമാണ്. അല്ലാഹുവാകട്ടെ മോക്ഷപ്രാപ്തി ലഭിക്കുന്നതിനുവേണ്ടി വളരെ വ്യക്തമായ ഒരു മാർഗ്ഗരേഖതന്നെ തയ്യാറാക്കിയിട്ടുണ്ട്. അതാണ് തുടർന്നുള്ള രണ്ട് ആയത്തുകളിൽ അല്ലാഹു വ്യക്തമാക്കുന്നത്.

بَلَىٰ مَن كَسَبَ سَيِّئَةً وَأَحَاطَتْ بِهِ خَطِيئَتُهُ فَأُولَٰئِكَ
أَصْحَابُ النَّارِ ۖ هُمْ فِيهَا خَالِدُونَ

**82. "അങ്ങനെയല്ല, ആർ ദുഷ്കൃത്യം ചെയ്യുകയും അവരുടെ പാപം അവരെ വലയം ചെയ്യുകയും ചെയ്യുന്നുവോ അത്തരക്കാർ നരകാവകാശികളത്രെ. അവരതിൽ നിത്യവാസികളായിരിക്കും."**

*പദാർത്ഥം*

വലയം ചെയ്യുകയും ചെയ്തു وَأَحَاطَتْ ദുഷ്കൃത്യം سَيِّئَةً ആർ ചെയ്തു مَن كَسَبَ അങ്ങനെയല്ല بَلَىٰ നരകാവകാശികളാണ് أَصْحَابُ النَّارِ അത്തരക്കാർ فَأُولَٰئِكَ അവന്റെ പാപം خَطِيئَتُهُ അവനെ بِهِ നിത്യവാസികളാണ് خَالِدُونَ അതിൽ فِيهَا അവർ هُمْ

*പദവിശദീകരണം*

سَيِّئَةً എന്ന പദത്തിന്റെ പ്രഭവം 'സാഅ' എന്ന പദത്തിൽ നിന്നാണ്. അതല്ലെങ്കിൽ അവൻ ചീത്തയായി, ദുഷിച്ചു പോയി എന്നാണ് അർത്ഥം. അതുകൊണ്ട് سَيِّئَةً എന്ന പദത്തിന്റെ അർത്ഥം ചീത്തയോ ദുഷിച്ചുപോയതോ ഏതും എന്നാണ്. 'ഖൗലുൻ സയ്യിഉൻ'എന്നു പറഞ്ഞാൽ ഒരു ചീത്ത പദം, വളരേ അധമമായ അഭിപ്രായം എന്നാണർത്ഥം. (*അഖ്റബ്*)

*വ്യാഖ്യാനം*

ഈ ആയത്തും തുടർന്നുള്ള ആയത്തും ശിക്ഷയുടേയും രക്ഷയുടേയും അടിസ്ഥാനനിയമങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ശിക്ഷയുടെ എന്നാൽ നരകത്തിന്റെ, രക്ഷയുടെ എന്നാൽ സ്വർഗ്ഗത്തിന്റെ എന്നാണർത്ഥം. ഖുർആൻ ഇവിടെ ശിക്ഷയുടെ കാര്യമാണ് ഒന്നാമതായി പരാമർശിക്കുന്നത്. അതിനു കാരണം തൊട്ടുമുൻപുള്ള ആയത്തിൽ ശിക്ഷയെക്കുറിച്ചാണ് പറഞ്ഞുവന്നത് എന്നതുകൊണ്ടാണ്. തങ്ങൾ ശിക്ഷയിൽനിന്ന് സുരക്ഷിതരായിരിക്കും എന്ന് ജൂതന്മാർ അവകാശപ്പെടുന്നു. ഈ അവകാശവാദത്തിന്റെ അടിസ്ഥാനമായി അവർ പറയുന്ന കാരണം അവർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട, പ്രവാചകന്മാരുടെ പിന്തുടർച്ചക്കാരായ ഒരു ജനതയാണ് എന്നാണ്. അവരുടെ ഈ വാദത്തെ ഖുർആൻ തീർത്തും നിരാകരിക്കുന്നു. നരകവും സ്വർഗ്ഗവും ഏതെങ്കിലും ഒരു ജനതയ്ക്കോ ജാതിക്കോ വേണ്ടി ഉഴിഞ്ഞുവെച്ച സ്ഥലമല്ല എന്നും അത് പ്രഖ്യാപിക്കുന്നു. മനുഷ്യൻ പുലർത്തുന്ന വിശ്വാസങ്ങളും അവൻ അനുഷ്ഠിക്കുന്ന കർമ്മങ്ങളും അനുസരിച്ചാണ് നരകമോ സ്വർഗ്ഗമോ അവന് ലഭിക്കുന്നത്. അവന്റെ വിശ്വാസം അർത്ഥശൂന്യവും അവൻ പാപകർമ്മങ്ങ

ളിൽ വിഹരിക്കുകയും ചെയ്യുന്നപക്ഷം അവൻ ചെന്നെത്തുക നരകത്തിലായിരിക്കും. ജൂതനായാലും ക്രൈസ്തവനായാലും ആർ തന്നെയായാലും അവന്റെ ഗതി അതായിരിക്കും.

ഇവിടെ ***സയ്യിഅഃ*** ചീത്തയായ കാര്യം എന്നത് അവരുടെ പ്രവാചകനിഷേധമാണ്. ഇതിലൂടെ സത്യം നിരാകരിക്കുന്നവരും തെറ്റായ വിശ്വാസം പുലർത്തുന്നവരുമാണ് അവർ എന്നാണ് അർത്ഥമാക്കുന്നത്. ***ഖത്വീഅഃ*** എന്ന പദം അവരുടെ പൊതുവേയുള്ള പാപകർമ്മങ്ങളെയാണ് സൂചിക്കുന്നത്. ഇവിടെ ഒരു കാര്യം അറിഞ്ഞിരിക്കേണ്ടതാണ്. മനുഷ്യന് വല്ലപ്പോഴും ഒരു തെറ്റോ കുറ്റമോ അബദ്ധമോ അപരാധമോ സംഭവിച്ചുപോവുകയാണെങ്കിൽ തീർച്ചയായും അത് കാരുണ്യവാനിൽ കാരുണ്യവാനായ ദൈവം പൊറുത്തുകൊടുക്കും എന്നതാണത്. പക്ഷെ, അത്തരക്കാരുടെ വിശ്വാസം ശരിയായ വിശ്വാസമായിരിക്കണം. നന്മയെ തേടുകയും തിന്മയെ തിരുത്താൻ ശ്രമിക്കുകയും ചെയ്യുന്ന ജീവിതം നയിക്കുന്നവരുമായിരിക്കണം അവർ. '***അഹാത്വത് ബിഹി ഖത്വീഅഃ***' –പാപം വലയം ചെയ്യുക എന്നു പറയുന്നതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്ന മറ്റൊരു കാര്യമിതാണ്. ഒരു മനുഷ്യൻ പാപത്തിൽനിന്ന് പാപത്തിലേക്ക് പുരോഗമിക്കുക. ഒടുവിൽ പാപം മാത്രം ചെയ്യുന്നവനായിത്തീരുക. ഇങ്ങനെയുള്ള അവസ്ഥയാണ് ***അഹാത്വത് ബിഹി ഖത്വീഅഃ*** എന്ന അവസ്ഥ. ഈ അവസ്ഥയിൽ നന്മയുടെ വാതിലുകൾ അവന്റെ മുൻപിൽ അടഞ്ഞുപോകുന്നു. അവൻതന്നെ അത് അടച്ചുകളയുന്നു. രക്ഷപ്പെടാൻ അവന് മാർഗ്ഗമില്ലാതാവുകയും ചെയ്യുന്നു. അവൻ ചെന്നെത്തുന്നത് നരകത്തിൽതന്നെയായിരിക്കും.

ജൂതന്മാരുടെ അർത്ഥശൂന്യമായ വിശ്വാസവും പാപപങ്കിലമായ ജീവിതവും ചൂണ്ടിക്കാട്ടിയശേഷം ഈ ആയത്തിലൂടെ അല്ലാഹു അവരോട് ചോദിക്കുന്നത് 'കഷ്ടം, നിങ്ങൾ വഹിക്കുന്നത് വളരേ മോശമായ ഒരു റിക്കാർഡാണ്, എന്നിട്ടും തങ്ങൾ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് സുരക്ഷിതരായിരിക്കും എന്ന് അവകാശപ്പെടാൻ നിങ്ങൾക്ക് ലജ്ജ തോന്നേണ്ടതല്ലേ' എന്നാണ്.

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أُولَٰئِكَ أَصْحَابُ الْجَنَّةِ ۖ
هُمْ فِيهَا خَالِدُونَ

---

**83. ''ആരാണോ വിശ്വസിക്കുകയും സൽകർമ്മങ്ങൾപ്രവർത്തിക്കുകയും ചെയ്യുന്നത് അവർ സ്വർഗ്ഗാവകാശികളാകുന്നു. അവരതിൽ ശാശ്വതവാസികളായിരിക്കും.''**

---

*പദാർത്ഥം*

അക്കൂട്ടർ أُولَٰئِكَ സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തു وَعَمِلُوا الصَّالِحَاتِ അവർ വിശ്വസിച്ചു آمَنُوا ആരാണോ അവർ الَّذِينَ സ്ഥിരവാസികളായിരിക്കും خَالِدُونَ അതിൽ فِيهَا അവർ هُمْ സ്വർഗ്ഗാവകാശികളാകുന്നു أَصْحَابُ الْجَنَّةِ

---

*വ്യാഖ്യാനം*

ഈ ആയത്ത് പ്രാജ്ഞഭാവത്തോടെ മോക്ഷപ്രാപ്തിക്കുള്ള നിയമത്തെ അഥവാ സ്വർഗ്ഗപ്രവേശം സാദ്ധ്യമാക്കുന്ന മാർഗ്ഗത്തെ വ്യക്തമാക്കുന്നു.

എല്ലാ മതങ്ങളും അവകാശപ്പെടുന്നത് തങ്ങളുടെ അനുയായികൾക്ക് മാത്രം അവകാശപ്പെട്ടതാണ് സ്വർഗ്ഗം എന്നാണ്. മറ്റുള്ളവർക്കുള്ള ഇടം നരകമാണെന്നും അവർ വിധിക്കുന്നു. ഇസ്ലാം ഈ ധാരണയെ ശക്തിയായി നിരാകരിക്കുന്നു. മോക്ഷം ആരുടേയും കുത്തകയോ ആർക്കെങ്കിലുമുള്ള 'ഫ്രീ ഗിഫ്റ്റോ' അല്ല. ശിക്ഷാർഹരായ ചിലർക്ക് നാമമാത്രമായ ശിക്ഷയേ നല്കുകയുള്ളൂ എന്ന ധാരണയേയും ഇസ്ലാം നിഷേധിക്കുന്നു. ഇസ്ലാമിക പ്രമാണമനുസരിച്ച് മോക്ഷത്തിന്റെ അടിസ്ഥാനം യഥാർത്ഥമായ വിശ്വാസവും അതിനനുസൃതമായ സൽകർമ്മാനുഷ്ഠാനങ്ങളുമാണ്. ദൈവം അയച്ച പ്രവാചകന്മാരെ നിഷേധിക്കുകയും എന്നിട്ടും തങ്ങൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട പ്രത്യേക സമുദായവും പുണ്യാത്മാക്കളുടെ പിന്തുടർച്ചക്കാരും ആണെന്ന് അവകാശപ്പെട്ടുകൊണ്ട് മോക്ഷം തങ്ങൾക്കു മാത്രം അവകാശപ്പെട്ടതാണെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നവർക്കുള്ള ശക്തിയായ മുന്നറിയിപ്പാണിത്. ഏറ്റവും നല്ല കർമ്മങ്ങൾ അനുഷ്ഠിക്കുക എന്നത് മോക്ഷത്തിനുള്ള ഉപാധിയാണ്. കർമ്മത്തിൽ ആലസ്യം കാണിക്കുന്നവർക്കും, ഉത്തമകർമ്മങ്ങളിൽ താല്പര്യം കാണിക്കാത്തവർക്കുമുള്ള താക്കീതുമാണിത്. വിശ്വാസികളിൽപെട്ടവരായതുകൊണ്ടുമാത്രം ആർക്കും മോക്ഷം കിട്ടുകയില്ല. വിശ്വാസത്തോടൊപ്പം സൽകർമ്മങ്ങളും വേണം. കർമ്മങ്ങൾ ദൈവഹിതത്തിനനുസരിച്ചായിരിക്കുകയും വേണം. അങ്ങനെയുള്ളവർക്കാണ് മോക്ഷം. അല്ലാത്തവർ–അവർ ആരായിരുന്നാലും, മോക്ഷത്തിൽനിന്നും അകലെയായിരിക്കും.

അവലംബം: The Holy Quran English Translation Vol. I by The Second Head of the Ahmadiya Jamath, Hadrat Bashiruddin Mahmood Ahmad, Kahalifathul Massih II

ബിഎം

# അല്ലാഹുവിന്നത്രെ സർവ്വസ്തുതിയും

ٱلْحَمْدُ لِلَّهِ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَجَعَلَ ٱلظُّلُمَٰتِ وَٱلنُّورَ ثُمَّ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ يَعْدِلُونَ

**"ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിക്കുകയും എല്ലാതരം അന്ധകാരങ്ങളേയും പ്രകാശത്തേയും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സർവ്വസ്തുതിയും. എന്നിട്ടും അവിശ്വസിക്കുന്നവർ അവരുടെ നാഥന് പങ്കുകാരെ കല്പിച്ചുവെക്കുന്നു." (*6:2*)**

അല്ലാഹുവിന് പങ്കുകാരെ കല്പിക്കുന്ന സ്വഭാവത്തിന് രണ്ട് കാരണങ്ങളാണ് അടിസ്ഥാനമായി കണ്ടുവരുന്നത്. അല്ലാഹു തന്റെ അധികാരമോ ശക്തിയോ മറ്റു ചിലതിനെ ഏല്പിക്കുന്നു എന്ന് ചിലർ വിശ്വസിക്കുന്നു. ഹിന്ദുക്കൾ അപ്രകാരം വിശ്വസിക്കുന്നവരാണ്. സൂര്യനേയും ചന്ദ്രനേയും ഭൂമിയേയും മറ്റു പല പല ശക്തികളേയും ദൈവങ്ങളായി ആരാധിക്കുന്ന വിശ്വാസ സമ്പ്രദായമാണ് അവരുടേത്. ദുഷ്ടഗുണങ്ങൾ ദൈവത്തിൽനിന്ന് ഉണ്ടാകാവതല്ല എന്നും ആ വക ഗുണങ്ങൾ വഹിക്കുകയോ പ്രകടിപ്പിക്കുകയോ ചെയ്യുന്ന മറ്റൊരു ശക്തി വേറെ ഉണ്ടായിരിക്കണമെന്നും മറ്റു ചിലർ ചിന്തിക്കുന്നു. ദുഷ്ടവികാരങ്ങളുടെ നായകനായി അവർ മറ്റൊരു ദൈവത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. സൊറാസ്ട്രിയൻ മതം ഈ വിശ്വാസത്തെ ഉൾക്കൊള്ളുന്നു. അവർക്ക് രണ്ട് ദൈവങ്ങളുണ്ട്. നന്മയേയും വെളിച്ചത്തേയും 'ഒർമൂദും' തിന്മയേയും തമസ്സിനേയും 'അഹ്റിമാനും' പ്രതിനിധീകരിക്കുന്നു. ഈ ചുവട് ഹൈന്ദവമതത്തിലും കാണാം. ശിവൻ, കൃഷ്ണൻ എന്നീ ദൈവങ്ങൾ ഒരു വശത്ത്, മറുവശത്ത് കാളി, ചാമുണ്ഡി തുടങ്ങിയ ദൈവങ്ങളും.

ഇവിടെ ഈ ആയത്തിന്റെ തുടക്കം ***അൽഹംദുലില്ലാഹ്*** എന്നു പറഞ്ഞുകൊണ്ടാണ്. എല്ലാ സ്തുതിയും അല്ലാഹുവിനുള്ളതാണ്. എല്ലാ സ്തുതിയും അല്ലാഹുവിനുള്ളതാണ് എന്നു വരുമ്പോൾ അല്ലാഹുവിന്റെ ശക്തിയേയോ അധികാരത്തേയോ പങ്കുവയ്ക്കപ്പെടുന്ന പ്രശ്നമുദിക്കുന്നില്ല. അല്ലാഹുവാണ് എല്ലാം തന്നെയും സൃഷ്ടിച്ചിരിക്കുന്നത്. അല്ലാഹുവിനാണ് എല്ലാ ശക്തിയും കഴിവും ഉള്ളത്. എല്ലാ സ്തുതിയും അവന്നവകാശപ്പെട്ടതുമാണ്. ആ നിലയ്ക്ക് അവൻ തന്റെ ജോലികളിൽ ചിലത് ഭാഗികമായിപ്പോലും മറ്റൊരു ശക്തിയേയോ വ്യക്തിയേയോ ഏല്പിക്കേണ്ട കാര്യമില്ല. മറ്റൊരു വ്യക്തിയേയോ ശക്തിയേയോ ഏല്പിക്കുന്നു എങ്കിൽ അതിന്റെ അർത്ഥം ആ ജോലികൾ ചെയ്തുതീർക്കാൻ ദൈവത്തിന് കഴിയാതെവരുന്നു എന്നാണ്. ദൈവം സർവ്വശക്തനല്ല എന്ന ധ്വനിയാണ് അതിലുള്ളത്. അധികാരവികേന്ദ്രീകരണത്തിലൂടെ ദൈവം വിശ്രമം ഇച്ഛിക്കുന്നു എന്നും വിചാരിക്കേണ്ടതായി വരും. ദൈവത്തെക്കുറിച്ച് ഇങ്ങനെ വിചാരിക്കാൻ നമുക്ക് സാധ്യമാണോ?

സാധ്യമല്ല. അല്ലാഹു ***ഹയ്യും ഖയ്യൂമും*** ആണ്. എന്നെന്നും നിലനില്ക്കുന്നവനും എല്ലാറ്റിനേയും നിലനിർത്തുന്നവനും. എല്ലാ ആവശ്യങ്ങളിൽനിന്നും ബലഹീനതകളിൽനിന്നും അവൻ അതീതനാണ്. അല്ലാഹുവിന്ന് വിശ്രമം ആവശ്യമില്ല. മടിയുണ്ടാവേണ്ട കാര്യവുമില്ല. തന്റെ ജോലിയോ അധികാരമോ ഭാരമായി അല്ലാഹുവിന് അനുഭവപ്പെടുന്നുമില്ല. അതുകൊണ്ടു തന്നെ തന്റെ അധികാരം ഭാഗികമായിപ്പോലും മറ്റൊരു വ്യക്തിയിലേക്കോ ശക്തിയിലേക്കോ പകരേണ്ട ആവശ്യം അവനില്ല. ഇത് ക്രിസ്ത്യൻ ത്രിത്വവിശ്വാസത്തിന്റെ അസ്തിത്വത്തേയും ചോദ്യം ചെയ്യുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നതാണ് അവരുടെ ദൈവികസങ്കല്പം. ഈ ദൈവങ്ങൾ ഒരേ കണക്കിന് ശക്തരും സ്വതന്ത്രരും പരമാധികാരമുള്ളവരും ആണെങ്കിൽ അവ മൂന്നും ഒരേപോലെയുള്ള സ്തുതിക്ക് അർഹരാണെങ്കിൽ മൂന്നു ശക്തികളുടെ ആവശ്യമെന്തിനാണ്, എല്ലാം കൂടി ഒരാൾ പോരേ? മറിച്ച്, ഈ മൂന്നു ശക്തികളുംകൂടി യോജിച്ചുനിന്നാൽ മാത്രമേ എല്ലാ പ്രവൃത്തികളും ചെയ്യാൻ കഴിയൂ എന്നാണെങ്കിൽ, അതായത് ഇവരിലാർക്കുംതന്നെ ഒറ്റയ്ക്കൊറ്റയ്ക്ക് ഈ പ്രവൃത്തികൾ ചെയ്യാൻ നിവൃത്തിയില്ലെന്നാണെങ്കിൽ അങ്ങനെയുള്ള ദൈവം എല്ലാ സ്തുതിയ്ക്കും അർഹനാകുന്നില്ല. മൂന്നുപേർ ചേർന്നാലേ ദൈവത്തിന്റെ മുഴുവൻ പണിയും ചെയ്യാൻ കഴിയൂ എന്നാണെങ്കിൽ ഇവർ ഒറ്റയ്ക്കൊറ്റയ്ക്ക് അശക്തരാണ് എന്നാണർത്ഥം. ഇവർക്ക് ആശ്രയം വേണമെന്നർത്ഥം. അശക്തരും ആശ്രയം ആവശ്യമുള്ളവരും ദൈവങ്ങളാകുന്നതെങ്ങനെ?

'***വജഅലള്ളുലുമാത്തി വന്നൂർ***'– അന്ധകാരങ്ങളേയും പ്രകാശങ്ങളേയും അല്ലാഹു ഉണ്ടാക്കിയിരിക്കുന്നു എന്ന് ഈ ആയത്തിൽ പറയുന്നതിലൂടെ ഖുർആൻ രണ്ടാമത് പറഞ്ഞ ചിന്തയേയും നിരാകരിക്കു

ന്നു. ***അൽഹംദുലില്ലാഹ്*** എന്ന ഭാഗം ഈ ഭാഗത്തോടൊപ്പം കൂട്ടി വായിക്കണം. അപ്പോൾ അന്ധകാരത്തിനുകൂടി അല്ലാഹു സ്തുതിക്കപ്പെടേണ്ടവനാണ് എന്ന അർത്ഥം ലഭിക്കും. അന്ധകാരം എന്ന് ഉദ്ദേശിക്കപ്പെടുന്നത് മരണം, രോഗം, നിർഭാഗ്യം, കൃത്രിമത്വം തുടങ്ങിയവയാണ്. ഇവയോരോന്നും അന്തിമവിശകലനത്തിൽ മനുഷ്യനന്മയ്ക്ക് പ്രയോജനപ്പെടുന്നു. നേരിട്ടോ അല്ലാതെയോ ഇതെല്ലാം മനുഷ്യരുടെ നന്മയേയും പുരോഗതിയേയും തന്നെയാണ് ഉദ്ദേശിക്കുന്നത്. ഇവിടെ പ്രയോഗിക്കപ്പെട്ട '***ളുലുമാത്ത്***' മനുഷ്യനന്മയുടെ നിമിത്തങ്ങൾ തന്നെയായിട്ടാണ് സൃഷ്ടിക്കപ്പെട്ടതെങ്കിൽ '***നൂർ***' എന്നുമാത്രം ഒരു ദൈവത്തിനും ***ളുലുമാത്ത്*** മറ്റൊരു ദൈവത്തിനും വിട്ടുകൊടുക്കുന്നത് ന്യായീകരിക്കാൻ കഴിയുന്നതെങ്ങനെ?

നന്മയും തിന്മയും ഭാഗ്യവും നിർഭാഗ്യവും എല്ലാം പരസ്പരം ചേർന്നു നില്ക്കുന്നു എന്ന കാര്യവും ഇവിടെ ഓർക്കേണ്ടതുണ്ട്. വിഘ്നങ്ങളും സംഘർഷങ്ങളും ദുഃഖങ്ങളും നഷ്ടങ്ങളും വീഴ്ചകളും താഴ്ചകളും ഒരാളെ നന്മയിലേക്കും ശുദ്ധിയിലേക്കും നയിക്കുന്ന മാർഗ്ഗങ്ങളായിത്തീരാറുണ്ട് എന്നതും മറന്നുകൂടാ. മരണം ഉദാഹരണമാണ്. മരണമില്ലെങ്കിൽ– ഒരാൾ ജീവിച്ചുകൊണ്ടേ ഇരിക്കുകയാണെങ്കിൽ സ്വർഗ്ഗമെന്ന അനുഗ്രഹം അയാൾക്ക് എങ്ങനെ ലബ്ധമാവാനാണ്? സ്വർഗ്ഗമാകുന്ന അനുഗ്രഹമാണല്ലോ ഒരു മനുഷ്യന് തന്റെ ദൈവത്തിൽനിന്ന് ലഭിക്കാവുന്ന ഏറ്റവും ഉദാരവും ഉദാത്തവും ആയ അനുഗ്രഹം. ഇനി ദുഷ്ടമനുഷ്യന്റെ കാര്യമാണെങ്കിൽ അയാളും മരിച്ചെങ്കിൽ മാത്രമല്ലേ പരലോകത്തെത്തുകയുള്ളൂ. പരലോകത്തെത്തിക്കഴിഞ്ഞാൽ മാത്രമല്ലേ അയാളെ ശുദ്ധീകരിക്കാനാവശ്യമായ നരകമെന്ന ചികിത്സ അയാൾക്ക് ലഭിക്കുകയുള്ളൂ. അയാളും ആത്യന്തികമായി അല്ലാഹുവിനെത്തന്നെയാണ് പ്രാപിക്കുന്നതെന്നോർക്കുക.

അപ്പോൾ അന്തിമവിശകലനത്തിൽ അല്ലാഹുവിനുതന്നെയാണ് എല്ലാ സ്തുതിയും. ***അൽഹം ദുലില്ലാഹ്.***

# അല്ലാഹു ഞാൻ തന്നെ

إِنَّنِي أَنَا اللَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدْنِي وَأَقِمِ الصَّلَاةَ لِذِكْرِي

**"തീർച്ചയായും ഞാൻ തന്നെയാണ് അല്ലാഹു. ഞാനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അതിനാൽ, എന്നെ ആരാധിക്കുക, എന്നെ സ്മരിക്കുന്നതിനുവേണ്ടി നമസ്കാരം നിലനിർത്തുകയും ചെയ്യുക." (*20:15*)**

അഖണ്ഡബ്രഹ്മാണ്ഡത്തിന്റേയും അതിലുള്ള തരാതരം ചരാചരങ്ങളുടേയും സ്രഷ്ടാവും, പാലകനും, നിയന്താവും ആയ സത്തയുടെ പേരാണ് അല്ലാഹു എന്നത്. പരമോന്നതമായ അസ്തിത്വത്തിന്റെ പേരാണത്. എല്ലാതരത്തിലുള്ള പൂർണ്ണവും പക്വവുമായ ഗുണങ്ങളുടേയും ഓരേയൊരു അവകാശിയും കൈവശക്കാരനുമാണ് അവൻ. അവൻ ഏകനാണ്. അന്യൂനനാണ്, എല്ലാ ബലഹീനതകളിൽനിന്നും അതീതനാണ്. അറബിഭാഷയിൽ അല്ലാഹു എന്ന പദം അല്ലാഹുവിനല്ലാതെ മറ്റൊന്നിനുവേണ്ടിയോ മറ്റൊരു കാര്യത്തിനുവേണ്ടിയോ ഒരിക്കലുംതന്നെ പ്രയോഗിക്കപ്പെട്ടിട്ടില്ല. ഈ പദം ഏകവചനമാണ്. ഇതിന്ന് ഒരു ബഹുവചനമില്ല. ബഹുവചനരൂപത്തിൽ ഈ പദം ഒരിക്കലും പ്രയോഗിക്കപ്പെട്ടിട്ടില്ല. അലങ്കാരമായോ വിശേഷണമായോ ഈ പദത്തെ മറ്റൊന്നിനോട് ചേർത്ത് ഉപയോഗിക്കാറില്ല. 'അല്ലാഹു' എന്ന പദം അല്ലാഹുവിനു മാത്രം. അല്ലാഹുവിനു പകരമായി ആരുമില്ല എന്നതുപോലെ അല്ലാഹു എന്ന പദത്തിനുപകരം വയ്ക്കാനായി മറ്റൊരു പദവും ഇല്ല.

"സർവ്വസമ്മതമായ അഭിപ്രായമനുസരിച്ച് സ്വയം നിലനില്ക്കുന്നതും പൂർണ്ണമായ നിലയ്ക്ക് സർവ്വഗുണങ്ങളുടേയും വിളനിലവും ആയ അസ്തിത്വത്തിന്റെ പ്രത്യേകമായ പേരാണ് അല്ലാഹു എന്നത്. അതിലെ 'അൽ' എന്ന അക്ഷരം അല്ലാഹു എന്ന പദത്തിൽനിന്ന് എടുത്തുമാറ്റാൻ കഴിയുകയില്ല."

അല്ലാഹു എന്ന പദത്തിന് ഒരു ഭാഷാന്തരം സാധ്യമല്ല. ദൈവം എന്നോ ഈശ്വരൻ എന്നോ ഒരു പരിഭാഷ അതിന് അനുയോജ്യമാകുന്നില്ല. ദൈവത്തിന് ദൈവങ്ങളും ഈശ്വരന് ഈശ്വരന്മാരുമുണ്ട്. ദൈവമെന്നും ഈശ്വരനെന്നും മനുഷ്യരേയും വിശേഷിപ്പിക്കാറുണ്ട്.

അല്ലാഹുവിന്റെ 'അല്ലാഹു' എന്ന നാമധേയം ***ഇസ്മുദ്ദാത്ത്*** ആണ്. ഏറ്റവും ശരിയും പരമവും ആയ നാമം. മറ്റെല്ലാ പേരുകളും റബ്ബ്, റഹ്മാൻ, റഹീം തുടങ്ങിയ പേരുകളെല്ലാംതന്നെ അല്ലാഹുവിന്റെ സിഫത്തുകളാണ്. അടിസ്ഥാനഗുണവിശേഷങ്ങളിലൂടെ അല്ലാഹുവിനെ അറിയപ്പെടുന്ന നാമങ്ങൾ. ഇവയ്ക്ക് അസ്മാഉൽ ഹുസ്നാ എന്ന് ഖുർആൻതന്നെ നാമകരണം ചെയ്തിരിക്കുന്നു.

അല്ലാഹുവിനു മാത്രമുള്ളതാണ് ഉത്തമങ്ങളായ ഗുണനാമങ്ങൾ. (അസ്മാഉൽഹുസ്ന) അതുകൊണ്ട് അവ മുഖേന നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കു

ക. (*7:181*)

ഇവിടെ അല്ലാഹുവിനു മാത്രമുള്ളതാണ് ഉത്തമങ്ങളായ ഗുണങ്ങൾ എന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ യഥാർത്ഥനാമം 'അല്ലാഹു' എന്നു മാത്രമാണെന്ന് ദ്യോതിപ്പിക്കുന്നു. ഈ ഗുണനാമങ്ങളെ വിളിച്ചുപ്രാർത്ഥിക്കുക എന്ന് അല്ലാഹു വിശ്വാസികളോട് പറയുന്നു. ഇവിടെ, അല്ലാഹു വിശ്വാസികൾക്ക് ഒരെളുപ്പമാർഗ്ഗം പഠിപ്പിച്ചുകൊടുക്കുകയാണ്. പ്രാർത്ഥന എളുപ്പം സ്വീകരിക്കപ്പെടുവാൻ സഹായകമാകുന്ന മാർഗ്ഗമാണിത്.

നിങ്ങൾ അനുഗ്രഹം തേടുമ്പോൾ അല്ലാഹുവിന്റെ റഹ്മത്തിനെ ഓർത്തുകൊണ്ടും, അവൻ റഹ്മാനാണ് എന്നറിഞ്ഞുകൊണ്ടും, 'റഹ്മാനെ' എന്ന് വിളിച്ചു അനുഗ്രഹം തേടുക. നിങ്ങൾ കരുണ തേടുമ്പോൾ അല്ലാഹുവിന്റെ റഹീമിയ്യത്തിനെ ഓർത്തുകൊണ്ടും അവൻ റഹീമാണെന്ന് വിശ്വസിച്ചുകൊണ്ടും 'റഹീം' എന്ന് വിളിച്ച് നിങ്ങൾ കരുണ തേടുക. അന്ത്യനാളിൽ നിങ്ങൾ ഔദാര്യം പ്രതീക്ഷിക്കുന്നു. അല്ലാഹു മാലികിയൗമിദ്ദീൻ ആണെന്ന് നിങ്ങളോർക്കുക. അന്ത്യനാളിന്റെ ഉടമസ്ഥൻ, അവൻ രാജാധിരാജനുമാണ്. ഈ ലോകത്തിന്റെ മാത്രമല്ല സർവ്വലോകങ്ങളുടേയും രാജാധിരാജൻ. അതോർത്ത് ***മാലികുയൗമിദ്ദീൻ*** എന്നു വിളിച്ച് നിങ്ങൾ ഔദാര്യം തേടുക. നിങ്ങൾ പൊറുമയെ തേടുന്നു. അല്ലാഹു ഗഫൂറാണെന്നറിയുക. ധാരാളമായും അധികമധികമായും പൊറുത്തുകൊടുക്കുന്നവൻ. അത് മനസ്സിലാക്കിയും അതിലൂന്നിയും ***യാ ഗഫൂർ*** എന്ന് വിളിച്ച് നിങ്ങൾ പൊറുമയെ തേടുക.

അല്ലാഹുവുമായി ഏറ്റവുമധികം അടുക്കാനുതകുന്ന ഒരു സമീപനമാണിത്. തന്റെ സ്വന്തം ഗുണങ്ങളിൽ ഊന്നിയും അതിനെ സ്മരിച്ചും ഒരു ദാസൻ തന്നെ വിളിച്ച് കേഴുമ്പോൾ അല്ലാഹുവിന് നിസ്സംഗനായി നില്ക്കാനാവുകയില്ല. തികഞ്ഞ ഉദ്ദേശ്യശുദ്ധയോടെ, ആത്മാർത്ഥമായും കാതരമായും വിളിച്ചിട്ടും വിളി കേൾക്കുന്നില്ലെങ്കിൽ വിളി കേൾക്കുന്ന ഒരു ഗുണം അല്ലാഹുവിനില്ലെന്ന് വരും. അത് അല്ലാഹുവിന് സമ്മതമാകുന്ന കാര്യമല്ലല്ലോ. അല്ലാഹു തന്നെയാണ് തന്റെ ഗുണനാമങ്ങളെ വിശുദ്ധഖുർആനിലൂടെ മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുത്തത്. അല്ലാഹുവിന് നാല് അടിസ്ഥാനഗുണങ്ങളുള്ളതായി വിശുദ്ധഖുർആൻ വ്യക്തമാക്കിത്തരുന്നു. ഫാത്തിഹയുടെ ആദ്യഭാഗത്തിൽ അവ അതിമനോഹരമായിത്തന്നെ വിളംബരം ചെയ്യപ്പെട്ടിട്ടുണ്ട്. അല്ലാഹു റബ്ബാകുന്നു, റഹ്മാനാകുന്നു, റഹീമാകുന്നു, മാലികുയൗമിദ്ദീനാകുന്നു. ഈ നാലു ഗുണങ്ങളിൽനിന്ന് പൊട്ടിവിടർന്ന മറ്റനേകം സിഫത്തുകളുണ്ട്. അവയും ഖുർആനിൽ ഉടനീളം പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഈ വിധത്തിലുള്ള 103 ഓളം ദിവ്യഗുണങ്ങളെ, ഗുണനാമങ്ങളെ ഖുർആനിൽ നമുക്ക് കണ്ടെത്താൻ കഴിയുന്നു. ഇവയെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ആ പ്രാർത്ഥന താൻ കേൾക്കുന്നതാണ് എന്നും അല്ലാഹു പറയുന്നു.

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം നീ പറയുക, നിശ്ചയമായും, ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കും. അവൻ എന്നെ വിളിച്ചുപ്രാർത്ഥിക്കുമ്പോൾ." (*2:187*)

അല്ലാഹു തന്റെ ഗുണനാമങ്ങൾ അറിയിച്ചുകൊണ്ട് ആ ഗുണനാമങ്ങളുമായി ബന്ധപ്പെടാൻ മനുഷ്യരോടാഹ്വാനം ചെയ്യുന്നു. എന്തിനിങ്ങനെ അല്ലാഹു ആഹ്വാനം ചെയ്യുന്നു. രണ്ട് കാരണങ്ങളാലാണിതെന്ന് മനസ്സിലാക്കാവുന്നതാണ്. (1) ഈ ഗുണനാമങ്ങളിലൂടെ മനുഷ്യൻ അല്ലാഹുവിനെ ശരിയായ നിലയിൽ കൂടുതൽ കൂടുതലായി അറിയണം എന്ന് അല്ലാഹു ഇച്ഛിക്കുന്നു. (2) ആ അറിവിലൂടെ പ്രസ്തുത ഗുണങ്ങളിൽനിന്ന് ആകാവുന്നത്ര ഒരു പങ്ക് മനുഷ്യൻ ഉൾക്കൊള്ളണം എന്നും അല്ലാഹു ഇച്ഛിക്കുന്നു.

***ഇന്നല്ലാഹ ലാ യുഖ്‌ലിഫുൽ മീആദ്*** – 'തീർച്ചയായും അല്ലാഹു വാഗ്ദത്തം ലംഘിക്കുകയില്ല.' ആ നിലയ്ക്ക് തന്റെ ഗുണനാമങ്ങൾ പറഞ്ഞുതരികയും അവയെ വിളിച്ചുപ്രാർത്ഥിക്കണമെന്നാവശ്യപ്പെടുകയും അങ്ങനെ വിളിച്ചുപ്രാർത്ഥിക്കുമ്പോൾ താൻ അതിനുത്തരം നല്കുന്നതാണെന്ന് ഉറപ്പുനല്കുകയും ചെയ്ത അല്ലാഹു തന്റെ ദാസന്റെ വിളി വരുമ്പോൾ അതിനെ അവഗണിക്കുന്നതെങ്ങനെ? അത് അസംഭവ്യമാണ്. ഗുണനാമങ്ങളെ വിളിച്ചുകേഴുന്ന ദാസന്റെ രക്ഷയ്ക്കും സമാധാനത്തിനും അല്ലാഹു അമാന്തമന്യെ ഇറങ്ങിവരുമെന്ന കാര്യത്തിൽ സംശയമില്ല.

ലൗകികമായ വീക്ഷണത്തിലും ഇത് എത്രയോ ശരിയാണെന്ന് കാണാവുന്നതാണ്. സഹായം തേടുന്ന ഒരാൾ ആരിൽനിന്നാണോ അത് തേടുന്നത് ആ ആളിന്റെ മുമ്പിൽചെന്ന് 'ആ സഹായം നിവർത്തിച്ചുകൊടുക്കാനുള്ള കഴിവും മനസ്സും ഉള്ളത് താങ്കൾക്കു മാത്രമാണ്' എന്ന് അതീവവിനയത്തോടെ ആത്മാർത്ഥമായി പറഞ്ഞുകൊണ്ട് സഹായം തേടുമ്പോൾ കേൾക്കുന്ന ആളിന് മാറിനില്ക്കാൻ കഴിയുകയില്ലല്ലോ. സാധാരണഗതിയിൽ സഹായിച്ചേക്കാമെന്ന് തോന്നുന്ന കാര്യങ്ങളിൽ ഇങ്ങനെ ഒരു സഹായാഭ്യർത്ഥനകൂടിയുണ്ടാകുമ്പോൾ സഹായം അതിശീഘ്രം നല്കപ്പെടുന്നു. സഹായിക്കേണ്ടതില്ല എന്ന് വിചാരിക്കുന്ന കാര്യങ്ങളിലും, ഇങ്ങനെ തന്റെ ഗുണവിശേഷങ്ങളെ വളരെ ആത്മാർത്ഥമായി തൊട്ടുണർത്തിക്കൊണ്ടും അതിലുള്ള വിശ്വാസത്തെ ദൃഢപ്പെടുത്തിക്കൊണ്ടും സഹായാഭ്യർത്ഥന നടത്തുമ്പോൾ അലിവുതോന്നി തീരുമാനം മാറ്റി സഹായം നല്കാൻ തുനിയുന്നു. ഒരുതര

ത്തിൽ പറഞ്ഞാൽ വിളിച്ചുകേഴുന്ന ആൾ താൻ വിളിക്കുന്ന ആളിന്റെ അസൂയയെ ജ്വലിപ്പിക്കുകയാണ് ചെയ്യുന്നത്. അതിലൂടെ സഹായം ചെയ്യാൻ അയാളെ സന്നദ്ധനാക്കുകയും ചെയ്യുന്നു.

അല്ലാഹുവിനെ ഗുണനാമങ്ങളിലൂടെ വിളിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. അല്ലാഹുതന്നെ തനിക്ക് കല്പിച്ച ഗുണനാമങ്ങളിലായിരിക്കണം അങ്ങനെ വിളിക്കേണ്ടത്. മനുഷ്യൻ തന്റെ വകയായി അല്ലാഹുവിന് ഗുണനാമങ്ങൾ നല്കിക്കൂടാത്തതാണ്. അല്ലാഹുവിനു മാത്രമേ അല്ലാഹുവിന്റെ ഗുണങ്ങളെക്കുറിച്ചുള്ള അറിവിന്റെ പൂർണ്ണതയുള്ളൂ. മനുഷ്യന്റേത് അല്പജ്ഞാനം മാത്രമാണ്. അല്പജ്ഞാനത്തിന്റെ വെളിച്ചത്തിൽ അല്ലാഹുവിന് ഗുണനാമങ്ങൾ നല്കുവാനുള്ള അവകാശം മനുഷ്യർക്കില്ല. അങ്ങനെ മനുഷ്യൻ ചെയ്യുകയാണെങ്കിൽ അവൻ നല്കുന്ന ഗുണനാമങ്ങൾ ഓരോരുത്തർക്കും വ്യത്യസ്തമായ രീതിയിലായിരിക്കും അനുഭവപ്പെടുക. അത് ഗുണത്തെക്കാളേറെ ദോഷങ്ങളുണ്ടാക്കി എന്നു വരും. അല്ലാഹുവിന് ***അദ്ൽ*** എന്ന ഒരു ഗുണനാമമുള്ളതായി ക്രിസ്ത്യാനികൾ പറയുന്നു. പക്ഷെ, അങ്ങനെയൊരു ഗുണനാമമുള്ളതായി അല്ലാഹു നിർദ്ദേശിച്ചിട്ടില്ല. ***അദ്ൽ*** എന്നാൽ നീതി എന്നാണർത്ഥം. അല്ലാഹു നീതിമാൻ തന്നെയാണ്. പക്ഷെ, നീതിമാൻ എന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിനെ പ്രത്യേകമായി ഒരു കള്ളിക്കകത്ത് നിർത്താൻ മനുഷ്യന് അധികാരമില്ല. ബാഹ്യമായ നിലയ്ക്ക് നീതിമാന് പരിമിതിയുള്ളതായി നമുക്ക് കാണാൻ കഴിയും. ഒരു നീതിപാലകനെ സംബന്ധിച്ചിടത്തോളം അയാൾ ഏതു വിഷയത്തിലും വിധി കല്പിക്കേണ്ടത് നിർണ്ണീതമായ ചില നിയമങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. അതിനപ്പുറത്തേക്ക് കടക്കാൻ അയാൾക്ക് നിവൃത്തിയുണ്ടാവില്ല. അല്ലാഹുവിനെ അങ്ങനെയൊരു പരിമിതിക്കകത്ത് തളച്ചിടാൻ ആർക്കും സാദ്ധ്യമല്ല. അല്ലാഹു നീതിമാനാണെന്നതുപോലെ ഉടമസ്ഥനുമാണ്. ഉടമസ്ഥന് വളരെ വലിയ അധികാരങ്ങളുണ്ട്. നിയമം എങ്ങനെയാണെങ്കിലും ഏതു കാര്യത്തിലും വിട്ടുവീഴ്ച ചെയ്യാനോ പൊറുത്തുകൊടുക്കാനോ ശിക്ഷ അങ്ങേയറ്റം ലഘൂകരിക്കാനോ ഉടമസ്ഥന്, തന്റെ ഉടമസ്ഥാവകാശത്തിന്റെ ബലത്തിൽ അധികാരമുണ്ട്.

താൻ അല്ലാഹു ആണെന്നും താനല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും അതുകൊണ്ടുതന്നെ ആരാധിക്കേണ്ടത് മനുഷ്യരുടെ കടമയാണെന്നും ഈ ആയത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നു. ആരാധനയെ എളുപ്പമാക്കിത്തീർക്കുവാനാണ് അല്ലാഹു മനുഷ്യർക്ക് തന്റെ ഗുണനാമങ്ങളെ അറിയിച്ചുകൊടുത്തതും അവയിലൂടെ തന്നെ വിളിച്ചുപ്രാർത്ഥിക്കാൻ അനുവാദം കൊടുത്തതും.

ആരാധനയുടെ ഉന്നതമായ രൂപം നമസ്കാരമാണ്. നമസ്കാരത്തെ നിലനിർത്തുക എന്ന് അല്ലാഹു ഇവിടെ പറഞ്ഞിരിക്കുന്നത് അതുകൊണ്ടാണ്. നമസ്കാരത്തെ നിലനിർത്തുകയാണെങ്കിൽ നമസ്കാരം മനുഷ്യരെ നിലനിർത്തും. ***ഉലായിക്ക ഹുമുൽ മുഫ്‌ലിഹൂൻ*** നമസ്കാരം മനുഷ്യരെ വിജയത്തിലേക്ക് നയിക്കുകയും ചെയ്യും. ഉന്നതമായ സ്ഥാനങ്ങൾ മനുഷ്യർക്ക് പ്രദാനം ചെയ്യുകയും ചെയ്യും. പുനരുത്ഥാനനാളിൽ നമസ്കാരം മനുഷ്യന്റെ കർമ്മങ്ങൾക്ക് സാക്ഷി പറയാനുണ്ടാവുകയും ചെയ്യും.

നമസ്കാരമില്ലെങ്കിലോ? ജീവിതത്തിൽ വൃത്തിയില്ലാത്തവരാണ് അത്തരക്കാർ. വിശുദ്ധി അവരിൽ നിന്നും അകന്നുനില്ക്കുന്നു. അവരുടെ ഹൃദയം ളുലുമാത്തിനു വിധേയമാകുന്നു. അല്ലാഹുവിന്റെ നൂർ–പ്രകാശം അവരെത്തേടിയെത്തുന്നുമില്ല. തീർച്ചയായും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനോ, ശാശ്വതഫലങ്ങൾക്കുടമസ്ഥരാകുവാനോ അവർക്ക് കഴിയുകയില്ല. ***ഉലായിക്ക ഹുമുൽ ഖാസിറൂൻ***– അവരത്രെ നഷ്ടപ്പെട്ടവർ.

അതുകൊണ്ട് അല്ലാഹുവിനെ അറിയുക. നമസ്കാരത്തെ നിലനിർത്തുക. അവന്റെ ഗുണനാമങ്ങളിലൂടെ അവനെ വിളിച്ചുപ്രാർത്ഥിക്കുക. വിജയം അപ്പോൾ മാത്രമാണ് സുനിശ്ചിതമാകുന്നത്. ***ഹയ്യഅലസ്സലാഹ്***, ***ഹയ്യഅലൽ ഫലാഹ്*** എന്ന ആഹ്വാനത്തിന്റെ പാഠവും അതാണ്. ●

**അടുത്തലക്കത്തിൽ......**

1. **ആത്മീയ സംവിധാനം**

   *– കെ.എ. നദീർ അഹ്മദ്*

2. **വിശ്വാസപരമായ പകവീട്ടൽ മൃതദേഹത്തോട് !**

   *– എ.ക്യു. മഹ്ദി*

3. **ഹോമിയോപ്പതിയും ഉദരരോഗങ്ങളും**

   *– ടി.ടി.കെ. അഹ്മദ്*

**വാർത്തകൾ അറിയിപ്പുകൾ**

**27–ാമത് ദേശീയ മജ്‌ലിസ് അൻസാറുല്ലാഹ് ഇജ്തിമാഅ് ഒക്ടോബർ 1, 2, 3 എന്നീ ദിവസങ്ങളിൽ ഖാദിയാനിൽവെച്ച് വിജയകരമായി പര്യവസാനിച്ചു എന്നറിയിക്കട്ടെ.**

**വാർത്തകൾ, മത്സരഫലങ്ങൾ അടുത്തലക്കത്തിൽ. *ഇൻശാഅല്ലാഹ്***

*-പത്രാധിപർ*

# സമസ്തമനുഷ്യർക്കും സന്മാർഗ്ഗദായകം

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു)
വിവ: മുഹമ്മദ് ഇസ്മായിൽ എച്ച്.എ.

**അ**ല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് റമളാൻ മാസം ആരംഭിച്ചിരിക്കുന്നു. ഇതിനകം അഞ്ച് നോമ്പ് കഴിയുകയും ചെയ്തു. അതറിയുകപോലും ചെയ്തില്ല. ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: റമദാൻ വളരെ മഹത്തായതും അനുഗൃഹീതവുമായ മാസമാണ്. അല്ലാഹു തന്റെ ദാസന്മാരെ തന്റെ അനുഗ്രഹംകൊണ്ട് കടാക്ഷിക്കുന്നതിനും തന്റെ ദാസരെ ശയ്ത്വാന്റെ പിടിയിൽനിന്ന് രക്ഷിക്കുന്നതിനും അവരെ തന്റെ യഥാർത്ഥ ദാസരാക്കിത്തീർക്കുന്നതിനുംവേണ്ടി വഴികൾ ഒരുക്കുകയാണ്. ദാസൻ അവനിലേക്ക് അടുക്കുമ്പോൾ അവന്റെ പാരിതോഷികത്തിന്റേയും ഔദാര്യത്തിന്റേയും കവാടങ്ങൾ തുറന്നു കിടക്കുന്നതായി കാണുന്നു. റമളാനിൽ മുമ്പത്തെക്കാളുപരി അല്ലാഹു തന്റെ ദാസരുടെമേൽ കരുണചൊരിയുന്നു. ആരാധനാകർമ്മങ്ങളിൽ മടികാണിക്കുന്നവർക്കും ഐച്ഛികകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ പിന്തി നില്ക്കുന്നവർക്കും ഖുർആൻ പാരായണം ചെയ്യുന്നതിലും അതിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിലും ഉദാസീനത കാണിക്കുന്നവർക്കുംവേണ്ടി വ്യവസ്ഥിതിയോടെ ഒരു മാസം നിശ്ചയിച്ചിരിക്കുകയാണ്. ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരും നഫ്ലുകൾ പാലിക്കുന്നവരും ഖുർആനിക കല്പനകൾ അനുസരിച്ച് ജീവിക്കുന്നവരുമായിട്ടുള്ളവർ ഈ മാസത്തിൽ പൂർവ്വാധികം ശ്രദ്ധയോടെ തങ്ങളുടെ ഈ ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ പരിശ്രമിക്കുമ്പോൾ, അവരുടെ ഈ ഉത്തമമായ മാതൃകയിൽ പ്രചോദിതരായി പൊതുവെ അലസന്മാരായി കഴിയുന്നവരും ആരാധനാകർമ്മങ്ങളിൽ ആകൃഷ്ടരാകുന്നു. ഇതും അല്ലാഹുവിന്റെ ഔദാര്യമാണ്. കാരണം ചുറ്റുപാടുകളുടെ സ്വാധീനം അവരെ ഉണർത്തുന്നു. അവരും ഈ സൽപ്രവൃത്തികളിൽ കുറച്ചെങ്കിലും ഭാഗഭാക്കാകുന്നു. അങ്ങനെ പതുക്കെക്കൊണ്ട് അവർക്കും അത് ശീലമായിത്തീരുന്നു. അത്തരക്കാരിൽ ചിലരെങ്കിലും പിന്നീട് ആരാധനാകർമ്മങ്ങളിൽ സ്ഥിരചിത്തരും ശയ്ത്വാനിൽനിന്ന് അകലുന്നവരുമായിത്തീരുകയും ചെയ്യുന്നു. അത്തരക്കാരെ സംബന്ധിച്ച് അല്ലാഹു പറയുന്നത് ഞാൻ അവരുടെമേൽ എന്റെ കാരുണ്യത്തിന്റേയും അനുഗ്രഹത്തിന്റേയും കവാടം തുറക്കും എന്നാണ്. തന്റെ വഴിതെറ്റിയ ദാസന്മാർ നേരായ മാർഗ്ഗത്തിലേക്ക് മടങ്ങിയെത്തുമ്പോൾ, കളഞ്ഞുപോയ കുട്ടിയെ പെട്ടെന്ന് തിരിച്ചുകിട്ടുമ്പോൾ ഒരു മാതാവിനുണ്ടാകുന്നതിനേക്കാൾ അധികം സന്തോഷം അല്ലാഹുവിനുണ്ടാകുന്നുവെന്ന് നബി (സ) തിരുമേനി പറഞ്ഞിട്ടുണ്ട്. റമളാനിൽ അല്ലാഹു തന്റെ റഹ്മത്തിന്റെ– കാരുണ്യത്തിന്റെ സകല കവാടങ്ങളും തുറക്കുന്നു. ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അല്ലാഹുവിലേക്ക് ദാസന്മാരെ നയിക്കുന്ന ഗ്രന്ഥം. ഇത് പാരായണം ചെയ്യുന്നതുകൊണ്ട് നമുക്ക് ദൈവിക ജ്ഞാനം അഥവാ മഅ്രിഫത്ത് ലഭിക്കുന്നു. അതിനും റമദാനുമായി പ്രത്യേക ബന്ധമുണ്ട്. അതുകൊണ്ട് റമദാനിൽ മറ്റു ഇബാദത്തുകളോടൊപ്പം ഖുർആൻ ധാരാളമായി പാരായണം ചെയ്യുകയും, അതിന്റെ ദർസ് കേൾക്കുന്നതിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുകയും വേണ്ടതാണ്.

സൂറ ബഖറയിൽ അല്ലാഹു പറയുന്നു: "സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗ്ഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യംവഹിച്ചാൽ അയാൾ ആ മാസത്തിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് ഞെരുക്കത്തെ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കുന്നതിനും നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും, നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാണിത്."

"എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്നപക്ഷം, തീർച്ചയായും ഞാൻ സമീപസ്ഥ

നാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കും; അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട്, അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനു വേണ്ടി." (*2:186,187*)

സയ്യിദുനാ ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: സൂര്യതാപത്തിനാണ് റമദാൻ എന്നു പറയുന്നത്. റമദാൻ മാസത്തിൽ ഒരു ഭാഗത്ത് ജനങ്ങൾ ഭക്ഷണപാനീയങ്ങളും മറ്റെല്ലാ ശാരീരികസുഖങ്ങളും ത്യജിക്കുകയും മറുഭാഗത്ത് ദൈവിക കല്പനകൾ അനുസരിക്കുന്നതിൽ പ്രത്യേകമായ ശ്രദ്ധയും ആവേശവും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നു. ആത്മീയവും ഭൗതികവുമായ ഈ ജ്വലനങ്ങളുടെ സംഗമമാണ് റമദാൻ. വ്രതാനുഷ്ഠാനം ആദ്യം ഒരു വേനൽക്കാലത്തു വന്നതുകൊണ്ടാണ് റമദാൻ എന്ന പേരുണ്ടായതെന്നുള്ള ചില നിഘണ്ടുകർത്താക്കളുടെ നിഗമനം ശരിയല്ല എന്നാണെന്റെ അഭിപ്രായം. അത് അറബികൾക്ക് മാത്രമുള്ള കാര്യമല്ല. ആത്മീയാർത്ഥത്തിൽ റമദാൻ എന്നാൽ ആത്മീയമായ ആവേശവും ആത്മജ്വലനവുമാണ്. കല്ലുകളെയും മറ്റും ചൂടാക്കുന്നതിനും റമസ് എന്നു പറയുന്നു."

റമദാൻ, സൂര്യതാപത്തിനാണ് പറയുന്നതെന്ന് ഈ ഉദ്ധരണിയിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. ഉഷ്ണമേഖലയിലുള്ള ജനങ്ങൾക്ക് സൂര്യതാപത്തെക്കുറിച്ച് നല്ലവണ്ണമറിയാം. ശ്വാസമുട്ടലുള്ളവർക്ക് ഈ കാലാവസ്ഥയിൽ ബുദ്ധിമുട്ടുകൾ കൂടും. ചൂടുകുരു തുടങ്ങിയവ ശരീരത്തിൽ പൊന്താൻ തുടങ്ങും. ഈ ചൂടിനെ അതിജയിക്കുന്നതിനുള്ള വസ്ത്രങ്ങൾ ഇല്ലാത്തവർക്ക് ശരീരത്തിൽ നീറ്റലും ചൊറിച്ചിലും ഉണ്ടാകും. ചിലപ്പോൾ ഇത് അസഹ്യമായിത്തീരും. ഇപ്പോൾ ഇവിടെ യൂറോപ്യൻ രാഷ്ട്രങ്ങളിലും നല്ല ചൂടുണ്ടാകുന്നു. അല്പം വെളിയിലിറങ്ങിയാൽ വെയിലിന്റെ കാഠിന്യം അവസ്ഥയാകെ മോശമാക്കിക്കളയുന്നു. ഈ ബുദ്ധിമുട്ടുകളുണ്ടായിക്കൊണ്ടിരിക്കെ അല്ലാഹു പറയുന്നു, ഭക്ഷണവും പാനീയവും ഉപേക്ഷിച്ച് ശാരീരിക സുഖങ്ങളെ ഉപേക്ഷിച്ച് എനിക്കുവേണ്ടി കുറച്ചുസമയം സഹിക്കുക.

അല്ലാഹുവിനുവേണ്ടി ഈ ബുദ്ധിമുട്ട് സഹിക്കുമ്പോൾ നിങ്ങളുടെ ഉള്ളിൽനിന്നും ഒരു ഉത്സാഹം ഉണ്ടാകേണ്ടതാണ്. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ചൂടുണ്ടാകേണ്ടതാണ്. ഇതിൽനിന്ന് അല്ലാഹുവിന്റെ കല്പനകളെ പിൻപറ്റുകയും അവനെ ആരാധിക്കുന്നതിലുള്ള ശ്രദ്ധയും ഉണ്ടായിവരണം. വാഗ്ദത്ത മസീഹ്(അ) പറയുന്നു: ബാഹ്യമായ നിലയിൽ വിശപ്പിന്റേയും ദാഹത്തിന്റേയും ബുദ്ധിമുട്ടും ആന്തരികമായ നിലയിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ആവേശവും സമ്മേളിക്കുമ്പോൾ, അതിന്റെ പേരാണ് റമദാൻ.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ***ശഹറു റമദാനല്ലദീ ഉൻസിലഫീഹിൽ ഖുർആൻ***. ഇതിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്ത്വം മനസ്സിലാകുന്നുണ്ട്. ആത്മാവിനെ പ്രകാശമാനമാക്കാനുള്ള അത്യുത്തമമായ ഒരു മാസമായിട്ടാണ് സൂഫിവര്യന്മാർ റമദാനെ വിവരിച്ചിട്ടുള്ളത്. ഈ മാസത്തിൽ അധികമധികമായി ആത്മീയദർശനങ്ങളുണ്ടാകുന്നു. സ്വലാത്ത് അഥവാ നമസ്ക്കാരം മനുഷ്യഹൃദയത്തെ ദോഷബാധകളിൽനിന്ന് ശുദ്ധീകരിക്കുമ്പോൾ ***സൗം*** അഥവാ നോമ്പ് മനുഷ്യാത്മാവിനെ പ്രഭാപൂരിതമാക്കിത്തീർക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണമെന്നാൽ അനിയന്ത്രിതമായ അധമപ്രവണതകളുടെ ബന്ധനങ്ങളിൽനിന്നുള്ള മോചനമാണ്. ആത്മാവിന്റെ പ്രകാശവത്ക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയദർശനങ്ങളാൽ അനുഗൃഹീതനായിത്തീരുന്നു. അതുമുഖേന അവന് അല്ലാഹുവിനെ കാണാൻ കഴിയുന്നു. ***ഉൻസിലഫീഹിൽ ഖുർആൻ*** ഖുർആൻ ഈ മാസത്തിലാണവതരിച്ചത് എന്ന വചനത്തിൽ ഈ വസ്തുതയാണ് സൂചിപ്പിക്കുന്നത്. നോമ്പിന്റെ പ്രതിഫലം മഹത്തായതാണെന്നതിൽ ഒരു സംശയവുമില്ല. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും മനുഷ്യനെ ഈ നിഅ്മത്തിൽനിന്ന് തടഞ്ഞുവയ്ക്കുന്നു. മസീഹ് മൗഊദ്(അ) പറഞ്ഞു: യുവത്വകാലത്ത് ഒരിക്കൽ നോമ്പ് പിടിക്കൽ അഹ്‌ലെബയ്ത്തിന്റെ സുന്നത്താണെന്ന് സ്വപ്നം കാണ്ടത് ഞാൻ ഓർക്കുന്നു. എന്നെക്കുറിച്ച് പ്രവാചകൻ(സ) പറഞ്ഞു: ***സൽമാനുമിന്നാ അഹ്‌ലുൽ ബയ്ത്തി***. സൽമാൻ അതായത് അസ്സുലഹാൻ. ഈ വ്യക്തിയുടെ കൈയാൽ രണ്ട് രഞ്ജിപ്പുണ്ടാകും. ഒന്ന് ആന്തരികമായും മറ്റേത് ബാഹ്യമായും. ഇദ്ദേഹം വാളുകൊണ്ടല്ല ദയയോടുകൂടി പ്രവൃത്തിക്കുന്നതാണ്. ഞാൻ ഹുസയ്ന്റെ ഉറവിൽനിന്നല്ല. അദ്ദേഹം യുദ്ധം ചെയ്തു. ഞാൻ ഹസന്റെ ഉറവിൽനിന്നാണ്. അദ്ദേഹം യുദ്ധം ചെയ്തില്ല. ഇത് നോമ്പിലേക്കുള്ള സൂചനയാണെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ ഞാൻ ആറ് മാസംവരെ നോമ്പുനോറ്റു. അക്കാലത്ത് പ്രകാശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്കു ഉയർന്നുപോകുന്നത് ഞാൻ കണ്ടു. പ്രകാശങ്ങളുടെ ഈ സ്തൂപം ഭൂമിയിൽനിന്നാണോ എന്റെ ഹൃദയത്തിൽനിന്നാണോ ഉയർന്നു പോകുന്നതെന്ന് എനിക്ക് സംശയമുണ്ട്. എന്നാൽ, ഇതെല്ലാം എന്റെ യുവത്വകാലത്ത് നടന്നുകഴിഞ്ഞതാണ്. ആ സമയത്ത് ഞാനുദ്ദേശിച്ചിരുന്നെങ്കിൽ 4 വർഷംവരെ തുടർച്ചയായി നോമ്പുപിടിക്കാൻ എനിക്കു കഴിയുമായിരുന്നു.

ഇവിടെ പ്രത്യേകമായ നിലയിൽ യുവത്വകാലത്തെ ഉദാഹരണം എടുത്തുപറഞ്ഞിട്ട് അവിടന്ന് ചെറുപ്പക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ്. ഒരു

പ്രായംകഴിഞ്ഞാൽ രോഗം തുടങ്ങിയ കാരണങ്ങളാൽ നോമ്പ് നോല്ക്കാൻ പ്രയാസപ്പെടേണ്ടി വരും. എന്നാൽ, യുവത്വകാലത്ത് ശരിയായനിലയിൽ നോമ്പനുഷ്ഠിക്കാൻ കഴിയും. ഈ പ്രായത്തിൽ ഫലമെടുക്കേണ്ടതാണ്. എന്നാൽ മറ്റൊരവസരത്തിൽ, ഇത്ര ദീർഘകാലം നോമ്പുപിടിക്കരുതെന്നും പിടിക്കാനൊക്കുകയില്ലെന്നും അവിടന്ന് പറയുകയുണ്ടായിട്ടുണ്ട്. എന്നോട് അല്ലാഹു പറഞ്ഞതാണ്. അല്ലാഹു പ്രത്യേകമായ ഒരു സഹായം നല്കിയതായിരുന്നു അത്. അല്ലാഹു ശക്തി നല്കിയതുകൊണ്ടാണ് എനിക്ക് നോമ്പുനോല്ക്കാൻ കഴിഞ്ഞത്. എന്തായാലും റമസാനിലെ നോമ്പ് തീർച്ചയായും പിടിക്കേണ്ടതാണ്. കാരണം ഇത് പ്രായപൂർത്തിയായ ഓരോ മുസ്ലിമിനും രോഗമൊന്നുമില്ലെങ്കിൽ നിർബന്ധമായ കാര്യമാണ്. നോമ്പുവഴിയായി മനുഷ്യൻ അല്ലാഹുവിന്റെ അനുഗ്രഹത്തിന് അർഹരായിത്തീരുന്നു. ഇതു സംബന്ധിച്ച് ചില ഹദീസുകൾ കേൾപ്പിക്കാം. നബി (സ) പറഞ്ഞതായി നിവേദനം ചെയ്തിരിക്കുന്നു. "ഓരോ കാര്യത്തിനും ഓരോ കവാടമുണ്ട്. ആരാധനയുടെ കവാടം നോമ്പാണ്."

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: നോമ്പ് ആത്മരക്ഷയ്ക്കുള്ള ഒരു കവചമാകുന്നു. അഗ്നിയിൽനിന്ന് രക്ഷിക്കുന്ന മനോഹരമായ ഒരു കോട്ട.

ഹസ്റത്ത് ഹുദയ്ഫ(റ) പറയുന്നു: ഞങ്ങൾ ഹസ്റത്ത് ഉമർ(റ)ന്റെയടുക്കൽ ഇരിക്കുകയായിരുന്നു. അവിടന്ന് ചോദിച്ചു: ഫിത്നയെക്കുറിച്ച് നബി (സ) തിരുമേനി പറഞ്ഞ ഏതെങ്കിലും കാര്യം നിങ്ങൾക്കോർമ്മയുണ്ടോ? ഞാൻ പറഞ്ഞു: നബി(സ) തിരുമേനി പറഞ്ഞ എല്ലാ കാര്യങ്ങളും അതുപോലെ എനിക്ക് ഹൃദിസ്ഥമാണ്. ഉമർ(റ) പറഞ്ഞു: സംസാരിക്കുന്നതിൽ താങ്കൾ വളരെ ധീരനാണ്. ഞാൻ പറഞ്ഞു: മനുഷ്യർക്ക് വീട്ടുകാരിൽനിന്നും ധനത്തിൽനിന്നും സന്താനങ്ങളിൽനിന്നും അയൽവാസികളിൽനിന്നും ഫിത്നയുണ്ടാകുമ്പോൾ, നമസ്ക്കാരം, നോമ്പ്, സദഖ, നല്ല കാര്യങ്ങൾ ചെയ്യാനുള്ള കല്പന, തിന്മയെ തടയൽ തുടങ്ങിയവയെല്ലാം ആ ഫിത്നയ്ക്ക് പ്രായശ്ചിത്തമായിത്തീരും."

ഹസ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: തീർച്ചയായും സ്വർഗ്ഗത്തിൽ ഉന്നതമായ മണിമന്ദിരങ്ങൾ ഉണ്ടാകും. അതിന്റെ അകം പുറത്തുനിന്നും പുറം അകത്തുനിന്നും കാണാൻ കഴിയും. അപ്പോൾ ഗ്രാമീണനായ ഒരറബി എഴുന്നേറ്റുനിന്ന് ചോദിച്ചു: ഹുസൂർ ഇതാർക്കു വേണ്ടിയാണ്? നബി(സ) പറഞ്ഞു: സന്തോഷത്തോടെ സംസാരിക്കുന്നവന്നും വിശക്കുന്നവന് ഭക്ഷണം നല്കുന്നവന്നും നോമ്പനുഷ്ഠിക്കുന്നവന്നും രാത്രി ജനങ്ങൾ ഉറങ്ങുമ്പോൾ ഉണർന്ന് നമസ്കരിക്കുന്നവന്നും വേണ്ടിയാണത്.

ഈ ഹദീസുകളിൽനിന്ന് നോമ്പിന്റെ പ്രാധാന്യം കൂടുതൽ വ്യക്തമാകുന്നുണ്ട്. പക്ഷേ, നിബന്ധന എന്താണെന്നുവെച്ചാൽ വിശന്നും ദാഹിച്ചും ഇരുന്നാൽ മാത്രം പോരാ! മറിച്ച്, അതിനോടൊപ്പം എല്ലാ തിന്മകളും ഉപേക്ഷിക്കുകയും വേണം. നന്മ സ്വായത്തമാക്കണം. ദരിദ്രരെ സഹായിക്കേണ്ടതാണ്. അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. നമസ്കരിക്കേണ്ടതാണ്. ഫർസിനെക്കാൾ അധികം നഫ്ലുകൾ അനുഷ്ഠിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിനോടൊപ്പം നോമ്പുകാരനുമാകണം. അനുവദനീയമായ ഭക്ഷണം തുടങ്ങിയ വസ്തുക്കൾ ഒരു കൃത്യസമയത്തിനുവേണ്ടി അല്ലാഹുവിന്നായി ഉപേക്ഷിക്കുന്നവനായിരിക്കണം. ഈ നിബന്ധനയെല്ലാം പൂർത്തീകരിക്കുന്നവരാണെങ്കിൽ നിങ്ങൾ അകപ്പെട്ടിരിക്കുന്ന ഫിത്നയിൽനിന്ന് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന നന്മ കാരണത്താൽ നിങ്ങൾക്ക് രക്ഷപ്പെടാൻ കഴിയും. ഈ നന്മകളെല്ലാം ആ ഫിത്നയ്ക്ക് പ്രായശ്ചിത്തമായിത്തീരും.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു: നോമ്പ് എനിക്കു വേണ്ടിയാണ്. ഞാൻ തന്നെ അതിന്റെ പ്രതിഫലമായിത്തീരുന്നു. അതായത് അല്ലാഹുവിന്റെ സാമീപ്യം നോമ്പുമുഖേന ലഭ്യമാകുന്നു; എല്ലാ നിബന്ധനകളോടുംകൂടി നോമ്പനുഷ്ഠിക്കുക. ഇത് എന്തുകൊണ്ടാണ്. കാരണം എന്റെ ദാസൻ എനിക്കുവേണ്ടി നോമ്പ് എടുത്തുകൊണ്ട് തന്റെ അനുവദീനമായ ആഗ്രഹങ്ങളും ഭക്ഷണപാനീയങ്ങളും എല്ലാം ഉപേക്ഷിക്കുന്നു. പറഞ്ഞു: നോമ്പ് പാപങ്ങൾക്കെതിരിൽ ഒരു കവചമാകുന്നു. നോമ്പുകാരന് രണ്ട് സന്തോഷം വിധിക്കപ്പെട്ടിരിക്കുന്നു. ഒന്ന് ദൈവാനുഗ്രഹത്താൽ നോമ്പ് പൂർത്തിയാക്കുമ്പോൾ അവനുണ്ടാകുന്ന സന്തോഷം. ഈ സന്തോഷം അവന് ഈ ലോകത്ത് ലഭിക്കുന്നു. മറ്റേ സന്തോഷം പരലോകത്താണ് അവന് കിട്ടുന്നത്. അല്ലെങ്കിൽ റബ്ബ് അവനെ ഇഷ്ടപ്പെടുന്ന നിലയിൽ അവൻ റബ്ബിനെ കണ്ടുമുട്ടുമ്പോഴുണ്ടാകുന്ന സന്തോഷം. നബി(സ) തിരുമേനി പറഞ്ഞു. നോമ്പുകാരന്റെ വായിലെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയെക്കാൾ കൂടുതൽ പ്രിയപ്പെട്ടതാണ്.

ഹസ്റത്ത് അബൂമസ്ഊദ് ഗഫ്ഫാരി(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നോമ്പ് ആരംഭിച്ചതിനുശേഷം ഞാൻ ഒരിക്കൽ നബി(സ) തിരുമേനി ഇങ്ങനെ പറയുന്നത് കേട്ടു. ജനങ്ങൾക്ക് നോമ്പിന്റെ മഹത്വത്തെക്കുറിച്ച് അറിവുണ്ടായിരുന്നെങ്കിൽ, എന്റെ ഉമ്മത്ത് വർഷം മുഴുവൻ നോമ്പായിരുന്നെങ്കിൽ എന്ന് ആശിക്കുമായിരുന്നു. അപ്പോൾ ബനൂഖുസാണ് ഗോത്രത്തിൽപ്പെട്ട ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ,

ഞങ്ങൾക്ക് റമദാന്റെ മഹത്വത്തെക്കുറിച്ച് പറഞ്ഞുതന്നാലും! അവിടന്ന് പറഞ്ഞു: തീർച്ചയായും സ്വർഗ്ഗത്തെ റമദാനുവേണ്ടി വർഷത്തിന്റെ തുടക്കം മുതൽ അവസാനംവരെ അലങ്കരിക്കുന്നു. റമദാന്റെ ആദ്യദിവസം വന്നാൽ അല്ലാഹുവിന്റെ അർശിന്റെ താഴെ കാറ്റുകൾ വീശുന്നു."

നോമ്പുകാരൻ ഒന്നും കഴിക്കാതിരിക്കുന്ന കാരണത്താൽ അവന്റെ വായിലുണ്ടാകുന്ന മണം അല്ലാഹു ഇഷ്ടപ്പെടുന്നത്, തന്റെ ദാസൻ തനിക്കുവേണ്ടി ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതുകൊണ്ടാണ്. അവൻ അല്ലാഹുവിനെ ആരാധിക്കുന്നതിൽ മുഴുകിയിരിക്കുന്നു. അല്ലാഹു അത്തരം നോമ്പുകാരെ അധികമായി ആദരിക്കുന്നു. അത്തരക്കാരുടെമേൽ റഹ്മത്തിന്റേയും അനുഗ്രഹത്തിന്റേയും കാറ്റുകൾ വീശുന്നു. ഈ ദുൻയാവിലും അവനെ തന്റെ സംരക്ഷണയിൽ വയ്ക്കുന്നു. പരലോകത്തും തന്റെ സ്വർഗ്ഗത്തിന്റെ അവകാശിയാക്കുന്നു. ഈ പ്രാധാന്യത്തെ മനസ്സിലാക്കിക്കൊണ്ട് അതനുസരിച്ച് റമദാൻ മാസത്തിൽ പ്രവൃത്തിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അതിനുവേണ്ടി പരിശ്രമിക്കുക.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) നോമ്പു പിടിക്കാൻ മടിക്കുന്നവരോട് പറയുന്നു: സ്വലാത്തിനെ കുറിച്ച് ഞാൻ നടേ പറഞ്ഞുകഴിഞ്ഞു. ഇതിനുശേഷം നോമ്പ് എന്ന ആരാധനയാണ്. അഹോ കഷ്ടം! ഇക്കാലത്ത് ഈ ആരാധനയിൽ ഭേദഗതി വരുത്താൻ ആഗ്രഹിക്കുന്ന മുസ്ലിംകൾ എന്നു പറയുന്ന ചിലരുണ്ട്. അവർ അന്ധരാണ്. അല്ലാഹുവിന്റെ യുക്തിഭദ്രമായ പ്രവർത്തനെക്കുറിച്ച് അവർക്കറിയില്ല. മനഃപരിശുദ്ധിക്ക് ഈ ആരാധന നിർബന്ധമായിട്ടുള്ളതാണ്.

അവർ സഞ്ചരിച്ചിട്ടില്ലാത്ത ലോകത്തെക്കുറിച്ച് അവർ അഭിപ്രായം പറയുന്നു. അവർ പോയിട്ടില്ലാത്ത രാജ്യത്തെ പരിഷ്കരിക്കാൻ കൃത്രിമമായ പദ്ധതികൾ അവർ സമർപ്പിക്കുന്നു. ഇവരുടെ ആയുസ്സ് ഭൗതികമായ ജീവിതവൃത്തിയിൽ കഴിഞ്ഞുപോകുന്നു. ദീനീപരമായ കാര്യങ്ങൾ ഇവർക്കറിയുകയേയില്ല. കുറച്ചു ഭക്ഷിക്കുക, വിശപ്പു സഹിക്കുക എന്നതും മനഃപരിശുദ്ധിയ്ക്ക് അനിവാര്യമാണ്. ഇതുമുഖേന ദർശനശക്തി വർദ്ധിക്കുന്നു. മനുഷ്യൻ റൊട്ടികൊണ്ടു മാത്രമല്ല ജീവിക്കുന്നത്. മറിച്ച്, അനശ്വരമായ ജീവിതവിചാരം ഉപേക്ഷിക്കുക എന്നത് തന്റെമേൽ ദൈവകോപത്ത വിളിച്ചുവരുത്തലാണ്. എന്നാൽ നോമ്പുകാരൻ, നോമ്പുകൊണ്ട് വിശന്നിരിക്കുക എന്നതല്ല ഉദ്ദേശ്യമെന്ന് തിരിച്ചറിഞ്ഞിരിക്കേണ്ടതാണ്. അയാൾ ദൈവസ്മരണയിൽ അധികമധികമായി മുഴുകിയിരിക്കേണ്ടതാണ്. ഭൗതികഭക്ഷണം ലഭിക്കുകയും എന്നാൽ ആത്മീയഭക്ഷണത്തെ നിസ്സാരമായിത്തള്ളുകയും ചെയ്തവർ നിർഭാഗ്യനാണ്. ഭൗതികഭക്ഷണംകൊണ്ട് ശരീരത്തിന് ശക്തിലഭിക്കുന്നു. അങ്ങനെത്തന്നെ ആത്മീയഭക്ഷണം ആത്മാവിനെ നിലനിർത്തുന്നു. ഇതുമുഖേന ആത്മീയശക്തിക്ക് മൂർച്ചകൂട്ടുന്നു. അല്ലാഹുവിൽനിന്ന് സമൃദ്ധിനേടാൻ ആഗ്രഹിക്കുക. എല്ലാ കവാടങ്ങളും അവന്റെ തൗഫീഖിനാലാണ് തുറക്കപ്പെടുന്നത്."

ഈ വചനത്തിൽ അല്ലാഹു പറയുന്നത്, ഖുർആൻ ജനങ്ങൾക്ക് മഹത്തായ സന്മാർഗ്ഗ പ്രാപ്തിക്കുവേണ്ടിയാണ് ഇറക്കപ്പെട്ടത് എന്നാണ്. ഇതിൽ സന്മാർഗ്ഗത്തിന്റെ വിശദവിവരവും പറഞ്ഞിട്ടുണ്ട്. സത്യാസത്യവിവേചന കാര്യങ്ങളും വിവരിച്ചിട്ടുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, മനുഷ്യൻ ഇതു വായിക്കുകയും മനസ്സിലാക്കാൻ ശ്രമിക്കുകയും അതിലെ കല്പനകൾ നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ ഈശ്വരജ്ഞാനം അഥവാ മഅ്രിഫത്ത് ലഭിക്കുന്നു. അല്ലാഹു ഇത്തരക്കാരെ തന്റെ ദാസരിൽ ഉൾപ്പെടുത്തുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***ഹുദല്ലിന്നാസി വ ബയ്യിനാത്തിമ്മിനൽ ഹുദാ വൽ ഫുർഖാൻ*** അതായത് വിശുദ്ധഖുർആനിൽ മൂന്ന് സിഫത്തുകൾ– സവിശേഷതകളുണ്ട്. ഒന്ന് ദീനീപരമായ അറിയാത്ത കാര്യങ്ങളിലേക്ക് അത് ജനങ്ങളെ നയിച്ചുകൊണ്ടുപോകുന്നു. രണ്ടാമത്തേത് ആദ്യം സംക്ഷേപിച്ചു പറഞ്ഞ കാര്യങ്ങളെ അത് വിശദീകരിക്കുന്നു. ഭിന്നാഭിപ്രായങ്ങൾ വന്നുപോയ കാര്യങ്ങളിൽ വിശദീകരണം നല്കിക്കൊണ്ട് സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നു.

ശരീഅത്ത് നബി(സ) തിരുമേനിയിലാണ് പൂർത്തിയായത്. മുൻകഴിഞ്ഞ ജനങ്ങൾക്ക് അവരവർ താമസിച്ചിരുന്ന സ്ഥലത്തിന്റേയും കാലത്തിന്റേയും അടിസ്ഥാനത്തിലാണ് കല്പനകൾ നല്കിയിരുന്നത്. ദീനീപരമായ എല്ലാ അറിവുകളും അവർക്ക് നല്കിയിരുന്നില്ല. അതുകൊണ്ട് നബി(സ) തിരുമേനിയ്ക്കുമേൽ ഈ പരിപൂർണ്ണ ഗ്രന്ഥം ഇറക്കപ്പെട്ടു. മനുഷ്യനാവശ്യമായിവരുന്ന എല്ലാതരത്തിലുള്ള ഹിദായത്തും– സന്മാർഗ്ഗവും ഇതിൽ വിവരിക്കപ്പെട്ടിരിക്കുന്നു. മുമ്പേ വ്യക്തമാകാതിരുന്ന എല്ലാ കല്പനകളും, മുൻകടന്ന പ്രവാചകന്മാർക്ക് വ്യക്തമാകാതിരുന്ന കല്പനകളും അല്ലെങ്കിൽ മനുഷ്യന് വ്യക്തമായ നിലയിൽ അറിവില്ലാതിരുന്ന അറിവുകളുമെല്ലാം ഇതിൽ വിശദീകരിച്ചിരിക്കുന്നു. തെളിവോടുകൂടിയാണ് ന്യായവും അന്യായവും, സത്യവും അസത്യവും, തെറ്റും ശരിയും തമ്മിലുള്ള വ്യത്യാസം പറഞ്ഞിരിക്കുന്നത്. കഴിവുള്ളതനുസരിച്ച് ഇതിൽ ചിന്തിച്ചുകൊണ്ടിരിക്കണം. അതുകൊണ്ട് വിശുദ്ധഖുർആൻ കൂടുതൽ പാരായണം ചെയ്യണം. ഇതിന്റെ മനോഹരമായ അധ്യാപനമനുസരിച്ച് പ്രവൃത്തിക്കണം. റമളാനും ഖുർആനും തമ്മിൽ ഒരു പ്രത്യേക ബന്ധമുണ്ട്. വിശുദ്ധഖുർആൻ ഇറങ്ങിയതനുസരിച്ച് ഓരോ റമളാനും ജിബ്രീൽ

(അ) നബി(സ) തിരുമേനിയോടൊപ്പം പൂർണ്ണമായും പാരായണം ചെയ്യുമായിരുന്നുവെന്ന് ഹദീസിൽ വന്നിരിക്കുന്നു. അതുകൊണ്ട് ഈ നാളുകളിൽ ഖുർആൻ പഠിക്കുന്നതിലും മനസ്സിലാക്കുന്നതിലും ദർസിൽ പങ്കെടുക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്; ഇത് മനസ്സിലാക്കാനുള്ള കഴിവുണ്ടാകുന്നതിനും ഈശ്വര ജ്ഞാനം ലഭിക്കുന്നതിനും വേണ്ടി.

എങ്ങനെ നോമ്പുപിടിക്കണം, എന്തൊക്കെ നിബന്ധനകൾ പാലിക്കണം എന്നതിനെ സംബന്ധിച്ച് കഴിഞ്ഞ ഖുത്ബയിൽ ഞാൻ വിശദീകരിച്ചുപറഞ്ഞിട്ടുള്ളതാണ്.

അടുത്ത ആയത്തിൽ 'ദുആ' എന്ന വിഷയത്തെക്കുറിച്ച് പറയുന്നു: എന്റെ ദാസരോടു പറയുക ഞാൻ നിങ്ങളുടെയടുത്താണെന്ന്. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കുന്നു." എന്നാൽ, നിങ്ങൾക്ക് ദുആ ചെയ്യേണ്ട രീതിയും ശരിയായ സമീപനവും അറിയുകയാണെങ്കിൽ മാത്രമേ എന്നെ അടുത്തുകാണാൻ കഴിയുകയുള്ളൂ. ഈ വചനത്തെ നോമ്പ് നിർബന്ധമാക്കിയ വചനത്തോടു ചേർത്താണ് വെച്ചിട്ടുള്ളത്. അടുത്ത വചനങ്ങളിലും നോമ്പിനെക്കുറിച്ചുള്ള ചില കല്പനകളുണ്ട്. എന്നോട് ചോദിക്കുന്നവന്റെ കാര്യങ്ങൾ ഞാൻ കേൾക്കുന്നുവെന്ന് അല്ലാഹു പറയുന്നു. എന്നാൽ, എന്റെ കല്പനകൾ അംഗീകരിക്കേണ്ട ബാധ്യത നിങ്ങൾക്കുമുണ്ട്. നല്ല കാര്യങ്ങൾ അനുസരിച്ച് പ്രവൃത്തിക്കുക. തിന്മയെ ഉപേക്ഷിക്കുക. ഭൗതികജീവിതവൃത്തിയിൽ മാത്രം മുഴുകിക്കൊണ്ടിരിക്കുകയും അല്ലാഹുവിനെ ഒരിക്കലും സ്നേഹദൃഷ്ടിയോടെ നോക്കിക്കാണാതിരിക്കുകയും മുസീബത്തിൽ കുടുങ്ങുമ്പോൾമാത്രം ഓടിവരികയും ചെയ്യുക എന്നതല്ല ചെയ്യേണ്ടത്. മുസീബത്തിൽ അകപ്പെട്ടവരുടെ വിളിയും അല്ലാഹു കേൾക്കുന്നു, അവരെ സഹായിക്കുന്നുവെന്നത് ശരിതന്നെ. എന്നാൽ, മുസീബത്തിൽ നിന്ന് മോചനം ലഭിച്ചാൽ അവൻ കൂറുമാറിക്കളയുന്നു. ഈ രീതി ഭൗതിക ലോകത്തുപോലും നടക്കുകയില്ല. എന്തായാലും എന്റെയടുത്തുള്ള എന്റെ ദാസരുടെ കാര്യങ്ങളാണ് ഞാൻ കേൾക്കുന്നതെന്ന് അല്ലാഹു പറയുന്നു. എന്റെ സത്തയുമായിട്ടാണ് അവർക്ക് ബന്ധം. ഭൗതികമായ പരിഹാരത്തിനുവേണ്ടി മാത്രം അവർ എന്റയടുക്കൽ വരികയില്ല. ഇപ്പോൾ ഞാൻ പറഞ്ഞതനുസരിച്ച് നിങ്ങൾ നോമ്പുപിടിക്കുന്നു. ഒരുപാട് തിന്മകൾ കൈവെടിയുന്നു. നന്മകൾ ഉപദേശിക്കുന്നു. നമസ്ക്കാരം കൃത്യമായി അനുഷ്ഠിക്കുന്നു. നഫ്ലുകൾ നിറവേറ്റുന്നതിലേക്ക് പ്രത്യേകം ശ്രദ്ധിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ കാര്യങ്ങൾ ഞാൻ കേൾക്കുന്നു. ഉത്തരം നല്കുന്നു. നിഷ്ക്കളങ്കനായിക്കൊണ്ട് എന്നെ വിളിക്കുന്നതാരെന്ന പ്രതീക്ഷയിലാണ് ഞാനിരിക്കുന്നത്; അവന്റെ വിളിക്കുത്തരം നല്കാൻ. നിങ്ങൾ നിഷ്ക്കളങ്കരായിക്കൊണ്ട് എന്നെ വിളിക്കുകയും എന്നിൽ പരിപൂർണ്ണമായും വിശ്വസിക്കുകയും എന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുകയും അവരെ സഹായിക്കുകയും റമസാനിൽ പാവപ്പെട്ടവർക്ക് നോമ്പ് പിടിക്കാനും തുറക്കാനുമുള്ള ഏർപ്പാട് ചെയ്യുകയും, ശണ്ഠകളിൽനിന്നും കലഹങ്ങളിൽനിന്നും അകന്നുനില്ക്കുകയും മാപ്പുചെയ്യുന്നതിൽ മുന്നിട്ടുനില്ക്കുകയും, പകരംവീട്ടുന്നതിൽനിന്ന് പിന്മാറുകയുമൊക്കെ ചെയ്യുക. കാരണം പരിപൂർണ്ണവിശ്വാസമെന്നാൽ അതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ എല്ലാ സിഫത്തുകളിലും സവിശേഷ ഗുണങ്ങളിലും പരിപൂർണ്ണമായ, ദൃഢമായ വിശ്വാസമുണ്ടാകുക എന്നതാണ്. അതുകൊണ്ട് എന്റെ സിഫത്തുകളെ എപ്പോഴും നിങ്ങൾ മുന്നിൽ കാണുന്നവരായിരിക്കണം. കഴിവനുസരിച്ച് അവ സ്വായത്തമാക്കുന്നവരാകണം. എന്റെ ദാസരേ! ഞാൻ നിങ്ങളോടു വളരെ അടുത്താണ്. തൊട്ടടുത്താണ്. നിങ്ങളുടെ ദുആ കേട്ടുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ഒരുവിധത്തിലുള്ള വിഷമവും ദുഃഖവും ഉണ്ടാകാൻ പാടില്ല. റമസാൻ മാസത്തിൽ എന്റെ കാരുണ്യത്തിന്റെ കവാടം കൂടുതൽ വിശാലമാകുന്നു. റഹ്മത്തിനെ കൂടുതൽ ഉദാരമാക്കുന്നു.

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹു പറയുന്നു: ***ഫൽയസ്തജീബൂലീ വൽയുഅ്മിനൂബി*** വിളിക്കുന്നവന്റെ വിളി ഞാൻ കേൾക്കുന്നുവെന്ന് ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ, എല്ലാ വിളിയും ഞാൻ സ്വീകരിക്കുന്നുവെന്ന് മനസ്സിലാക്കരുത്. ഞാൻ സ്വീകരിക്കുന്ന പ്രാർത്ഥനയ്ക്ക് രണ്ട് നിബന്ധനയുണ്ട്. ഒന്നാമത്തേത് ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുന്നവന്റെ പ്രാർത്ഥനയാണ് ഞാൻ കേൾക്കുന്നത്. രണ്ടാമത്തേത് എന്നിൽ ദൃഢമായും വിശ്വസമുള്ളവന്റെ പ്രാർത്ഥനയാണ് ഞാൻ കേൾക്കുന്നത്. എന്നിൽ ദുർഭാവന പാടില്ല. ദുആ ചെയ്യുന്നവന് എന്റെ കഴിവിലും ശക്തിയിലും വിശ്വാസം തന്നെയില്ലെങ്കിൽ അവന്റെ പ്രാർത്ഥന ഞാനെന്തിന് സ്വീകരിക്കണം. അതുകൊണ്ട് ദുആ സ്വീകാര്യതയ്ക്ക് രണ്ടു നിബന്ധനയുണ്ട്. ഏതൊരു ദുആയിലാണോ ഈ രണ്ട് നിബന്ധനകൾ പാലിക്കപ്പെടുന്നത് അതായിരിക്കും സ്വീകരിക്കപ്പെടുക. അതുകൊണ്ടാണ് അല്ലാഹു ഇവിടെ ***അദ്ദാഈ*** എന്ന് പറഞ്ഞിരിക്കുന്നത്. അതിന്റെ അർത്ഥം പ്രത്യേകമായി ദുആ ചെയ്യുന്നവൻ എന്നാണ്. ഇതിനുശേഷം അദ്ദുആയിലുള്ള ആ നിബന്ധനകളും വിവരിച്ചു. അതെന്താണെന്നുവെച്ചാൽ, അവർ എന്റെ കാര്യങ്ങൾ കേൾക്കണം, എന്നിൽ ദൃഢമായും വിശ്വസിക്കണം. ആ ദുആ ഞാൻ നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ അനുസരിച്ചായിരിക്കണം. അനുവദനീയമായിരിക്കണം. അനുവദനീയമല്ലാത്തത് ആയിരിക്കരുത്. ധാർമ്മികഗുണങ്ങൾ അനുസരിച്ചുള്ളതായിരിക്കണം. സുന്നത്തനുസരിച്ചുള്ളതായിരിക്കണം. ആരെ

ങ്കിലും അങ്ങനെ പ്രാർത്ഥിച്ചാൽ, ഞാനും അയാളുടെ ദുആ കേൾക്കും. എന്നാൽ, അല്ലാഹുവേ! എന്റെ ഇന്ന സ്നേഹിതൻ മരിച്ചുപോയി അവനെ ജീവിപ്പിച്ചുതാ എന്ന് ആരെങ്കിലും പ്രാർത്ഥിച്ചാൽ ഇത് ഖുർആന് വിരുദ്ധമാണ്. മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ഖുർആന്റെയും നബി(സ) തിരുമേനിയുടേയും പാഠം അയാൾ സ്വീകരിക്കുന്നില്ലെങ്കിൽ പിന്നെങ്ങനെയാണ് അല്ലാഹു അയാളുടെ ദുആ സ്വീകരിക്കുക? ***ഫൽയസ്തജീബൂലി വൽയുഅ്മിനൂബീ*** എന്നതിൽ അല്ലാഹു പറഞ്ഞു, നിങ്ങൾ എന്റെ കാര്യങ്ങൾ കേൾക്കേണ്ടതാണ്; എന്നിൽ ദൃഢമായും വിശ്വസിക്കേണ്ടതാണ്. എന്നിൽ നിങ്ങൾക്കു വിശ്വാസമില്ലെങ്കിൽ ഞാൻ നിങ്ങളുടെ ദുആ എങ്ങനെ സ്വീകരിക്കാനാണ്. അതുകൊണ്ട് ദുആ സ്വീകാര്യതയ്ക്ക് രണ്ട് നിബന്ധനകളുണ്ട്. ഒന്ന് ***ഫൽയസ്തജീബൂലീ***– നിങ്ങൾ ഞാൻ പറയുന്നത് കേൾക്കുക. രണ്ട് ***വൽയുഅ്മിനൂബീ***–എന്നിൽ ദൃഢമായും വിശ്വസിക്കുക. ഈ നിബന്ധന പാലിക്കാത്തവർ ദീനുള്ളവരല്ല. അവർ എന്റെ കല്പനയ്ക്കു വിധേയരായി പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് അവരുടെ എല്ലാ പ്രാർത്ഥനയും കേൾക്കുന്നുവെന്ന് വാഗ്ദാനം ചെയ്യുന്നില്ല. അവരുടെ ദുആ ഞാൻ കേൾക്കുന്നുവെന്നത് ശരിയാണ്. പക്ഷേ, ഈ നിയമമനുസരിച്ച് എല്ലാ ദുആയും സ്വീകരിക്കുകയില്ല. ആരാണോ ഈ നിയമത്തിലൂടെ നടക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നത് ഞാൻ അവന്റെ എല്ലാ ദുആയും സ്വീകരിക്കുന്നു."

എന്നിട്ട് അവിടന്ന് പറഞ്ഞു: റമളാൻ മാസവും ദുആയുടെ സ്വീകാര്യതയും തമ്മിൽ അഗാധമായ ബന്ധമുണ്ട്. ഈ മാസത്തിൽ പ്രാർത്ഥിക്കുന്നവരോട് അല്ലാഹുത്തആല ***'ഖരീബുൻ'***– സമീപസ്ഥൻ എന്ന വാക്കുപയോഗിക്കുന്നു. അല്ലാഹു മനുഷ്യന്റെ സമീപസ്ഥനായിരിക്കുന്ന അവസരത്തിലും അവസ്ഥയിലും അയാൾക്കവനെ പ്രാപിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എപ്പോഴാണ് അത് സാധിക്കാനാവുക?

ഒരു ദാസൻ അല്ലാഹുവുമായി സുദൃഢബന്ധം പുലർത്തുകയും അല്ലാഹുവിന്റെ തിരുസന്നിധിയെ വിട്ട് താനെങ്ങും പോകുന്നതല്ല എന്ന് അയാൾ തന്റെ കർമ്മങ്ങൾ മുഖേന സ്ഥാപിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്കു മുമ്പിൽ ദൈവികാനുഗ്രഹങ്ങളുടെ വാതിലുകൾ തുറക്കപ്പെടുന്നതാണ്. ഞാനിതാ തൊട്ടടുത്തുതന്നെയുണ്ട്. (ഇന്നീ ഖരീബുൻ) എന്ന ശബ്ദം അയാൾക്ക് കേൾക്കാൻ സാധിക്കുന്നു. ഇതിന്റെ അർത്ഥം അല്ലാഹുവിന്റെ സാമീപ്യവും സഹായവും എപ്പോഴും അയാളോടൊപ്പം ഉണ്ടായിരിക്കുമെന്നാണ്. ഈ അവസ്ഥ ലഭ്യമായാൽ അയാൾക്ക് അല്ലാഹുവിനെ കാണാൻ സാധിച്ചു എന്നാണർത്ഥം."

ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഉമർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: റമളാനിൽ ദൈവസ്മരണ ചെയ്യുന്നവന് പൊറുക്കപ്പെടും. ഈ മാസത്തിൽ അല്ലാഹുവിനോട് ചോദിക്കുന്നവൻ ഒരിക്കലും പരാജിതനാകുകയില്ല.

നോമ്പുകാരൻ അത് തുറക്കുമ്പോൾ ചെയ്യുന്ന ദുആ തള്ളപ്പെടുകയില്ല എന്നും ഹദീസിൽ വന്നിട്ടുണ്ട്.

ഖലീഫത്തുൽ മസീഹ് ഒന്നാമൻ(റ) പറയുന്നു: നോമ്പുകൊണ്ട് എങ്ങനെയാണ് ദൈവസാമീപ്യം ലഭിക്കുകയെന്ന് ജനങ്ങൾ ചോദിച്ചാൽ പറയുക ***ഫ ഇന്നീ ഖരീബ്, ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആനി ഫൽയസ്തജീബൂലീ വൽയുഅ്മിനൂബീ ലഅല്ലഹും യർശുദൂൻ***. അതായത് ഞാനടുത്താണ്. ഈ മാസത്തിൽ ദുആ ചെയ്യുന്നവന്റെ ദുആകൾ കേൾക്കുന്നു. ഞാൻ കല്പിച്ചിട്ടുള്ള കാര്യങ്ങളനുസരിച്ച് ആദ്യം അവർ പ്രവർത്തിക്കേണ്ടതാണ്. ലക്ഷ്യം നേടാൻ വിശ്വാസം ആർജ്ജിച്ചിരിക്കേണ്ടതാണ്. ഇപ്രകാരം ഒരുപാട് അഭിവൃദ്ധിയുണ്ടാകും." വീണ്ടും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ(റ) പറയുന്നു:

നോമ്പ് തഖ്വ പഠിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണെന്നതുപോലെ ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗ്ഗവുമാണ്. അതുകൊണ്ടാണ് റമസാൻ മാസത്തെക്കുറിച്ച് പറഞ്ഞതിനോടൊപ്പം അല്ലാഹു ഇങ്ങനേയും പറഞ്ഞു: ***വ ഇദാ സഅലക്ക ഇബാദീ അന്നീ ഫ ഇന്നീ ഖരീബ് ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആനീ ഫൽയസ്തജീബൂലീ വൽയുഅമിനൂബീല അല്ലഹും യർശുദൂൻ***. ഇത് റമസാൻ മാസത്തിന്റെ മഹത്വത്തെക്കുറിച്ചാണ് പറയപ്പെട്ടിരിക്കുന്നത്. ഇതിൽനിന്ന് ഈ മാസത്തിന്റെ മഹത്വവും ദൈവിക രഹസ്യവും മനസ്സിലാക്കാൻ കഴിയുന്നു. അവർ ഈ മാസത്തിൽ പ്രാർത്ഥിച്ചാൽ ഞാൻ സ്വീകരിക്കും. പക്ഷേ, അവർ ഞാൻ പറഞ്ഞ കാര്യങ്ങൾ സ്വീകരിക്കുകയും എന്നെ അംഗീകരിക്കുകയും വേണം. മനുഷ്യൻ അല്ലാഹുവിന്റെ കാര്യങ്ങൾ അംഗീകരിക്കുന്നതിന് ശക്തിയാർജ്ജിക്കുന്നുവോ അല്ലാഹു അപ്രകാരംതന്നെ അവരുടെ കാര്യവും കേൾക്കുന്നു. ***ലഅല്ലഹും യർശുദൂൻ*** എന്നതിൽനിന്ന് ഈ മാസത്തിന് ***റുശ്ദു***– സദാചാരമാർഗ്ഗവുമായും ബന്ധമുണ്ടെന്ന് മനസ്സിലാകുന്നു. ഇതിനുള്ള മാർഗ്ഗം അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ കല്പനകൾക്ക് വിധേയമായുള്ള ജീവിതവും ദുആയുമാണെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ദൈവസാമീപ്യം ലഭിക്കുന്നതിന് വേറെയും കാര്യങ്ങൾ ഉണ്ട്."

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു: റമളാൻ മാസം അനുഗൃഹീതമാസമാണ്. ദുആയുടെ മാസമാണ്.

ഈ വചനത്തിന് വിശദീകരണം നല്കിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "***വഇദാ***

***സഅലക്ക ഇബാദീ അന്നീ ഫ ഇന്നീഖരീബ് ഉജീബു ദഅവ്ത്തദ്ദാഇ ഇദാ ദആനീ ഫൽയസ്ത ജീബൂലീ വൽയുഅ്മിനൂബീ ലഅല്ലഹും യർശുദൂൻ.***"

എന്റെ ദാസൻ എന്നെക്കുറിച്ച് അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള തെളിവെന്ത് എന്ന് ചോദിക്കുമ്പോൾ, അതിനുള്ള മറുപടി ഞാൻ തൊട്ടടുത്തുണ്ട് എന്നതാണ്. വലിയ തെളിവുകളുടെയൊന്നും ആവശ്യമില്ല. എന്റെ അസ്തിത്വം അങ്ങേയറ്റം ബുദ്ധിപരമായ നിലയിൽ മനസ്സിലാക്കാൻ കഴിയും. വളരെ എളുപ്പത്തിൽ എന്റെ സത്തയ്ക്കുള്ള തെളിവ് ലഭിക്കുന്നതാണ്. ആ തെളിവ് എന്താണെന്നുവെച്ചാൽ, പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന ഞാൻ കേൾക്കുന്നു. എന്റെ ഇൽഹാംകൊണ്ട് അവന്റെ വിജയത്തെ സംബന്ധിച്ച് സുവാർത്ത അറിയിക്കുന്നു. അതുമുഖേന എന്റെ അസ്തിത്വത്തിൽ വിശ്വാസമുണ്ടാകുന്നുവെന്ന് മാത്രമല്ല, ഞാൻ സർവശക്തനാണെന്ന ദൃഢവിശ്വാസവും ലഭിക്കുന്നു. പക്ഷെ, ജനങ്ങൾ അതിനുള്ള തഖ്‌വയും ദൈവഭയവും ഉണ്ടാക്കേണ്ടതാണ്; ഞാൻ അവരുടെ ശബ്ദം കേൾക്കാൻ. അതുപോലെതന്നെ അവർ എന്നിൽ വിശ്വസിക്കേണ്ടതാണ്. പൂർണ്ണമായ ഈശ്വരജ്ഞാനം ലഭിക്കുന്നതിനുമുമ്പേ, ദൈവമുണ്ടെന്ന് അവർ സമ്മതിക്കണം. അവന് എല്ലാ ശക്തിയും കഴിവും ഉണ്ടെന്നും അംഗീകരിക്കണം. കാരണം വിശ്വസിക്കുന്നവനാണ് ഇർഫാൻ നല്കപ്പെടുന്നത്.

ഹദീസിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഹസ്റത്ത് അബൂസഈദ് ഖുദ്‌രീ(റ) പറയുന്നു: അല്ലാഹുവിനെ നല്ലവണ്ണം സ്മരിക്കുക; എത്രത്തോളമെന്നാൽ ജനങ്ങൾ ഭ്രാന്തനാണെന്ന് പറയുന്നതുവരെ. ഇതാണ് അല്ലാഹുവിനെ സ്മരിക്കാനുള്ള മാർഗ്ഗം.

ഹദീസിൽ വന്നിരിക്കുന്നു. റമസാനിലെ ഓരോ രാത്രിയിലും അല്ലാഹു വിളിച്ചുപറയുന്ന മലക്കിനെ അയക്കും. ആ മലക്ക് ഇങ്ങനെ വിളിച്ചുപറയും. നന്മ കാംക്ഷിക്കുന്നവരേ, മുന്നോട്ടു കുതിക്കുക, മുന്നോട്ടു കുതിക്കുക. ദുആ ചെയ്യാൻ ആരെങ്കിലുമുണ്ടോ? അവന്റെ ദുആ സ്വീകരിക്കുന്നതാണ്. ഇസ്തിഗ്ഫാർ ചെയ്യാൻ ആരെങ്കിലുമുണ്ടോ? അവന് പൊറുത്തുകൊടുക്കുന്നതാണ്. തൗബ ചെയ്യാൻ ആരെങ്കിലുമുണ്ടോ? അവന്റെ തൗബ സ്വീകരിക്കുന്നതാണ്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു: രാത്രിയുടെ 2/3 ഭാഗം കഴിഞ്ഞാൽ, അല്ലാഹു അടുത്തുള്ള ആകാശത്തിലേക്ക് ഇറങ്ങിവരുന്നു. എന്നിട്ട് 'ചോദിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ ചോദിക്കുക അവന് നല്കുന്നതാണ്' എന്നു പറയും. ദുആ ചെയ്യാൻ ആരെങ്കിലും ഉണ്ടോ അവന്റെ ദുആ സ്വീകരിക്കുന്നതാണ്. പൊറുക്കലിനെ തേടുന്ന ആരെങ്കിലുമുണ്ടോ അവന് പൊറുത്തുകൊടുക്കുന്നതാണ്. ഈ അവസ്ഥ പ്രഭാതം പൊട്ടിവിടരുന്നതുവരെ തുടർന്നുകൊണ്ടിരിക്കുന്നതാണ്."

അതുകൊണ്ട് നഫ്‌ലുകൾ അനുഷ്ഠിക്കാൻ ഉണരേണ്ടത് വളരെ ആവശ്യമാണ്. അല്ലാതെ അത്താഴം കഴിക്കാൻ മാത്രം എഴുന്നേറ്റാൽ പോര. മറിച്ച് നഫ്ല് നമസ്ക്കരിക്കാനും സമയം നിശ്ചയിക്കേണ്ടതാണ്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു: ഞാൻ ദാസന്റെ ഭാവനയ്ക്കനുസരിച്ച് അവനോടു പെരുമാറുന്നു. ദാസൻ എന്നെ സ്മരിക്കുമ്പോൾ ഞാൻ അവനോടൊപ്പം ഉണ്ടാകുന്നു. അവൻ അവന്റെ മനസ്സിൽ എന്നെ സ്മരിച്ചാൽ ഞാനും എന്റെ മനസ്സിൽ അവനെ സ്മരിക്കും. അവനെന്നെ ഏതെങ്കിലും സദസ്സിൽ സ്മരിച്ചാൽ ഞാനവനെ അതിനേക്കാൾ ഉത്തമായ സദസ്സിൽ സ്മരിക്കുന്നതാണ്. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഞാൻ ഒരു മുഴം അടുക്കുന്നതാണ്. അവൻ എന്നിലേക്ക് ഒരു മുഴം അടുത്താൽ ഞാൻ അവനിലേക്ക് ഒരു മാറ് അടുക്കുന്നതാണ്. അവൻ എന്നിലേക്ക് നടന്നുവന്നാൽ ഞാൻ അവനിലേക്ക് ഓടിപ്പോകുന്നതാണ്.

ഹസ്റത്ത് സൽമാൻ ഫാരിസി(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു തആല വലിയ ലജ്ജയുള്ളവനാണ്. വലിയ ഉദാരനും ധർമ്മശീലനുമാണ്. ദാസൻ തന്റെ ഇരുകൈകളും അവനിലേക്കുയർത്തുമ്പോൾ അവൻ അതിനെ വെറുതെ മടക്കുന്നതിൽ ലജ്ജിക്കുന്നു. അതായത് സത്യസന്ധതയോടെ ചെയ്യുന്ന ദുആ തള്ളിക്കളയുകയില്ല. അത് സ്വീകരിക്കുന്നതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു: ദുആ സ്വീകരിക്കുന്ന സമയമുണ്ടാകുന്നത്, അത് അങ്ങേയറ്റത്തെ വിഷമാവസ്ഥയിലെത്തുമ്പോഴാണ്. അങ്ങേയറ്റം വ്യഥ ഉണ്ടായിക്കഴിയുമ്പോൾ, ആ സമയത്ത് അല്ലാഹുവിൽനിന്ന് അതിന്റെ സ്വീകാര്യതയുടെ ലക്ഷണങ്ങളും ചുറ്റുപാടുകളും ഉണ്ടാകുന്നു. ആദ്യം അതിനുള്ള ഏർപ്പാട് ആകാശത്തിലാണ് നടക്കുന്നത്. ഇതിനുശേഷം അത് ഭൂമിയിൽ ലക്ഷണം കാണിക്കുന്നു. ഇത് ചെറിയ കാര്യമല്ല. മറിച്ച് മഹത്തായ യാഥാർത്ഥ്യമാണ്. സത്യം പറഞ്ഞാൽ, ആർക്കെങ്കിലും അല്ലാഹുവിന്റെ തേജസ്സ് കാണണമെങ്കിൽ അവൻ ദുആ ചെയ്യേണ്ടതാണ്."

വീണ്ടും അവിടന്ന് പറയുന്നു: "ദുആയുടെ ഉദാഹരണം ഒരു മധുരമുള്ള ഉറവുപോലെയാണ്. അതിൽ മുഅ്മിൻ ഇരിക്കുന്നു. അവനിഷ്ടപ്പെടുമ്പോൾ അതിൽനിന്ന് വയറു നിറയെ കുടിക്കാൻ അവന് കഴിയും. മത്സ്യത്തിന് വെള്ളം കൂടാതെ ജീവിക്കാൻ സാധിക്കാത്തതുപോലെ മുഅ്മിന്റെ വെള്ളം ദുആയാണ്. അതി

ല്ലാതെ അവന് ജീവിക്കാൻ സാധ്യമല്ല. ഈ ദുആയുടെ യഥാർത്ഥ അവസരം നമസ്കാരമാണ്. ഇതിൽ സുഖവും സന്തോഷവും മുഅ്മിന് കിട്ടുന്നു. ഒരു ദുർന്നടത്തക്കാരനു ലഭിക്കുന്ന ഏറ്റവും വലിയ സന്തോഷവും സുഖവും അതിനു മുമ്പിൽ ഒന്നുമല്ല. ദുആയിൽ ലഭിക്കുന്ന ഏറ്റവും വലിയ കാര്യം ദൈവ സാമീപ്യമാണ്. ദുആ മുഖേന മാത്രമാണ് മനുഷ്യൻ ദൈവത്തിന്റെയടുത്തെത്തുന്നത്. അവനെ തന്നിലേക്ക് വലിച്ചടുപ്പിക്കുകയും ചെയ്യുന്നു. മുഅ്മിന്റെ ദുആയിൽ തികഞ്ഞ ആത്മാർത്ഥതയും ഭൗതികതയോടുള്ള വിരക്തിയും ഉണ്ടാകുമ്പോൾ അല്ലാഹുവിന് അവനോട് അലിവുതോന്നും. അല്ലാഹു അവന്റെ സംരക്ഷകനായിത്തീരും. അതായത് അവന്റെ എല്ലാ ജോലിയും അല്ലാഹു ചെയ്യാൻ തുടങ്ങുന്നു. മനുഷ്യൻ അവന്റെ ജീവിതത്തെകുറിച്ച് അല്പമൊന്ന് ചിന്തിച്ചാൽ, ഇലാഹീ സംരക്ഷണം കൂടാതെയുള്ള മനുഷ്യജീവിതം പൂർണ്ണമായും കയ്പുള്ളതായിത്തീരുന്നതു കാണാം."

വീണ്ടും അവിടന്ന് പറയുന്നു: എന്റെ ദാസൻ എന്നെക്കുറിച്ച് ചോദിച്ചാൽ, എങ്ങനെയാണ് ദൈവത്തിന്റെ അസ്തിത്വം തെളിയുക, ദൈവമുണ്ടെന്ന് എങ്ങനെയാണ് അറിയുക എന്നു ചോദിച്ചാൽ അതിനുള്ള മറുപടി 'ഞാൻ തൊട്ടടുത്തു തന്നെയുണ്ട്' എന്നതാണ്. എന്നെ വിളിക്കുന്നവന് ഞാൻ ഉത്തരം നല്കുന്നു. അവനെന്നെ വിളിക്കുമ്പോൾ ഞാനവന്റെ സ്വരം കേൾക്കുന്നു. അവനുമായി സംസാരിക്കുന്നു. അതുകൊണ്ട് ഞാൻ അവനോട് സംസാരിക്കുന്ന വിധത്തിൽ അവൻ അവനെ തയ്യാറാക്കട്ടെ. എന്റെ വഴി ലഭിക്കുന്നതിന് എന്നിൽ പരിപൂർണ്ണമായും വിശ്വസിക്കട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഹസ്റത്ത് മുഹമ്മദലിഖാൻ സാഹിബിന്നെഴുതിയ ഒരു ദുആയാണ് ഇനി കേൾപ്പിക്കുന്നത്. അതിപ്രകാരമാണ്.

സർവലോകപരിപാലകനായ അല്ലാഹുവേ! എനിക്ക് നിന്റെ ഔദാര്യങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാനുള്ള കരുത്തില്ല. നീ അങ്ങേയറ്റം കരുണാമയനും ഉദാരനുമാണ്. നിന്റെ അളവറ്റ ഔദാര്യമാണ് എന്നിലുള്ളത്. എന്റെ പാപം പൊറുത്തുതന്നാലും; ഞാൻ നശിക്കാതിരിക്കാൻ. എന്റെ മനസ്സിൽ നിന്റെ നിഷ്ക്കളങ്കമായ സ്നേഹം ഇട്ടുതന്നാലും; എനിക്ക് ജീവിതം ലഭിക്കാൻ. എന്റെ ന്യൂനതകൾ മറച്ചുവെച്ചാലും. നിനക്കിഷ്ടപ്പെട്ട പ്രവൃത്തികൾ എന്നെക്കൊണ്ട് ചെയ്യിച്ചാലും. ഞാൻ നിന്റെ വജ്ഹെ കരീമിനോടുകൂടി നിന്റെ കോപം എന്നിൽ ഇറങ്ങുന്നതിൽ നിന്ന് നിന്നിൽ അഭയം തേടുന്നു. എന്നോട് കരുണചെയ്താലും, കരുണചെയ്താലും, കരുണചെയ്താലും. ദുൻയാവിലേയും ആഖിറത്തിലേയും നാശത്തിൽനിന്ന് എന്നെ രക്ഷിച്ചാലും. എല്ലാ അനുഗ്രഹങ്ങളും കൃപയും നിന്റെ കയ്യിൽ മാത്രമാണ്. ആമീൻ."

ഹജ്ജത്തുൽവിദായുടെ അവസരത്തിൽ നബി (സ) തിരുമേനി അറഫാ മൈതാനിയിൽ ചെയ്ത ഒരു ദുആയാണ് ഇനി കേൾപ്പിക്കുന്നത്.

അല്ലാഹുവേ, നീ എന്റെ കാര്യങ്ങൾ കേൾക്കുന്നവനാണ്. എന്റെ അവസ്ഥയെ കാണുന്നവനാണ്. എന്റെ രഹസ്യവും പരസ്യവും ആയ എല്ലാ കാര്യങ്ങളും നീ നല്ലവണ്ണം അറിയുന്നു. എന്റെ ഒരു കാര്യവും നിന്നിൽ നിന്ന് ഒട്ടും മറഞ്ഞതല്ല. ഞാൻ നിരാശ്രയനും ഫക്കീറും ആശ്രിതനുമാണ്. നിന്റെ സഹായവും അഭയവും തേടുന്നവനാണ്. എന്റെ പാപങ്ങളെ ഞാൻ അംഗീകരിക്കുന്നവനും സമ്മതിക്കുന്നവനുമാണ്. ഞാൻ നിന്നോട് ഒന്നുമില്ലാത്ത ഒരു മിസ്ക്കീനെ പോലെ ചോദിക്കുന്നു. നിന്റെ സന്നിധിയിൽ ഒരു പാപിയെപോലെ കേഴുന്നു. പേടിച്ചരണ്ട അന്ധനെപോലെ നിന്നോടു പ്രാർത്ഥിക്കുന്നു. അവന്റെ കഴുത്ത് നിന്റെ മുന്നിൽ കുനിഞ്ഞിരിക്കുന്നു. അവന്റെ കണ്ണീർ നിന്റെ മുമ്പിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. അവന്റെ ശരീരം നിന്റെ മുമ്പിൽ വീണുകിടക്കുന്നു. നിനക്കുവേണ്ടി അവൻ നാണംകെട്ടിരിക്കുന്നു. (അങ്ങനെയുള്ള അന്ധനെപ്പോലെ ഞാൻ പ്രാർത്ഥിക്കുന്നു) അല്ലാഹുവേ, നീ നിന്റെ സന്നിധിയിൽ ദുആ ചെയ്യുന്നതിന് എന്നെ ദുഷ്ടനാക്കരുത്. എന്നോട് ദയയോടും കൃപയോടും കൂടി പെരുമാറേണമേ. എല്ലാവരെക്കാളും അധികം സങ്കടം കേൾക്കുന്നവനേ! ഏറ്റവും നല്ലത് നല്കുന്നവനേ! എന്റെ ദുആ സ്വീകരിച്ചാലും.

അല്ലാഹു നമുക്ക് അവന്റെ പ്രിയപ്പെട്ടവരെപ്പോലെ ദുആ ചെയ്യാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. നമ്മെ, നബി(സ) തിരുമേനിയുടെ ഉമ്മത്തിനുവേണ്ടി, പ്രിയപ്പെട്ട മഹ്ദിയെ വിശ്വസിക്കുന്നവർക്കുവേണ്ടി നബി (സ) തിരുമേനി ചെയ്ത ദുആയുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. അല്ലാഹു നമ്മെ യഥാർത്ഥ ആരാധകരാക്കിത്തീർക്കുമാറാകട്ടെ. അവനിലേക്ക് കുനിയുന്നവരാക്കുമാറാകട്ടെ. അവനോടു സഹായം ചോദിക്കുന്നവരാക്കുമാറാകട്ടെ. അവന്റെ കല്പനകളനുസരിച്ച് ജീവിക്കുന്നവരാക്കിത്തീർക്കുമാറാകട്ടെ. നമുക്ക് നമ്മുടെ ജീവിതത്തിൽതന്നെ അഹ്മദിയ്യത്ത് അതായത് യഥാർത്ഥ ഇസ്‌ലാം ലോകത്തിനുമേൽ അതിജയിക്കുന്ന കാഴ്ച കാണുവാനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ. അല്ലാഹുവേ, ഈ റമസാനിലെ അനുഗ്രഹങ്ങളിൽനിന്ന് ഞങ്ങൾക്ക് അളവറ്റ ഭാഗം നല്കിയാലും. എല്ലാ ഉപദ്രവങ്ങളിൽനിന്നും ഞങ്ങളെ സുരക്ഷിതരാക്കിയാലും. നിന്റെ ഫള്‌ലിന്റെയും റഹ്മത്തിന്റേയും പുതപ്പിൽ എപ്പോഴും ഞങ്ങളെ പുതപ്പിച്ചുവെച്ചാലും. ●

**ഖുത്ബ, 31.10.2003**

# റംസാൻ അനുഗൃഹീതമാസം

**ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്മഹു)**
**ഖലീഫത്തുൽ മസീഹ് റാബിഅ്**
**വിവ: മുഹമ്മദ് ഇസ്മായിൽ എച്ച്.എ.**

“വിശ്വാസികളെ നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ദൈവഭക്തിയുള്ളവരായിരിക്കാൻവേണ്ടി. എണ്ണപ്പെട്ട ചില ദിനങ്ങളാണിത്. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തിയാക്കേണ്ടതാണ്. പ്രായശ്ചിത്തം നല്കുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നല്കേണ്ടതാണ്. ഇനി പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് ആരെങ്കിലും വല്ല നന്മയും ചെയ്താൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ.” (*2:184,185*)

നിങ്ങൾക്ക് മുമ്പുള്ളവരിലും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവെന്നാണ് ഈ വചനത്തിൽ പറയുന്നത്. ഇങ്ങനെയൊരു പ്രഖ്യാപനം വിശുദ്ധഖുർആന്റെ മാത്രം സവിശേഷതയാണ്. മറ്റൊരു ഗ്രന്ഥത്തിലും ഇത്തരം ഒരു പ്രഖ്യാപനം കാണുകയില്ല. നോമ്പ് എല്ലാ മതങ്ങളും ഏതെങ്കിലും രീതിയിൽ അനുഷ്ഠിച്ചുപോന്നിട്ടുള്ള ഒരു കർമ്മമാണ്. എന്നാൽ ആ മതങ്ങളൊന്നും തങ്ങളുടേതല്ലാത്ത മതങ്ങളെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഈ ഒരു കാര്യത്തിൽനിന്നു തന്നെ വിശുദ്ധഖുർആൻ ആഗോളഗ്രന്ഥമാണെന്ന് തെളിയുന്നു. അതായത്, വിശുദ്ധഖുർആൻ മാത്രമാണ് മറ്റു മതങ്ങളുടെ കാര്യവും പ്രതിപാദിച്ചിട്ടുള്ളത്. ഓരോ മതത്തിലും ഏതെങ്കിലും രീതിയിൽ നോമ്പനുഷ്ഠാനം ഉണ്ടായിരുന്നുവെന്ന് ഖുർആൻ അംഗീകരിക്കുന്നു. ഹിന്ദുക്കളെ ബഹുദൈവാരാധകാരായിട്ടാണ് ഗണിക്കുന്നത്. എന്നാൽ, ഈ മതത്തിന്റെ തുടക്കം ഏകദൈവത്വസിദ്ധാന്തത്തിൽ നിന്നായിരുന്നു. നോമ്പിന്റെ ഒരു രീതി ഇവരിലുമുണ്ട്. ബുദ്ധമതക്കാർ ദൈവനിഷേധികളായി ഗണിക്കപ്പെടുന്നു. എന്നാൽ, അവരിലും നോമ്പുണ്ട്. നോമ്പിന്റെ ഏതെങ്കിലും രൂപം ഉൾക്കൊള്ളാത്ത ഒരു മതവും ലോകത്തില്ല. അല്ലാഹുവിന്റെ ഗ്രന്ഥം അതാണ് എടുത്തു പറഞ്ഞത്.

#### നോമ്പിനെക്കുറിച്ചുള്ള നബി വചനങ്ങൾ

ഹസ്റത്ത് അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: “അല്ലാഹു പ്രഖ്യാപിച്ചിട്ടുണ്ട്. നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റു കർമ്മങ്ങളെല്ലാം അവനുതന്നെയുള്ളതാണ്. നോമ്പ് എനിക്കും. ഞാൻ തന്നെയാണ് അതിന് പ്രതിഫലം. പാപങ്ങൾ തടുക്കാനുള്ള ഒരു പരിചയാണ് നോമ്പ്. നിങ്ങൾ നോമ്പുദിവസമായാൽ തെറ്റ് ചെയ്യാതിരിക്കുകയും ബഹളമുണ്ടാക്കാതിരിക്കുകയും ചെയ്യട്ടെ. ഇനി വല്ലവനും ഒരാളെ വഴക്കു പറയുകയോ ശണ്ഠ കൂടുകയോ ചെയ്യുന്നപക്ഷം ‘ഞാൻ നോമ്പുകാരനാണ്’ എന്ന് രണ്ടുപ്രാവശ്യം അയാൾ പറയട്ടെ! മുഹമ്മദിന്റെ ആത്മാവ് നിയന്ത്രിക്കുന്നവനെക്കൊണ്ട് സത്യം! നോമ്പുകാരന്റെ വായയുടെ മണം അല്ലാഹുവിങ്കൽ കസ്തൂരിയെക്കാൾ മണമുള്ളതാണ്. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. ഒന്ന് നോമ്പ് മുറിക്കുമ്പോഴും, മറ്റൊന്ന് തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴും. നോമ്പിന്റെ പേരിൽ അവൻ സന്തുഷ്ടനായിത്തീരും.” (*ബുഖാരി, മുസ്‌ലിം*)

നോമ്പുനോല്ക്കുന്ന ആൾ വ്യർത്ഥമായ സംസാരം ഒഴിവാക്കുന്നില്ലെങ്കിൽ അയാളുടെ നോമ്പിന് ഒരു പ്രസക്തിയുമില്ല. അത് വിശപ്പ് മാത്രമായിത്തീരും. നോമ്പു നോല്ക്കുന്നവൻ വളരെ സൂക്ഷ്മത പാലിക്കണം. നാവിനെ നിയന്ത്രിക്കണം. ദ്വേഷ്യം അരുത്. ശണ്ഠകൂടാൻ വന്നാൽ, ‘ഞാൻ നോമ്പുകാരനാണ്’ എന്നു പറഞ്ഞ് മാറിക്കളയണം.

ഇവിടെ പറഞ്ഞ മറ്റൊരു കാര്യം വായുടെ മണത്തെക്കുറിച്ചാണ്. നോമ്പുകാരന്റെ വായയുടെ മണം കസ്തൂരിയേക്കാൾ കൂടുതൽ സുഗന്ധം വമിക്കുന്നതായി അല്ലാഹുവിന് അനുഭവപ്പെടുന്നു എന്നാണ് പറഞ്ഞത്. നോമ്പുകാർക്ക് ആനന്ദം പ്രദാനം ചെയ്യുന്ന ഒരു കാര്യമാണിത്. അവരുടെ വായിൽ ഒരു ഗന്ധം ഉണ്ടായിവരുന്നു. അത് അവരിൽ അസ്വസ്ഥത സൃഷ്ടിക്കുമ്പോഴാണ് അല്ലാഹു അവരെ സാന്ത്വനപ്പെടുത്തുന്നത്. ഈ സാന്ത്വനം അവരെ സന്തോഷിപ്പിക്കുന്നതിനുവേണ്ടിയാണ്. ഇത് കേൾക്കുമ്പോൾ സത്യവിശ്വാസികളിൽ നോമ്പിനോട് താൽപര്യം വർദ്ധിക്കുന്നു.

ഹസ്റത്ത് സഹ്‌ല്(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: ***റയ്യാൻ*** എന്ന് പേരുള്ള ഒരു കവാടം സ്വർഗ്ഗത്തിലുണ്ട്. (ഇത് ഒരു ആലങ്കാരിക

ഭാഷയാണ്. സ്വർഗ്ഗത്തിൽ ഇത്തരം ഒരു കവാടവും ഇല്ല. ജനങ്ങൾക്ക് കാര്യം മനസ്സിലാക്കിക്കൊടുക്കാൻ ഉപമാരൂപത്തിൽ വിശദീകരിക്കുകയാണിവിടെ) ഈ കവാടത്തിലൂടെ അന്ത്യദിനത്തിൽ നോമ്പുകാരാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക. അല്ലാത്ത മറ്റാർക്കും അതിലൂടെ പ്രവേശനമില്ല. തൽസമയം ചോദിക്കും. നോമ്പുകാരെവിടെ? ഉടനെ അവർ എഴുന്നേറ്റുകൊണ്ട് അതിലൂടെ പ്രവേശിക്കും. അവർ പ്രവേശിച്ചുകഴിഞ്ഞാലുടനെ ആ കവാടം അടയ്ക്കപ്പെടും. പിന്നീട് ആർക്കും അതിലൂടെ പ്രവേശനം ലഭിക്കുകയില്ല." (*ബുഖാരി, മുസ്‌ലിം*)

മറ്റു മതവിശ്വാസികളുടെ നോമ്പിന്റെ അവസ്ഥ എന്തായിരിക്കുമെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. അവർ ആഖിറത്തിലും കണക്കെടുപ്പിലും വിശ്വസിക്കുന്നവരാണെങ്കിൽ സ്വർഗ്ഗത്തിലേക്കുള്ള വഴി അവർക്കും തുറന്നുകിടപ്പുണ്ട്. അവരുടെ നോമ്പും അല്ലാഹു സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഹസ്റത്ത് അബൂ അമാമ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ റസൂലിനോട് ചോദിച്ചു. എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്ന എന്തെങ്കിലും കർമ്മം എനിക്കു പറഞ്ഞുതന്നാലും. നബി(സ) പറഞ്ഞു. നീ നോമ്പുപിടിക്കുക. നോമ്പിന് സമാനമായിട്ട് മറ്റൊന്നും തന്നെയില്ല."

### നോമ്പ്- ശരീരത്തിന്റെ സക്കാത്ത്

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: എല്ലാ വസ്തുവിനും സക്കാത്തുണ്ട്. ശരീരത്തിന്റെ സക്കാത്ത് നോമ്പാണ്.

യുക്തിപരമായ ഒരു കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എല്ലാ വസ്തുക്കൾക്കും സക്കാത്തു കൊടുക്കുമ്പോൾ ശരീരത്തിനും സക്കാത്ത് കൊടുക്കേണ്ടതാണ്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "എത്രയെത്ര നോമ്പുകാർ! പക്ഷേ, അവർക്ക് മിച്ചമുള്ളത് ദാഹം മാത്രം. എത്രയെത്ര രാത്രി നമസ്ക്കാരക്കാർ! അവർക്ക് മിച്ചമുള്ളത് ഉറക്കമിളപ്പും. നോമ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം അവർ പൂർത്തിയാക്കുന്നില്ല."

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "ആരൊരുവൻ കളവും അതനുസരിച്ചുള്ള പ്രവർത്തനവും ഉപേക്ഷിക്കുന്നില്ലയോ, അങ്ങനെയുള്ള ആളിന്റെ ആഹാരപാനീയ വർജ്ജനം അല്ലാഹുവിന് ആവശ്യമില്ല."

ഇന്നത്തെ മുസ്‌ലിം മതപണ്ഡിതന്മാരുടെ അവസ്ഥ നോക്കുക. കളവ് പറയുന്ന കാര്യത്തിൽ ആർക്കും അവരെ കവച്ചുവയ്ക്കാൻ കഴിയുന്നില്ല. അപ്പോഴും അവർ നോമ്പുകാരാണ്. കളവ് പറയുന്നവരുടെ നോമ്പ് നിഷ്പ്രയോജനമായിപ്പോകുമെന്ന നബി(സ) തിരുമേനിയുടെ വചനംപോലും അവരുടെ ചെവിയിലെത്തുന്നില്ല!

### ഖലീഫാ അവ്വലിന്റെ ഉപദേശം

ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: റമസാൻ ശരീഫിന്റെ ഏറ്റവും കനപ്പെട്ട സന്ദേശം, എത്ര വലിയ അത്യാവശ്യകാര്യമാണെങ്കിൽപ്പോലും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി വിശ്വാസികൾ അതെല്ലാം കൈവെടിയാൻ തയ്യാറാകുന്നു എന്നതാണ്. അതിന് ഒരു വിലയും നല്കുന്നില്ല. നോമ്പിന്റെ യാഥാർത്ഥ്യങ്ങളിലേക്കും തത്വത്തിലേക്കും വിശുദ്ധഖുർആൻ വെളിച്ചം വീശുന്നു. അല്ലാഹു പറയുന്നു: ***യാ അയ്യുഹല്ലദീന ആമനൂ കുതിബ അലയ്ക്കുമുസ്സിയാമുക മാകുതിബ അലല്ലദീന മിൻ ഖബ്‌ലിക്കും ലഅല്ലക്കും തത്തഖൂൻ***. തഖ്‌വാ എന്തെന്ന് പഠിക്കാനുള്ള ശീലം ഉണ്ടാകുന്നതിനായിട്ടാണ് നോമ്പു നിശ്ചയിച്ചിട്ടുള്ളത്. നോമ്പുകാരൻ, ശരീഅത്ത് അനുവദിച്ചിട്ടുള്ള കാര്യങ്ങൾപോലും മാറ്റിവയ്ക്കുന്നു. തിന്നാനും കുടിക്കാനും അവന് അനുവാദമുണ്ട്. അത് കഴിക്കാതിരിക്കുന്നത് അപ്പോൾ അത് കഴിക്കരുതെന്ന് അല്ലാഹു പറഞ്ഞതുകൊണ്ടാണ്. കാര്യം ഇങ്ങനെയാകുമ്പോൾ ശരീഅത്ത് അനുവദിക്കാത്ത കാര്യങ്ങൾ ചെയ്യാൻ അവൻ തയ്യാറാകുമോ? നിഷിദ്ധവസ്തുക്കൾ ഭക്ഷിക്കാനും കുടിക്കാനും തെറ്റായ മാർഗ്ഗത്തിലൂടെ വികാരപൂർത്തീകരണം നടത്താനും അവൻ മുതിരുമോ? ഏതു തരത്തിലുള്ള ആളും റമസാൻ കയ്പോടുകൂടിയെങ്കിലും പൂർത്തിയാക്കാറുണ്ട്. പക്ഷെ, റമസാൻ കഴിഞ്ഞാൽ വീണ്ടും പഴയപടിയിലേക്കിറങ്ങിപ്പോകുകയും ചെയ്യും. അങ്ങനെ പോകരുതെന്നാണ് റമസാൻ ഉപദേശിക്കുന്നത്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വീണ്ടും പറയുന്നു: തഖ്‌വയുടെ വഴിയാണ് നോമ്പ്. ഇതിൽ വ്യക്തിപരവും സാമൂഹികവുമായ ആവശ്യങ്ങളെ അല്ലാഹുവിനുവേണ്ടി ഒരു നിശ്ചിതസമയത്തേക്ക് മനുഷ്യൻ ഉപേക്ഷിക്കുന്നു. ആവശ്യമുള്ള കാര്യങ്ങൾപോലും ഉപേക്ഷിക്കുമ്പോൾ പിന്നെ അനാവശ്യകാര്യങ്ങൾ ചെയ്യുന്നതെങ്ങനെ? അനാവശ്യമായ കാര്യങ്ങൾകൊണ്ട് അല്ലാഹുവിനെ വെറുപ്പിക്കാൻ പാടില്ല. ഇതാണ് നോമ്പിന്റെ പാഠം. അതുകൊണ്ടാണ് പറഞ്ഞത് ***ലഅല്ലക്കും തത്തഖൂൻ***.

***ഫിദ്‌യത്തുൻ ത്വആമു മിസ്ക്കീൻ*** എന്ന് തുടർന്ന് പറയുന്നു. ഒരു അഗതിയുടെ ഭക്ഷണം സദഖ എന്ന നിലയിൽ കൊടുക്കുക എന്ന്. സദഖത്തുൽ ഫിത്ർ കൊടുക്കുന്നതിലേക്കുള്ള സൂചനയാണിത്. ***ത്വആമുൻ*** എന്ന പദംകൊണ്ട് മനസ്സിലാകുന്നത് നോമ്പുകാരെല്ലാം പെരുന്നാളിന് മുമ്പേ ഒരു അഗതിയുടെ ഭക്ഷണം സദഖ കൊടുത്തിരിക്കണം എന്നാണ്. ഞാൻ ചെയ്യുന്നതെന്താണെന്നുവെച്ചാൽ, നോമ്പുപിടിക്കും എന്റെ റൊട്ടി ഏതെങ്കിലും ഒരു സാധുവിന് കൊടുക്കുകയും ചെയ്യും."

ഇത് എല്ലാവരേയും കൊണ്ട് സാധ്യമാകുന്ന കാര്യമല്ല. എന്നാൽ പെരുന്നാളിന് മുമ്പേ സദഖത്തുൽ

ഫിത്വ്ർ കൊടുത്തുവീട്ടണം എന്നത് നിർബന്ധമാണ്. നേരത്തെ കൊടുത്തെങ്കിൽ മാത്രമേ അർഹരായവർക്ക് അതെത്തിക്കാൻ സാധിക്കുകയുള്ളൂ.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തുടർന്ന് പറയുന്നു. നോമ്പു പിടിക്കാൻ കഴിയാത്തവർ ഫിദ്‌യ കൊടുക്കേണ്ടതാണ്. ***ഫിദ്‌യത്തുൽ ത്വആമു മിസ്ക്കീൻ*** എന്നതിന് അറബിഭാഷാ നിയമമനുസരിച്ച് രണ്ടർത്ഥമാകാം. ***അല്ലദീന യുത്വീഖൂനഹൂ***. ഫിദ്‌യ കൊടുക്കാൻ കഴിവുള്ളവർ അത് കൊടുക്കേണ്ടതാണ്. നോമ്പുപിടിക്കാൻ കഴിയാത്തവർ ഫിദ്‌യ കൊടുക്കേണ്ടതാണ്. നോമ്പു നിർബന്ധമുള്ളവർ, സ്ഥിരമായി പിടിക്കാൻ കഴിവില്ലാത്തവരാണെങ്കിൽ അവരെക്കുറിച്ചും ഇതിൽ പറയുന്നു. അതായത് അവരും ഫിദ്‌യ നിർബന്ധമായും കൊടുക്കണം. അവരുടെ നോമ്പിനുള്ള പകരമെന്ന നിലയ്ക്കാണിത്."

ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഗ്രന്ഥങ്ങളിൽ നിന്ന് കിട്ടുന്ന മറ്റൊരു കാര്യം '***അയ്യാമെബീസ്***'ന് നോമ്പുപിടിക്കാൻ കഴിയുന്നില്ലെങ്കിൽ അഗതികൾക്ക് ഭക്ഷണം കൊടുക്കണം എന്നതാണ്. നബി(സ) തിരുമേനി ചന്ദ്രന്റെ 13,14,15 ദിനങ്ങളിൽ നോമ്പുപിടിക്കാറുണ്ടായിരുന്നു. ഇതിനാണ് അയ്യാമെബീസ് എന്ന് പറയുന്നത്. തുടർച്ചയായി ഈ ദിനങ്ങളിൽ നോമ്പുപിടിക്കാൻ കഴിയാത്തവർ റമസാൻ മാസത്തിൽ ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. റമസാൻ മാസം സമാഗതമായാൽ നബി(സ)യുടെ കരങ്ങൾ ദാനധർമ്മങ്ങളുടെ കാര്യത്തിൽ അതിശക്തിയായ കാറ്റിനെക്കാൾ വേഗത്തിൽ ചലിക്കുമായിരുന്നു.

ഖലീഫത്തുൽ മസീഹ് അവ്വൽ പറയുന്നു: 'റമസാൻ മാസത്തിൽ അധികമധികമായി ദുആ ചെയ്യണം. ഖുർആൻ ദർസ് നിർബന്ധമായും സംഘടിപ്പിക്കേണ്ടതാണ്.'

ഖലീഫത്തുൽ മസീഹ് വീണ്ടും പറയുന്നു: റമസാൻകൊണ്ട് ആദ്യപാപങ്ങൾ പൊറുക്കപ്പെടുമെന്ന് പറയുന്നു. അതിന് നബി(സ) തിരുമേനി വെച്ചിട്ടുള്ള നിബന്ധനയാണ് '***ഈമാനൻ വ ഇഹ്തിസാബൻ***.' വിശ്വാസം യാഥാർത്ഥ്യപൂർണ്ണമായിരിക്കണം. അതിനുശേഷം ഓരോ ദിവസവും കണക്കെടുത്തുകൊണ്ട് നോമ്പു പിടിക്കണം. എന്നാൽ ആദ്യപാപങ്ങൾ പൊറുക്കപ്പെടും. ഒരു കാര്യം ദുഃഖത്തോടെ പറയട്ടെ, ചിലയാളുകൾ പറയുന്നു, റമസാനിൽ ചെലവ് കൂടുന്നുവെന്ന്. വാസ്തവത്തിൽ ഇത് ശരിയല്ല. അത്തരക്കാർ നോമ്പിന്റെ പൊരുളറിയാത്തവരാണ്. അവർ ഇടയത്താഴം വളരെ കൂടുതൽ കഴിക്കുന്നു. തന്മൂലം ഉച്ചവരെ അത് ദഹിക്കാതെ കിടക്കുന്നു. വല്ലാത്ത അസ്വസ്ഥത അവർക്കുണ്ടായിരിക്കും. നോമ്പു തുറന്നാൽ അവർ പാതിരവരെ നല്ലനല്ല ഭക്ഷണങ്ങൾ കഴിച്ചുകൊണ്ടേയിരിക്കും. അതുകഴിഞ്ഞ് മൃഗങ്ങളെപ്പോലെ ഉറക്കമായിരിക്കും. ഫലം അലസതയ്ക്കുമേൽ അലസത. യഥാർത്ഥ നോമ്പ് ശരീരേച്ഛയുമായിട്ടുള്ള പോരാട്ടമാണെന്നുപോലും അവർ ഓർക്കുന്നില്ല. ഈ മാസത്തിൽ നിങ്ങൾ അധികം ചെലവ് ചെയ്യരുത്. മൂക്കറ്റം കഴിക്കുകയുമരുത്. ഈ മാസത്തിൽതന്നെയാണ് ഖുർആൻ ഇറങ്ങാൻ തുടങ്ങിയത്. ഖുർആൻ ജനങ്ങൾക്ക് ഹിദായത്തിനുള്ള വെളിച്ചമാണ്. ഇത് മനസ്സിലാക്കി പ്രവർത്തിക്കണം. നോമ്പിലൂടെ ഭൗതികതയോടുള്ളു ആസക്തി തണുക്കുന്നു. ഇതിലൂടെ ദൈവസാമീപ്യം കരസ്ഥമാകുന്നു."

നബി(സ) തിരുമേനി പറഞ്ഞതനുസരിച്ച് അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ഇവിടെയും നോമ്പുതുറ നടക്കാറുണ്ട്. എന്നാൽ ഇത് ലളിതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആർഭാടം പാടില്ല. വൻപണം ചെലവുചെയ്ത് ഇത്തരം കാര്യങ്ങൾ നിർവഹിക്കണമെന്നതല്ല നബി(സ) തിരുമേനിയുടെ ഉദ്ദേശ്യം. ലളിതമായ രീതിയിൽ നോമ്പ് തുറപ്പിക്കുക. നോമ്പു തുറപ്പിക്കുന്നതിനുള്ള പ്രതിഫലം കിട്ടുന്നതിനായിരിക്കണം അത് ചെയ്യേണ്ടത്. അല്ലാതെ മൂക്കറ്റം തീറ്റിച്ച് ആരാധനാകർമ്മങ്ങളിൽ അലസരാക്കുന്നതിന്റെ പാപം തലയിലേറ്റാനാകരുത്.

ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു; ബർക്കത്ത് വിതരണം ചെയ്യുകയും ബർക്കത്ത് സ്വീകരിക്കുകയും ചെയ്യുന്നതായ നാളുകളുണ്ട്. മനുഷ്യൻ അവന്റെ കഴിവനുസരിച്ച് കർമ്മങ്ങൾ ചെയ്യണം. നോമ്പിനെക്കുറിച്ച് അല്ലാഹു പറയുന്നു: '***വ അൻ തസൂമു ഖയ്റുല്ലക്കും***' നോമ്പു പിടിക്കുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് ഗുണകരം. ഒരിടത്ത് നോമ്പ് നിർബന്ധമാക്കി എന്നുപറഞ്ഞു. അപ്പോൾ ഇവിടെ പറഞ്ഞ ***ഖയ്റുല്ലക്കും*** എന്നതിന്റെ ഉദ്ദേശ്യം നഫ്ലിയായ നോമ്പാകാം. നിങ്ങൾ നഫ്ൽനോമ്പു നോക്കുകയാണെങ്കിൽ അതും നിങ്ങൾക്ക് ഗുണകരമാണ്."

**നോമ്പിനെക്കുറിച്ച് ചില പ്രത്യേക ഉപദേശങ്ങൾ**

നോമ്പിൽ ശ്രദ്ധിക്കേണ്ട ചില പ്രത്യേക ഉപദേശങ്ങൾ നബി(സ) നമുക്ക് നല്കിയിരിക്കുന്നു.

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ അത്താഴം കഴിക്കണം. നിശ്ചയം, അത്താഴം കഴിക്കുന്നതിൽ നന്മയുണ്ട്. (*ബുഖാരി, മുസ്‌ലിം*)

അത്താഴത്തിന്റെ നേരത്ത് കുട്ടികളേയും ഉണർത്തുക. അവരേയും അതിൽ പങ്കെടുപ്പിക്കുക. ഇതുമുഖേന രാവിലെ എഴുന്നേല്ക്കുന്ന ശീലം അവർക്കുണ്ടാകുന്നു. ഈ രീതിയിലും അത്താഴം അനുഗ്രഹമാണ്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങളിലാരെങ്കിലും ബാങ്കു കേട്ടാൽ, ഭക്ഷണപാത്രം അയാളുടെ കൈയിലാണെങ്കിൽ അത് താഴെ വയ്ക്കരുത്, ആവശ്യത്തിന് തിന്നു കഴിയാതെ."

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ബാങ്കുകൊടുത്താൽ നിറുത്തേണ്ട ആവശ്യമില്ല. ഭക്ഷണം കഴിക്കാതെ വിശന്നുകൊണ്ട് ജമാഅത്തായിട്ടുള്ള നമസ്കാരത്തിൽ പങ്കെടുക്കാൻ ഓടുന്നത് ശരിയല്ല. നമസ്കാരത്തിലാണെങ്കിലും വിശപ്പ് അവനെ അതിൽ നിന്ന് അശ്രദ്ധനാക്കും. ഇത്തരം പ്രവണത ശിർക്കാണ്. നബി(സ) തിരുമേനി പറഞ്ഞു: 'ബാങ്കു കൊടുത്താലും സാരമില്ല, ഭക്ഷണം കഴിക്കുക' ചിലപ്പോൾ നബി(സ) തിരുമേനി ഭക്ഷണപാത്രം കൈയിലെടുത്ത് നടന്നുകൊണ്ട് തിന്നിരുന്നു. ഇതിൽനിന്നാണ് ഭക്ഷണം നിന്നു തിന്നാം എന്ന് നാം സമർത്ഥിക്കുന്നത്. ചില പണ്ഡിതന്മാർ ഇതിനെ കർശനമായി എതിർക്കാറുണ്ട്. എന്നാൽ, നബി(സ) തിരുമേനി തന്നെയാണ് ഈ ശരീഅത്തും കാണിച്ചുതന്നിരിക്കുന്നത്. അതുകൊണ്ടാണ് നമ്മൾ അതിനെയും പിന്തുടരുന്നത്. നിന്ന് ഭക്ഷിക്കേണ്ടി വന്നാൽ അതിന് ഒരു വിരോധവുമില്ല. ചില സദ്യകളിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നു. കസേരയും മേശയും എല്ലാവർക്കും ഇട്ടുകൊടുക്കാൻ സാധ്യമായെന്ന് വരില്ല. അത്തരം അവസരങ്ങളിൽ നിന്നുതിന്നാനുള്ള സംവിധാനം ഏർപ്പെടുത്തുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങളിൽ വല്ലവനും മറന്ന് തിന്നുകയോ കുടിക്കുകയോ ചെയ്താൽ തന്റെ നോമ്പ് അവൻ പൂർത്തിയാക്കിക്കൊള്ളട്ടെ. കാരണം നിശ്ചയമായും അല്ലാഹുവാണ് അവനെ തീറ്റിയതും കുടിപ്പിച്ചതും.' (*ബുഖാരി, മുസ്ലിം*)

നോമ്പുകാരൻ ചിലപ്പോൾ മറന്നിട്ട് ഭക്ഷണം കഴിച്ചുപോകാറുണ്ട്. അത് അയാൾക്ക് അല്ലാഹുവിൽനിന്നുള്ള സദ്യയാണ്. തിന്നതുകൊണ്ട് നോമ്പ് മുറിഞ്ഞു എന്ന ധാരണയിൽ നോമ്പ് വീട്ടാൻ പാടില്ല. അത് പൂർത്തിയാക്കേണ്ടതാണ്. ചിലർ പറയുന്നത് ആരെങ്കിലും കണ്ടാൽ നോമ്പ് മുറിയുമെന്നാണ്.

ഒരിക്കൽ ഒരു പെൺകുട്ടി നോമ്പുനോറ്റു. കുറച്ചു കഴിഞ്ഞപ്പോൾ അവൾക്ക് വിശപ്പ് അനുഭവപ്പെട്ടു. അവൾ മറഞ്ഞിരുന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങി. പെട്ടെന്ന് അവളുടെ സഹോദരൻ അവിടെ വന്നു. അപ്പോൾ ആ പെൺകുട്ടി, ഭായിജാൻ എന്റെ നോമ്പു മുറിച്ചേ എന്നു പറഞ്ഞ് കരയാൻ തുടങ്ങി. വാസ്തവത്തിൽ അല്ലാഹുവാണ് എല്ലാം കണ്ടുകൊണ്ടിരിക്കുന്നവൻ എന്ന കാര്യം അവളോർത്തില്ല. അറിഞ്ഞുകൊണ്ട് ഭക്ഷണം കഴിച്ചാൽ നോമ്പു മുറിയും. എന്നാൽ അറിയാതെ, മറന്നിട്ട് എന്തെങ്കിലും കഴിക്കുകയാണെങ്കിൽ അത് പാപമല്ല.

ഹസ്റത്ത് സഹ്ല്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "സമയമായാൽ ധിറുതിപ്പെട്ട് നോമ്പ് മുറിക്കുമ്പോഴെല്ലാം ജനങ്ങൾ ക്ഷേമത്തിലായിരിക്കും. (*ബുഖാരി, മുസ്ലിം*)

ഇതും പ്രത്യേകമായൊരു ഉപദേശമാണ്. ശിയാക്കൾ താമസിച്ച് നോമ്പു തുറക്കുന്നത് പുണ്യമായി കരുതാറുണ്ട്. എന്നാൽ, അല്ലാഹുവിൽനിന്ന് അനുവാദം കിട്ടിയാൽ മുറിക്കേണ്ട ആ സമയത്തുതന്നെ നബി(സ) നോമ്പു മുറിക്കുമായിരുന്നു. അല്പ്ം പോലും പിന്തിക്കുമായിരുന്നില്ല. അല്ലാഹു ഒഴിവു നല്കുന്ന കാര്യങ്ങൾ അതേപോലെ സ്വീകരിക്കുന്നത് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാണ്. അതിന് ഒരു മടിയും കാണിക്കരുത്. അത് അവനിൽനിന്നുള്ള ഹദ്യയാണെന്ന് മനസ്സിലാക്കുക. ശിയാക്കളെപ്പോലെ നോമ്പുതുറ പിന്തിക്കുന്നത് അനുവദനീയമല്ല.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. അല്ലാഹു പറഞ്ഞതായി നബി(സ) പറഞ്ഞു: "എന്റെ ദാസന്മാരിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടവർ അസ്തമയത്തിനുശേഷം ധിറുതിയിൽ നോമ്പു തുറക്കുന്നവരാണ്." (*തിർമിദി*)

**യാത്രക്കാരന് നോമ്പില്ല**

ഹസ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഒരു യാത്രാവേളയിൽ ഒരു ജനക്കൂട്ടത്തെ കണ്ടു. ഒരാളെ അവർ വളഞ്ഞു നില്ക്കുകയായിരുന്നു. നബി(സ) ചോദിച്ചു. ഇയാൾക്കെന്തു പറ്റി. അപ്പോൾ അയാൾക്ക് നോമ്പാണെന്ന് അവർ പറഞ്ഞു. നബി(സ) തിരുമേനി പ്രതിവചിച്ചു: യാത്രയിൽ നോമ്പു പിടിക്കൽ നന്മയല്ല. അത് തികച്ചും അനാവശ്യമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രീതിയും ഇതു തന്നെയായിരുന്നു. ചിലർ നോമ്പ് പിടിച്ച് യാത്ര ചെയ്ത് ഖാദിയാനിൽ വരും. ബാങ്ക് കൊടുക്കാൻ അല്പസമയം മാത്രം ബാക്കിയുള്ളപ്പോഴായിരിക്കും അവർ എത്തിച്ചേരുക. എങ്കിലും ആതിഥ്യമര്യാദയനുസരിച്ച് അവർവന്നയുടനെ എന്തെങ്കിലും അവർക്ക് കുടിക്കാൻ കൊടുക്കും. തങ്ങൾക്ക് നോമ്പാണെന്ന് അവർ പറയും. പക്ഷെ, യാത്രയിൽ നോമ്പില്ലെന്ന് ആ മഹാത്മാവ് അവരെ ഉപദേശിക്കും. ദൈവേച്ഛയ്ക്കു വിരുദ്ധമായി നോമ്പുപിടിച്ചാൽ അതെങ്ങനെ സ്വീകരിക്കപ്പെടാനാണ്?

യാത്രയിൽ നോമ്പ് പിടിക്കരുത്. ചെറിയ യാത്രയാണ്. വലിയ യാത്രയാണ്, വിമാനത്തിലുള്ള യാത്രയാണ്. ഇങ്ങനെയൊക്കെ ചർച്ച ചെയ്യാറുണ്ട്. ഇതെല്ലാം യാത്ര തന്നെയാണ്. മനുഷ്യൻ ഒരു യാത്രയുടെ ഉദ്ദേശ്യത്തോടെ വീട്ടിൽ നിന്നിറങ്ങുമ്പോൾതന്നെ യാത്ര ആരംഭിച്ചുകഴിഞ്ഞു. ഇപ്പോൾ ആധുനിക സംവിധാനത്തിൽ പെട്ടെന്ന് ഉദ്ദേശിച്ച സ്ഥലത്തെത്താം. പിന്നെന്ത് യാത്ര എന്നും ചിലർ ചോദിക്കാറുണ്ട്. ഇത് അല്ലാഹുവിന്റെ പേരിലുള്ള ദുരാരോപണമാണ്. ഇക്കാലത്ത് ഇങ്ങനെയൊക്കെയുള്ള സംവിധാനമുണ്ടാകുമെന്ന് അല്ലാഹുവിന് കാലേക്കൂട്ടി അറിയുമായിരുന്നില്ലേ? അല്ലാഹുവിന്നറിയാം. ഖുർആൻ ഇത് വ്യക്തമായും പറയുന്നുണ്ട്. ആകാശത്തിൽ വഴിയൊരുങ്ങും. വിമാനത്തിൽ യാത്രയുണ്ടാകും എന്നൊക്കെ. അറിയും എന്നു മാത്രമല്ല, അതിനെക്കുറിച്ചുള്ള പ്രവചനവും ഖുർആനിലുണ്ട്. അതുകൊണ്ട് നബി(സ)യു

ടെമേൽ ആരോപണം ഉന്നയിക്കരുത്. അറിവില്ലാതെ പറഞ്ഞതാണെന്ന് ധരിക്കരുത്. യാത്ര ചെറുതാണെങ്കിലും വലുതാണെങ്കിലും യാത്ര പുറപ്പെട്ടാൽ– പട്ടണത്തിൽനിന്ന് വെളിയിലെത്തിയാൽ യാത്ര ആരംഭിക്കുന്നു.

ഹസ്റത്ത് ആയിശ(റ) പറുന്നു: "നോമ്പുകാരന്റെ നല്ല ശീലമാണ് മിസ്‌വാക്ക് ചെയ്യൽ."

രാവിലെയും വൈകുന്നേരവും മിസ്‌വാക്ക് ചെയ്യണം. ഇക്കാലത്ത് ബ്രഷും പേസ്റ്റും ഉപയോഗിച്ചാണ് പല്ലുകൾ വൃത്തിയാക്കുന്നത്. പല്ലു വൃത്തിയാക്കൽ നബി(സ) തിരുമേനിയുടെ ചര്യയിൽപ്പെട്ടതാണ്. സുഗന്ധം പൂശുന്നതും അനുവദനീയമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ജനങ്ങൾ ഇത് സംബന്ധമായി പലതും ചോദിച്ചിരുന്നു. ഒരിക്കൽ ചോദിച്ചു: നോമ്പുകാരൻ കണ്ണാടി നോക്കുന്നത് അനുവദനീയമാണോ? ഹുസൂർ പറഞ്ഞു: അനുവദനീയമാണ്. (കണ്ണാടി നോക്കുന്നതുകൊണ്ട് എന്ത് പാപം ഉണ്ടാകാനാണ്)

മറ്റൊരിക്കൽ ഒരാൾ ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് ചോദിച്ച: നോമ്പുകാരൻ താടിയിലും തലയിലും എണ്ണ തേയ്ക്കുന്നത് അനുവദനീയമാണോ? അദ്ദേഹം പറഞ്ഞു: അനുവദനീയമാണ്.

വീണ്ടും ചോദിച്ചു: നോമ്പുകാരൻ സുഗന്ധം പൂശുന്നത് അനുവദനീയമാണോ? അനുവദനീയമാണ്.

നോമ്പുകാരൻ കണ്ണിൽ സുറുമ എഴുതുന്നത് അനുവദനീയമാണോ? വെറുക്കപ്പെട്ട പ്രവർത്തിയാണത്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? വേണമെങ്കിൽ രാത്രിയിൽ ആകാമല്ലോ?

നോക്കുക, ഏതേതെല്ലാം തരത്തിലുള്ള ചോദ്യങ്ങളാണ് ജനങ്ങൾ ചോദിച്ചിരുന്നത്. കണ്ണിന് ഭംഗികൂട്ടാൻ സുറുമ എഴുതുന്നത് നല്ലതല്ല. പഴയകാലത്ത് ജനങ്ങൾ ഇതുപയോഗിച്ചിരിക്കണം.

**ഖുർആൻ അവതീർണ്ണമായ മാസം**

സൂറഃ ബഖറയിൽ അല്ലാഹു പറയുന്നു: "സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമസാൻ."

ഇതിന് മറ്റൊരു തർജമ കൂടിയുണ്ട്. അതും ശരിയാണ്. ഉൻസില ഫീഹിൽ ഖുർആൻ. റമസാനെ സംബന്ധിച്ച് ഖുർആൻ ഇറക്കപ്പെട്ടു. ഇതിൽ റമസാനെ സംബന്ധിച്ച് വിശദീകരിച്ചിരിക്കുന്നു. റമസാൻ മാസത്തിലാണ് ഖുർആൻ ഇറങ്ങാൻ തുടങ്ങിയതും.

"അതുകൊണ്ട് നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്."

ഈ ഇളവും അല്ലാഹുവിൽനിന്നുള്ളത് തന്നെയാണ്. മറ്റു ദിനങ്ങൾ എന്നു പറഞ്ഞാൽ ചൂടുകാലത്ത് വിട്ട നോമ്പ് ചൂടുകാലത്തുതന്നെ പിടിച്ചു വീട്ടണമെന്നില്ല. തണുപ്പുകാലത്തും പിടിച്ചുവീട്ടാം. പക്ഷേ, സൂത്രം കാണിക്കാൻ പാടില്ല.

"അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണുദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് ഞെരുക്കം ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാണ്." (*2:186*)

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "റമസാൻ നിങ്ങളുടെ അടുത്തുവന്നിരിക്കുന്നു. അത് അനുഗൃഹീതമാസമാണ്. അതിലെ നോമ്പ് അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. ആകാശത്തിന്റെ കവാടങ്ങൾ ഈ മാസത്തിൽ തുറക്കപ്പെടുകയും നരക കവാടങ്ങൾ അടയ്ക്കപ്പെടുകയും പിശാചുക്കൾ ചങ്ങലയിൽ ബന്ധിതരാവുകയും ചെയ്യും." (*നസായി*)

ഇതിൽ ചിന്താർഹമായ ഒരു കാര്യം റമസാൻ മാസത്തിലും എല്ലാ അധർമ്മങ്ങളും നടക്കുന്നതായി നാം കാണുന്നു. ഇവിടെ ശയ്ത്വാൻ ബന്ധിക്കപ്പെടുന്നുമില്ല. ഹദീസിൽ പറയുന്നത് സത്യവിശ്വാസികളെക്കുറിച്ചാണെന്ന കാര്യം ഓർക്കുക. സത്യവിശ്വാസികളിലെ ശയ്ത്വാനാണ് ബന്ധിക്കപ്പെടുന്നത്. ഏറ്റവും ചെറിയ തെറ്റുപോലും ചെയ്യാൻ സത്യവിശ്വാസി ഭയക്കുന്നു. ദുൻയാവിലെ ശയ്ത്വാനാവട്ടെ തുറന്നനിലയിൽ വിലസുകയാണ്. അവനെ ആരും ചങ്ങലക്കിട്ടിട്ടില്ല.

ഹസ്റത്ത് നബി(സ) തിരുമേനി പറഞ്ഞു: "റമസാനിലെ രാത്രിയിലുള്ള നന്മയെ ആരാണോ പാഴാക്കിക്കളഞ്ഞത് അവൻ സകല നന്മയേയും പാഴാക്കിക്കളഞ്ഞു.''

അബ്ദുർറഹ്മാനിബ്നു ഔഫ്(റ) പറയുന്നു. നബി (സ) തിരുമേനി അനുഗൃഹീത റമളാനെക്കുറിച്ച് പറഞ്ഞു: അതിനെ എല്ലാ മാസത്തേക്കാളും ശ്രേഷ്ഠമായ മാസമായി പ്രഖ്യാപിച്ചു. ആരാണോ റമസാൻ മാസത്തിൽ പ്രതിഫലേച്ഛയോടുകൂടി, സ്വയം കണക്കെടുത്തുകൊണ്ട് ആരാധനാകർമ്മങ്ങളിൽ ലയിക്കുന്നത് അവൻ അവന്റെ പാപങ്ങളിൽനിന്ന്, മാതാവിന്റെ വയറ്റിൽനിന്ന് പുറത്തുവന്നതുപോലെ പരിശുദ്ധനാകും."

ഹസ്റത്ത് അബൂഹുറയ്റ(റ) പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു: "സത്യവിശ്വാസികൾക്ക് റമസാൻ തണലാണ്. എന്നാൽ, കപടവിശ്വാസികൾക്ക് അത് ഏറെ ക്ലേശകരമാണ്." വളരെ പ്രയാസത്തോടെയായിരിക്കും അവർ ദിനം തള്ളിനീക്കുക. റമസാൻ കഴിഞ്ഞെങ്കിൽ സ്വതന്ത്രരാകാമായിരുന്നുവെന്ന് അവർ ആശിക്കുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ''എന്റെ പേരു കേൾക്കുകയും എന്നാൽ, എന്റെമേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്തവൻ നിന്ദിതനാകുന്നു. റമസാൻ സമാഗതമാവുകയും അത് കഴിഞ്ഞുപോകു

കയും എന്നാൽ അതിൽ പാപം പൊറുക്കപ്പെടാതിരിക്കുകയും ചെയ്തവനും നിന്ദിതനാകുന്നു. മാതാപിതാക്കൾ കൂടെയുണ്ടാകുകയും എന്നാൽ അവരെ സേവിച്ച് സ്വർഗ്ഗത്തിൽ കടക്കാതിരിക്കുകയും ചെയ്തവനും നിന്ദിതൻതന്നെ."

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "റമസാനിലെ നോമ്പുകളിൽ ഏതെങ്കിലും ഒരെണ്ണം കരുതിക്കൂട്ടി ഒഴിവാക്കിയാൽ, അവൻ ജീവിതകാലം മുഴുവൻ നോമ്പുപിടിച്ചാലും അതിന് പ്രായശ്ചിത്തമാകുകയില്ല."

മനഃപൂർവ്വം ഒഴിവാക്കുന്ന നോമ്പ് പോയതു തന്നെയാണ്. അതിനുള്ള മരുന്ന് ഇസ്തിഗ്ഫാർ ചെയ്യുക എന്നതു മാത്രമാണ്. തുടർന്ന് ഒഴിവാക്കാതിരിക്കുകയും വേണം.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: ശഹറു റമസാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ" വിശുദ്ധഖുർആനിന്റെ ശൈലി എന്താണെന്നു വെച്ചാൽ, അത് ആദ്യം പൊതുവായ കാര്യങ്ങൾ പഠിപ്പിക്കുന്നു; പിന്നീട് പ്രധാനപ്പെട്ട കാര്യങ്ങളും. അപ്രകാരംതന്നെ ആദ്യം വലിയ ശിർക്കുകളിൽനിന്നും അത് മനുഷ്യനെ അകറ്റുന്നു; പിന്നീട് സൂക്ഷ്മങ്ങളായ ശിർക്കുകളിൽനിന്നും. ആദ്യം ഉംറ ചെയ്യുന്നതിനെ കുറിച്ച് പറഞ്ഞു. പിന്നീടാണ് ഹജ്ജിന്റെ കാര്യം പറഞ്ഞത്. ആദ്യം സദഖയെ കുറിച്ചു പറഞ്ഞു. പിന്നീട് സക്കാത്തിനെക്കുറിച്ച് പറഞ്ഞത്. ഇപ്രകാരം ഇവിടെ ആദ്യം നഫ്ൽ നോമ്പിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പിന്നീട് റമസാനിലെ നോമ്പ് കല്പിച്ചു. ആദ്യം വിവരിച്ചത് റമസാൻ മാസത്തിന്റെ ശ്രേഷ്ഠതയാണ്. അതിൽ വിശുദ്ധഖുർ അവതരിച്ചു. അതായത് ഖുർആൻ ഇറങ്ങിത്തുടങ്ങി. പൂർണ്ണമായും ഇറങ്ങാൻ 23 വർഷമെടുത്തു. ഖുർആൻ മുഴുവനും റമസാൻ മാസത്തിൽ ഇറങ്ങി എന്നല്ല അർത്ഥം. സൂറത്തിന്റെ ഒരു ഭാഗം റമസാനിലിറങ്ങിയാലും ഇങ്ങനെ പറയും. ഞാൻ നടത്തിയ ഗവേഷണത്തിൽനിന്ന് എനിക്ക് മനസ്സിലായത് നബി കരീം(സ) ഹിറാഗുഹയിൽ ആരാധനാകർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത് റമസാൻ മാസത്തിലായിരുന്നു. അവിടെത്തന്നെയാണ് ആദ്യ സൂറത്ത് ഇറങ്ങിയതും.

### നിയന്ത്രണം നന്മകൾക്കുവേണ്ടി

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; "മറ്റു സമുദായങ്ങളിലെപ്പോലെ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഈ സമുദായത്തിലും നിയന്ത്രണങ്ങളൊന്നും വെക്കുമായിരുന്നില്ല. നന്മകൾക്കായിട്ടാണ് അവൻ ഈ ഉമ്മത്തിന് നിയന്ത്രണങ്ങൾ വെച്ചിട്ടുള്ളത്. സത്യസന്ധതയോടും തികഞ്ഞ ആത്മാർത്ഥതയോടുംകൂടി അല്ലാഹുവിനോട് ചോദിച്ചാൽ, ഈ മാസത്തിൽനിന്ന് എന്നെ പിന്തള്ളരുതേ എന്ന് പ്രാർത്ഥിച്ചാൽ അല്ലാഹു അവനെ ഒരിക്കലും പിന്തള്ളുകയില്ല. ഇത് വാസ്തവമാണ്. ഇനി അത്തരം ഘട്ടത്തിൽ അവൻ രോഗിയായാൽതന്നെ ആ രോഗം അവന് റഹ്മത്തായിരിക്കും. കാരണം കർമ്മങ്ങളുടെയെല്ലാം അടിത്തറ നിയ്യത്താണ്. അല്ലാഹുവിന്റെ വഴിയിൽ ധീരനാണെന്ന് മുഅ്മിൻ സ്വയം തെളിയിച്ചു കാണിക്കണം. ഹൃദയം നോമ്പുപിടിക്കാൻ വേവലാതിപ്പെടുകയാണെങ്കിൽ അതിനുള്ള പ്രതിഫലം അല്ലാഹു നല്കും. സൂത്രങ്ങളൊന്നും അവന്റെ സന്നിധിയിൽ ഫലിക്കുകയില്ല.

"വിശുദ്ധഖുർആന്റെ കല്പനയനുസരിച്ച് ജീവിക്കുന്നത് തഖ്വയാണ്. രോഗികളും യാത്രക്കാരനും മറ്റു ദിനങ്ങളിൽ നോമ്പു പിടിക്കാൻ അല്ലാഹു പറയുന്നു. ഈ കല്പനയനുസരിച്ചും പ്രവർത്തിക്കേണ്ടതാണ്. രോഗിയും യാത്രക്കാരനും നോമ്പുപിടിക്കുന്നത് പാപമാണ്. അല്ലാഹുവിന്റെ തൃപ്തിയാണല്ലോ യഥാർത്ഥ ലക്ഷ്യം. അവന്റെ ഇഷ്ടം ബലമായി പിടിച്ചെടുക്കാൻ ആർക്കും കഴിയില്ല. അല്ലാഹുവിനെ ക്ഷീണിപ്പിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലെന്ന് നബി(സ) തിരുമേനി വ്യക്തമായും പറഞ്ഞിട്ടുണ്ട്. നന്മ ചെയ്ത് അല്ലാഹുവിനെ ക്ഷീണിപ്പിക്കാനുദ്ദേശിച്ചാൽ അവൻ ക്ഷീണിക്കുന്നവനല്ല. മനുഷ്യൻ സ്വയം ക്ഷീണിക്കുകയേയുള്ളൂ. അതുകൊണ്ട് എളുപ്പമായ കാര്യം, അവന്റെ സന്തോഷം ലഭിക്കുന്നതിന് അവൻ നല്കിയിട്ടുള്ള ഇളവുകൾ സന്തോഷത്തോടെ സ്വീകരിക്കുക എന്നതാണ്.

'***മൻകാന മിൻകും മരീളൻ ഔ അലാ സഫറിൻ ഫ ഇദ്ദത്തുമിൻ അയ്യാമിൻ ഉഖറ***'. ഇതിൽ ഒരു സംശയവുമില്ല. രോഗിക്കും യാത്രക്കാരനും താൻ നോമ്പു പിടിക്കുകയില്ലെന്ന് തീരുമാനിക്കാം. ഇന്നും എന്റെ ആരോഗ്യം മോശമാണ്. അതുകൊണ്ട് ഞാൻ നോമ്പ് പിടിച്ചിട്ടില്ല."

ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജീവിതത്തിൽ വളരെയധികം സൂക്ഷ്മത പുലർത്തിയിരുന്നു. കൃത്രിമം ലവലേശം തീണ്ടിയിരുന്നില്ല. യുവത്വകാലത്ത് അവിടന്ന് അടുപ്പിച്ച് 6 മാസംവരെ നോമ്പ് നോറ്റിരുന്നു.

ഒരിക്കൽ ഒരു സദസ്സിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ ഒരാൾ വെള്ളം മുമ്പിൽകൊണ്ടുവെച്ചു. (നോമ്പുകാലമായിരുന്നു. അദ്ദേഹമാണെങ്കിൽ രോഗത്തിലുമായിരുന്നു) വെള്ളം കുടിച്ചില്ലെങ്കിൽ, അത് മറ്റുള്ളവരെ വഞ്ചിക്കലാവും എന്ന് കരുതി അവിടുന്ന് അല്പം കുടിച്ചു. കാരണം തനിക്ക് നോമ്പുണ്ടെന്ന് ജനങ്ങൾ തെറ്റായി ധരിക്കും. അതുകൊണ്ടാണ് കുടിച്ചത്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യുന്ന കർമ്മങ്ങൾ അല്ലാഹു ഇഷ്ടപ്പെടുകയില്ല. പക്ഷെ, എതിരാളികൾ ബഹളംകൂട്ടി. അതൊരു വലിയ ഫിത്നയാക്കി മാറി.

അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ. റമദാൻ വീണ്ടും വന്നിരിക്കുന്നു. ആ എണ്ണപ്പെട്ട ദിനങ്ങൾ വീണ്ടും ആരംഭിച്ചിരിക്കുന്നു. എല്ലാ അനാവശ്യങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും ശരീരേച്ഛകളിൽനിന്നും മലിനചിന്തകളിൽനിന്നും അകന്ന് നമുക്ക് നോമ്പുപിടിക്കാം. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ●

## ഖുത്ബ, 16.11.2001

അബു കുറ്റിച്ചിറ

# വിശുദ്ധഖുർആൻ നല്കുന്ന പാഠങ്ങൾ

ഇസ്‌ലാമിൽ ഏറ്റവും അനുപേക്ഷണീയമായ ഒരു കർമ്മമാർഗ്ഗമാണ് വ്രതാനുഷ്ഠാനം.

വിശുദ്ധഖുർആനിലെ രണ്ടാമത്തെ അധ്യായമായ സൂറഃഅൽബഖറയിൽ 185, 186,187 എന്നീ ആയത്തുകളിലാണ് വ്രതാനുഷ്ഠാനത്തെ കുറിച്ചുള്ള പ്രതിപാദ്യം അടങ്ങിയിരിക്കുന്നത്. ഇവയിൽ ആദ്യത്തെ രണ്ട് ആയത്തുകളിൽ ഈ അനുഷ്ഠാനം പരിചയപ്പെടുത്തുന്നു. മൂന്നാമത്തേതിലാവട്ടെ ഇതൊരു കല്പനയായി നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. ഈ മൂന്ന് ആയത്തുകൾ തുടർച്ചയായി ഒരവസരത്തിൽ അറിയിക്കപ്പെട്ടതല്ല. പരിചയപ്പെടുത്തുന്ന ആദ്യത്തെ രണ്ട് ആയത്തുകൾ അവതരിച്ച് ഒരുവർഷം കഴിഞ്ഞാണ് മൂന്നാമത്തെ ആയത്ത് അവതരിക്കുന്നത്.

അല്ലാഹു പറയുന്നു:-

“അല്ലയോ വിശ്വാസികളെ, നോമ്പ് നിങ്ങൾക്ക് എഴുതപ്പെട്ടിരിക്കുന്നു; മുമ്പുള്ളവർക്ക് എഴുതപ്പെട്ടിരുന്നതുപോലെ. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിനു വേണ്ടി.” (*2:185*)

വിശ്വാസികളെ വിളിച്ചുകൊണ്ടാണ് നോമ്പിനെ പരിചയപ്പെടുത്തുന്നതെങ്കിലും മുഴുവൻ മനുഷ്യരേയും പരാമർശിച്ചുകൊണ്ടുള്ള ഒരു സമീപനം ഇവിടെ സ്വീകരിക്കപ്പെട്ടതായി കാണാം. വ്രതം വിശ്വാസികൾക്ക് എഴുതപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞതിനോടുകൂടി അത് അവർക്ക് മുമ്പുള്ള ജനതയിലും എഴുതപ്പെട്ടതുതന്നെയാണെന്ന് അവരെ ഉണർത്തുന്നു. അതായത് ഈ നിർദ്ദേശത്തിൽ യാതൊരു പുതുമയുമില്ല, പ്രത്യേകതയുമില്ല, നിങ്ങൾക്കു മാത്രം എന്നു വിചാരിക്കേണ്ട കാര്യവുമില്ല. അങ്ങനെയൊരു വിവേചനം അല്ലാഹുവിന്റെ പക്കൽനിന്നുണ്ടാവുകയില്ല. ഇത് നിങ്ങൾക്ക് ആചരിക്കാൻ എളുപ്പമുള്ളതാവില്ലെങ്കിലും ഒരിക്കലുംതന്നെ ദുഃസാധ്യമാവുകയില്ല. പൂർവ്വികർക്ക് സാധ്യമായ അനുഷ്ഠാനം പിന്നീടുള്ളവർക്ക് അസാധ്യമാകുന്നതെങ്ങനെ?

പൂർവ്വികർക്കും ഇപ്പോഴുള്ളവർക്കും നോമ്പ് വിധിക്കപ്പെട്ടിരിക്കുന്നു എന്നു പറയുമ്പോൾ അതിന് ഒരു ആഗോളസ്വഭാവം കൈവരുന്നു. സർവ്വമനുഷ്യരേയും സമുന്നതിയിലേക്ക് നയിക്കാൻ പര്യാപ്തമായ ഒരു ആചാരാനുഷ്ഠാനമാണ് നോമ്പ് എന്ന സന്ദേശവും ഇതിലടങ്ങിയിരിക്കുന്നു. എന്നാൽ, ‘എന്തുകൊണ്ട് അല്ലാഹു ‘***യാ അയ്യുഹല്ലദീന ആമനൂ***’ എന്ന് വിശ്വാസികളെ മാത്രം വിളിച്ചു?’ ‘എന്തുകൊണ്ട് ***യാ അയ്യുഹന്നാസു*** എന്ന് മുഴുവൻ മനുഷ്യരേയും വിളിച്ചില്ല’ എന്ന ഒരു ചോദ്യം ഇവിടെ ഉയരാം. വിശുദ്ധഖുർആൻ വിശ്വാസികൾക്ക് മാത്രമായിട്ടുള്ള ഒരു ഗ്രന്ഥമല്ല, അത് മുഴുവൻ മനുഷ്യരാശിക്കും ഇറക്കപ്പെട്ട മാർഗ്ഗദർശനമാണ്. അതിന് റമദാനുമായുള്ള ബന്ധവും അപ്രമേയമാണ്. അതായത് വിശുദ്ധഖുർആൻ മുഴുവൻ മനുഷ്യരാശിയുമായി ബന്ധപ്പെട്ടുനില്ക്കുന്ന ഗ്രന്ഥമാണ് എന്നത് എത്ര വലിയ ഉണ്മയാണോ അത്രതന്നെ വലിയ ഉണ്മയാണ് റമദാൻ എന്ന പരിശുദ്ധമാസം മുഴുവൻ മനുഷ്യരാശിയുമായി ബന്ധപ്പെട്ടുനില്ക്കുന്നു എന്നത്. അങ്ങനെ വരുമ്പോൾ വ്രതാനുഷ്ഠാന നിർദ്ദേശം സമർപ്പിക്കപ്പെടേണ്ടത് വിശ്വാസികളുടെ ചെറിയ വൃത്തത്തിലാവരുതല്ലോ. ***‘യാ അയ്യുഹന്നാസു’*** എന്ന വിശാലവൃത്തത്തിൽ തന്നെയാവണമല്ലോ. വിശ്വാസികളെ മാത്രമായി വിളിച്ചുകൊണ്ട് റമദാൻ മാസത്തിലേക്കു നിശ്ചയിക്കപ്പെട്ട വ്രതാനുഷ്ഠാനം അവതരിപ്പിക്കുമ്പോൾ റമദാൻ മാസത്തിന്റെ മാർഗ്ഗദർശനവും അനുഗ്രഹവും പരിമിതപ്പെട്ടുപോവുകയല്ലേ ചെയ്യുന്നത്?

ഈ ചോദ്യത്തിനുള്ള ഉത്തരം പ്രസ്തുത ആയത്തിൽതന്നെയുണ്ടെന്നതാണ് വാസ്തവം. വ്രതം അല്ലാഹുവിന്റെ മാർഗ്ഗമാണ്. മനുഷ്യർക്ക് വിധിക്കപ്പെട്ട എല്ലാ അനുഷ്ഠാനങ്ങളും അവർ അവർക്കുവേണ്ടി അനുഷ്ഠിക്കുന്നു എന്നാണ് അല്ലാഹു പറയുന്നത്. നമസ്കാരവും സക്കാത്തും ഹജ്ജും എല്ലാംതന്നെ. നിത്യജീവിതത്തിൽ അവർ കാഴ്ചവയ്ക്കുന്ന സാധാരണ നന്മകൾപോലും അവർ അവർക്കുവേണ്ടി നിർവ്വഹിക്കുന്ന അനുഷ്ഠാനങ്ങളാണ്. അല്ലാഹു ആ അനുഷ്ഠാനങ്ങളെ വകയിരുത്തി പ്രതിഫലം നല്കുന്നു. എന്നാൽ നോമ്പ് ഇതിൽനിന്നും തികച്ചും വിഭിന്നമാണ്. അല്ലാഹു പറയുന്നു: “നോമ്പ് എനിക്കുള്ളതാണ്, ഞാനാണ് അതിനുള്ള പ്രതിഫലം നല്കുന്നത്. മനുഷ്യൻ എന്റെ കാരണത്താൽ അവന്റെ ഇച്ഛയും ഭക്ഷ

ണവും ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.” ഇവിടെ നോമ്പൊഴിച്ചുള്ള മറ്റു കർമ്മങ്ങൾക്ക് മറ്റാരോ പ്രതിഫലം നല്കുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. അവയ്ക്കും അല്ലാഹു തന്നെയാണ് പ്രതിഫലം നല്കുന്നത്. പ്രതിഫലനാളിന്റെ ഉടമസ്ഥൻ അല്ലാഹുവല്ലാതെ മറ്റാരുമല്ലതന്നെ. മറ്റു കർമ്മങ്ങൾക്കെല്ലാം അല്ലാഹു പ്രതിഫലം നിശ്ചയിച്ചിട്ടുണ്ട്. അവയ്ക്കുള്ള പ്രതിഫലം അല്ലാഹു മനുഷ്യർക്ക് ലഭ്യമാക്കുകതന്നെ ചെയ്യും. എന്നാൽ അല്ലാഹുവിനുവേണ്ടി ആരാണോ നോമ്പെടുക്കുന്നത് അതിനുള്ള പ്രതിഫലം അളവില്ലാത്ത നിലയ്ക്ക് അല്ലാഹു ചൊരിഞ്ഞുകൊടുക്കും. റസൂൽ (സ) പറഞ്ഞു. മനുഷ്യന്റെ എല്ലാ കർമ്മങ്ങൾക്കും പത്തു മുതൽ എഴുന്നൂറ് ഇരട്ടിവരെ പ്രതിഫലം നല്കപ്പെടും. നോമ്പൊഴികെ. നോമ്പിനുള്ള പ്രതിഫലത്തിന് അളവില്ല. ***വല്ലാഹു യുളാഇഫു ലിമയ്യശാഅ്*** എന്ന വാക്യമാണിവിടെ നോമ്പുകാരനോടൊപ്പമുണ്ടാവുക. നോമ്പുകാരണമായി മനുഷ്യരുടെ വായിൽനിന്ന് വമിക്കുന്ന ഗന്ധം കസ്തൂരിയെക്കാൾ അല്ലാഹുവിന് പ്രിയപ്പെട്ടതാണെന്ന് പറയുമ്പോൾ നോമ്പെടുക്കുന്ന മനുഷ്യരെ അല്ലാഹു ഏറ്റവുമധികം ഇഷ്ടപ്പെടുന്നു. അവർക്ക് അല്ലാഹുവിന്റെ സാന്നിദ്ധ്യം സദാ സമീപസ്ഥമായിരിക്കും എന്നുതന്നെയാണ് അത് നല്കുന്ന സൂചന.

അല്ലാഹുവിന്റെ ഈ മാർഗ്ഗം അല്ലാഹു മുസ്‌ലിംകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. അതാതുകാലത്ത്, അതാതുജനതയ്ക്ക്, അതാത് ദൂതന്മാരിലൂടെ അല്ലാഹു തന്റെ ഈ പരിശുദ്ധമാർഗ്ഗത്തെക്കുറിച്ചുള്ള സുവിശേഷം നല്കപ്പെട്ടിട്ടുണ്ട്. അതായത്, കിതാബിന്റെ അഹ്‌ലുകാരായ എല്ലാ ജനതയ്ക്കും അവർ തങ്ങളുടെ ഗ്രന്ഥങ്ങളിലേക്ക് തിരികെ പ്രവേശിക്കുമ്പോൾ വ്രതാനുഷ്ഠാനനിർദ്ദേശം പഠിപ്പിക്കപ്പെട്ടതായി കാണാൻ കഴിയും. അതുകൊണ്ടുതന്നെ വീണ്ടുമൊരു നിർദ്ദേശം അവർക്കു മുമ്പിൽ വയ്ക്കപ്പെടേണ്ടതായിട്ടില്ല. മാത്രവുമല്ല, അവർക്ക് നല്കപ്പെട്ടതിൽനിന്ന് വ്യത്യസ്തമായ ഒരു വ്രതാനുഷ്ഠാനരീതിയാണ് ഇവിടെ അല്ലാഹു പ്രതിപാദിച്ചിരിക്കുന്നത്. അതാവട്ടെ, ഒടുവിലായി അല്ലാഹുവിന്റെ മാർഗ്ഗം സ്വീകരിച്ചവർക്ക് മാത്രം ഉൾക്കൊള്ളാൻ കഴിയുന്ന അനുഷ്ഠാനവുമാണ്. ***യാ അയ്യുഹന്നാസു*** എന്നതിനുപകരം ***യാ അയ്യുഹല്ലദീന ആമനൂ*** എന്ന സംബോധനയ്ക്ക് മറ്റൊരു കാരണം അന്വേഷിക്കേണ്ടതില്ല.

### കുതിബ അലയ്കുമുസ്സിയാമു

വ്രതം സംബന്ധിച്ച് വിശ്വാസികൾക്ക് അറിയിക്കപ്പെട്ട ആദ്യത്തെ നിർദ്ദേശമാണിത്. അല്ലാഹു പറയുന്നു. നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അവ്യക്തതയോ അസന്നിഗ്ദ്ധതയോ കൂടാതെ ഏതൊരാൾക്കും എളുപ്പം സുഗ്രാഹ്യമാകുമാറ് ഋജുവായിത്തന്നെ അല്ലാഹു നോമ്പിനെ അവതരിപ്പിക്കുന്നു. ആചരിക്കാൻ ബുദ്ധിമുട്ടുള്ള ഒരനുഷ്ഠാനമാണ് നോമ്പ് എന്ന് അല്ലാഹുവിനറിയാം. മനുഷ്യന്റെ പതിവുശീലത്തെ നിർബന്ധപൂർവ്വം അവനിൽനിന്ന് വിടുവിച്ച് അവനെ ഉപവാസത്തിന്റെയും ഉപാസനയുടെയും മാർഗ്ഗത്തിലേക്ക് അല്ലാഹു നയിക്കുകയാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ചെറുപ്പന്നെ ശീലിച്ചുപോന്ന സുഖവഴി നിഷേധിച്ചുകൊണ്ട് പ്രയാസമേറിയ ഒരു പരുക്കൻ പാതയിലേക്ക് മനുഷ്യനെ അല്ലാഹു നയിക്കുന്നു. അതുകൊണ്ട്, സംഭ്രമത്തിന് മനുഷ്യൻ വഴിപ്പെടാമെന്നതുകൊണ്ടാണ് അല്ലാഹു സമാശ്വസിപ്പിക്കുന്നതരത്തിൽ തടുർന്ന് പറയുന്നത്.

***കമാ കുതിബ അലല്ലദീന മിൻ ഖബ്‌ലികും*** ഇക്കാര്യത്തിൽ നിങ്ങൾക്ക് വേവലാതി ആവശ്യമില്ല. നിങ്ങൾക്ക് മുമ്പുള്ളവർക്കും ഇത് നിർബന്ധമാക്കപ്പെട്ട കാര്യം തന്നെയായിരുന്നു. ആ നിലയ്ക്ക് ഈ ഉത്തരവ് സ്വീകരിക്കാനും നടപ്പിലാക്കാനും കഴിയുന്നതെങ്ങനെ എന്നു വിചാരിച്ച് അന്യഥാ ക്ലേശിക്കേണ്ട കാര്യം നിങ്ങൾക്കില്ല.

### ലഅല്ലക്കും തത്തഖൂൻ

നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിനുവേണ്ടി, ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽനിന്നും സുരക്ഷിതരായിരിക്കുന്നതിനുവേണ്ടി, സദാ ദൈവികപാതയിൽ ജാഗ്രത്തായിരിക്കുന്നതിനുവേണ്ടി, ഒരു ചെറിയ ത്യാഗം ചെയ്ത് മഹാവിജയം കരസ്ഥമാക്കുന്നതിനുവേണ്ടി.

നോമ്പ് ഒരനുഗ്രഹമാണ്. പാപങ്ങൾ പൊറുക്കപ്പെടുന്നതിനുവേണ്ടി, മനസ്സിനെ മലിനചിന്തകളിൽനിന്ന് വിമുക്തമാക്കുന്നതിനുവേണ്ടി, ശരീരത്തെ ദുർമ്മേദസ്സിൽനിന്ന് സംരക്ഷിക്കുന്നതിനുവേണ്ടി, പട്ടിണിയെക്കുറിച്ചും ഞെരുക്കത്തെക്കുറിച്ചും. അനുഭവപാഠം ഉൾക്കൊള്ളുന്നതിനുവേണ്ടി, ആത്മശിക്ഷണം കൈവരിക്കുന്നതിനുവേണ്ടി, സാമൂഹ്യബോധം സൃഷ്ടിക്കുന്നതിനുവേണ്ടി.

### അയ്യാമൻ മഅ്ദൂദാത്ത്

തുടർന്ന് അല്ലാഹു വ്രതാനുഷ്ഠാനത്തെക്കുറിച്ച് ചില വിശദീകരണങ്ങൾ നല്കുന്നു. വ്രതം നിർബന്ധമാക്കപ്പെട്ടു എന്നു പറയുമ്പോൾ സ്വാഭാവികമായും വിശ്വാസികൾ ചോദിച്ചുതുടങ്ങും. വ്രതം എപ്പോഴാണ്, എങ്ങനെയാണ് അനുഷ്ഠിക്കേണ്ടത്? ആർക്കൊക്കെയാണ് അതിനുള്ള ബാദ്ധ്യത? ബന്ധപ്പെട്ട നിയമങ്ങൾ എന്തൊക്കെയാണ്? ഇത് സംബന്ധിച്ച വിശദീകരണത്തിന്റെ ആരംഭത്തിൽതന്നെ അല്ലാഹു പറയുന്നു. വ്രതം ചില നിശ്ചിത ദിവസങ്ങളിൽ മാത്രമാണ്. എപ്പോഴത്തേക്കുമായി അത് നിശ്ചയിക്കപ്പെട്ടിട്ടില്ല. ഒരാശ്വാസവചനമായി വേണം ഈ വിശദീകരണത്തെ കാണാൻ. അതായത് വ്രതം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു എന്നറിഞ്ഞ് ആരും പരിഭ്രമിക്കേണ്ട കാര്യമില്ല, കുറഞ്ഞ ദിവസങ്ങളിൽ അത് പരിമിതമാണ് എന്ന് അല്ലാഹു വിശ്വാസികളെ അറിയിക്കുന്നു.

### രോഗികൾക്കും യാത്രയ്ക്കാർക്കും ഇളവ്

അല്ലാഹു, വീണ്ടും സമാശ്വാസത്തിന്റെ ഭാഷയിൽ ‘എല്ലാവർക്കുമായി നോമ്പ് നിർബന്ധമാക്കപ്പെട്ടിട്ടില്ല’ എന്ന് അറിയിക്കുന്നു.

***ഫമൻ കാന മിൻകും മരീളൻ ഔ അലാ സഫ***

***റിൻ ഫ ഇദ്ദത്തുമ്മിൻ അയ്യാമിൻ ഉഖർ*** – "എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ അവർ എണ്ണം പൂർത്തിയാക്കിക്കൊള്ളട്ടെ."

ഇവിടെ അല്ലാഹു വിശ്വാസികളോട് ഉദാരമായിത്തന്നെ പെരുമാറുന്നു. അതായത് രോഗികളേയും യാത്രക്കാരേയും ഈ നിർബന്ധ വ്രതാനുഷ്ഠാനത്തിൽനിന്ന് അല്ലാഹു ഒഴിവാക്കുന്നു. പക്ഷെ, രോഗികൾ രോഗവിമുക്തരായിക്കഴിഞ്ഞാലുടനെയോ യാത്രക്കാർ യാത്ര അവസാനിച്ചു സ്വവസതിയിലെത്തിക്കഴിഞ്ഞാലുടനെയോ വിട്ടുപോയ നോമ്പുകൾ നോറ്റു വീട്ടേണ്ടതാണ്. ഇതിന് സമയപരിധി കല്പിക്കപ്പെടുന്നില്ലെങ്കിലും അടുത്ത റമദാനു മുമ്പ് നോറ്റുവീട്ടണം എന്നതാണ് പ്രബലമായ അഭിപ്രായം.

രോഗവും യാത്രയും നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധേയമാണ്. അത് വ്യക്തികളുടെ മനോഗതത്തെ ആശ്രയിച്ച് അവർതന്നെ തീരുമാനിക്കേണ്ടതാണ്. അതിനിസ്സാരമായ ഒരു തുമ്മലോ, ജലദോഷമോ, നീരുവീഴ്ചയോ രോഗമായി ഒരു വിശ്വാസി വ്യാഖ്യാനിച്ചുകൂടാ. അതുപോലെതന്നെ, ഒട്ടും കായക്ലേശമില്ലാത്ത ഹ്രസ്വമായ ഒരു സവാരിയെ യാത്രയായും പരിഗണിച്ചുകൂടാ. എന്നുവെച്ച് ഒരാൾ കിടപ്പിലാവുകയോ അപകടമുഖത്ത് അകപ്പെടുകയോ ചെയ്താൽ മാത്രമേ 'രോഗി' എന്ന അവസ്ഥ കൈവരൂ എന്നും വ്യാഖ്യാനിച്ചുകൂടാ. പുറമേക്ക് രോഗലക്ഷണമില്ലാത്ത അവസ്ഥയിൽപോലും ഒരാൾക്ക് താനൊരു രോഗിയാണെന്ന് അനുഭവപ്പെടുകയും, ആ കാരണത്താൽ അയാളുടെ ദിനചര്യകളും പതിവുകളും അസ്വസ്ഥമാവുകയും ചെയ്യുകയാണെങ്കിൽ അയാൾ ഒരു രോഗിതന്നെ. അല്ലാഹു അനുവദിച്ച ആനുകൂല്യം അയാൾക്ക് അനുഭവിക്കാവുന്നതാണ്. യാത്രയെക്കുറിച്ച് 'നമസ്കാരം ഖസ്റാക്കുന്ന ദൂരം' എന്ന അഭിപ്രായമുണ്ട്. പക്ഷെ, ഖസ്റാക്കുന്ന ദൂരമെത്ര എന്ന് നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തിടത്തോളംകാലം അതിൽ ഊന്നി ഒരു നിശ്ചയമെടുക്കാൻ നിവൃത്തിയില്ല. ഇവിടെ തീരുമാനം ഓരോരുത്തരുടേയും മനഃസാക്ഷിയുടെ തീർപ്പിന് വിടുകയാണുത്തമം. അല്ലാഹു ആ വിധത്തിലുള്ള സ്വാതന്ത്ര്യമാണ് ഇക്കാര്യത്തിൽ വിശ്വാസികൾക്ക് അനുവദിച്ചു നല്കിയിരിക്കുന്നത്. സ്വാതന്ത്ര്യത്തെ ശരിയായ വിധത്തിൽ ഉപയോഗിക്കുമ്പോൾ അത് അല്ലാഹുവിന്റെ മാർഗ്ഗമായിത്തീരുന്നു. സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുമ്പോൾ അനുഷ്ഠാനങ്ങൾക്കും വിശ്വാസങ്ങൾക്കുതന്നെയും പ്രസക്തി നഷ്ടപ്പെടുന്നു. ഇത് ശ്രദ്ധയിലുണ്ടായിരിക്കേണ്ടതാണ്.

### ഫിദ്‌യത്തുൻ തആമു മിസ്കീൻ

തുടർന്ന് വിശ്വാസികളെ വീണ്ടും സമാശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു.

***വ അലല്ലദീന യുത്വീഖൂനഹൂ ഫിദ്‌യത്തുൻ തആമു മിസ്കീൻ***– "പ്രായശ്ചിത്തം നല്കാൻ കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നല്കേണ്ടതാണ്."

ഈ വാക്യഭാഗത്തിന് വളരെ ഞെരുങ്ങി നോമ്പെടുക്കാൻ കഴിവുള്ളവർ ഒരഗതിയുടെ ഭക്ഷണം പ്രായശ്ചിത്തമായി നല്കേണ്ടതാണ് എന്ന മറ്റൊരു അർത്ഥഭേദം നിലവിലുണ്ട്. യുത്വീകൂനഹൂ എന്ന പദത്തെ വ്യത്യസ്തമായി സമീപിക്കുമ്പോൾ ലഭിക്കുന്ന അർത്ഥഭേദമാണിത്.

രോഗികൾക്ക് അല്ലാഹു നല്കിയ മറ്റൊരു സാന്ത്വനമായി വേണം ഈ വാക്യഭാഗത്തെ വിശദീകരിക്കാൻ, രോഗിയെ സംബന്ധിച്ച്, മറ്റൊരു സന്ദർഭത്തിലേക്ക് നോമ്പ് നീട്ടിവയ്ക്കാനുള്ള അനുവാദം അല്ലാഹു നേരത്തേ നല്കിക്കഴിഞ്ഞതാണ്. ഇതു പക്ഷെ റമദാനിൽ രോഗിയാകുന്നവർക്കുള്ള ആനുകൂല്യമാണ്. ചിലർ നിത്യരോഗികളായിരിക്കാം. മറ്റു ചിലർക്ക് നടപ്പുസമയത്ത് രോഗമുണ്ടാവില്ല. പക്ഷെ, അവർ സദാ അപകടമുഖത്തായിരിക്കാം. ഹൃദ്രോഗികളോ ശക്തിയായ അൾസർ ബാധിതരോ തങ്ങൾക്ക് ആരോഗ്യമുണ്ടല്ലോ എന്ന് കരുതി നോമ്പെടുക്കുകയാണെങ്കിൽ ചിലപ്പോൾ അവരിലെ രോഗം പെട്ടെന്നുണർന്ന് മാരകമായി പരിണമിച്ചെന്നുവരാം. ഇവർക്കു പുറമെ ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും. ഇവർ രോഗികളല്ലെങ്കിലും കായക്ലേശമനുഭവിക്കുന്നവരായിരിക്കും. ഒരു കുഞ്ഞ് സ്വശരീരത്തിൽ വളരുന്നു എന്നതിനാൽ അങ്ങനെയുള്ളവർ നോമ്പെടുക്കുമ്പോൾ ആ കുഞ്ഞിനുതന്നെ അപകടം സംഭവിക്കാം. മുലയൂട്ടുന്ന സ്ത്രീയും നോമ്പിനൊരുങ്ങുമ്പോൾ കുഞ്ഞിന് ലഭിക്കുന്ന പോഷകാഹാരത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞേക്കാമെന്നതിനാൽ അത് കുഞ്ഞിനോട് കാണിക്കുന്ന അന്യായമായി മാറിയെന്നുവരാം. വൃദ്ധജനങ്ങളുടെ കാര്യവും ഇവിടെ അവഗണിക്കാവുന്നതല്ല. ഇവരെല്ലാമാണ് 'ഞെരുങ്ങി നോമ്പെടുക്കുന്നവർ'. ഞെരുങ്ങിയാൽ നോമ്പെടുക്കാൻ അവർക്ക് കഴിയുമായിരിക്കാം. പക്ഷെ, സ്വന്തം ജീവനെ അവർ അപകടത്തിലാക്കുകയാണ്. ഗർഭിണിയോ മുലയൂട്ടുന്ന സ്ത്രീയോ ആണെങ്കിൽ കുഞ്ഞിനോടുള്ള അന്യായവുമാണത്. അവർ ആ നിലയ്ക്ക് നോമ്പ് നോല്ക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നില്ല, ഉദ്ദേശിക്കുന്നുമില്ല. അവർക്ക് നോമ്പ് നീട്ടിവയ്ക്കാം, ഫിദ്‌യ കൊടുക്കാം. അതല്ലെങ്കിൽ നോമ്പ് നീട്ടിവയ്ക്കാം, ഫിദ്‌യ കൊടുക്കാതിരിക്കാം. അതുമല്ലെങ്കിൽ ഫിദ്‌യ കൊടുക്കാം, നോമ്പ് വേണ്ടെന്നുവയ്ക്കാം. അപ്പോഴും ഫിദ്‌യ കൊടുക്കാനുള്ള കഴിവ് അവർക്കില്ലെങ്കിൽ ഫിദ്‌യയും നോമ്പും അവർക്ക് വേണ്ടെന്ന് വയ്ക്കാം. ***ലാ യുകല്ലിഫുല്ലാഹു നഫ്സൻ*** എന്ന അല്ലാഹുവിന്റെ പാഠമാണ് ഇവിടെ അന്തിമമായും പരമമായും വിശ്വാസികൾക്ക് മാർഗ്ഗദർശനമായിത്തീരേണ്ടത്.

'നോമ്പിനു കഴിവുള്ളവർ നോമ്പ് ഉപേക്ഷിക്കുന്ന പക്ഷം ഫിദ്‌യ കൊടുക്കേണ്ടതാണ്' എന്ന ഒരു പാഠഭേദം അവതരിപ്പിച്ചുകൊണ്ട് ഈ വാക്യഭാഗത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. നോമ്പ് നോല്ക്കാൻ സർവ്വപ്രകാരേണയും അർഹരായവർക്ക് അല്ലാഹു ആദ്യകാലത്ത് അനുവദിച്ച ആനുകൂല്യമാണിതെന്ന് അവർ അവകാശപ്പെടുന്നു. നോമ്പെടുക്കാൻ ബുദ്ധിമുട്ടുണ്ടെ

ങ്കിൽ അവർക്ക് നോമ്പ് ഒഴിവാക്കാമെന്നും പകരം ഫിദ്‌യ നല്കിയാൽ മതിയെന്നും അവർ പറയുന്നു. ഇപ്രകാരം മുൻകാലത്ത് നോമ്പ് നോല്ക്കാതെ ഫിദ്‌യ കൊടുത്ത് ഈ സൗജന്യത്തെ വിശ്വാസികൾ അനുഭവിച്ചുവത്രെ! ഒരു വർഷത്തിനുശേഷമിറങ്ങിയ ***ശഹ്റു റമളാനല്ലദീ*** എന്ന ആയത്തോടുകൂടി ഈ വാക്യഭാഗം നസ്ഖ് ചെയ്യപ്പെട്ടു എന്നിവർ വാദിക്കുന്നു.

**തആമു മിസ്കീൻ**

ഇവിടെ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. നോമ്പിനു കഴിവുള്ളവർ നോമ്പുപേക്ഷിക്കുന്ന പക്ഷം പ്രായശ്ചിത്തം നല്കേണ്ടതാണ് എന്ന് ഒഴുക്കൻ മട്ടിൽ പറയുകയാണെങ്കിൽ അത് ശരിയോ സോദ്ദേശ്യപൂർണ്ണമോ ആവില്ല. നോമ്പിനു കഴിവുള്ളവർ നോമ്പു നോല്ക്കുക തന്നെയാണ് വേണ്ടത്. ഫർളാക്കപ്പെട്ട കാര്യത്തിന് പ്രായശ്ചിത്തം വിധിക്കുന്നതിൽ അർത്ഥമില്ല. അങ്ങനെയാണ് അല്ലാഹു ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു ബലഹീനത പ്രകടിപ്പിച്ചു എന്നാണ് കരുതേണ്ടി വരിക. അല്ലാഹു ബലഹീനനോ നിസ്സഹായനോ അല്ലെന്നതിനാൽ അതൊരിക്കലുംശരിയല്ലതന്നെ. നോമ്പിന് കഴിവില്ലാത്തവരാണ് പ്രായശ്ചിത്തം നല്കേണ്ടത്. ഞെരുങ്ങി നോമ്പെടുക്കുക എന്ന് പറയുമ്പോൾ കഴിവില്ലായ്മ തന്നെയാണ് പ്രകടമാവുന്നത്. സ്വന്തം കഴിവില്ലായ്മയിൽ ദുഃഖിക്കുന്നവർക്കാണ് റമദാന്റെ അനുഗ്രഹം നഷ്ടപ്പെട്ടുപോകാത്ത നിലയിൽ ഫിദ്‌യ ഏർപ്പെടുത്തിയിട്ടുള്ളത്. അവരെ സംബന്ധിച്ചിടത്തോളം അവരുടെ ദുഃഖനിവാരണമാർഗ്ഗവും കൂടിയാണ് ഫിദ്‌യ.

ഒരു സാധുവിനുള്ള ആഹാരമാണ്– ***തആമു മിസ്കീൻ***– ഫിദ്‌യയായി ഖുർആൻ നിർദ്ദേശിക്കുന്നത്. ആഹാരം എന്നുപറയുമ്പോൾ രണ്ടുനേരം ഒരാൾക്ക് തൃപ്തിയോടെ കഴിക്കാവുന്ന അളവിലുള്ള ഭക്ഷ്യപദാർത്ഥം എന്നാണ് അർത്ഥമാക്കേണ്ടത്. ഏതു രീതിയിലുള്ള ഭക്ഷണം എന്ന ചോദ്യത്തിന് പ്രസക്തിയില്ല. ഫിദ്‌യ നല്കുന്ന ആൾ ഏതു രീതിയിലുള്ള ഭക്ഷണമാണോ സാധാരണയായി കഴിക്കാറുള്ളത് ആ രീതിയിലുള്ള ഭക്ഷണം എന്ന് ന്യായമായും അതിനെ നിർവചിക്കേണ്ടതാണ്. പാകംചെയ്ത ഭക്ഷണം തന്നെയാവണമെന്നില്ല. തുല്യമായ ധാന്യവുമാകാം. ഒരു മുദ്ദ്– രണ്ടു കൈകളും ചേർന്ന് വാരിയാൽ കിട്ടുന്നത്ര ധാന്യം എന്ന ഒരു കണക്കുണ്ട്. ആഹാരത്തിനും ധാന്യത്തിനും പകരം അതിന്റെ വില കണക്കാക്കി അത്രയും തുക ഫിദ്‌യയായി നല്കാവുന്നതാണ്.

**തഥവ്വഅ ഖയ്റൻ**

മഹാമനസ്കനും അത്യുദാരനുമായ അല്ലാഹു തുടർന്ന് പറയുന്നു:

"***ഫമൻ തഥവ്വഅ ഖയ്റൻ ഫഹുവഖയ്റുല്ലഹു***– ഇനി ആരെങ്കിലും പൂർണ്ണമായ അനുസരണം കാണിച്ചുകൊണ്ട് വല്ല നന്മയും ചെയ്യുന്നു എങ്കിൽ അത് അയാൾക്ക് ഗുണകരമായിരിക്കും."

നന്മയിലേക്ക് അല്ലാഹു മനുഷ്യരെ കൈപിടിച്ചു നടത്തിക്കുന്ന അഭിരാമമായ കാഴ്ചയാണ് ഇവിടെ നാം ദർശിക്കുന്നത്. നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു എന്ന് അല്ലാഹു മനുഷ്യരോട് പറഞ്ഞു. മനുഷ്യരെ മർക്കട മുഷ്ടിയോടെ പട്ടിണിക്കിടാനോ ഏകപക്ഷീയമായി അവരുടെ സുഖങ്ങളെ കവർന്നെടുക്കാനോ ഉദ്ദേശിച്ചുകൊണ്ടല്ല അല്ലാഹു നോമ്പിനെ നിർദ്ദേശിച്ചത്, മറിച്ച് അല്ലാഹു അവന്റെ കാരുണ്യാതിരേകം കാരണമായി അഭൂതപൂർവ്വമായ നന്മയുടെ വാതിൽ മനുഷ്യരുടെ മുമ്പിൽ തുറന്നിടുകയാണ്. നോമ്പിലൂടെ നേടിയെടുക്കാവുന്ന മഹാനേട്ടങ്ങളെക്കുറിച്ച് മനുഷ്യർക്ക് ചിന്തിക്കാവുന്നതേയുള്ളൂ. ആത്മീയമായ നേട്ടം മാത്രമല്ല നോമ്പുകൊണ്ടുദ്ദേശിക്കപ്പെടുന്നത്. അത് മാത്രമാകുമ്പോൾ നാണയത്തിന്റെ ഒരുവശം മാത്രമേ ആകുന്നുള്ളൂ. ഇഹലോകവും പരലോകവും ഒരുപോലെ അല്ലാഹു മനുഷ്യർക്ക് വെച്ചുനീട്ടിയിരിക്കുന്നു എന്ന കാര്യം വിസ്മരിച്ചുകൂടാ. ഇഹലോകം ഏണിയാണ്. അതിലൂടെയാണ് കയറേണ്ടത്. പരലോകമെത്തിപ്പെടാൻ മറ്റു മാർഗ്ഗമൊന്നുമില്ലെന്നതിനാൽ ഇഹലോകം അപ്രധാനമല്ല. അങ്ങനെ വിചാരിക്കാനും, ലൗകിക കാര്യങ്ങളെ വിരക്തിയോടെ നോക്കിക്കാണാനും ഇസ്‌ലാം അനുവദിക്കുന്നതേയില്ല. ആ നിലയ്ക്ക് ഏറ്റവും പ്രധാനമായ ഈ അനുഷ്ഠാനം ലൗകികനേട്ടത്തെ അവഗണിക്കുന്നതാവാൻ വഴിവയ്ക്കുന്നതെങ്ങനെ?

നോമ്പിന്റെ ഏറ്റവും വലിയ ധർമ്മം ഇച്ഛാശക്തിയാർജ്ജിക്കുക എന്നതാണ്. ആഹാരപാനീയാദികൾ ഉപേക്ഷിക്കുകയെന്നത് ഇത്ര വലിയ കാര്യമാണോ എന്ന് അറിവില്ലാത്തവരും അനുഭവമില്ലാത്തവരും ചോദിച്ചെന്നു വരാം. അത് കാര്യം തന്നെയാണ്. സുലഭമായ ആഹാരപാനീയാദികളുടെ മധ്യത്തിലിരുന്നുകൊണ്ടാണ് അവയെ ഉപേക്ഷിക്കുന്നതെന്ന് മനസ്സിലാക്കണം. മനുഷ്യരാരും പറഞ്ഞിട്ടല്ല, ഏതെങ്കിലുമൊരു ഭൗതികശക്തിയുടെ ആജ്ഞാധികാരത്തിന്റെ ഫലമായിട്ടല്ല. ഏതെങ്കിലുമൊരു ഭൗതികശക്തിയോ അധികാരകേന്ദ്രമോ നിരീക്ഷണവിധേയമാക്കിയിട്ടുമല്ല. ആരും കാണാതെ സ്വകാര്യതയിലിരുന്ന് ഇത്തിരിയാഹാരമകത്താക്കാൻ ആർക്കാണ് കഴിയാതിരിക്കുക. ആർക്കാണ് അതിനെ തടുക്കാൻ കഴിയുക. എന്നിട്ടുപോലും മനുഷ്യരെ ഭയന്നല്ല, അല്ലാഹുവെന്ന മഹത്ശക്തിയുടെ സർവ്വജ്ഞതയെക്കുറിച്ചുള്ള സൂക്ഷ്മാവബോധത്തോടെ അന്നപാനീയങ്ങളിൽനിന്നും മറ്റെല്ലാതരം സുഖഭോഗങ്ങളിൽനിന്നും മാറിനില്ക്കുന്നത് തീവ്രമായ ത്യാഗബോധം കാരണമായിത്തന്നെയാണ്. ആരംഭഘട്ടത്തിൽ ഉത്ക്കടമായി ഉയർന്നുവരുന്ന ഭക്ഷണക്കൊതിയേയും സുഖാസക്തിയേയും അടക്കിനിർത്തി ശരീരത്തെ ശാസിച്ചുനിർത്തുമ്പോൾ ഇച്ഛാശക്തിയുടെ അജയ്യത തന്നെയാണ് വെളിപ്പെടുന്നത്.

ആത്മശുദ്ധീകരണത്തോടൊപ്പം ശാരീരികമായ ശുദ്ധീകരണവും നോമ്പ് സാധിപ്പിച്ചുതരുന്നു. മനുഷ്യമനസ്സ് സദ്–ദുർ വികാരങ്ങളുടെ സമ്മിശ്രമാണ്. ഒരു ഭാഗത്ത് ഭൗതികജീവിതത്തിന്റെ പ്രലോഭനം മനസ്സിനെ 'ളുലുമാത്തി'ലേക്ക്– ക്ഷണഭംഗുര സുഖഭോഗജീവിതത്തിലേക്ക് എടുത്തുചാടാൻ പ്രേരിപ്പിക്കുമ്പോൾ മറുഭാഗത്ത് പരലോകജീവിതത്തിന്റെ പ്രകാശനാളം ഒരു

ജ്വാലയായി വന്ന് മനുഷ്യമനസ്സിനെ വിപത്‌വിമുക്തമാക്കുന്നു. ഒരു സംഘട്ടനമാണിതെന്ന് പറയാം. രണ്ടു വഴികൾ തമ്മിലുള്ള സംഘട്ടനം. രണ്ടു വികാരങ്ങൾ തമ്മിലുള്ള നിരന്തരമായ സമരം. ഈ സമരത്തിൽ അവന് ഫലം ചെയ്യുന്ന ഏറ്റവും വലിയ ആയുധമാണ് വ്രതാനുഷ്ഠാനം. വൈദ്യശാസ്ത്രം ഉപവാസത്തിനു കല്പിക്കുന്ന പ്രാധാന്യം പ്രത്യേകമായിത്തന്നെ ഉപന്യസിക്കേണ്ട ഒരു വിഷയമാണ്. സാമൂഹ്യനന്മയുടെ വിശാലലോകത്തിലേക്കുള്ള പ്രധാനവാതായനം കൂടിയാണ് നോമ്പ്. സമത്വബോധം വളർത്താൻ അതിനോളം പ്രയോജനം ചെയ്യുന്ന മറ്റൊരു അനുഷ്ഠാനമില്ലതന്നെ. അന്യരെക്കുറിച്ച് അനുതാപപൂർണ്ണമായ ആലോചനകൾ അകതാരിലേക്ക് കടന്നുവന്ന്, ***കാനന്നാസു ഉമ്മതൻ വാഹിദത്തൻ–*** മനുഷ്യൻ ഒറ്റ സമുദായമായിരുന്നു എന്ന ആ മഹത്വപൂർണ്ണമായ ആശയപ്രപഞ്ചത്തിലേക്ക് അവനെ നയിക്കാൻ പര്യാപ്തമാക്കുന്നതും നോമ്പുതന്നെ.

അതുകൊണ്ടുതന്നെ മനുഷ്യനെ അതിഭൗതികതയിൽനിന്ന് മോചിപ്പിക്കുന്ന മോഹനമാർഗ്ഗമായിട്ടാണ് നോമ്പിനെ അല്ലാഹു കാണുന്നത്. സർവ്വവിധത്തിലുള്ള ഇരുളിൽനിന്നും മോചിപ്പിച്ച് പ്രകാശത്തിലേക്ക് നയിക്കുന്നതിനുവേണ്ടി അവൻ ആസൂത്രണം ചെയ്ത അനുഷ്ഠാനമാണിത്.

***തആമു മിസ്കീൻ*** എന്ന് അല്ലാഹു പറഞ്ഞത് പ്രായശ്ചിത്തമായിട്ടാണ്. വ്രതകാലത്ത് വിശന്നിരിക്കുമ്പോൾ വിശപ്പെന്താണെന്ന് നിങ്ങളറിയുന്നു. അതിന്റെ കാഠിന്യമറിയുന്നു. സുഖഭോഗങ്ങളിൽനിന്ന് വിട്ടുനിൽക്കുമ്പോൾ നിങ്ങളനുഭവിച്ചുകൊണ്ടിരുന്ന സുഖമെന്താണെന്ന് നിങ്ങളറിയുന്നു. നിങ്ങൾക്കുള്ളതെന്തെന്നും അന്യർക്കില്ലാത്തതെന്തെന്നും അറിയുന്നു. പട്ടിണിയും പരിവട്ടവും ചുറ്റിനുമുണ്ടെന്ന കാര്യം നിങ്ങൾക്ക് വെളിച്ചം തരുന്നു. സൃഷ്ടിസേവനപാതയിലേക്ക് നിങ്ങൾ പ്രവേശിക്കുന്നു. അതിന്റെ ആദ്യപടിയാണ് ***തആമു മിസ്കീൻ***. നോമ്പുനോല്ക്കുന്നവർക്കും ***തആമു മിസ്കീൻ*** എന്ന ഫിദ്‌യ നല്കാം. നോമ്പുകാലത്ത് ഒരു കൊടുങ്കാറ്റുപോലെയാണ് പ്രവാചകശ്രേഷ്ഠന്റെ പുണ്യമാക്കപ്പെട്ട കൈകൾ പ്രവർത്തിച്ചിരുന്നത് എന്ന ചരിത്ര യാഥാർത്ഥ്യം വിശ്വാസികൾക്ക് രോമാഞ്ചമണിയിച്ചാൽ പോരാ, അത് ജീവിതത്തിൽ പ്രകാശമായി പതിച്ച് മനസ്സിൽ ഒളിച്ചുകഴിയുന്ന ഇരുട്ടിനെ കുടിയൊഴിപ്പിക്കുവാൻ പര്യാപ്തമാകുന്ന ഊർജ്ജമായിത്തീരുകയും ചെയ്യണം.

***തആമു മിസ്കീനിൽ***നിന്ന് അപ്പുറത്തേക്ക് ചിന്തിച്ചുകൊണ്ട് വീണ്ടും വീണ്ടും നന്മ ചെയ്യുവാനാണ് അല്ലാഹു നമ്മോടാവശ്യപ്പെടുന്നത്. ഈ നന്മയ്ക്ക് അടിസ്ഥാനമായിവർത്തിക്കേണ്ടത് ***തഥവ്വഅ ഖയ്റൻ*** പൂർണ്ണമായ അനുസരണമാണ്. അതാണ് നോമ്പിലൂടെ നല്കപ്പെടുന്ന ആഹ്വാനം. ഈ ആഹ്വാനം അഥവാ അനുസരണം സ്വായത്തമാക്കിക്കൊണ്ട് മനുഷ്യകുലത്തിനുവേണ്ടി ആകാവുന്ന നന്മകൾ നിരന്തരമായിത്തന്നെ ചെയ്തുകൊണ്ടിരിക്കാൻ മഹിതമായും മധുരമായും അല്ലാഹു വിശ്വാസികളോട് ആവശ്യപ്പെടുന്നു.

**വഅൻതസൂമൂ ഖയ്റുല്ലകും**

വ്രതാനുഷ്ഠാനത്തെക്കുറിച്ചുള്ള ആദ്യനിർദ്ദേശം അല്ലാഹു അതിമനോഹരമായിത്തന്നെ ഇപ്രകാരം സംക്ഷേപിക്കുന്നു.

***വ അൻതസൂമൂ ഖയ്റുല്ലകും ഇൻകുൻതും തഅ്ലമൂൻ–*** നോമ്പനുഷ്ഠാനം നിങ്ങൾക്ക് ഗുണകരമാണ്, നിങ്ങൾ അറിയുന്നവരാണെങ്കിൽ." (*2:185*)

ഏതുനിലയ്ക്കു പരിശോധിച്ചാലും വ്രതാനുഷ്ഠാനം മനുഷ്യർക്ക് ഗുണം ചെയ്യുന്ന ഒരു കർമ്മപരിപാടിയാണ്. അത് ആത്മോൽക്കർഷത്തിനും ശരീരശുദ്ധീകരണത്തിനും കാരണമായി വർത്തിക്കുന്നു. പരിത്യാഗശീലത്തെ പരിപോഷിപ്പിക്കുന്നു. സമത്വബോധത്തെ ഊട്ടിവളർത്തുന്നു. മിതവ്യയശീലത്തെ സുസ്ഥാപിതമാക്കുന്നു. പരസ്പരബന്ധത്തെ പവിത്രീകരിക്കുന്നു. കാലുഷ്യത്തെ അകറ്റിനിർത്തുന്നു. മലിനവികാരങ്ങളെ വർജ്ജിക്കുന്നു. ഭൗതികജീവിതത്തിൽ ആമഗ്നം മുഴുകുന്ന മനുഷ്യന് ഏർപ്പെടുത്തപ്പെട്ട ഒരു ഗതിനിയന്ത്രണസൂത്രമാണിത്. മനുഷ്യർ എങ്ങോട്ടാണ് പോകുന്നതെന്ന തിരിച്ചറിവാണ് അത് മനുഷ്യന് പകർന്നുകൊടുക്കുന്നത്. 'വ്രതം ആത്മരക്ഷയ്ക്കുള്ള കവചം' എന്ന് റസൂൽ(സ) അരുളിയതും അതുകൊണ്ടുതന്നെ.

**ഫമൻശഹിദ മിൻകുമുശ്ശഹ്റ ഫൽയസുംഹു**

വിശ്വാസികൾക്ക് നോമ്പിനെക്കുറിച്ചൊരു ധാരണയുണ്ടാകാനുള്ള വിളംബരമാണ് മുൻ ആയത്തുകളിൽ നമുക്ക് കാണാൻ കഴിഞ്ഞത്. നോമ്പ് വിശ്വാസികൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. എപ്രകാരം പൂർവ്വികർക്ക് നിർബന്ധമാക്കപ്പെട്ടുവോ അപ്രകാരം. നോമ്പുകൊണ്ടുദ്ദേശിക്കുന്നതാവട്ടെ ദോഷബാധയിൽനിന്നുള്ള സംരക്ഷണവുമാണ്. തുടർന്ന് ചില ദിവസങ്ങളിൽ മാത്രമായി നോമ്പിനെ പരിമിതപ്പെടുത്തിയെന്ന് അല്ലാഹു പറയുന്നു. ഒരാശ്വാസവചനമാണിത്. വീണ്ടും ആശ്വാസവചനങ്ങൾ തന്നെ അല്ലാഹുവിൽ നിന്നുണ്ടാകുന്നു. രോഗികൾക്കും യാത്രക്കാർക്കും നോമ്പ് നീട്ടിവയ്ക്കാമെന്നതാണത്. ഞെരുങ്ങി നോമ്പെടുക്കാനും അല്ലാഹു ആവശ്യപ്പെടുന്നില്ല. അത്തരക്കാർക്ക് ഫിദ്‌യ കൊടുക്കാവുന്നതേയുള്ളൂ. ഫിദ്‌യപോലും ഒരാളുടെ കഴിവിനെ ആശ്രയിച്ച് കൊടുത്താൽ മതിയാകും. ഇതൊക്കെയാണെങ്കിലും സമാശ്വാസത്തിന്റെ ഈ വാചാമൃതം കലാശിക്കുന്നത് സ്നിഗ്ദ്ധമായ ഒരു സത്യപ്രസ്താവത്തോടെയാണ്. 'അറിയുമെങ്കിൽ നിങ്ങൾക്ക് അത്യുത്തമം നോമ്പുതന്നെ.' മറ്റൊന്നും നിങ്ങൾക്ക് തുണയാവില്ല. രക്ഷാ മോക്ഷം ഈ അനുഷ്ഠാനത്തെ മുറുകെപ്പിടിക്കുമ്പോഴാണ് ലബ്ധമാവുക.

**നോമ്പ് കല്പനയാവുന്നു**

ഈ പരിചയപ്പെടുത്തലിനുശേഷം അല്ലാഹു ഖണ്ഡിതമായിത്തന്നെ വിശ്വാസികളോട് കല്പിക്കുന്നു.

***ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആനു ഹുദല്ലിന്നാസി വ ബയ്യിനാതിമ്മിനൽ ഹുദാ വൽഫുർഖാൻ–*** സമസ്ത മനുഷ്യർക്കും സന്മാർഗ്ഗ

ദായകവും മാർഗ്ഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് ***ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽയസുംഹു***– നിങ്ങളിലാരെങ്കിലും ഈ മാസത്തിനു സാക്ഷിയാവുകയാണെങ്കിൽ അവൻ അതിൽ വ്രതമനുഷ്ഠിക്കട്ടെ. ഖണ്ഡിതമായ ഒരു വചനമാണ് അല്ലാഹു ഇവിടെ വിശ്വാസികളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. രണ്ട് ഭാഗമാണിതിനുള്ളത്. ആദ്യത്തേത് ഒരു വസ്തുതയേയോ കാരുണ്യത്തേയോ പ്രതിപാദിക്കുന്നു. രണ്ടാമത്തേത് പഴുതില്ലാത്ത ഒരു കല്പനയെ പ്രസ്ഫുടമായിത്തന്നെ അവതരിപ്പിക്കുന്നു.

റമദാൻ അനുഗൃഹീതമാസമാണ്. അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹം റമദാൻ മാസത്തിലാണ് മനുഷ്യരാശിക്ക് കൈവന്നിട്ടുള്ളത്. അത് സമസ്തമനുഷ്യർക്കും സന്മാർഗ്ഗദായകമായ ഖുർആനാണ്. മാർഗ്ഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ അതിലുൾക്കൊള്ളുന്നു. അതുകൊണ്ടുതന്നെ ഏറ്റവും ആദരണീയവും ശ്രദ്ധാഞ്ജലികളർപ്പിക്കേണ്ടതുമായ മാസമായി മാറുന്നു റമദാൻ.

ഇവിടെ ഒരു ചോദ്യത്തിന് പ്രസക്തിയുണ്ട്. ഖുർആൻ പൂർണ്ണമായവതരിച്ചത് റമദാനിലല്ലെന്നിരിക്കെ ***ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ*** എന്ന് പറയുന്നതിന്റെ ന്യായമെന്ത്? ഇതിന് ഹസ്റത്ത് ഖലീഫത്തുൽമസീഹ്സാനി(റ) രണ്ട് കാരണങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. 1) ഖുർആൻ അവതരണാരംഭമുണ്ടായത് റമദാൻ മാസത്തിലാണ്, അതായത് ഒരു റമദാൻ 24–നാണ് ഖുർആന്റെ തുടക്കം കുറിക്കപ്പെട്ടത്. (*മുസ്നദ്, ജരീർ*) 2) ഓരോ റമദാനിലും നബിതിരുമേനിക്ക് അത്രവരെ ഇറങ്ങിയ ഖുർആൻ ജിബ്രീൽ(അ) ആവർത്തിച്ചു കേൾപ്പിക്കുമായിരുന്നു. പ്രവാചകനിര്യാണത്തിന് തൊട്ടുമുമ്പത്തെ റമദാനിൽ മുഴുവൻ ഖുർആനും അപ്രകാരം കേൾപ്പിക്കപ്പെടുകയുണ്ടായി. (*ബുഖാരി*) ഈ കാരണംകൊണ്ടുതന്നെ ഖുർആൻ മുഴുവനുമായും റമദാനിൽതന്നെയാണ് അവതരിച്ചതെന്ന് അവകാശപ്പെടുകയാണെങ്കിൽ അതിന് അർത്ഥബലം കിട്ടാതിരിക്കേണ്ട കാര്യമില്ല.

സൂറ ഖദ്റിൽ, ലൈലത്തുൽ ഖദ്റിലാണ് ഖുർആൻ അവതരിച്ചതെന്ന് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ ലൈലത്തുൽ ഖദ്ർ എന്നു പറയുന്ന നിർണ്ണായകരാവ് റമദാനിലാണെന്ന കാര്യം അവിതർക്കിതമാണ്. അതായത് അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന ലൗഹുൽ മഹ്ഫൂളിൽ നിന്ന് ആയിരം മാസങ്ങളെക്കാൾ ഉത്തമമായ ആ നിർണ്ണയരാവിൽ ഖുർആൻ സമ്പൂർണ്ണമായിത്തന്നെ അടുത്ത ആകാശത്തിൽ അവതരിക്കുകയും അവിടെനിന്ന് അല്ലാഹു ആവശ്യാനുസരണം അല്പാല്പമായി 23 വർഷക്കാലത്തിനിടയിൽ റസൂൽ(സ)യ്ക്ക് ഇറക്കിക്കൊടുക്കുകയും ചെയ്തു എന്ന് ചില പ്രബലരേഖകൾ അവകാശപ്പെടുന്നു. അതെന്തായാലും റമദാൻതന്നെയാണ് മാസങ്ങളിൽവെച്ച് ഏറ്റവും അനുഗൃഹീതം. അതുകൊണ്ടുതന്നെ ***ശഹ്റു റമദാനല്ലദീ*** എന്ന പറയുമ്പോൾ അതീവഹൃദ്യമായ ഒരു സുഭാഷിതമാണ് അല്ലാഹു സമർപ്പിക്കാനൊരുങ്ങുന്നതെന്ന് സുമനസ്സുകൾക്ക് അറിയാനൊക്കുന്നു. അതുതന്നെയാണ് സംഭവിച്ചതും.

അല്ലാഹു പറയുന്നു: അനുഗ്രഹങ്ങളുടെ കവാടങ്ങൾ ഇതാ നാം തുറന്നുതന്നിരിക്കുന്നു. നിങ്ങളറിയേണ്ടതും, നിങ്ങൾ പറയേണ്ടതും, നിങ്ങളനുഷ്ഠിക്കേണ്ടതും അതാണ് ഖുർആൻ. അന്തിമവിധി സാഗരം. ഇനിയൊരു വിധി, മറ്റൊരു പ്രമാണം മനുഷ്യർക്കാവശ്യമില്ല. മുമ്പിറങ്ങിയ സർവ്വസന്ദേശങ്ങളുടേയും സാരസർവ്വസ്വമാണിത്. ഈ മാസത്തിന് നിങ്ങൾ സാക്ഷ്യം വഹിക്കും. അങ്ങനെ ഈ മാസത്തിന് സാക്ഷ്യംവഹിക്കുന്നവർ ആരാണോ അവർ അതിൽ നോമ്പനുഷ്ഠിക്കട്ടെ."

ഒരു ദിവസത്തേയ്ക്കോ, രണ്ടു ദിവസത്തേയ്ക്കോ, ഒരാഴ്ചത്തേക്കോ അല്ല നോമ്പനുഷ്ഠിക്കാനാവശ്യപ്പെടുന്നത്. റമദാൻ മാസത്തിന് സാക്ഷ്യം വഹിക്കുന്നവർ അഥവാ റമദാനിൽ ഹാജരുള്ളവർ ആരാണോ അവർ അതിൽ നോമ്പനുഷ്ഠിക്കട്ടെ എന്നാണ് പറയുന്നത്. അതിൽ എന്നു പറഞ്ഞാൽ റമദാനിൽ. റമദാനിൽ തുടങ്ങി റമദാൻ അപ്രത്യക്ഷമാവുന്നതുവരെ. ഒരു മാസമെന്ന് ചുരുക്കം.

### രോഗികൾക്കും യാത്രക്കാർക്കും ഇളവ്

നോമ്പിനുള്ള കല്പന പുറപ്പെടുവിച്ചു കഴിഞ്ഞയുടൻ മുൻ ആയത്തിലെ ഒരു വാക്യഭാഗം അല്ലാഹു ആവർത്തിക്കുന്നു. റമദാൻ മാസത്തിൽ പൊടുന്നനെ ആരെങ്കിലും രോഗിയായിപ്പോയെങ്കിൽ, യാത്രയിലാവുകയാണെങ്കിൽ അവർക്ക് നോമ്പനുഷ്ഠാനം നീട്ടിവയ്ക്കാവുന്നതാണ്. എത്ര നോമ്പാണോ അവർ വിട്ടുപോയത് അത്രയുമെണ്ണം മറ്റൊരവസരത്തിൽ അവർ നോറ്റുവീട്ടേണ്ടതാണ്. ഒരിക്കൽ പറഞ്ഞ കാര്യമായതുകൊണ്ട് ഇതൊരു ആവർത്തനമല്ലേ എന്നു ചിന്തിച്ചുപോകാം.

ഇതൊരാവർത്തനം തന്നെയാണ്. പക്ഷെ, അനാവശ്യമോ അധികപ്പറ്റോ ആയ ആവർത്തനമല്ല ഇത്. പ്രധാനപ്പെട്ട ഒരു കല്പനയുടെ ഭാഗമായി കാര്യങ്ങളെ വ്യക്തമാക്കുകയാണിവിടെ. നേരത്തേ പറഞ്ഞത് നോമ്പ് എന്ന അനുഷ്ഠാനത്തെ വിളംബരപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്. ഇപ്പോഴത്തേതാവട്ടെ കല്പനയുടെ ഭാഗമായിട്ടും. ഇപ്പോഴിത് ഇവിടെ പറയുന്നില്ലെങ്കിൽ കല്പനയ്ക്കുശേഷം ഈ ആനുകൂല്യം ബാധകമാവില്ലെന്ന ഒരു തെറ്റായ, നൂതനമായ ചിന്തയോ ധാരണയോ ചിലരിലെങ്കിലും കയറിപ്പറ്റാം. അതിനെ തടയുകയും നേരത്തെ പറഞ്ഞതിനെ വീണ്ടുമുറപ്പിക്കുകയും ചെയ്യുകയാണ്. അതായത് പില്ക്കാലത്ത് ഒരു സംശയത്തിന് സാദ്ധ്യത നല്കാതിരിക്കാനാണ് ഈ ആവർത്തനം ഇവിടെ ആവശ്യമായിത്തീർന്നത്.

### യുരീദുല്ലാഹു ബികുമുൽ യുസ്റ

അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. തനിക്കേറ്റവും പ്രിയപ്പെട്ടതും വിലപ്പെട്ടതുമായ സൃഷ്ടികളെ യുദ്ധത്തിലേക്കോ പട്ടിണിയിലേക്കോ

തള്ളിയിടാനുള്ള താല്പര്യം അല്ലാഹുവിനില്ല. അവരുടെ സുഖം അല്പം കുറയട്ടെ എന്ന വേണ്ടാവിചാരവും അവന്നില്ല. അവർക്ക്, വിനകളിൽനിന്നും വിഷമങ്ങളിൽനിന്നും വിപത്തുകളിൽനിന്നും വിനാശങ്ങളിൽനിന്നും വിമുക്തിയുണ്ടാവണമെന്ന വിശിഷ്ടമായ വിചാരം തന്നെയാണ് അല്ലാഹുവിനെ ഭരിക്കുന്നത്. അല്ലായിരുന്നുവെങ്കിൽ ഒരിക്കലുംതന്നെ അവൻ അവരെ സദ്യശസ്സിലേക്ക് നയിക്കുകയും ശാശ്വതവും സമാധാനപൂർണ്ണവുമായ ആവാസസങ്കേതം ഒരുക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നില്ല. മനുഷ്യർക്ക് നോമ്പ്, നമസ്ക്കാരം, സക്കാത്ത് തുടങ്ങിയ അനുഷ്ഠാനങ്ങളെല്ലാം തന്നെ അത്യുത്തമമായ ഒരു ലക്ഷ്യസാക്ഷാത്കാരത്തിനുവേണ്ടി അനുഭാവപൂർവ്വം അനുവദിക്കപ്പെട്ട വിധികളാണ്.

***യുരീദുല്ലാഹു ബികുമുൽ യുസ്റ്–*** അല്ലാഹു വിശ്വാസികൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. ***വലാ യുരീദു ബികുമുൽ ഉസ്റ്***. ഒരിക്കലുംതന്നെ പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല.

**എണ്ണം പൂർത്തിയാക്കുക**

റമദാനിൽ ഹാജരുള്ളവർ റമദാനിലെ മുഴുവൻ ദിവസങ്ങളും വ്രതമെടുക്കണം എന്നതാണ് അല്ലാഹുവിന്റെ കല്പന. ദിവസങ്ങളുടെ കണക്കിൽ അത് ഇരുപത്തിയൊമ്പതാകാം, മുപ്പതാകാം. പിറവിചന്ദ്രനെ കാണുന്നതോടുകൂടി നോമ്പവസാനിക്കുന്നു. ആരംഭവും അവസാനവും പിറവിചന്ദ്രൻ തന്നെ. ഇത് അല്ലാഹു നിശ്ചയിക്കപ്പെട്ട അളവാണ്. രോഗികൾക്കും യാത്രക്കാർക്കും നോമ്പ് നീട്ടിവയ്ക്കാനുള്ള അനുവാദം അല്ലാഹു നല്കിയതിന്റെ ഉദ്ദേശ്യംതന്നെ ഈ അളവിന്റെ പൂർത്തീകരണത്തിന് അവർക്ക് ഒരവസരം കൂടി നല്കുന്നതിനാണ്. ഞെരുങ്ങി നോമ്പെടുക്കാൻ കഴിയുന്നവർക്ക് ഫിദ്‌യ കൊടുക്കാൻ നിർദ്ദേശിച്ചതും ഈ അളവുമായി ബന്ധപ്പെടുത്തിത്തന്നെയാണ്.

അളവ് പ്രധാനമാണ്, നിർണ്ണായകവുമാണ്, സൗജന്യമോ സൗകര്യമോ നല്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് എണ്ണം പൂർത്തിയാക്കുന്നതിനുവേണ്ടി മാത്രമാണെന്ന് മനസ്സിലാക്കണം. അല്ലാഹു വിശ്വാസികളെ സന്മാർഗ്ഗത്തിലാക്കിയതിന് അവനെ മഹത്വപ്പെടുത്തുന്നതിനും എപ്പോഴും കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയുള്ളതാണ്, ഈ സൗജന്യങ്ങളെന്നും വിചാരിക്കാവുന്നതാണ്.

**വിശ്വാസികൾ ശ്രദ്ധിക്കുക.**

ഇവിടെ വിശ്വാസികൾ ശ്രദ്ധിച്ചു സ്വീകരിക്കേണ്ട ഒരു പാഠമുണ്ട്. അല്ലാഹു എളുപ്പത്തെയാണ്, ഞെരുക്കത്തെയല്ല ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കി. അതുപോലെതന്നെ വിശ്വാസികൾക്ക് ചില ആനുകൂല്യങ്ങളും അല്ലാഹു നിർദ്ദേശിച്ചു. അല്ലാഹുവിന്റെ ഈ ഉദ്ദേശ്യങ്ങളെ പരിശുദ്ധഹൃദയത്തോടെ മാത്രമേ വിശ്വാസികൾ സമീപിക്കാവൂ എന്നതാണ് പ്രസ്തുത പാഠം.

അതായത് സൗജന്യം അല്ലാഹു നല്കി എന്നതിനെ അടിസ്ഥാനമാക്കിയും എളുപ്പത്തെ അല്ലാഹു ഉദ്ദേശിക്കുന്നു എന്നതിനെ ആധാരമാക്കിയും ഒരു 'തുമ്മലും' 'അങ്ങാടിസവാരിയും' സൗജന്യത്തിനു മറയാക്കി നോമ്പിനെ നീട്ടിവയ്ക്കുകയാണെങ്കിൽ അത് അല്ലാഹു പൊരുത്തപ്പെടുന്ന കാര്യമാവില്ല. ഫിദ്‌യയുടെ കാര്യവും അതുതന്നെ.

യാത്രയെ സംബന്ധിച്ച് വിശ്വാസികൾ സ്വയം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നിർബന്ധപൂർവ്വമുള്ള യാത്രകളേ റമദാനിലാകാവൂ. ചില യാത്രകൾ നീട്ടിവയ്ക്കാവുന്നവയായിരിക്കും. അത്തരം യാത്രകൾ റമദാനുവേണ്ടി നീട്ടിവയ്ക്കുക. റമദാന് മുമ്പ് യാത്രകൾ പൂർത്തിയാക്കി റമദാനിലെ മുഴുവൻ ദിവസങ്ങളേയും അല്ലാഹുവിന്നുവേണ്ടി കരുതിവയ്ക്കുക. അതായത് യാത്രയുടെ പേരു പറഞ്ഞ് നോമ്പിനെ നീട്ടിവയ്ക്കാതെ നോമ്പിന്റെ ഉദ്ദേശ്യം മനസ്സിലാക്കി യാത്രയെ നേരത്തെതന്നെ നിർവ്വഹിക്കുകയോ അതല്ലെങ്കിൽ പിന്നീടത്തേയ്ക്ക് മാറ്റിവയ്ക്കുകയോ ചെയ്യണം. കാലിനനുസരിച്ച് ചെരുപ്പിനെ മുറിക്കണം. ചെരുപ്പിനനുസരിച്ച് കാല് മുറിക്കരുത്. ഇവിടെ യാത്രയെ ചെരുപ്പിന്റെ സ്ഥാനത്ത് കാണുക. കൊല്ലത്തിലൊരിക്കലാണ്– ഒരിക്കൽ മാത്രമാണ് റമദാൻ ജീവിതത്തെ സന്ദർശിക്കുന്നത്. റമദാനെത്തുമ്പോൾ അതിനെ ആർഭാടത്തോടെ, ഐശ്വര്യത്തോടെ, നിറഞ്ഞ മനസ്സോടെ സ്വീകരിച്ചാശ്ലേഷിക്കാൻ അഭൂതപൂർവ്വമായ ഉണർച്ചയോടെ വിശ്വാസികൾ കാത്തിരിക്കണം. റമദാനിലെ ഓരോ ദിവസത്തേയും അത്യന്തം അക്ഷമയോടെ, ആദരവോടെ, ആസക്തിയോടെ സമീപിക്കണം. അനുഗ്രഹങ്ങളൊന്നും നഷ്ടപ്പെട്ടുപോകരുത് എന്ന പ്രാർത്ഥനാപൂർണ്ണമായ മനസ്സോടെയായിരിക്കണം ഓരോ ദിവസത്തേയും സ്വീകരിക്കേണ്ടത്. ഒരു ദിവസം കഴിഞ്ഞാൽ മനസ്സിൽ ആക്രന്ദമുയരണം. ഒരു ദിവസം കഴിഞ്ഞു എന്ന ചിന്ത. അത് നഷ്ടമാകരുത്, അല്ലാഹുവിന്റെ പക്കൽ അത് ശിഷ്ടമാകണം. ഒരു റമദാൻ കഴിഞ്ഞാൽ ജീവിതത്തിൽ മറ്റൊരു റമദാൻ വിധിക്കപ്പെട്ടിട്ടുണ്ടോ? ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ ചോദ്യത്തിനുത്തരമില്ല. അതുകൊണ്ടുതന്നെ ഓരോ റമദാനേയും ഇത് തന്റെ അവസാനത്തെ റമദാൻ എന്ന നിലയ്ക്ക് വർദ്ധിതവീര്യത്തോടെ ആശ്ലേഷിക്കാൻ വിശ്വാസികൾ സന്നദ്ധരാകണം. ആ മഹത്തായ അനുഗ്രഹത്തിന്റെ മുമ്പിൽ നിസ്സാരമായ ഈ യാത്രകൾക്ക് എന്തു പ്രസക്തി?

ഇവിടെ, ആനുകൂല്യങ്ങളുടെ കാര്യമാണ് പറഞ്ഞുവന്നത്. ചില വിശ്വാസികൾ ഈ ആനുകൂല്യങ്ങളൊന്നും തങ്ങൾക്കാവശ്യമില്ലെന്ന് ഉദ്ധതമായി ചിന്തിക്കുന്നത് കാണാം. യാത്രാവസ്ഥയിലും അസുഖാവസ്ഥയിലും നോമ്പ് നോല്ക്കാൻ അവർ ഉത്സാഹം കാണിക്കുന്നു. ഇതു പക്ഷെ, അനുസരണം ഒരു വിധിപോലെ സ്വീകരിക്കാൻ ബാദ്ധ്യസ്ഥനായ ഒരു മുസ്‌ലിമിന്റെ– മുഅ്മിനിന്റെ ലക്ഷണമല്ല. അല്ലാഹു വെച്ചുനീട്ടിയ ആനുകൂല്യങ്ങളെ നിസ്സാരമായി കരുതുന്നതും അതിനെ സ്വീകരിക്കാൻ മനസ്സ് കാണിക്കാതിരിക്കുന്നതും ഫലത്തിൽ ധിക്കാരമാണ്.

**സംക്ഷേപം**

നോമ്പിനെക്കുറിച്ചുള്ള ഈ പാഠം സംക്ഷേപിക്കുമ്പോൾ ഇവിടെ ചർച്ചചെയ്ത 184, 185, 186 എന്നീ ആയത്തുകൾക്കുശേഷം ഉടനെ വരുന്ന ആയത്തുകൂടി (187) പരിചിന്തനം ചെയ്യാൻ നമുക്ക് ബാദ്ധ്യതയുണ്ട്. നോമ്പിനെക്കുറിച്ചു നല്കുന്ന നിർദ്ദേശങ്ങളും കല്പനകളുമെല്ലാം താദാത്മ്യം പ്രാപിക്കുകയോ ലക്ഷ്യം കണ്ടെത്തുകയോ ചെയ്യുന്ന ആയത്തിനെ വിട്ടുകളയുന്നത് ഭൂഷണമല്ലല്ലോ.

അല്ലാഹു പറയുന്നു: ***വ ഇദാ സഅലക ഇബാദീ അന്നീ*** എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം അവരോട് നീ പറയുക. ***ഫ ഇന്നീ ഖരീബ്*** നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു.

ഇത് റസൂലുല്ലാഹി(സ)യെ വിളിച്ചു പറയുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ദാസന്മാരായ അടിയാന്മാർ നിശ്ചയമായും അറിയാനുള്ള ഉദ്വേഗം കാരണം പലേ ചോദ്യങ്ങളും നിന്നോട് ചോദിച്ചുകൊണ്ടിരിക്കും. അല്ലാഹു എവിടെയാണ്? എന്തു ചെയ്യുകയാണ്? അല്ലാഹു സർവ്വതും കാണുന്നവനാണോ? കേൾക്കുന്നവനാണോ? റമദാനിൽ അല്ലാഹുവിന്റെ സ്വഭാവമെന്തായിരിക്കും? അവൻ അടിയാന്മാരുടെ അടുത്തേയ്ക്ക് എത്രത്തോളം ഇറങ്ങിവരും? കാരുണ്യത്തിന്റെ ചിറകുകൾ എത്രത്തോളം താഴ്ത്തും? ആവലാതിയും ആവശ്യവും എത്രകണ്ട് അവൻ കേൾക്കും? പരിഗണിക്കും?

ഈ ചോദ്യങ്ങൾക്ക് ***ഫ ഇന്നീ ഖരീബ്*** എന്ന ഉത്തരം പറയാൻ റസൂൽ(സ)യോട് അല്ലാഹു ആവശ്യപ്പെടുന്നു. അടിയാന്മാർ അറിയട്ടെ, അവരുടെ അല്ലാഹു അനേകവഴി ദൂരയല്ല, തൊട്ടടുത്താണ്, സമീപത്തുതന്നെ. സൂറ ഖാഫിൽ അല്ലാഹു പറയുന്നത് മനുഷ്യരുടെ ജീവനാഡിയേക്കാൾ അല്ലാഹു അടുത്ത് സ്ഥിതിചെയ്യുന്നു എന്നാണ്. അങ്ങനെയുള്ള അല്ലാഹുവിനെ കേൾപ്പിക്കുവാനായി ഓരിയിടുകയോ അലമുറ കൂട്ടുകയോ ചെയ്യേണ്ട ആവശ്യംപോലുമില്ല, മനസ്സിലുള്ള മൃദുവായ മന്ത്രം മതി അല്ലാഹുവിന്, അവൻ കാരുണ്യപൂർവ്വം അടിയാറുകളുടെ അന്വേഷണങ്ങൾക്ക് പ്രതികരിക്കും. ഇവിടെ പുണ്യാത്മാവായ റസൂൽ(സ)യുടെ ഒരു വചനം സ്മരിക്കാവുന്നതാണ്.

അബൂമൂസൽ അശ്അരി(റ) പറഞ്ഞതായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"ഞങ്ങൾ റസൂൽ(സ)യൊന്നിച്ച് ഒരു യുദ്ധയാത്രയിലായിരുന്നപ്പോൾ, ഏതെങ്കിലും കുന്നിലേക്ക് കയറുകയോ വല്ല താഴ്വരയിലും ഇറങ്ങുകയോ ചെയ്യുമ്പോഴല്ലാംതന്നെ ശബ്ദമുയർത്തി തക്ബീർ ചൊല്ലുമായിരുന്നു. ഒരു ഘട്ടത്തിൽ അല്ലാഹുവിന്റെ തിരുദൂതർ പറഞ്ഞു. "മനുഷ്യരെ, നിങ്ങൾ നിങ്ങളുടെ ദേഹങ്ങളോട് മിതത്വം കാണിക്കുവിൻ. നിങ്ങൾ വിളിക്കുന്നത് ബധിരനായ ഒരുവനെയോ സന്നിഹിതനല്ലാത്ത ഒരുവനെയോ അല്ല. എല്ലാം കേൾക്കുന്നവനും കാണുന്നവനുമായ ഒരുവനെയാണ് നിങ്ങൾ വിളിക്കുന്നത്. നിങ്ങൾ വിളിക്കുന്നവൻ നിങ്ങളോരോരുത്തരുടേയും ജീവനാഢിയേക്കാൾ അവനോട് അടുപ്പമുള്ളവനാകുന്നു." (*ബുഖാരി*)

അല്ലാഹു തുടർന്ന് പറയുന്നു: *ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആനി* "പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നല്കും." അവർ എന്നെ വിളിച്ചുപ്രാർത്ഥിക്കുമ്പോൾ."

ആരുടെ പ്രാർത്ഥന എന്ന് അല്ലാഹു ഇവിടെ വ്യക്തമാക്കുന്നില്ല. അല്ലാഹു എല്ലാ ലോകങ്ങളുടേയും നാഥനാണ്. ആ നിലയ്ക്ക് അല്ലാഹുവിനോടുള്ള പ്രാർത്ഥന ആരുടേതായാലും ശരി അല്ലാഹു അത് കേൾക്കുകതന്നെ ചെയ്യും. പ്രാർത്ഥന കേൾക്കുക എന്നത് അല്ലാഹുവിന്റെ മഹിതഗുണങ്ങളിലൊന്നാണ്.

പക്ഷെ, പ്രാർത്ഥന കേൾക്കുന്നതിന് അല്ലാഹു രണ്ട് ഉപാധികൾ നിർണ്ണയിച്ചിരിക്കുന്നു. (1) അല്ലാഹുവിന്റെ വിളിക്കുത്തരം പറയണം. (2) അല്ലാഹുവിൽ വിശ്വസിക്കണം. രണ്ടും പ്രധാനമാണ്. ഏതുമുന്നിൽ ഏതു പിന്നിൽ എന്ന നിർണ്ണയം അസാധ്യമാകുമാറ് രണ്ടും ഒപ്പത്തിനൊപ്പം വേണ്ടതുമാണ്. വിളിക്കുത്തരം പറയുക എന്നാൽ എല്ലാ കല്പനകളേയും ശിരസാവഹിക്കുക. വിശ്വസിക്കുക എന്നു പറഞ്ഞാൽ എന്തൊക്കെ വിശ്വസിക്കാൻ അല്ലാഹു ആവശ്യപ്പെട്ടുവോ അതിലൊക്കെ ഏകമനസ്സോടെ വിശ്വസിക്കുക.

റമദാനിലാണ് ഈ വിശ്വാസത്തിന്റെ തീക്ഷ്ണതയും മനോഹാരിതയും പ്രകടമാകേണ്ടത്. വിശ്വാസികൾ ഈ മാസത്തിൽ ശുദ്ധരും, സത്യസന്ധരും, സേവനസന്നദ്ധരും, സദാ ദൈവികസവിധത്തെ ആശ്രയിക്കാനാഗ്രഹിക്കുന്നവരുമായി ജീവിതത്തെ ഒരേയൊരു പാതയിൽ തിരിച്ചുവിടണം. അല്ലാഹു അപ്പോൾ അനുഗ്രഹങ്ങളുമായി അവർക്ക് മുമ്പിൽ പ്രത്യക്ഷപ്പെടാതിരിക്കുകയില്ല.

വാഗ്ദത്ത മസീഹ്(അ) പറഞ്ഞു.

'ദൈവം അവന്റെ ദാസന്മാരെ സ്നേഹിതന്മാരെപ്പോലെ പരിഗണിക്കുന്നു. ഒരു സുഹൃത്ത് ചിലപ്പോൾ തന്റെ സുഹൃത്തിന്റെ ആവശ്യങ്ങൾ പരിഹരിച്ചുകൊടുക്കുന്നു. അതിനോടൊപ്പം തന്റെ ആഗ്രഹം അയാൾ നിറവേറ്റണമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കാര്യവും അതുതന്നെയാണ്."

ഇതിനുവേണ്ടി ദൈവം തിരഞ്ഞെടുത്ത മാസമാണ് റമദാൻ. മനുഷ്യരെ ശുദ്ധീകരിക്കുവാനും അവന് അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുവാനുമായി ഈ മാസത്തിൽ ദൈവം മുന്നിട്ടിറങ്ങുന്നു. അത് മനസ്സിലാക്കാനും അതനുസരിച്ച് ഈ മാസത്തെ വരവേല്ക്കാനും വിശ്വാസികൾക്ക് കഴിഞ്ഞെങ്കിൽ! നമുക്കതിന് വേണ്ടി പ്രാർത്ഥിക്കാം, പ്രവർത്തിക്കുകയും ചെയ്യാം.

# ലയ്ലത്തുൽ ഖദ്ർ

ഫയ്ഹിമ കാനത്തൂർ

ലയ്ലത്തുൽ ഖദ്ർ എന്നാൽ ദൈവ–വിധി കല്പിതരാവ് എന്നാണ് അർത്ഥം. ഖദ്ർ എന്നാൽ അളവ്, അതിര്, എണ്ണം, മൂല്യം, വില, മഹത്വം, അന്തസ്സ്, ബഹുമാനൃത, ശക്തി, വിധി, ഭാഗധേയം, കല്പന എന്നൊക്കെ ധാരാളം അർത്ഥങ്ങളുണ്ട്.

വിശുദ്ധഖുർആനിലെ 97–ാമത്തെ സൂറത്തായ–സൂറ–ഖദ്റിലാണ് ലയ്ലത്തുൽ ഖദ്ർ പ്രസ്താവിതമായിരിക്കുന്നത്. ആദ്യകാലത്ത് മക്കയിൽ അവതരിച്ച അഞ്ച് ആയത്തുകൾ അടങ്ങിയ (ബിസ്മി ഒഴികെ) ചെറിയ ഒരു സൂറത്താണിത്. അല്ലാഹു പറയുന്നു:

"സത്യമായും നാം ഇതിനെ– (വിശുദ്ധഖുർആനെ) ലയ്ലത്തുൽ ഖദ്റിൽ അവതരിപ്പിച്ചിരിക്കുന്നു. ലയ്ലത്തുൽ ഖദ്ർ എന്തെന്ന് നിനക്കെന്തറിയാം. ലയ്ലത്തുൽ ഖദ്ർ ആയിരം മാസത്തെക്കാൾ ഉത്തമമമാകുന്നു. അതിൽ മലക്കുകളും ആ പരിപൂർണ്ണാത്മാവും തങ്ങളുടെ നാഥന്റെ അനുമതിയോടെ സകല കല്പനകളുംകൊണ്ട് ഇറങ്ങിവരുന്നു. അത് സമാധാനപ്രദമത്രെ, പ്രഭാതോദയംവരെ."

### ബഹുമാന്യതയുടെ രാത്രി

ദിവ്യവും അസാധാരണവും അതിപ്രധാനവുമായ ഖദ്റിന്റെ ഈ രാത്രിക്ക് മറ്റൊരു പേരുകൂടി വിശുദ്ധ ഖുർആൻ നല്കിയിരിക്കുന്നു. സൂറഃ ദുഖാനിൽ(44) അല്ലാഹു പറയുന്നു. തീർച്ചയായും നാം വിശുദ്ധഖുർആനെ ലയ്ലതിമ്മുബാറക്കതിൽ അവതരിപ്പിച്ചിരിക്കുന്നു' എന്ന്. ബഹുമാന്യതയുടെ രാത്രി എന്നാണ് ഇവിടെ അർത്ഥം കല്പിച്ചിരിക്കുന്നത്. അല്ലാഹു ആ രാത്രിയെ ബഹുമാനിച്ചിരിക്കുന്നു, ബഹുമാന്യതയുടെ രാത്രിയായി പ്രഖ്യാപിച്ചിരിക്കുന്നു, വിശ്വാസികളെല്ലാവരുംതന്നെ ആ രാത്രിയെ സ്നേഹാദരപൂർവ്വം വീക്ഷിക്കുകയും ആ രാത്രിയുടെ സദ്ഫലങ്ങളിൽനിന്ന് പ്രയോജനം സ്വീകരിക്കുകയും ചെയ്യണം. നിശ്ചയമായും ആ രാത്രി മഹത്വമേറിയതാണ്. തിന്മയ്ക്കെതിരിലുള്ള എക്കാലത്തേയും മുന്നറിയിപ്പായി അവതരിച്ച വിശുദ്ധഖുർആൻ ആ രാത്രിയുടെ അതിമഹത്തായ സംഭാവനയാണ്. തിന്മയിൽനിന്ന് നന്മയിലേക്ക്, നന്മയിൽനിന്ന് നിത്യശാന്തിയിലേക്ക്, നിത്യശാന്തിയിലൂടെ ദൈവസവിധത്തിലേക്ക്– അതാണ് ആ രാത്രിയുടെ അഴകാർന്ന സന്ദേശം. ആ രാത്രിയിൽ ജ്ഞാനപൂർണ്ണമായ എല്ലാ കല്പനകളും വേർതിരിച്ച് വിവരിക്കപ്പെടുന്നു'. '***അംറിൻ ഹഖീം***' എന്നാണ് അല്ലാഹു പറയുന്നത്. ജ്ഞാനപൂർണ്ണമായ കല്പന. ഈ കല്പനകൾ യുക്തിയിൽ അധിഷ്ഠിതവും ന്യായങ്ങളിൽ സുസ്ഥാപിതവും ഉദ്ദേശ്യശുദ്ധിയിൽ പരിശുദ്ധവും ആയിരിക്കും. ഹഖീം എന്നത് അല്ലാഹുവിന്റെ ഒരു ഗുണനാമം കൂടിയാണ്. അഗാധജ്ഞൻ, സർവ്വജ്ഞാനങ്ങളും സമാഹരിച്ചവൻ, സർവ്വസംഭവങ്ങളും യുക്തിയുക്തം വേർതിരിച്ചു വ്യക്തമാക്കുന്നവൻ എന്നൊക്കെയാണ് അതിനർത്ഥം. അങ്ങനെയുള്ള അല്ലാഹു തന്റെ ജ്ഞാനങ്ങളുടെ സമാഹാരത്തെ, യുക്തിയുക്തം വേർതിരിക്കപ്പെട്ട നടപടിക്രമങ്ങളുടെ അന്തഃസാരത്തെ താൻ സൃഷ്ടിച്ചിട്ടുള്ള സൃഷ്ടികളിൽവെച്ചേറ്റവും സമുന്നതപദവിയിലിരിക്കുന്ന മനുഷ്യകുലത്തിനായി സമർപ്പിക്കുന്നതിന് തിരഞ്ഞെടുത്ത രാത്രിയാണ് ലയ്ലതിൽ മുബാറകത്. ലയ്ലത്തുൽ ഖദറും അതുതന്നെ.

### ഈ രാത്രി ഏതു മാസത്തിൽ

അതിവിശിഷ്ടമായ ഈ രാത്രി ഏതു മാസത്തിലാണെന്ന കാര്യത്തിൽ അധികം തർക്കമില്ലെന്നത് ശരിയാണെങ്കിലും ശഅ്ബാൻ മാസത്തിലെ പതിനഞ്ചാം രാത്രിയാണത് എന്ന ദുർബ്ബലമായ മറ്റൊരഭിപ്രായം ഇല്ലാതില്ല. വിശുദ്ധഖുർആന്റെ പാഠത്തിനെതിരാകയാൽ ആ അഭിപ്രായത്തിനു കാതോർക്കേണ്ട കാര്യമില്ലല്ലോ.

ലയ്ലത്തിൽ മുബാറകത് എന്ന പേരിൽ സൂറഃദുഖാനിലും, ലയ്ലത്തുൽ ഖദ്ർ എന്ന പേരിൽ സൂറഃഖദ്റിലും പ്രസ്താവിതമായ രാത്രികൾ ഒരേ രാത്രിതന്നെയാണെന്ന് ഖുർആൻ അവതീർണ്ണമായ രാത്രി' എന്ന വിശേഷണത്തിലൂടെ ഖുർആൻ വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ശഹ്റു റമദാനല്ലദീഉൻസില ഫീഹിൽ ഖുർആൻ എന്ന സൂറഃബഖറയിലെ പ്രസ്താവനയ്ക്ക് ഈ രാത്രിയുമായി സവിശേഷമായ ബന്ധമുണ്ട്. റമദാൻ മാസത്തിലാണ് ഖുർആൻ ഇറങ്ങിയതെന്ന് സൂറഃബഖറ പ്രതിപാദിക്കുമ്പോൾ ലയ്ലത്തുൽ ഖദ്ർ റസൂൽ(സ)യ്ക്കും സഹാബാക്കളിൽ ചിലർക്കുപോലും പ്രത്യക്ഷമാക്കപ്പെട്ടതും റമദാനിലാണെന്ന് ബുഖാരിയിൽ നിവേദനമുണ്ട്. ഇതിനുപുറമെ ഹസ്റത്ത് ആയിശ(റ)യുടെ ഒരു നിവേദനം ഇതിനു പിൻബലം നല്കുന്നു. ലയ്ലത്തുൽ ഖദ്റിനെ റമദാൻ അവസാനപത്തിൽ അന്വേഷിക്കണമെന്ന് റസൂലുല്ലാഹി(സ) നിർദ്ദേശിച്ചതായി അവർ പറയുന്നു. പത്തു രാത്രിയിലല്ല ഏഴു രാത്രിയിലാണെന്ന മറ്റൊരു രേഖയുമുണ്ട്. ഇബ്നു അബ്ബാസ്(റ) പറയുന്നു; റമദാന്റെ അവസാനത്തെ ഏഴു ദിവസങ്ങളിലായി സഹാബികൾക്ക് ലയ്ലത്തുൽ ഖദ്ർ സ്വപ്നത്തിൽ കാണിക്കപ്പെടുകയുണ്ടായി. അപ്പോൾ റസൂൽ(സ) പറഞ്ഞു. നിങ്ങളുടെ സ്വപ്നങ്ങൾ അവസാനത്തെ ഏഴു ദിവസങ്ങളിൽ ഒത്തുചേർന്നതായി ഞാൻ കാണുന്നു. അതുകൊണ്ട് ലയ്ലത്തുൽ ഖദർ ആർ അന്വേഷിക്കുന്നുവോ അവർ ഒടുവിലത്തെ ഏഴു രാത്രികളിൽ അന്വേഷിച്ചുകൊള്ളട്ടെ. (*ബുഖാരി/മുസ്ലിം*)

### ഈ രാത്രിയുടെ പ്രാധാന്യം

ഖുർആൻ അവതരിച്ച രാത്രി' എന്നതുതന്നെയാണ്

ഈ രാത്രിക്കുള്ള പ്രാധാന്യം. ഖുർആൻ അവതരിച്ച മാസമായതുകൊണ്ടാണ് റമദാന് മറ്റെല്ലാ മാസങ്ങളെക്കാളും പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നത്. റമദാൻ മാസത്തിന്റെ പ്രാധാന്യം അടിവരയിട്ടു സ്ഥാപിക്കാനാണ് ഏറ്റവും അനുഗ്രഹീതവും പ്രയോജനപ്രദവുമായ നോമ്പ് എന്ന അനുഷ്ഠാനത്തെ പ്രസ്തുത മാസത്തിന്റെ കർമ്മമായി നിർണ്ണയിക്കപ്പെട്ടത്. ഖുർആൻ അവതരിച്ച മാസത്തിനു ലഭിക്കുന്നതുപോലെയുള്ള പരിഗണന, അതിനെക്കാളേറെ പരിഗണന ഖുർആൻ അവതരിച്ച ആദ്യ ദിവസത്തിനുണ്ടായിരിക്കണമല്ലോ. അതൊരു രാത്രിയിലായിരുന്നു. ആ രാത്രിക്ക് ആ നിലയിൽ മറ്റെല്ലാ രാത്രികളെക്കാളും അഭൂതപൂർവ്വമായ, ഐശ്വര്യപൂർണ്ണമായ മഹത്ത്വംതന്നെ കല്പിക്കപ്പെട്ടു. നിർണ്ണയരാത്രി, അനുഗ്രഹീതരാത്രി എന്ന നാമാഭിധാനംതന്നെ അതിന്റെ ഉയരത്തെയും പ്രാധാന്യത്തെയും സ്ഥാപിക്കാൻ പര്യാപ്തമാണ്.

സൂറത്തുൽ ഖദ്റിൽ അല്ലാഹു പറയുന്നു ***ലയ്‌ലത്തുൽ ഖദ്ർ*** ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു എന്ന്. ***അൽഫ്*** എന്നാണ് ഇവിടെ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. അൽഫ് എന്നാൽ ആയിരം. അറബിയിൽ പരമോന്നതമായ ഒരു ഗണനയായിട്ടാണ് ഇതു പയോഗിക്കാറുള്ളത്. സംഖ്യാതീതമെന്നർത്ഥം. അതായത് മറ്റനേകം– അനേകമനേകം മാസങ്ങൾ ഒരുമിച്ചുകൂടിയാലും ഈ ഒരു രാത്രിയോളമാവുകയില്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നബി(സ)യുടെ കാലഘട്ടം മറ്റെല്ലാ കാലഘട്ടത്തെയും അപേക്ഷിച്ച് അത്യധികമായ നന്മയുടെയും മൂല്യങ്ങളുടെയും കാലഘട്ടമാണ്. അളന്നു നിശ്ചയിക്കാൻ നിവൃത്തിയില്ലാത്തവിധം അതിന്റെ മൂല്യം അത്രയ്ക്കധികമാണ്.

അല്ലാഹു തന്റെ സവിശേഷമായ ശക്തിപ്രതാപത്തെ വെളിപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് അവതരിപ്പിച്ച ഗ്രന്ഥമാണ് ഖുർആൻ. ആ ഖുർആനെ സർവ്വകാലങ്ങളിലുമുള്ള മനുഷ്യരാശിക്ക് സമർപ്പിക്കാനായി നിശ്ചയം ചെയ്ത രാവാണ് ലയ്‌ലത്തുൽ ഖദ്ർ. അതുകൊണ്ടുതന്നെ ഭൂമിയിലെ സർവ്വരാത്രികളും ഒരുമിച്ചുകൂട്ടിയാൽ കിട്ടുന്ന മൂല്യമെത്രയാണോ അതിന്നു തുല്യമായ മൂല്യമുള്ള രാത്രിയാണത്, മുഴുവൻ മനുഷ്യരാശിയുടേയും ജീവനശക്തിക്ക് തുല്യമായ മൂല്യം.

**ഏതു രാത്രിയാണ് ലയ്‌ലത്തുൽ ഖദ്ർ**

ലയ്‌ലത്തുൽ ഖദ്ർ റമദാനിലാണെന്ന് തീർച്ചയായെങ്കിലും റമദാനിലെ ഏതു രാത്രിയാണ് ഈ 'വിശിഷ്ടമായ രാത്രി' എന്ന കാര്യത്തിൽ ആർക്കുംതന്നെ അറിവ് നല്കപ്പെട്ടിട്ടില്ല. ഒരവസരത്തിൽ ഈ രാത്രി ഏതെന്ന് നബി(സ)ക്ക് കാണിച്ചുകൊടുക്കപ്പെട്ടതായി ബുഖാരിയിലുള്ള ഒരു രേഖയിൽ പറയുന്നു. ആ പുണ്യാത്മാവ് പറയുന്നു. ലയ്‌ലത്തുൽ ഖദ്ർ എനിക്കു വെളിവാക്കപ്പെട്ടുതന്നിരിക്കുന്നു. പക്ഷെ, എന്നെ അത് മറപ്പിച്ചുകളഞ്ഞിരിക്കുന്നു. ലയ്‌ലത്തുൽ ഖദ്റിന്റെ പ്രഭാതത്തിൽ ചളിയും വെള്ളവും പുരണ്ട നിലത്ത് ഞാൻ സുജൂദ് ചെയ്യുന്നതായി (സ്വപ്നത്തിൽ) കാണുകയുണ്ടായി. അതുകൊണ്ട് അവസാനത്തെ പത്തിൽ അതിനുവേണ്ടി നിങ്ങൾ അന്വേഷിക്കുക."

**ആവർത്തനം**

***ലയ്‌ലത്തുൽ ഖദ്ർ*** എല്ലാ കൊല്ലവും ആവർത്തിക്കപ്പെടുന്നുണ്ടോ? ഉണ്ടെന്നാണ് ***ലയ്‌ലത്തുൽ ഖദറി***നെ അന്വേഷിക്കുക എന്ന റസൂൽ(സ)യുടെ ആഹ്വാനത്തിൽ നിന്ന് വ്യക്തമാകുന്നത്. ഒരിക്കൽ മാത്രം പ്രത്യക്ഷമായതും. പിന്നീടൊരിക്കലും പ്രത്യക്ഷമാകേണ്ടതില്ലാത്തതുമാണ് അതെങ്കിൽ അതിനെ നിങ്ങൾ റമദാനിലെ അവസാനത്തെ പത്തിൽ അന്വേഷിക്കുക എന്ന് പറയേണ്ട കാര്യമില്ലല്ലോ. അല്ലാഹുവിന്റെ അനുഗ്രഹം ഒരു നീരുറവയെപ്പോലെയാണ്. അത് വറ്റുന്നില്ല. അതിന്റെ പ്രവാഹം എപ്പോഴത്തേക്കുമുള്ളതാണെന്നതാണ് വാസ്തവം. അതിനു നിശ്ചയിക്കപ്പെട്ട ഘട്ടത്തിൽ പ്രത്യേകവും ശക്തവുമായ നിലയ്ക്ക് അതിന്റെ പ്രവാഹമുണ്ടാകുന്നു.

***ലയ്‌ലത്തുൽ ഖദ്ർ*** എന്നാൽ ഖുർആൻ അവതീർണ്ണമായ ആ ഒരേയൊരു രാത്രി മാത്രമല്ല. ഓരോ റമദാനിലും പ്രത്യേകമായിത്തന്നെ പ്രത്യക്ഷപ്പെടുന്ന ഒരു രാത്രിയെക്കുറിച്ചുള്ള പ്രതിപാദനമാണത്. റമസാന്റെ ഒടുവിലത്തെ പത്തിലെ ഒറ്റയായ രാവുകളിലൊന്നായിരിക്കും അത് എന്നാണ് റസൂൽ(സ) നല്കുന്ന മാർഗ്ഗദർശനം. അതൊരു സൂചന മാത്രമാണ്. കൃത്യമായി ഏതു രാത്രിയിലാണ് ലയ്‌ലത്തുൽ ഖദ്ർ എന്ന കാര്യം റസൂൽ(സ)യെ അറിയിക്കപ്പെട്ടിരുന്നു എന്നാണ് ഹദീസിൽനിന്ന് മനസ്സിലാകുന്നത്. പക്ഷെ, ഏതു ദിവസമാണെന്ന കാര്യം റസൂൽ(സ)ക്ക് വിസ്മൃതമാക്കപ്പെട്ടു എന്ന് അദ്ദേഹംതന്നെ തുടർന്നു പറയുന്നു. അതെന്തായാലും റമദാൻ അവസാനപത്തിൽ ആ വിശിഷ്ടരാത്രിയെ നിങ്ങളന്വേഷിക്കുക എന്ന നബി(സ)യുടെ ആഹ്വാനം ഒരാശ്വാസമായി ഇവിടെ അനുഭവപ്പെടുന്നു. അന്വേഷിക്കുകയാണെങ്കിൽ ആ പ്രത്യേക രാത്രി കണ്ടെത്താൻ കഴിയുമെന്നുതന്നെയാണല്ലോ ആ ആഹ്വാനത്തിന്റെ ഉദ്ദേശ്യമായി പരിഗണിക്കേണ്ടത്.

**അനുഗ്രഹങ്ങൾ ചൊരിയപ്പെടുന്നു**

ലയ്‌ലത്തുൽ ഖദ്ർ അനുഗ്രഹങ്ങൾ ചൊരിയപ്പെടുന്ന ഒരു മഹാരാവാണെന്ന കാര്യത്തിൽ വിശ്വാസികൾക്കിടയിൽ സംശയമില്ല. മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അനുഗ്രഹം വിശുദ്ധഖുർആൻ തന്നെയാണ്. വിശുദ്ധഖുർആൻ എന്ന മഹത്ഗ്രന്ഥത്തിന്റെ ആരംഭം ആ രാവിലുണ്ടായി എന്നതുതന്നെ ആ രാവിന്റെ സവിശേഷതയ്ക്കും അനുഗ്രഹദാനശക്തിക്കും നിദർശനമാണ്. അതുകൊണ്ടുതന്നെയാണ് അധികമധികമായ ഇബാദത്തുകളിലൂടെയും ദുആകളിലൂടെയും സൃഷ്ടിസേവനങ്ങളിലൂടെയും ലയ്‌ലത്തുൽ ഖദ്ർ അന്വേഷിച്ചനുഭവപ്പെടുക എന്ന് പുണ്യാത്മാവായ ഹസ്റത്ത് റസൂൽ(സ) വിശ്വാസികളോടാവശ്യപ്പെട്ടത്. ഇഅ്തികാഫിന്റെ നമ്രമായ ഉദ്ദേശ്യവും അതുതന്നെ.

#### മാർഗ്ഗം ഇഅ്തികാഫ്

ലയ്‌ലത്തുൽ ഖദ്ർ അന്വേഷിച്ചറിയുന്നതിലേക്ക് സ്വീകരിക്കാവുന്ന ഏറ്റവും അനയോജ്യവും ഫലപ്രദവുമായ മാർഗ്ഗം ഇഅ്തികാഫണ്. റംസാന്റെ മൂന്നിൽ രണ്ടുഭാഗം വ്രതമെടുത്തും ധ്യാനനിലീനരായും സൃഷ്ടി സേവന നിരതരായും കഴിഞ്ഞു എന്നത് വാസ്തവം തന്നെയാണ്. പക്ഷെ, അപ്പോൾ പോലും ഭൗതിക ജീവിതത്തിന്റെ കെട്ടിൽനിന്ന് വിശ്വാസികൾ മുക്തരാകുന്നില്ല. ഒരു കമ്പിളിക്കെട്ടുപോലെ അത് സദാ അവരെ ഭൂമിയുമായി, മണ്ണുമായി, പെണ്ണുമായി, മക്കളുമായി, ഇഹലോകജീവിതവിഭവങ്ങളുമായി മുറുക്കിക്കൊണ്ടുതന്നെയിരിക്കുന്നു. അതുകൊണ്ടുതന്നെ പൂർണ്ണമായ ദൈവികാരാധന റമദാനിലെ ആ ആദ്യനാളുകളിൽ അനുഭവവേദ്യമാകണമെന്നില്ല. എന്നാൽ ഭൂമിയെ വിട്ട്, വീടിനെ വിട്ട്, ജീവിതവിഭവങ്ങളെ വിട്ട് അല്ലാഹുവിന്റെ ഭവനത്തിൽ, പള്ളിയിൽ പരലോകത്തിലാണെന്ന അവസ്ഥയിൽ പാർത്ത്, പകലന്തിയോളം– അന്തിവെളുക്കുവോളം ഇബാദത്തിൽ മുഴുകുന്ന ഒരാൾക്ക് ലൗകികമില്ല. സർവ്വാഭിരാമവും സർവ്വോത്തമവുമായ സർവ്വാർപ്പണത്തിലൂടെ അവർക്ക് ലഭിക്കുന്ന സർവ്വാനുഭൂതി അതീവ ഹൃദ്യതരമായ ഒരനുഭവമായിരിക്കും. ലയ്‌ലത്തുൽ ഖദ്റിലേക്ക് നയിക്കുന്നത് നിഷ്കളങ്കവും നിരതിയശസുന്ദരവുമായ ആ അനുഭൂതി തന്നെയായിരിക്കും.

#### പ്രവാചകൻ(സ) പറയുന്നു

അബുസയ്ദ് കുദ്രിയിൽ നിന്നുള്ള നിവേദനം:– റംസാന്റെ മദ്ധ്യത്തിൽ അല്ലാഹുവിന്റെ പ്രവാചകൻ (സ) ഇഅ്തികാഫ് ഇരിക്കുമായിരുന്നു. ഒരിക്കൽ 21–ാം രാവ് ആഗതമായപ്പോൾ അദ്ദേഹം പറഞ്ഞു.

ആരാണോ എന്നോടൊപ്പം ഇഅ്തികാഫിരുന്നിട്ടുള്ളത് അവർക്ക് 10 ദിവസംകൂടി അധികം ഇഅ്തികാഫ് ഇരിക്കാവുന്നതാണ്. ***ലയ്‌ലത്തുൽ ഖദ്ർ*** എനിക്ക് വെളിവാക്കപ്പെട്ടുതന്നിരിക്കുന്നു. പക്ഷെ, എന്നെ അത് മറപ്പിച്ചുകളഞ്ഞിരിക്കുന്നു. ***ലയ്‌ലത്തുൽ ഖദ***റിന്റെ പ്രഭാതത്തിൽ ചളിയും വെള്ളവും പുരണ്ട നിലത്ത് ഞാൻ സുജൂദ് ചെയ്യുന്നതായി (സ്വപ്നത്തിൽ) കാണുകയുണ്ടായി. അതുകൊണ്ട് അവസാനത്തെ പത്തിൽ അതിനുവേണ്ടി നിങ്ങൾ അന്വേഷിക്കുക.

അബൂസയ്ദ് കുദ്രി തുടർന്ന് പറയുന്നു: അന്നത്തെ രാത്രി മഴ പെയ്തിരുന്നു. ഈന്തപ്പനയോലകൊണ്ട് മേഞ്ഞ പള്ളിയുടെ മോന്തായത്തിൽനിന്ന് വെള്ളം ഇറ്റുവീണിരുന്നു. റസൂലുല്ലാഹ്(സ) നമസ്കാരം പൂർത്തിയാക്കിയപ്പോൾ അദ്ദേഹത്തിന്റെ നെറ്റിയിലും മൂക്കിലും ചളിയും വെള്ളവും പതിഞ്ഞതായി എനിക്ക് കാണാൻ കഴിഞ്ഞു. (*ബുഖാരി, ബാബ് ഇഅ്തികാഫ്*)

അനസ്ബിൻ മാലിക്ക് നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു:

ലയ്‌ലത്തുൽ ഖദ്ർ എനിക്ക് ദൃശ്യമാക്കപ്പെട്ടു. പക്ഷെ, രണ്ട് വ്യക്തികൾ ബഹളമുണ്ടാക്കിയതിനെ തുടർന്ന് ഞാനത് മറന്നുപോയി. അതുകൊണ്ട് നിങ്ങൾ റംസാന്റെ 21,23,25 അല്ലെങ്കിൽ 27,29 എന്നീ ദിവസങ്ങളിൽ അതിനെ അന്വേഷിക്കുക. (*ബുഖാരി, മുസ്‌ലിം*)

ഇവിടെ ഹസ്റത്ത് റസൂൽ(സ) ലയ്‌ലത്തുൽ ഖദ്ർ കണ്ടതായും അത് പിന്നീട് മറന്നുപോയതായും പ്രസ്താവിക്കുന്നു. ഈ മറവിയെക്കുറിച്ച് 'അത് നിങ്ങൾക്ക് ഗുണകരമായിത്തീർന്നേക്കാം' എന്നും റസൂൽ(സ) വിശ്വാസികളെ സമാശ്വസിപ്പിക്കുന്നു. അതായത് റസൂൽ(സ) മറന്നില്ലായിരുന്നു എങ്കിൽ അത് ഇന്ന ദിവസമാണെന്ന് വിളംബരപ്പെടുത്തുമായിരുന്നു. അങ്ങനെ ഏതെങ്കിലും ഒരു ദിവസത്തെക്കുറിച്ചുള്ള അറിയിപ്പ് ലഭിക്കുന്ന സാഹചര്യത്തിൽ സ്വാഭാവികമായും സർവ്വമാനപേരും ആ ഒരു ദിവസത്തിൽ മാത്രമായി തങ്ങളുടെ പ്രാർത്ഥനകളേയും ദുആകളേയും പരിമിതപ്പെടുത്തും. മറ്റു ദിവസങ്ങളെ അവഗണിക്കുകയും ചെയ്യും. ഇതാവട്ടെ അല്ലാഹു ഇഷ്ടപ്പെടാത്ത ഒരു കർമ്മവുമായിരിക്കും. പ്രതിഫലത്തിന്റെ യുക്തി തന്നെയും 'അന്വേഷിക്കുവിൻ കണ്ടെത്തും' എന്ന തത്വത്തിലാണെന്നു വരുമ്പോൾ അല്ലാഹുവിന്റെ മഹാ അനുഗ്രഹത്തെ അന്വേഷിച്ചുകണ്ടെത്താൻ വിശ്വാസികൾ അനവരതം ഉദ്യുക്തരാവുകതന്നെ ചെയ്യേണ്ടതാണ്.

***ലയ്‌ലത്തുൽ ഖദ***റിലേക്കുള്ള അന്വേഷണം വെളിച്ചത്തിലേക്കുള്ള അന്വേഷണം കൂടിയാണെന്നു മനസ്സിലാക്കണം. ഇതാ ഒരു ***ലയ്‌ലത്തുൽ ഖദ്ർ*** എന്നു പറഞ്ഞാൽ ഇതാ ഒരു പരിഷ്കർത്താവ് എന്ന അർത്ഥവും കൂടിയുണ്ട്. അല്ലാഹുവിന്റെ വചനാമൃതം സൃഷ്ടികൾക്കെത്തിച്ചുകൊടുക്കുകയും അവരിൽ ആത്മീയമായ പ്രകാശത്തെ അനുഭവവേദ്യമാക്കിക്കൊടുക്കുകയും ചെയ്യുന്നവരാണവർ. ആയിരം മാസത്തെക്കാൾ അനുഗ്രഹീതരാത്രി എന്നു പറയുമ്പോൾ ഒരു നൂറുവർഷത്തെക്കാൾ അനുഗ്രഹീതകാലം എന്ന ഉദ്ദേശ്യാർത്ഥം അതിനു നല്കാവുന്നതാണ്. ഓരോ നൂറു വർഷത്തിന്നിടയിലും ദീനിനെ പുനരാവിഷ്കരിക്കാനും വിശ്വാസികളെ സംസ്കരിക്കാനും അല്ലാഹുവിന്റെ സനാതന നിയമവ്യവസ്ഥിതികളെ ഉറപ്പിച്ചുനിർത്തുവാനും മുജദ്ദിദുമാർ എഴുന്നേല്പിക്കപ്പെടുമെന്ന തിരുവചനം വിശ്വാസികൾക്കറിയാത്തതല്ലല്ലോ. ആ നിലയ്ക്കും ***ലയ്‌ലത്തുൽ ഖദ്ർ*** വിശ്വാസികൾക്ക് അനുഗ്രഹത്തിന്റെയും പുനരുജ്ജീവനത്തിന്റേയും മഹാപ്രതിഭാസംതന്നെ. അതിൽ റൂഹും മലക്കുകളും ഭൂമിയിലേക്കിറങ്ങിവരുന്നു. അതായത് സ്രഷ്ടാവിൽനിന്നുള്ള ദിവ്യസന്ദേശങ്ങൾ ധാരാളമായിത്തന്നെ വിശ്വാസികൾക്ക് അറിയിക്കപ്പെടുന്നു.

ആ നിലയ്ക്ക് ഏറ്റവും വലിയ ജീവൗഷധമായി, ആത്മീയസംസ്കരണമാർഗ്ഗമായി, അല്ലാഹുവിനെ പ്രാപിക്കുവാനുള്ള അതിമഹത്തായ ഒരു മാർഗ്ഗമായി ***ലയ്‌ലത്തുൽ ഖദ്ർ*** വിശ്വാസികൾക്ക് പ്രയോജനപ്പെടണം. റമദാനിലെ സമർപ്പണാത്മകമായ ജീവിതത്തിലെ വിശുദ്ധിയെ ആശ്രയിച്ചായിരിക്കും ഈ പ്രയോജനം വിശ്വാസികൾക്ക് ലബ്ധമാവുക. ●

# തേൻമഴയായി റമദാൻ വീണ്ടും

ഡോ. ഇ.കെ. മുഹമ്മദ്, കോഴിക്കോട്

വിശ്വാസികളെ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ. (*അദ്ധ്യായം 2, വചനം 184*) അല്ലാഹു മേൽവചനത്തിലൂടെ വിശ്വാസികളെ തെര്യപ്പെടുത്തുന്നതെന്തെന്നാൽ, ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി നിങ്ങൾ വ്രതമെടുക്കുക. അതാകട്ടെ, നിങ്ങൾക്ക് മുമ്പുള്ളവർക്കും കല്പിക്കപ്പെട്ടിട്ടുള്ളതാണ്.

വ്രതാനുഷ്ഠാനം കൊണ്ട് മനസ്സിനും ശരീരത്തിനും മഹത്തായ പല പരിവർത്തനങ്ങളും ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നുള്ളത് ഇന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കാര്യമാണ്. എന്നാൽ, ശാസ്ത്രം തെളിവ് കണ്ടെത്തുന്നതിനു എത്രയോ വർഷങ്ങൾക്കു മുമ്പുതന്നെ സർവ്വലോകസ്രഷ്ടാവായ അല്ലാഹു അവന്റെ സൃഷ്ടികളോട് അവരുടെ നന്മയ്ക്കായി വ്രതമെടുക്കാൻ കല്പിച്ചതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. നന്മകളുടെ പെരുമഴയായി വന്നെത്തുന്ന റമദാനിലെ വ്രതാനുഷ്ഠാനം വിശ്വാസികൾക്കൊരു മുതൽക്കൂട്ടാണ്. അവർ സന്തോഷത്തോടെ അതിനെ വരവേല്ക്കുന്നു. അതിലെ ഓരോ നിമിഷവും വിശുദ്ധഖുർആനിലെ വചനങ്ങൾ ഉരുവിട്ടുകൊണ്ട് അല്ലാഹുവിന്റെ സ്മരണയിൽ കഴിഞ്ഞുകൂടുന്നു. പരിശുദ്ധ റമദാനിലാണ് ആ വിശുദ്ധഗ്രന്ഥം ഇറക്കപ്പെട്ടത്. അതുകൊണ്ടുതന്നെ അത് രണ്ടും മാനവലോകത്തിന് അനുഗ്രഹമാണ്.

അന്ധകാരനിബിഢമായ ലോകത്തിന് വെളിച്ചം പകരാൻ വിശുദ്ധഖുർആൻ. വിശുദ്ധഖുർആൻ ഇറക്കിത്തന്ന നാഥനോട് നന്ദി കാണിക്കുവാൻ റമദാനും. അതുകൊണ്ടുതന്നെ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന് സർവ്വസ്തുതിയും അർപ്പിക്കാൻ വിശ്വാസികൾ ഈ മാസം കാത്തിരിക്കുന്നു. തങ്ങളുടെ ജീവിതത്തിലെ ഒരേയൊരു നിയാമക ചൈതന്യം അല്ലാഹുവാണെന്ന് നോമ്പിലൂടെ ഓരോ വിശ്വാസിയും പ്രായോഗികമായി തെളിയിക്കുന്നു.

നോമ്പ് ത്യാഗപൂർണ്ണമായ ആരാധനയാണ്. വിശ്വാസിയെ നരകത്തിൽനിന്നും തടുക്കുന്ന പരിചയാണ് നോമ്പെന്നും പ്രവാചകൻ(സ) അരുൾചെയ്തിട്ടുണ്ട്. റമദാൻ സമാഗതമായാൽ സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുകയും നരകകവാടങ്ങൾ അടയ്ക്കപ്പെടുകയും പിശാചുക്കൾ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്യുമെന്ന് തിരുഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. നോമ്പുനോറ്റും ആവുന്നത്ര ദാനധർമ്മങ്ങൾ നടത്തിയും ഖുർആൻ പാരായണം ചെയ്തും അതിലെ തത്വങ്ങൾ ജീവിതത്തിൽ പകർത്തിയും നാം അല്ലാഹുവിനു പ്രിയപ്പെട്ടവരായിത്തീരുകയും ചെയ്യേണ്ടതുണ്ട്. നാം അല്ലാഹുവിന് പ്രിയപ്പെട്ടവരാണ്. കാരണം, കാലത്തിന്റെ ഇമാമിന് ബയ്യത്ത് ചെയ്ത് ഒറ്റക്കെട്ടായി ഒരുമയോടെ ജീവിക്കുന്നവരാണ് നാം. ഒരു ഇമാമിന്റെ ശബ്ദത്തിന് കാതോർത്തും നമസ്ക്കാരവും, നോമ്പും, മറ്റു ഐച്ഛിക നിർബന്ധകർമ്മങ്ങളും നിർവഹിക്കുന്നതിന് അല്ലാഹുവിന്റെ തൃപ്തിയുണ്ടാവും. കർമ്മങ്ങളിൽ അല്ലാഹുവിന്റെ സഹായവും, ബർക്കത്തും ഉണ്ടാകും.

നാം ഒരിക്കലും ഒറ്റപ്പെട്ടുപോകില്ല. അതിന് അല്ലാഹു ഇടവരുത്തില്ല. റസൂൽ(സ) പറഞ്ഞതായി ഉമർ(റ) ഉദ്ധരിക്കുന്നു. നിശ്ചയം കർമ്മങ്ങളെല്ലാം നിയ്യത്തനുസരിച്ചാകുന്നു. ഓരോരുത്തരും എന്താണോ, അതുകൊണ്ടുദ്ദേശിച്ചത് അത് അവർക്ക് ലഭിക്കും. അല്ലാഹുവിന്റെയും പ്രവാചകന്റെയും തൃപ്തിയാണുദ്ദേശിക്കുന്നതെങ്കിൽ അതയാൾക്ക് ലഭിക്കും. (*ബുഖാരി, മുസ്ലിം*)

വ്രതമനുഷ്ഠിക്കുന്നതിലൂടെ പാപം ചെയ്യാനുള്ള ചിന്തയും ആഗ്രഹവുമാണ് ഇല്ലാതായിത്തീരുന്നത്. കാരണം, പാപം ചെയ്യാനുള്ള ചിന്തയും ആഗ്രഹവുമാണ് പാപവൃത്തിയേക്കാൾ മാരകമായിട്ടുള്ളത്. നോമ്പും, നമസ്ക്കാരവും വിഫലമാകുന്ന പല ഘടകങ്ങളുമുണ്ട്. ഒരു വിശ്വാസി ഈ കാര്യങ്ങളിൽ ബോധവാനായിരിക്കേണ്ടതുണ്ട്. വായാടികളും അഹങ്കാരികളുമായ ആളുകളെക്കുറിച്ച് തിരുനബി(സ) പറയുകയുണ്ടായി. അന്ത്യനാളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടവരും സമീപസ്ഥരുമായ ആളുകൾ നിങ്ങളിൽ ഏറ്റവും നല്ല സ്വഭാവമുള്ള ആളുകളായിരിക്കും. എനിക്ക് ഏറെ കോപമുള്ളവരും, എന്നിൽനിന്ന് വിദൂരസ്ഥരുമായ ആളുകൾ വായാടികളും കൃത്രിമത്വം കലർത്തി അഹങ്കാരത്തോടെ സംസാരിക്കുന്നവരുമായിരിക്കും. (*ബൈഹഖി*)

നാം നാവുകൊണ്ട് പലരേയും മുറിപ്പെടുത്താറുണ്ട്. ഒരു കത്തിയുണ്ടാക്കുന്ന മുറിവിനേക്കാൾ മാരകമാണ് നാവുണ്ടാക്കുന്ന മുറിവ്– ഹൃദയത്തിലുണ്ടാക്കുന്നത്. ഒരു നിമിഷനേരത്തേക്ക് ശരീരം ഉല്ലാസത്തിൽ മുഴുകുന്നതുപോലെയല്ല. മനസ്സും ഹൃദയവും അന്തരമില്ലാത്തവിധം തിന്മ അയവിറക്കിക്കൊണ്ടിരിക്കുന്നത്. മറ്റൊരാളുടെ തിന്മയെ പറ്റി ചിന്തിക്കുന്നതും അയവിറക്കുന്നതും സ്വന്തം അധമസ്ഥിതി അനുസ്മരിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ റമദാൻ വ്രതം ഇതിൽനിന്നുമെല്ലാം മാറ്റമുണ്ടാക്കാൻ നമുക്ക് അവസരം തരുമാറാകട്ടെ. ഇനിയൊരു റമദാൻകൂടി സ്വാഗതം ചെയ്യാൻ നമുക്കവസരം ലഭിച്ചെന്നുവരില്ല. ഇതവസാനത്തേതാണെന്നു കരുതി, നന്മയിലേക്ക് മുന്നേറേണ്ടതുണ്ട്. ബാഹ്യമായ വേഷമോ, അർത്ഥശൂന്യമായ അനുഷ്ഠാനങ്ങളോ അല്ല ഹൃദയത്തിന്റെ ഭാവവും മനസ്സിന്റെ വ്യാപാരവുമാണ് പ്രധാനം. സദാചാരനിഷ്ഠയില്ലാത്ത ജീവിതം സ്വന്തത്തിനെന്നപോലെ സമൂഹത്തിനും കറയും തീരാകളങ്കവുമാണ്.

●

# ഇഅ്ത്തികാഫ്

ബിഎസ്ബി

**സൂ**റ ബഖറയിൽ 188-ാമത്തെ വചനത്തിലാണ് ഇഅ്ത്തികാഫിന്റെ പരാമർശമുള്ളത്. പള്ളിയിൽ പ്രാർത്ഥനാനിരതമായിരിക്കുക' എന്നതാണ് ഇഅ്ത്തി കാഫ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇഅ്ത്തികാ ഫിന്റെ നിലവിലുള്ള സമ്പ്രദായം നോമ്പ് അവസാ നത്തെ പത്തുദിവസം തുടർച്ചയായി രാത്രിയും പകലും പള്ളിയിൽ താമസിക്കുകയും എല്ലാ സമ യവും ആരാധനയിൽ ലീനമായിക്കഴിയുകയും ചെയ്യുക എന്നതാണ്. അതായത് റമദാൻ ഇരുപതിനു രാവിലെ ഇഅ്ത്തികാഫിന്റെ നിയ്യത്തോടെ പള്ളിയിൽ പ്രവേശിക്കുകയും റമദാൻ അവസാനംവരെ പള്ളി യിൽ കഴിച്ചുകൂട്ടി റമദാൻ മാസമവസാനിച്ചു ശവ്വാൽ പിറന്നാൽ പള്ളിയിൽനിന്നിറങ്ങുകയും ചെയ്യുക എന്ന താണ് ഇഅ്ത്തികാഫ്.

ഇവിടെ സ്വാഭാവികമായും ഒരു ചോദ്യമുയരുന്നു. റമദാൻ ഇരുപതിന് രാവിലെ 10 ദിവസത്തെ ഇഅ്ത്തി കാഫിനു പുറപ്പെടുന്ന ആൾക്ക് 10 ദിവസം ഇഅ്ത്തി കാഫ് ലഭിക്കുമെന്ന് എന്താണ് ഉറപ്പുള്ളത്. ചിലപ്പോൾ അത് 9 ദിവസമാകാം. ചന്ദ്രമാസമായതുകൊണ്ട് ആ നിലയ്ക്കുള്ള സാധ്യതകൾ ധാരാളമാണ്. ഇവിടെ 10 ദിവസം ഇഅ്ത്തികാഫ് ഉറപ്പിക്കാനായി ഒരു ദിവസം മുമ്പെ ഇഅ്ത്തികാഫിരിക്കുന്നതായിരിക്കും നല്ല തെന്നേ പറയാനുള്ളൂ. നബി(സ) അപ്രകാരമായി രുന്നു ചെയ്തുവന്നിരുന്നതെന്നതിന് രേഖകളുണ്ട്.

ഇഅ്ത്തികാഫിരിക്കുക എന്നത് നബി(സ)യുടെ സുന്നത്താണ് എന്ന് പറഞ്ഞു. അബൂസയ്ദ് അൽകു ദ്രിയുടെ നിവേദനമനുസരിച്ച് ആദ്യകാലത്ത് റമദാ നിലെ മദ്ധ്യപത്തിലായിരുന്നു നബി(സ) ഇഅ്ത്തി കാഫിനിരുന്നതായി കാണുന്നത്. ഖലീഫത്തുൽ മസീഹ് റാബിഅ് റമദാനെക്കുറിച്ചെഴുതിയ പഠന ത്തിൽ ഇക്കാര്യം വിശദമായിത്തന്നെ ചർച്ച ചെയ്തി രിക്കുന്നു. റമദാൻ 21വരെയായിരുന്നു ഇഅ്ത്തികാഫ്, അതായത്, ഇരുപത്തിയൊന്നിനുശേഷം നബി(സ) ഇഅ്ത്തികാഫ് അവസാനിപ്പിച്ചിരുന്നു.

ബുഖാരിയിൽ ഇഅ്ത്തികാഫിനെ സംബന്ധിച്ചുള്ള ഹദീസ് ഇപ്രകാരമാണ്.

അബൂസയ്ദ് അൽകുദ്രി നിവേദനം ചെയ്യുന്നു. 'അല്ലാഹുവിന്റെ ദൂതൻ റമദാൻ മദ്ധ്യപത്തിൽ ഇഅ്ത്തികാഫ് ഇരിക്കുമായിരുന്നു. ഒരവസരത്തിൽ റമദാൻ 21 രാത്രിവരെ ഇരുന്ന് പിറ്റേന്ന് രാവിലെ നബി(സ) പറഞ്ഞു ''ആരാണോ എന്നോടൊപ്പം ഇഅ്ത്തികാഫ് ഇരുന്നിട്ടുള്ളത് അവർ അവസാനപ ത്തിലും ഇഅ്ത്തികാഫിന് ഇരിക്കേണ്ടതാണ്, എന്തു കൊണ്ടെന്നാൽ ലയ്‌ലത്തുൽ ഖദ്‌റിന്റെ രാവിനെക്കു റിച്ച് എന്നെ അറിയിക്കപ്പെട്ടിരിക്കുന്നു. പക്ഷെ, എന്നെ യത് മറപ്പിക്കുകയും ചെയ്തിരിക്കുന്നു. ആ രാത്രിയെ ത്തുടർന്ന് പ്രഭാതത്തിൽ വെള്ളത്തിലും ചളിയിലും ഞാൻ സുജൂദ് ചെയ്യുന്നതായി (സ്വപ്നത്തിൽ) കാണി ക്കപ്പെട്ടു. അതുകൊണ്ട് അവസാനപത്തിലെ ഒറ്റയായ രാത്രികളിൽ നിങ്ങൾ ലൈലത്തുൽ ഖദ്‌റിനെ അന്വേ ഷിക്കുക" ആ രാത്രി മഴ പെയ്തിരുന്നു, ഈന്തപ്പന യോലകൊണ്ട് മേഞ്ഞ പള്ളിയുടെ മേല്പുരയിൽനിന്ന് വെള്ളം ഇറ്റുവീണിരുന്നു. നബി(സ)യുടെ നെറ്റിയിൽ ചളിയും വെള്ളവും കൊണ്ടുള്ള അടയാളം എന്റെ സ്വന്തം കണ്ണുകൊണ്ട് കാണാനും എനിക്ക് കഴിഞ്ഞു.' (*ബുഖാരി, കിതാബു സൗം*).

***ലൈലത്തുൽ ഖദ്‌റു***മായി ബന്ധപ്പെടുത്തിയ പ്രശ സ്തമായ ആ സ്വപ്നത്തിനുശേഷമായിരുന്നു ഇഅ് ത്തികാഫ് റദമാൻ അവസാനപത്തിലേക്കു മാറ്റി നിശ്ച യിക്കപ്പെട്ടത്. നബി(സ)യോടൊപ്പം സ്വഹാബാക്കളും ഇഅ്ത്തികാഫിൽ ധാരാളമായി പങ്കെടുത്തിരുന്നു.

ഇഅ്ത്തികാഫ് സ്ത്രീകൾക്കും അനുവദിക്കപ്പെട്ട ആരാധനാക്രമമാണെന്ന് ഹദീസിൽനിന്ന് വ്യക്തമാകു ന്നു. നബി(സ)യുടെ ഭാര്യമാർ പള്ളിയുടെ ഏറ്റവുമ ടുത്ത് ടെന്റുകൾ കെട്ടി ഇഅ്ത്തികാഫ് ഇരുന്നതായി ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇഅ്ത്തികാഫ് ഇരിക്കാനുള്ള നിബന്ധന അവരുടെ ഇഅ്ത്തികാഫിനുള്ള ഇരുത്തം ഭർത്താവിന്റെ അനുവാദത്തോടെയായിരിക്കണം എന്ന താണ്. സ്വന്തമായി, മനസ്സിൽനിന്നുയരുന്ന ഉൾവിളി യായിരിക്കണം അതിന്നു പ്രേരകമായിത്തീരേണ്ടത്.

ഒരവസരത്തിൽ ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ(റ) ഇഅ്ത്തികാഫിരിക്കാനുള്ള അനുവാദം നബി(സ)യോടു ചോദിച്ചു. അനുവാദം കിട്ടിയപ്പോൾ അവർ പള്ളിയുടെ തൊട്ടടുത്ത് തനിക്കായി ഒരു ടെന്റു യർത്തി. ഹസ്റത്ത് ഹഫ്സ(റ) ഈ വിവരമറിഞ്ഞ

പ്പോൾ ഹസ്റത്ത് ആയിശയുടെ അനുവാദത്തോടെയാണെന്ന് പറയുന്നു, അവരും അവർക്കുവേണ്ടി ഒരു ടെന്റുയർത്തി. താമസിയാതെ നബി(സ)യുടെ മറ്റൊരു ഭാര്യ സൈനബ്(റ) വിവരമറിഞ്ഞപ്പോൾ അവരും അവർക്കായി വേറൊരു ടെന്റ് കെട്ടി. അടുത്ത പ്രഭാതത്തിൽ നബി(സ) പള്ളിയിൽ വന്നപ്പോൾ പള്ളിയോടനുബന്ധിച്ചുള്ള ഈ ടെന്റുകൾ കണ്ട് ആശ്ചര്യപ്പെട്ടു. ഇതൊക്കെ ആരുടെ ടെന്റുകൾ? ഹസ്റത്ത് ആയിശ(റ) ഒഴികെ മറ്റാരുംതന്നെ നബി(സ)യുടെ അടുത്തുനിന്ന് നേരിട്ട് അനുവാദം വാങ്ങിയിരുന്നില്ല. അതുകൊണ്ടുതന്നെ ഈ ടെന്റുകൾ സ്വന്തം ഭാര്യമാരുടേതാണെന്ന് ആ പുണ്യാത്മാവ് മനസ്സിലാക്കിയിരുന്നുമില്ല. അവ ഭാര്യമാരുടേതാണെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന് കഠിനമായ നീരസം തോന്നി. ഇതാണോ അവർ കാണിക്കേണ്ട തഖ്‌വയുടെ മാർഗ്ഗം? ഒരാൾ ടെന്റുയർത്തിയത് കണ്ടപ്പോൾ മറ്റൊരാൾ ഉയർത്തുക, അത് കണ്ട് വേറൊരാളും. ആ റമദാനിൽ നബി(സ) ഇഅ്ത്തികാഫിരുന്നില്ല, പകരം റമദാൻ കഴിഞ്ഞ ഉടനെ ശവ്വാൽ മാസം പത്തുദിവസം ഇഅ്ത്തികാഫിരിക്കുകയാണുണ്ടായത്.

ഭാര്യമാരുടെ ടെന്റുകൾ നീക്കം ചെയ്യാൻ നബി(സ) ആവശ്യപ്പെട്ടു എന്ന് ചില നിവേദനങ്ങളിലുണ്ട്. എന്നാൽ അവരെ ഇഅ്ത്തികാഫിരിക്കാൻ അനുവദിച്ചു എന്ന അർത്ഥത്തിലുള്ള ഹദീസും ഉണ്ട്. രണ്ടാമതു പറഞ്ഞതാവാനാണ് സാധ്യത. അതായത് അവരെ ഇഅ്ത്തികാഫിരിക്കാനനുവദിക്കുകയും അവരുടെ പ്രവൃത്തിയിൽ നീരസം ജനിക്കുകയാൽ നബി (സ) ഇഅ്ത്തികാഫിരിക്കാതിരിക്കുകയും ചെയ്തു. പ്രത്യേകിച്ച് ഹസ്റത്ത് ആയിശയ്ക്ക് അനുവാദം കൊടുത്ത സ്ഥിതിക്ക് അവരുടെ ടെന്റ് നീക്കം ചെയ്യാൻ നിവൃത്തിയില്ലല്ലോ. ഇഅ്ത്തികാഫിനുള്ള പൊതു അനുവാദം നബി(സ) നല്കിയിരുന്നുതാനും. അതിന്റെ തണൽ മറ്റുള്ളവർക്കുകൂടി ബാധകമാക്കി അവരേയും ഇഅ്ത്തികാഫിന് അനുവദിക്കുകയാണുണ്ടായതെന്ന് വിചാരിക്കുകയാണ് ന്യായം. (*ബുഖാരി, കിതാബുസ്സൗം*)

ഇഅ്ത്തികാഫിരിക്കുന്ന ആൾക്ക് 'മുഅ്തകിഫ്' എന്നു പറയുന്നു. ഇഅ്ത്തികാഫ് എന്നത് അങ്ങേയറ്റത്തെ ശ്രദ്ധയോടെ, ശുദ്ധിയോടെ അനുഷ്ഠിക്കേണ്ട ഒരു അനുഷ്ഠാനമാണ്. പത്തുദിവസം പള്ളിയിൽ സാധാരണപോലെ, വളരെ ലാഘവത്തോടെ രാപകൽ ചിലവഴിക്കുന്ന പക്ഷം അത് ഇഅ്ത്തികാഫിന്റെ ധർമ്മത്തിൽപെടില്ല. അല്ലാഹുവിന് മനസ്സിനേയും ശരീരത്തേയും പൂർണ്ണമായും സമർപ്പിക്കുവാനായി ഭൗതികലോകത്തുനിന്നുള്ള സ്വയമായ വിച്ഛേദനമാണത്. ഒരുതരത്തിൽ പറഞ്ഞാൽ ലൗകിക കെട്ടുപാടുകളിൽനിന്ന് ആത്മീയ കെട്ടുപാടുകളിലേക്കുള്ള ഒരു പറിച്ചുനടലാണത്. ലോകത്തെക്കുറിച്ച് വലുതായൊന്നും വേവലാതിപ്പെടാതിരിക്കുക. ബന്ധങ്ങളെക്കുറിച്ചും ലൗകിക പ്രശ്നങ്ങളെക്കുറിച്ചും അധികം ചിന്തിക്കാതിരിക്കുക, പകരം ചിന്തയെ അല്ലാഹുവിൽ മാത്രമായി ഉറപ്പിച്ചുനിർത്തുക– ഈ നിലയിൽ ഇഅ്ത്തികാഫിരിക്കുമ്പോഴാണ് ഇഅ്ത്തികാഫ് ഫലപൂർണ്ണമാകുന്നത്.

ഭാര്യയെ അവഗണിക്കണം, കുട്ടികളെ മറക്കണം, ബന്ധുമിത്രാദികളെ ഉപേക്ഷിക്കണം എന്ന് ഈ പറഞ്ഞതിനർത്ഥമില്ല. നബി(സ) ഇഅ്ത്തികാഫിരിക്കുമ്പോൾ ഹസ്റത്ത് സഫിയ(റ) ആ പുണ്യാത്മാവിനെ സന്ദർശിക്കുകയും ഇഅ്ത്തികാഫിന്റെ ധർമ്മത്തിൽനിന്ന് വ്യതിചലിക്കാതെതന്നെ ചില പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ചെയ്തതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇഅ്ത്തികാഫിരിക്കെതന്നെ നബി(സ)യുടെ മുടി താൻ കഴുകി വൃത്തിയാക്കിയിരുന്നു എന്ന് ഹസ്റത്ത് ആയിശയും നിവേദനം ചെയ്തിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് ഇഅ്ത്തികാഫിന്റെ ധർമ്മം നിലനിർത്തിക്കൊണ്ടുതന്നെ അത്യാവശ്യകാര്യങ്ങൾ നിർവ്വഹിക്കാമെന്നാണ്.

ഇഅ്ത്തികാഫ് ഇരിക്കേണ്ടത് പള്ളിയിലാണെന്ന് പറഞ്ഞു. പള്ളിയുടെ അനുബന്ധകെട്ടിടം പള്ളിയായിത്തന്നെ ഉപയോഗിക്കപ്പെടുന്നതാണെങ്കിൽ ഒരു മുഅ്തകിഫിന്ന് പ്രസ്തുത കെട്ടിടത്തിൽ ഇഅ്ത്തികാഫിന്റെ സമയം ചിലവഴിക്കാവുന്നതാണ്. അല്ലാതെയുള്ള കെട്ടിടമാണെങ്കിൽ അതനുവദീയമല്ലെന്നാണ് പണ്ഡിതാഭിപ്രായം. ഒരു മുഅ്തകിഫ് അനിവാര്യകാര്യങ്ങൾ നിർവ്വഹിക്കാനല്ലാതെ പള്ളിയ്ക്ക് പുറത്തിറങ്ങിക്കൂടാത്തതാണ്.

ഇഅ്ത്തികാഫിരിക്കുന്ന ആൾ യാതൊരു കാരണവശാലും പള്ളിവിട്ടു പുറത്തുപോകരുത് എന്ന ശാസനയില്ല എന്ന കാര്യംകൂടി ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ഇസ്‌ലാം ഒരു പ്രായോഗികമതമാണ്. മനുഷ്യപ്രകൃതിക്കൊത്ത നിയമങ്ങളും നിബന്ധനകളും മാത്രമേ അതിലുള്ളു. യാതൊരുതരത്തിലും മനുഷ്യരെ 'ഞെരുക്കു 'വാനും അല്ലാഹു ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടുതന്നെ അനിവാര്യമാകുന്ന ഘട്ടങ്ങളിൽ ഇഅ്ത്തികാഫിരിക്കുന്ന ആൾക്ക് പുറമേക്ക് പോകാവുന്നതാണ്. മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുക്കുക, അത്യാസന്നനിലയിൽ കഴിയുന്ന രോഗിയെ സന്ദർശിക്കുക, അപകടങ്ങളിൽപ്പെട്ടവരെ ആശ്വസിപ്പിക്കുക തുടങ്ങിയവയ്ക്ക് ഒരു ക്ലിപ്തസമയത്തേക്ക് പള്ളിവിട്ട് പുറത്തേക്ക് പോകാവുന്നതും അതുകൾ നിർവ്വഹിച്ചുകഴിഞ്ഞാലുടൻ തിരികെവന്ന് ഇഅ്ത്തികാഫിനെ മനസ്സിൽ സ്വരൂപിച്ച് ഇഅ്ത്തികാഫ് തുടരാവുന്നതുമാണ്. ●

# ആയത്തിലെ ഒരു ഭാഗം മൻസൂഖോ?

എം.കെ.

ഖുർആനിലെ ചില ആയത്തുകൾ മൻസൂഖാണെന്ന് വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നവർ *'വ അലല്ലദീന യുത്വീഖുനഹു ഫിദ്‌യതുൻ തആമു മിസ്കീൻ'* എന്ന വാക്യഭാഗം മൻസൂഖാണെന്ന് അവകാശപ്പെടുന്നു. മനസ്സിലാക്കാൻ അവർക്ക് പ്രയാസമായ ഒരു ഭാഗമായതിനാൽ, അത് അല്ലാഹുവിന് പറ്റിയ ഒരു പ്രമാദമാണെന്നും അതുകൊണ്ട് അല്ലാഹുതന്നെ അതിനെ മൻസൂഖാക്കിയിരിക്കുന്നു എന്നും അവർ ചിന്തിക്കുന്നു. അല്ലാഹുവിന് തെറ്റുപറ്റാമെന്നിടത്ത് ചിന്തയെ തളയ്ക്കുന്നവർ അല്ലാഹു സർവ്വജ്ഞനല്ലെന്നും അന്യൂനനല്ലെന്നും സംഗതിവശാൽ സമ്മതിക്കുകയോ ആരോപിക്കുകയോ ചെയ്യുകയാണ്.

*വ അലല്ലദീന യുത്വീഖുനഹു* എന്ന വാക്യത്തിന് നോമ്പിന് കഴിവുള്ളവർ എന്ന അർത്ഥം കല്പിച്ചുകൊണ്ട് ആ വാക്യത്തെ *ഫമൻ ശഹിദ മിനുകുമുശ്ശഹ്റ ഫൽ യസുംഹു* എന്ന വാക്യഭാഗം നസ്ഖ് ചെയ്തിരിക്കുന്നു എന്നതാണ് വാദം. നോമ്പിന് കഴിവുള്ളവർ നോമ്പു നോല്ക്കാതെ ഫിദ്‌യ കൊടുത്ത് നോമ്പുനോല്ക്കുക എന്ന നിർബന്ധകല്പനയിൽ നിന്ന് രക്ഷപ്പെടുന്നത് കണ്ടപ്പോൾ തനിക്ക് തെറ്റുപറ്റിയെന്ന് മനസ്സിലാക്കി ഒരു കൊല്ലം കഴിഞ്ഞ് 'റമസാനിൽ ആർ ഹാജരുണ്ടോ അവരൊക്കെ നോമ്പെടുക്കണം' എന്ന് കല്പിച്ചുവത്രെ. അതായത് നോമ്പിനു കഴിവുള്ളവർ നോമ്പെടുക്കാത്ത സാഹചര്യത്തിൽ ഫിദ്‌യ കൊടുക്കണമെന്ന് സത്യവിശ്വാസികളെ ഉണർത്തിയപ്പോൾ ഇങ്ങനെയൊരു അപകടം പില്ക്കാലത്ത് സംഭവിക്കുമെന്ന് അല്ലാഹു മനസ്സിലാക്കിയില്ല. മനുഷ്യരെപ്പോലെതന്നെ പിന്നീടെന്തു സംഭവിക്കുന്നു എന്ന് അല്ലാഹുവിന്ന് അറിയാൻ കഴിഞ്ഞില്ലെന്ന്!

അല്ലാഹുവിന്റെ 'ഹിക്മത്തിനെ' തൊട്ടുള്ള ഒരു കളിയാണിതെന്നേ പറയാനുള്ളൂ. *യുത്വീകുനഹു* എന്നതുകൊണ്ട് 'നോമ്പിന് കഴിവുള്ളവർ' എന്നു മാത്രമായി അർത്ഥമെടുക്കേണ്ടതില്ലെന്ന കാര്യം പണ്ഡിതന്മാർക്ക് അറിവുള്ളതാണ്. കഴിവുള്ള എന്ന അർത്ഥമാണെങ്കിൽതന്നെയും ഞെരുങ്ങി കഴിവുണ്ടാക്കുന്നവർ എന്നാണ് അതിന്റെ ഉദ്ദേശ്യമെന്ന് പ്രബലമായ അഭിപ്രായമുണ്ട്. *യുത്വീകൂനഹു* എന്ന പദത്തിന് *യുത്വവ്വഖൂന* എന്ന ഭേദവായനാരൂപവുമുണ്ട്. ഞെരുങ്ങി, ക്ലേശിച്ച് കഴിവുണ്ടാക്കുക എന്നതാണ് അപ്പോൾ അതിനുള്ള അർത്ഥം. ഇവിടെ *താഖത്* എന്ന പദത്തിന്റെ 'ദുർബ്ബലമായ ശക്തി' എന്ന അർത്ഥത്തിനാണ് പ്രസക്തി. ആ അടിസ്ഥാനത്തിൽ *യുത്വീഖൂനഹു* എന്ന പദം പ്രയോഗിച്ചപ്പോൾ ഞെരുങ്ങിയും ക്ലേശങ്ങൾ സഹിച്ചും അപകടം ക്ഷണിച്ചുവരുത്തിയും നോമ്പെടുക്കാൻ കഴിവുള്ളവർ നോമ്പെടുക്കേണ്ടതില്ലെന്നും അവർ ഫിദ്‌യ കൊടുത്താൽ മതിയെന്നും ആയിരിക്കും ആ വാക്യഭാഗം നല്കുന്ന നിർദ്ദേശം, 'നിങ്ങളിലാരാണോ റമദാനു സാക്ഷിയാകുന്നവർ അവർ അതിൽ നോമ്പെടുക്കട്ടെ' എന്ന വാക്യം ആ നിർദ്ദേശത്തിന്റെ പ്രസക്തിയെ നഷ്ടപ്പെടുത്തുന്നില്ല. ഇവിടെ റമദാനു സാക്ഷിയാകുന്നവർ നോമ്പെടുക്കാൻ എല്ലാ നിലയ്ക്കും നിർബന്ധമാക്കപ്പെട്ട വകുപ്പിൽപെട്ടവരായിരിക്കും. അതായത് പ്രായപൂർത്തി പ്രാപിച്ച, ബുദ്ധിസ്ഥിരതയുള്ള, നിത്യരോഗികളല്ലാത്ത, താത്കാലികരോഗത്തിൽ വീഴാത്ത, ഗർഭിണികളോ മുലയൂട്ടുന്ന ഉമ്മമാരോ അല്ലാത്ത, ആർത്തവബാധിതരല്ലാത്ത, യാത്രാവസ്ഥയിലല്ലാത്ത സത്യവിശ്വാസികൾ ആരോ അവരെയാണ് *ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽ യസുംഹു* ബാധിക്കുന്നത്. അതുകൊണ്ടുതന്നെ *വ അലല്ലദീന യുത്വീകൂനഹു* എന്ന വാക്യഭാഗത്തിനുമേൽ *മൻസൂഖെന്ന* കുതിരപ്രയോഗത്തിന് കാരണമില്ല. *മൻസൂഖ്* എന്ന മനുഷ്യായുധം കാണിച്ച് ദൈവികവചനങ്ങളിന്മേൽ പെരുമാറിക്കളയാമെന്ന മോഹം തന്നെ അല്പത്തരത്തിന്റെയും അഹങ്കാരത്തിന്റെയും ലക്ഷണമാണ്. അല്ലാഹുവിന്റെ വചനങ്ങൾ കാലഹരണപ്പെട്ടു എന്ന് ചിന്തിക്കുന്നത് അല്ലാഹുവിന്റെ ഹിക്മത്തിനെ ചോദ്യം ചെയ്യുന്നതിന് തുല്യമാണ്. അവന്റെ ലൗഹിൽ മഹ്ഫൂളിന്റെ– ജ്ഞാനരേഖയുടെ– മഹത്വത്തെ കളങ്കപങ്കിലമാക്കുന്ന ഹീനമാർഗ്ഗവുമാണ്. അല്ലാഹു ത്രികാലജ്ഞനാണെന്ന കാര്യം മറക്കരുത്. സർവ്വജ്ഞനും, സർവ്വാധികാരിയും, സർവ്വനിയന്താവും, സർവ്വപരിപാലകനും, സർവ്വസംരക്ഷകനുമായ അല്ലാഹുവിന്ന് മൻസൂഖിന്റെ ആവശ്യമെന്ത്? കാര്യങ്ങളെ കാലഹരണപ്പെടുത്താത്ത രീതിയിൽ അവന്ന്

അവതരിപ്പിക്കാൻ അറിയില്ലെന്നാണെങ്കിൽ അല്ലാഹു ദുർബ്ബലനും നിസ്സഹായനുമായിത്തീരുന്നു. അതാണെങ്കിൽ അല്ലാഹുവിനെ ആക്ഷേപിക്കുന്ന വിശ്വാസമല്ലാതെ മറ്റെന്താണ്?

ഒരു കാര്യം ഓർക്കേണ്ടതുണ്ട്. പരാമർശവാക്യഭാഗം അവതരിപ്പിച്ച് ഒരു വർഷത്തിനുശേഷമാണ് ***ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽ യസുംഹു*** എന്ന കല്പന അവതരിക്കുന്നത്. ഈ ഒരു കൊല്ലത്തിനിടയിൽ ഒരു റമദാനല്ലാതെ അനേകം റമദാനുകൾ വന്നുപോകാനിടയില്ല. ആ നിലയ്ക്ക് ***വഅലല്ലദീന യുത്വീകുനഹു ഫിദ്‌യതുൻ തആമുമിസ്കീൻ*** എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 'നോമ്പു നോല്ക്കാൻ ഉദ്ദേശിച്ചവർ നോമ്പുനോറ്റു, നോമ്പു വിട്ടുകളയാൻ ഉദ്ദേശിച്ചവർ വിട്ടുകളഞ്ഞുകൊണ്ട് ഫിദ്‌യ കൊടുത്തു' എന്നും തുടർന്ന് ***ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽയസുംഹു*** എന്ന കല്പന ഇറങ്ങുന്നതുവരെ ആ നില തുടർന്നു എന്നും പറയുമ്പോൾ ചില ചോദ്യങ്ങൾ സ്വാഭാവികമായും ഉയരുന്നു. ***വ അലല്ലദീന യുത്വീഖുനഹു*** എന്ന നിർദ്ദേശത്തിന്റെ ഘട്ടത്തിൽ ***കുതിബ അലയ്ക്കുമുസ്സിയാമു***– നിങ്ങൾക്ക് നോമ്പ് കല്പിക്കപ്പെട്ടിരിക്കുന്നു എന്ന പ്രസ്താവന മാത്രമേ വിശ്വാസികളുടെ മുമ്പിലുണ്ടായിരുന്നുള്ളു. നോമ്പ് എത്രയാണ്, എപ്പോഴാണ് എന്നൊന്നും അപ്പോൾ അറിയിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. 'മുമ്പുള്ളവർക്ക് കല്പിക്കപ്പെട്ടതുപോലെ എന്ന ഒരു സൂചന മാത്രമാണ് നല്കിയിരുന്നത്. മുമ്പുള്ളവർ റമദാനിലായിരുന്നില്ല നോമ്പനുഷ്ഠിച്ചിരുന്നത്. അവരുടെ നോമ്പാണെങ്കിൽ ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിലും പാലിക്കപ്പെടേണ്ട നിയമങ്ങളുടെ അടിസ്ഥാനത്തിലും വ്യത്യസ്തവുമായിരുന്നു. അപ്പോൾപിന്നെ, എപ്പോൾ, എങ്ങനെ, എത്ര നോമ്പ് എന്ന നിർദ്ദേശമുണ്ടായിട്ടില്ലെന്നതിനാൽ 'ഞങ്ങളിൽ ചിലർ നോമ്പുനോറ്റു, ചിലർ നോമ്പുനോല്ക്കാതെ ഫിദ്‌യ കൊടുത്തു' എന്ന് പറയുന്നതിന്റെ സാംഗത്യമെന്ത്? ***അയ്യാമം മഅ്ദൂദാത്*** എന്നാൽ എണ്ണപ്പെട്ട ചില ദിവസങ്ങൾ എന്നാണല്ലോ അർത്ഥം. ഏതു എണ്ണപ്പെട്ട ദിവസം? ആകെ എത്ര ദിവസങ്ങൾ? ***ശഹ്റു റമദാനല്ലദീ*** എന്നു തുടങ്ങുന്ന ആയത്ത് ഒരു കൊല്ലത്തിനുശേഷമാണ് അവതരിച്ചത്. അതായത് 'നോമ്പ് കല്പിക്കപ്പെട്ടു' എന്ന അറിയിപ്പിനുശേഷം ഒരു വർഷത്തിനുശേഷമാണ് നോമ്പ് റമദാനിലാണെന്നും, റമദാനിൽ എത്ര ദിവസങ്ങളുണ്ടോ അത്ര ദിവസങ്ങളാണ് നേരത്തേ പറഞ്ഞ ***'അയ്യാമം മഅ്ദൂദാത്ത്'*** എന്നും വ്യക്തമാക്കപ്പെട്ടത്. നോമ്പു നോല്ക്കാനും, മറ്റു ശർത്വുകൾ അതിന്ന് വിധേയമായി വ്യാഖ്യാനിക്കാനും അപ്പോൾ മുതല്ക്കാണ് കഴിയുക. നോമ്പിനെ സംബന്ധിച്ചിറങ്ങിയ എല്ലാ ആയത്തുകളും ഒന്നിച്ചു പരിശോധിച്ചുവേണം ഈ വിഷയത്തിൽ ഒരു തീരുമാനമെടുക്കാനെന്നും വരുന്നു. അങ്ങനെ വരുമ്പോൾ ഒന്ന് ഒന്നിനെ നസ്ഖ് ചെയ്യുന്നു എന്ന ചിന്തയോടെ സമീപിക്കുന്നില്ലെങ്കിൽ ഒന്ന് ഒന്നിനെ ബലപ്പെടുത്തുന്നതായിട്ടാണ് ഇവിടെ നമുക്ക് കാണാൻ കഴിയുക. ഖുർആന്റെ പൊതുസ്വഭാവം അതുതന്നെയാണ്.

***ഫമൻ ശഹിദ മിൻകുമു ശ്ശഹ്റ ഫൽ യസുംഹു***– റമദാനിൽ ആർ ഹാജരുണ്ടോ അവർ ആ മാസത്തിൽ നോമ്പു നോല്ക്കണം എന്നത് നോമ്പിനെ സംബന്ധിച്ച നീക്കുപോക്കില്ലാത്ത കല്പനയാണ്. എന്നാൽ ***വ അലല്ലദീന യുത്വീഖൂനഹു*** എന്നത് നോമ്പിനെ സംബന്ധിച്ചുള്ള ആനുകൂല്യമോ, ഇളവോ, ഉദാരമായ സമീപനമോ ആണ്. കല്പനയ്ക്കുശേഷവും അത് അപ്രകാരംതന്നെ തുടരുന്നു എന്നതാണ് വാസ്തവം. അഥവാ ആ ആനുകൂല്യം നിലനില്ക്കുന്നതുകൊണ്ട് കല്പനയ്ക്ക് ലവലേശം ഗൗരവം കുറയുന്നില്ല. കല്പനയുണ്ടായതുകൊണ്ട് ആ ആനുകൂല്യത്തെ തട്ടിക്കളയേണ്ട കാര്യവുമില്ല. നോമ്പുനോല്ക്കാൻ ഞെരുങ്ങി കഴിവുള്ളവർ, ഞെരുങ്ങി നോമ്പ് നോല്ക്കണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നില്ല. പകരം നോമ്പുനോല്ക്കാത്തതിന്റെ പേരിൽ അവർക്ക് നഷ്ടം സംഭവിക്കാതിരിക്കാൻ അവർ ഫിദ്‌യ നല്കണം. എന്നിട്ട് നോമ്പുമൂലം ലഭ്യമാകേണ്ട അനുഗ്രഹത്തെ അവർ തേടണമെന്ന് അല്ലാഹു സ്നേഹമസൃണമായി ഉപദേശിക്കുന്നു. യുത്വീഖൂനഹു എന്നു പറഞ്ഞുകൊണ്ട് ഫിദ്‌യ തന്നെ കഴിവുണ്ടെങ്കിൽ നല്കിയാൽ മതി എന്ന് അല്ലാഹു സൂചിപ്പിക്കുന്നു. അതോടൊപ്പം അവരുടെ ഞെരുക്കം മാറി അവർക്ക് ***താഖത്*** ലഭിക്കയാണെങ്കിൽ അവർക്ക് നോമ്പ് നോറ്റു വീട്ടുകയുമാവാം.

ഈ നിലയ്ക്ക് ഇവിടെ ഒരു 'നസ്ഖ്' കയറിവരേണ്ട കാര്യമെന്ത്? ഈ നസ്ഖ് പരിപാടിക്ക് പ്രസിദ്ധ സഹാബി ഇബ്നു അബ്ബാസ്(റ) എതിരാണെന്നും ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വൃദ്ധജനങ്ങളേയും ഗർഭിണികളേയും മുലയൂട്ടുന്ന ഉമ്മമാരേയുമാണ് ആ വാക്യഭാഗം ഉദ്ദേശിക്കുന്നത്. അവർക്ക് ഞെരുങ്ങി നോമ്പ് നോല്ക്കാതെ ഫിദ്‌യ കൊടുത്തുകൊണ്ട് നോമ്പിന്റെ അനുഗ്രഹത്തെ തേടാമെന്നതാണ് കാതലായ കാര്യം. ഇതുതന്നെയല്ലേ ശരി? ആ ഒരു സൗജന്യം അവർക്കു ലഭിക്കേണ്ടതുതന്നെയല്ലേ? ഉദാരനും സർവ്വജ്ഞനുമായ അല്ലാഹു അവർക്കു നല്കിയ ആ ആനുകൂല്യം നസ്ഖ് എന്ന ആയുധം കാണിച്ച് ശഠോക്തിയിലൂടെ തട്ടിയെടുക്കാൻ വെറിയും വെകിളിയും പിടിച്ച മനുഷ്യൻ എന്തിനു തുനിയണം?

●

വ്രതാനുഷ്ഠാനം

# ഒരു ഡയറിക്കുറിപ്പ്

**ഉമർബിലാവിനകം**

റമദാൻ വീണ്ടുമൊരിക്കൽകൂടി അനുഗ്രഹം ചൊരിയാനായി നമ്മുടെ മുമ്പിലെത്തിയിരിക്കുന്നു. മലക്കുകൾ താഴെ, ഭൂമിയിൽ ഇറങ്ങിനടക്കുന്നു. അവർ വിളിച്ചുപറയുന്നു: നന്മ കാംക്ഷിക്കുന്നവരേ, മുന്നോട്ടു കുതിക്കുക. ദുആ ചെയ്യുന്നവരായി ആരാണുള്ളത്? അവന്റെ ദുആ അല്ലാഹു കേൾക്കുന്നതാണ്. ആത്മപരിശോധന നടത്തുന്നതാരാണ്? അവന് അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്. തൗബ ചെയ്യാൻ ആരെങ്കിലുമുണ്ടോ? അവന്റെ തൗബ അല്ലാഹു സ്വീകരിക്കുന്നതാണ്.

അല്ലാഹുവും ഇറങ്ങിനില്ക്കുന്നു. മനുഷ്യരിലേക്ക് നോക്കുന്നു. സത്യവിശ്വാസികളെ കൺപാർക്കുന്നു. അല്ലയോ സത്യവിശ്വാസികളേ, കാരുണ്യത്തോടെ അല്ലാഹു വിളിക്കുന്നു. അല്ലാഹു പറയുന്നു: 'നിങ്ങൾ നോമ്പ് നോല്ക്കുക. നിങ്ങളുടെ ശരീരം വല്ലാതെ അഴുക്കിലായിരിക്കുന്നു. നിങ്ങളുടെ മനസ്സിൽ പൊടി പടലങ്ങൾ കയറിക്കൂടിയിരിക്കുന്നു. നിങ്ങൾ വല്ലാതെ ഓടുന്നു. അനാവശ്യമായി ധൃതി കാണിക്കുന്നു. എന്തിനാണ് നിങ്ങൾക്ക് ഈ തത്രപ്പാട്? എല്ലാം പിടിച്ചെടുക്കാനോ? തിന്നുതീർക്കാനോ? അനുഭവിച്ചുരസിക്കാനോ? നിങ്ങൾക്കതിനാവുകയില്ല. നിങ്ങളുടെ ആയുസ്സ് എത്ര തുച്ഛം. നിങ്ങളെ ഇതാ ഞാൻ വിളിക്കുന്നു. അതോടെ ഈ ഓട്ടം അവസാനിക്കുന്നില്ലേ? ഓർക്കാത്തതെന്താണ് നിങ്ങൾ?

നിങ്ങൾ ഒരാളെ ചീത്ത വിളിക്കുന്നു. അനാവശ്യം പറയുന്നു. അന്യായം പ്രവർത്തിക്കുന്നു. താഴെയുള്ളവരെ അധിക്ഷേപിക്കുന്നു. കയ്യിലുള്ളത് ചിലവഴിക്കാതിരിക്കുന്നു. തന്നത് ഞാനല്ലേ? ചെലവാക്കാൻ പറഞ്ഞുകൊണ്ടാണ് തന്നത്. നിങ്ങളത് മറന്നോ? നിങ്ങൾ മറന്നാൽ ഞാനും നിങ്ങളെ മറക്കും. ഞാൻ മറന്നാൽ നിങ്ങളുടെ ഗതി എന്താകും? നാളെ, നിങ്ങളുടെ സ്ഥിതി എന്താകും?

ഈ കാര്യങ്ങൾ നിങ്ങൾ ആലോചിക്കുക. നിങ്ങൾ എന്നെ സ്മരിക്കുക. നിങ്ങളിൽ ഞാൻ അനുഗ്രഹം ചൊരിയും; എന്റെ മലക്കുകളും. നിങ്ങളെ ഞാൻ എല്ലാതരത്തിലുമുള്ള അന്ധകാരങ്ങളിൽനിന്നും നന്മയുടെ പ്രകാശങ്ങളിലേക്ക് നയിക്കുകയും ചെയ്യും. നിങ്ങളിൽ കാരുണ്യവും ചൊരിയും. നിശ്ചയമായും നിങ്ങളെന്നെ വന്നു കാണുമ്പോൾ നിങ്ങൾക്ക് 'സലാം' 'സലാം' എന്ന് ഞാൻ പറയും. അത് നിങ്ങൾക്ക് വേണ്ടേ? അത് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?

ആഗ്രഹിക്കുന്നുവെങ്കിൽ ഇതാ റമദാൻ. ഈ റമദാൻ അനുഗ്രഹത്തിന്റെ മാസമാണ്. നിങ്ങളെ എന്നോടടുപ്പിക്കുന്ന മാസം. നിങ്ങളുടെ പാപങ്ങളെ പൊള്ളിച്ചില്ലാതെയാക്കുന്ന മാസം. വിശുദ്ധി കൈവരിക്കാൻ നിങ്ങളെ പ്രാപ്തമാക്കുന്ന മാസം. കുളിച്ച് കരയിൽ കയറാനും അടുത്തലോകത്തേക്ക് പ്രവേശമുറപ്പിക്കാനും നിങ്ങൾക്ക് നല്കിയ മാസമാണിത്. ആയിരം രാത്രികളെക്കാൾ മൂല്യമുള്ള രാത്രിയും ഈ റമദാനിലുണ്ട്. റമദാനിലെ എല്ലാ രാത്രികളും പുണ്യം നിറഞ്ഞതാണ്. എല്ലാ പകലുകളും പുണ്യം നിറഞ്ഞതാണ്. എന്റെ വചനങ്ങളിറങ്ങിയ മാസം. അതിനോളം മഹത്തരമായതെന്തുണ്ട്? അത് വായിക്കുമ്പോൾ, മനസ്സിലാക്കുമ്പോൾ ഞാൻ നിങ്ങളുടെ സുഹൃത്തായി മാറുന്നു. ഞാൻ നിങ്ങളുടെ സമീപസ്ഥനായി ത്തീരുന്നു. നിങ്ങളെന്നോട് ചോദിക്കൂ. ഉത്തരം നിങ്ങൾക്ക് നൽകുന്നതായിരിക്കും.

റമദാൻ. റമദാനെക്കുറിച്ച് മനസ്സിലാക്കാൻ ഇതാ ഒരു ഡയറിക്കുറിപ്പ്. കൊച്ചുതലക്കെട്ട്. കൊച്ചു വർത്തമാനങ്ങൾ. എങ്കിലും അവയിലുള്ളത് നന്മകൾ മാത്രം. നമുക്കാവശ്യമായ നന്മകൾ. നമ്മുടെ ഉള്ളുണർത്തുന്ന നന്മകളാണവ. തീർച്ചയായും അത് നമ്മെ 'ഉഖുബദ്ദാറി'ലേക്കു നയിക്കും. ആകാശഭൂമികളെക്കാൾ മൂല്യമുള്ള ദിക്കാണത്. അതിന്റെ മുമ്പിൽ ഈ ജീവിതവും ഈ തട്ടകവും എത്ര നിസ്സാരം.

## ഇനി കുറിപ്പിലേക്കുള്ള വഴി:-

**(1) സ്വൗം:-** ***സ്വൗം*** എന്ന അറബി പദത്തിന്റെ അർത്ഥം നോമ്പ് എന്നാണ്. 'വിട്ടുനിൽക്കുക', 'പരിവർജ്ജിക്കുക' എന്നതാണ് പദാർത്ഥം. സൂറ ബഖറയിൽ ***കുതിബ അലയ്കുമുസ്സിയാമു*** എന്ന് അല്ലാഹു വിശ്വാസികളോട് പറയുന്നു. 'നോമ്പ് നിങ്ങൾക്ക് എഴുതപ്പെട്ടിരിക്കുന്നു' എന്ന്. ഇവിടെ നോമ്പ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭക്ഷണപാനീയാദികൾ കഴിക്കുന്നതിൽനിന്ന് വിട്ടുനിൽക്കുക എന്നതാണ്. സൂറഃ മർയമിൽ 'ഞാൻ പരമകാരുണികനായ അല്ലാഹുവിനുവേണ്ടി ഒരു വ്രതം നേർച്ചയാക്കിയിരിക്കുന്നു.' എന്ന് മർയമിനോട് പറയാനായി അല്ലാഹു ആവശ്യപ്പെടുന്നു. ***സ്വൗം*** എന്ന പദം തന്നെയാണ് അവിടെയും പ്രയോഗിച്ചിരിക്കുന്നത്. പക്ഷെ, അവിടെ ഭക്ഷണപാനീയാദികളിൽനിന്ന് വിട്ടുനിൽക്കുന്നതല്ല മറിച്ച്, സംസാരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽനിന്ന് വിട്ടുനിൽക്കുക എന്നതാണ് ആ പദത്തിന്റെ അർത്ഥം. മർയമിനു കുട്ടി പിറന്നപ്പോഴാണ് ഇങ്ങനെയൊരു വ്രതമെടുക്കാൻ മർയമിനോട് ആവശ്യപ്പെടുന്നത്. പ്രസവിച്ച സ്ത്രീകളെ സന്ദർശിക്കുക പതിവുള്ള കാര്യമാണ്. മർയമിന്റെ പ്രസവമാണെങ്കിൽ അസാധാരണവും. മർയ കന്യകയായിരുന്നുവല്ലോ. അതുകൊണ്ടുതന്നെ സന്ദർശകർ ധാരാളം. സന്ദർശകരിൽനിന്ന് അനേകം ചോദ്യങ്ങൾ ഉണ്ടായെന്നു വരും. ഈ ചോദ്യങ്ങൾ മർയമിനെ ലജ്ജിതയാക്കാനും ശല്യപ്പെടുത്താനുമേ ഇടയാക്കൂ. അതുകൊണ്ടാണ് സന്ദർശകരോട് സംസാരിക്കുന്നതിൽനിന്ന് വിട്ടുനിൽക്കുവാനും ദൈവസ്മരണയിൽ സദാ മുഴുകുവാനും കല്പിക്കപ്പെട്ടത്.

**2. നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു:–** നോമ്പ് മുസ്‌ലിംകൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആനിൽ സൂറഃബഖറയിൽ അല്ലാഹു കല്പിക്കുന്നു. '***യാ അയ്യുഹല്ലദീന ആമനൂ*** = അല്ലയോ വിശ്വാസികളേ ***കുതിബ അലയ്കുമുസ്സിയാമു*** = നോമ്പ് നിങ്ങളുടെമേൽ എഴുതപ്പെട്ടിരിക്കുന്നു. ***കമാ കുതിബ അലല്ലദീന മിൻ കബ്‌ലികും***'– എപ്രകാരം നിങ്ങളുടെ മുൻപുള്ളവർക്ക് എഴുതപ്പെട്ടുവോ അപ്രകാരം.

ഇവിടെ 'കുതിബ' എന്നാണ് അല്ലാഹു പറയുന്നത്. എഴുതപ്പെട്ടിരിക്കുന്നു, രേഖയാക്കപ്പെട്ടിരിക്കുന്നു, വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു, നിർബന്ധമാക്കപ്പെട്ടിരിക്കുന്നു എന്നൊക്കെയാണ് അതിന്റെ അർത്ഥം. '***യാ അയ്യുഹല്ലദീന ആമനൂ*** എന്നു വിളിച്ച് സത്യവിശ്വാസികൾക്ക് അല്ലാഹു നല്കുന്ന കല്പനയാണിത്. 'എപ്രകാരം നിങ്ങളുടെ മുൻപുള്ളവരുടെമേൽ എഴുതപ്പെട്ടുവോ അപ്രകാരം എന്ന് തുടർന്ന് പറഞ്ഞുകൊണ്ട് ഈ കല്പന അല്ലാഹുവിന്റെ സനാതനമായ ഒരു നിയമമാണെന്നും ഇപ്പോൾ ഇത് നിങ്ങൾക്ക് കൂടി ബാധകമാക്കിയിരിക്കുന്നുവെന്നും അല്ലാഹു വ്യക്തമാക്കുന്നു. അതായത്, ഇപ്പോൾ മാത്രമായി, സത്യവിശ്വാസികൾക്ക് മാത്രമായി വ്യവസ്ഥ ചെയ്യപ്പെട്ട കല്പനയല്ല ഇത്. പണ്ടുള്ളവരുടെമേലും ഈ കല്പന ബലത്തിലുണ്ടായിരുന്നു. പണ്ടുള്ളവർ എന്നുപറഞ്ഞാൽ പൂർവ്വികർ എന്നാണർത്ഥം. അവർ ഈ കല്പന പാലിച്ചുകൊണ്ട് നോമ്പ് നോൽക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ വഹിക്കാൻ കഴിയാത്ത ഒരു കല്പനയാണിതെന്ന് നിങ്ങളിലാരും വിചാരിച്ചുപോകരുത്. പണ്ടുള്ളവർക്ക് കഴിഞ്ഞത് ഇന്നുള്ളവർക്ക് കഴിയാതെ പോകുമോ?

---

**3. നോമ്പിന്റെ ഉദ്ദേശ്യം:–** ഏതു കല്പന വിശുദ്ധഖുർആൻ പുറപ്പെടുവിക്കുമ്പോഴും ഉടനെതന്നെ അതിന്റെ കാര്യകാരണങ്ങളും അത് വ്യക്തമാക്കാറുണ്ട്. ഇവിടെയും നോമ്പ് വിധിക്കപ്പെട്ടു എന്ന് അല്ലാഹു കല്പിച്ചതിനോടൊപ്പം എന്തിനു വേണ്ടി അത് കല്പിച്ചു എന്ന് വ്യക്തമാക്കുന്നു. അല്ലാഹു പറയുന്നു: ***ലഅല്ലക്കും തത്തഖൂൻ***– നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിനുവേണ്ടി, സൂക്ഷ്മത പാലിക്കുന്നതിനുവേണ്ടി, തഖ്‌വ കൈക്കൊള്ളുന്നതിനുവേണ്ടി.

ഭക്തിസാന്ദ്രമായ ജീവിതം നയിക്കുന്നതിനാണ് തഖ്‌വയെന്ന് പറയുന്നത്. നഫ്സിനെ ഉപദ്രവങ്ങളിൽനിന്നും ദോഷങ്ങളിൽനിന്നും സുരക്ഷിതമാക്കുക, കുറ്റങ്ങളിൽനിന്നും പാപങ്ങളിൽനിന്നും വിമുക്തമാക്കുക. ദുർവിചാരങ്ങളിൽനിന്നുപോലും അകറ്റിനിർത്തുക. നോമ്പ് അതിനുള്ള ഫലപ്രദമായ ആരാധനാ സമ്പ്രദായമാണ്. ഏറ്റവും യോജ്യമായ ഒരു ശിക്ഷണരീതി അത് ജീവിതത്തിൽ പ്രവേശിപ്പിക്കുന്നു. ജീവിതത്തെ അത് ഒരു മതിൽക്കെട്ടിനകത്താക്കുന്നു. പാപങ്ങൾക്ക് അവിടെ പ്രവേശനമില്ല. ദുഷ്കർമ്മങ്ങൾക്ക് സാധ്യതയില്ല. വികാരങ്ങളെപ്പോലും മലിനമാക്കാൻ പഴുതില്ല. മനസ്സ് ദൈവാഭിമുഖമാക്കുന്ന അവസ്ഥയാണത്. ആ അവസ്ഥയിൽ നോമ്പുകാരന്റെ ലക്ഷ്യം ദൈവസാമീപ്യത്തിന്റെ വഴിയും വാതിലും തേടുക മാത്രമായിരിക്കും.

---

**4. നോമ്പിന്റെ മാസം:–** അത് ***'ശഹ്റു റമളാൻ'*** ആണെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കുന്നു. ***ശഹ്റു റമളാൻ*** എന്നുപറഞ്ഞാൽ റമദാൻ മാസം. ഇസ്‌ലാമിക കലണ്ടർ അനുസരിച്ച് ഒമ്പതാമത്തെ മാസത്തിന്റെ പേരാണ് റമദാൻ. '***റമദ***' എന്നത് ക്രിയാപദമാണ്. ***റമദന്നഹാർ*** എന്നു പറയാറുണ്ട്. അതികഠിനമായ ചൂട് അനുഭവപ്പെടുന്ന പകൽ എന്നർത്ഥം. ***റമദർറിജ്‌ൽ*** എന്നും പറയും. സൂര്യതാപം കൊണ്ട് ചുട്ടുപൊള്ളുന്ന ഭൂമിയിൽ കാലുവെച്ച് കാൽ പൊള്ളിപ്പോയി എന്നർത്ഥം. '***റമദസ്സായിം***' എന്ന് നോമ്പുകാരനെക്കുറിച്ച് പറയും. നോമ്പ് നോറ്റ കാരണത്താൽ അവന്റെ ഉള്ളം ദാഹംമൂലം ചുട്ടുപൊള്ളി. ചുട്ടുപൊള്ളുന്ന ഭൂമിയിൽ പതിക്കുന്ന ശരൽക്കാലത്തെ ആദ്യ മഴയ്ക്ക് ***അർറമദ്*** എന്നു പറയുന്നു. ചുരുക്കത്തിൽ റമദാന് 'റമദാൻ' എന്ന പേര് വരാൻ താഴെപറയുന്നവയൊക്കെ കാരണങ്ങളാണ്. (1) ഈ മാസത്തിൽ നോമ്പനുഷ്ഠിക്കുന്നതുമൂലം കഠിനമായ ദാഹമുണ്ടാകുന്നു. അത് ചൂടും പൊള്ളലുമുണ്ടാക്കുന്നു. (2) ഈ മാസത്തിലെ തീവ്രമായ ആരാധനയും പ്രാർത്ഥനയും മൂലം നോമ്പുകാരനിലെ പാപങ്ങൾ പൊള്ളി ഇല്ലാതെയാകുന്നു. (3) ഈ മാസത്തിലെ ഭക്തിപാരവശ്യം കാരണം സ്രഷ്ടാവിനോടും സൃഷ്ടികളോടും സ്നേഹോഷ്മളമായ ഇളംചൂട് ജന്യമാകുന്നു. റമദാൻ എന്നത് ഒരു മുസ്‌ലിം പേരാണെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. അതിനുമുമ്പ് ***നാതിഖ്*** എന്നായിരുന്നു ഈ മാസത്തിന്റെ പേര്.

---

**5. നോമ്പിന്റെ തുടക്കം ചന്ദ്രപ്പിറവി:–** റമദാൻ ആരംഭിക്കുന്നത് ചന്ദ്രന്റെ പിറവിതൊട്ടാണ്. അതായത് ചന്ദ്രപ്പിറവിയോടെ ഒരു മാസം നീണ്ടുനില്ക്കുന്ന നോമ്പിന് തുടക്കമാകുന്നു. ഖുർആൻ പറയുന്നു. ***ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽ യസുംഹു***– റമദാൻ മാസത്തിന് സാക്ഷിയാകുന്നവരാരോ അവർ ഈ മാസത്തിൽ നോമ്പനുഷ്ഠിക്കുക എന്ന്. 12 മാസങ്ങളിൽ ഒരുമാസം അല്ലാഹുവിനുവേണ്ടി നീക്കിവെക്കുക എന്നതാണ് ***ഫൽയസുംഹു*** എന്നതുകൊണ്ടുള്ള വിവക്ഷിതം. ഏതാനും ദിവസങ്ങളല്ല ഒരു മുഴുവൻമാസം അല്ലാഹുവിന്റെ കല്പനകളെ പൂർണ്ണമായും അനുസരിക്കുക. അനുവദനീയമായ കാര്യങ്ങൾപോലും അല്ലാഹുവിനുവേണ്ടി ഉപേക്ഷിച്ച് രാപ്പകൽ ഇബാദത്തിൽ മുഴുകുക. ഇബാദത്തിന്റെ ***ഹുഖൂഖുല്ലാഹ്***, ***ഹുഖൂഖുൽ ഇബാദ്*** എന്ന രണ്ടു വശങ്ങളിലും തീവ്രമായി നിരതരാവുക. അങ്ങനെ വരുമ്പോൾ റമദാൻ മുഖേന സൃഷ്ടികൾക്ക് സ്രഷ്ടാവിനെ പ്രാപിക്കുക എന്ന ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം കരസ്ഥമാക്കാൻ കഴിയുന്നു.

**6. നോമ്പുകാരന് അല്ലാഹുവിന്റെ വാഗ്ദാനം:–** നോമ്പുകാലത്ത് അല്ലാഹുവിനെ അന്വേഷിക്കുന്ന ദാസന്മാരോട് അല്ലാഹു പറയുന്നു. ***ഫ ഇന്നീ കരീബ്.*** നിശ്ചയമായും ഞാൻ നിങ്ങൾക്ക് സമീപസ്ഥനാകുന്നു, ***ഉജീബു ദഅ്വതദ്ദാഇ ഇദാ ദആനി–*** പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നൽകും; അവർ എന്നെ വിളിച്ചുപ്രാർത്ഥിക്കുമ്പോൾ.

പക്ഷേ പ്രാർത്ഥന കേൾക്കുന്നതിന് അല്ലാഹു രണ്ട് ഉപാധികൾ നിർണ്ണയിച്ചിരിക്കുന്നു. 1) അല്ലാഹുവിന്റെ വിളിക്കുത്തരം പറയണം. 2) അല്ലാഹുവിൽ വിശ്വസിക്കണം. രണ്ടും പ്രധാനമാണ്. ഏതുമുന്നിൽ ഏതു പിന്നിൽ എന്ന നിർണ്ണയം അസാധ്യമാകുമാറ് രണ്ടും ഒപ്പത്തിനൊപ്പം വേണ്ടതുമാണ്. വിളിക്കുത്തരം പറയുക എന്നാൽ എല്ലാ കല്പനകളേയും ശിരസാവഹിക്കുക എന്നാണുദ്ദേശ്യം. വിശ്വസിക്കുക എന്നു പറഞ്ഞാൽ എന്തൊക്കെ വിശ്വസിക്കാൻ അല്ലാഹു ആവശ്യപ്പെട്ടുവോ അതിലൊക്കെ ഏകമനസ്സോടെ വിശ്വസിക്കുകയും വേണം.

റമദാനിലാണ് ഈ വിശ്വാസത്തിന്റെ തീഷ്ണതയും മനോഹാരിതയും പ്രകടമാകേണ്ടത്. വിശ്വാസികൾ ഈ മാസത്തിൽ ശുദ്ധരും, സത്യസന്ധരും, സേവന സന്നദ്ധരും, സദാ ദൈവികസവിധത്തെ ആശ്രയിക്കാനാഗ്രഹിക്കുന്നവരുമായി ജീവിതത്തെ ഒരേയൊരു പാതയിൽ തിരിച്ചുവിടണം. അല്ലാഹു അപ്പോൾ അനുഗ്രഹങ്ങളുമായി അവർക്ക് മുമ്പിൽ പ്രത്യക്ഷപ്പെടാതിരിക്കുകയില്ല.

വാഗ്ദത്ത മസീഹ്(അ) പറഞ്ഞു: ''ദൈവം അവന്റെ ദാസന്മാരെ സ്നേഹിതന്മാരെപ്പോലെ പരിഗണിക്കുന്നു. ഒരു സുഹൃത്ത് ചിലപ്പോൾ തന്റെ സുഹൃത്തിന്റെ ആവശ്യങ്ങൾ പരിഹരിച്ചുകൊടുക്കുന്നു. അതിനോടൊപ്പം തന്റെ ആഗ്രഹം അയാൾ നിറവേറ്റണമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കാര്യവും അതുതന്നെയാണ്."

ഇതിനുവേണ്ടി ദൈവം തിരഞ്ഞെടുത്ത മാസമാണ് റമദാൻ. മനുഷ്യരെ ശുദ്ധീകരിക്കാനും അവന് അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുവാനുമായി ഈ മാസത്തിൽ ദൈവം മുന്നിട്ടിറങ്ങുന്നു. അത് മനസ്സിലാക്കാനും അതനുസരിച്ച് ഈ മാസത്തെ വരവേല്ക്കാനും വിശ്വാസികൾക്ക് കഴിഞ്ഞെങ്കിൽ!

**7. നോമ്പുകാരന് രണ്ട് സന്തോഷങ്ങൾ:–** അബുഹുറൈറ(റ)യിൽനിന്ന് നിവേദനം. നബി(സ) അരുൾചെയ്തു. നോമ്പ് ഒരു പരിചയാണ്. അതിനാൽ നോമ്പുകാരൻ തെറ്റായ പ്രവൃത്തികൾ ചെയ്യാതിരിക്കുകയും വിഡ്ഢിത്തം കാണിക്കാതിരിക്കുകയും ചെയ്യട്ടെ. വല്ലവനും അവനോട് വഴക്കിന് വരികയോ അവനെ ശകാരിക്കുകയോ ചെയ്യുന്നതായാൽ 'ഞാൻ നോമ്പുകാരനാണ്' എന്നവൻ രണ്ടുവട്ടം പറയട്ടെ. (*ബുഖാരി*) നോമ്പുനോൽക്കുന്ന ആൾക്ക് രണ്ട് സന്തോഷങ്ങളുണ്ടെന്നും തിരുമേനി പറയുന്നു. നോമ്പ് മുറിക്കുമ്പോൾ ഒരു സന്തോഷം. അല്ലാഹുവിനെ കണ്ടുമുട്ടുമ്പോൾ മറ്റൊരു സന്തോഷം.

**8. നോമ്പുകാരന്റെ വാനാറ്റം:–** ഏറെനേരം ഭക്ഷണപാനീയങ്ങൾ കഴിക്കാതിരുന്നാൽ വായ്ക്കകത്തുനിന്ന് ഒരു ദുർവാസന ഉണ്ടാകും. അത് സ്വാഭാവികമാണ്. ഇടയ്ക്കിടെ പല്ലു തേക്കാൻ ഓടുന്നതുകൊണ്ട് ആ വാസന പറ്റെ പോവുകയില്ല. അതിനെക്കുറിച്ച് ആകുലപ്പെടേണ്ട കാര്യം നോമ്പുകാരനില്ല. നോമ്പുകാരനെ ആശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നത് ആ വാസന അല്ലാഹുവിന് ഇഷ്ടമാണെന്നാണ്. എന്തുകൊണ്ടെന്നാൽ അതിന് കാരണക്കാരൻ അല്ലാഹുവാണ്. അവനുവേണ്ടിയാണ് നോമ്പുകാരൻ ഭക്ഷണവും പാനീയവും ഉപേക്ഷിച്ചിരിക്കുന്നത്.

അബു ഹുറൈറ(റ)യിൽനിന്ന് നിവേദനം. തിരുമേനി(സ) പറഞ്ഞു. എന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹു സത്യം. നോമ്പുകാരന്റെ വായയിൽ നിന്നുയരുന്ന മണം അല്ലാഹുവിന്റെ അടുത്ത് കസ്തൂരിയെക്കാൾ സുഗന്ധമുള്ളതാണ്. അല്ലാഹു പറയുന്നു. നോമ്പുകാരൻ എനിക്കുവേണ്ടിയാണ് അവന്റെ ഭക്ഷണപാനീയങ്ങളും ദേഹേച്ഛയും ഉപേക്ഷിച്ചിരിക്കുന്നത്. നോമ്പ് എനിക്കുള്ളതാണ്. ഞാൻ തന്നെയാണ് അതിന് പ്രതിഫലം നല്കുക. (*ബുഖാരി*)

**9. 'റയ്യാൻ'– നോമ്പുകാരന്റെ വാതിൽ:–** സഹ്ല്(റ) നിവേദനം. നബി(സ) അരുൾചെയ്തു. നിശ്ചയം സ്വർഗ്ഗത്തിൽ ***റയ്യാൻ*** എന്നു പറയപ്പെടുന്ന ഒരു വാതിലുണ്ട്. അന്ത്യദിനത്തിൽ നോമ്പുകാരൻ അതിലൂടെയാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക. അവരല്ലാതെ ആരും അതിലെ പ്രവേശിക്കുകയില്ല. അവിടെ ഇപ്രകാരം വിളിച്ചു ചോദിക്കും. നോമ്പുകാരെവിടെ? അപ്പോൾ നോമ്പുകാർ എഴുന്നേറ്റു നില്ക്കും. അവർ പ്രവേശിച്ചുകഴിഞ്ഞാൽ വാതിൽ പറ്റെ അടച്ചുകളയും. പിന്നീട് ആരും അതിലെ പ്രവേശിക്കുകയില്ല. (*ബുഖാരി*)

**10. റമളാന്റെ ശ്രേഷ്ഠത:–** റമളാന്റെ പരമപ്രധാനമായ ശ്രേഷ്ഠത അതിൽ വിശുദ്ധഖുർആൻ അവതീർണ്ണമായി എന്നതാണ്. ***ഉൻസില ഫീഹിൽ ഖുർആൻ*** എന്ന് അല്ലാഹു പറയുന്നു. റമളാനിലാണ് ഖുർആന്റെ അവതരണമുണ്ടായതെന്ന്. അവതരണത്തിന്റെ തുടക്കം. ഓരോ റമളാനിലും അതുവരെ ഇറങ്ങിയ ഖുർആനിലെ ഭാഗങ്ങൾ ഓതി കേൾപ്പിക്കപ്പെട്ടു. ഒടുവുറമളാനിൽ ഖുർആൻ മുഴുവനായി രണ്ടുവട്ടം കേൾപ്പിക്കപ്പെടുകയും ചെയ്തു.

റമളാന്റെ ഈ സവിശേഷതയുടെ സ്മാരകമാണ് നോമ്പനുഷ്ഠാനം. അത് തുടങ്ങിയാൽ നബി(സ) പറയുന്നു: 'സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടും' എന്ന്. അതായത് അനുഗ്രഹങ്ങൾ ചൊരിയുവാനായി അല്ലാഹു സന്നദ്ധനാകും എന്ന്. വീണ്ടും പറയുന്നു. 'റമളാൻ സമാഗതമായാൽ ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും പിശാചുക്കളെയെല്ലാം ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യും.' (*ബുഖാരി*)

**11. അല്ലാഹുവിന് ആവശ്യമില്ലാത്ത നോമ്പ്**:– നോമ്പ് അല്ലാഹുവിനുള്ള പ്രത്യേകമായ ഇബാദത്താണെന്ന് അല്ലാഹു താൻതന്നെ അവകാശപ്പെടുന്നു. നോമ്പിനുള്ള പ്രതിഫലം അല്ലാഹു താൻതന്നെ നിശ്ചയിക്കുകയും ചെയ്യുന്നു. നോമ്പുകാരന്റെ മനോഗതംപോലെ, അവന്റെ കർമ്മശുദ്ധിയനുസരിച്ചായിരിക്കും പ്രതിഫലം. എന്നാൽ ചില നോമ്പുകൾ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അബുഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) അരുൾചെയ്തു. ആര് കളവ് പറയലും കളവ് പ്രവർത്തിക്കലും ഉപേക്ഷിക്കുന്നില്ലയോ അവൻ തന്റെ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല. (*ബുഖാരി*) നോമ്പ് എന്നാൽ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുക മാത്രമല്ല, സ്വയം ശുദ്ധി കൈവരിക്കുക എന്നത് കൂടിയാണ്. ജീവിതത്തെ അല്ലാഹുവിന്റേതാക്കി മാറ്റുക എന്നിടത്തേക്ക് നോമ്പുകാരൻ ഉയരുന്നില്ലെങ്കിൽ അങ്ങനെയുള്ള നോമ്പ് അല്ലാഹുവിന് ആവശ്യമില്ലാത്ത നോമ്പാണ്.

**12. നോമ്പ് രോഗികൾക്കില്ല, യാത്രക്കാർക്കും**:– 'നിങ്ങളിലാരെങ്കിലും രോഗത്തിലോ യാത്രയിലോ ആണെങ്കിൽ മറ്റു ദിവസങ്ങളിൽ ആ എണ്ണം പൂർത്തിയാക്കിക്കൊള്ളട്ടെ' എന്ന് ഖുർആൻ പറയുന്നു. ഞെരുങ്ങി നോമ്പ് നോല്ക്കേണ്ടതില്ല. എന്നാണ് അല്ലാഹു ഇവിടെ നല്കുന്ന സൂചന. രോഗം രണ്ടുതരത്തിലുണ്ട്. താൽക്കാലിക രോഗം, സ്ഥിരരോഗം. ആദ്യത്തെ കൂട്ടർക്ക് നോമ്പ് മാറ്റിവയ്ക്കാം. അവർ പിന്നീട് മാറ്റിവെച്ച എണ്ണം പൂർത്തിയാക്കണം. സ്ഥിരരോഗികളാണെങ്കിൽ അവർ പ്രായശ്ചിത്തമായി ഫിദ്യ നൽകണം. ഫിദ്‌യയെ സംബന്ധിച്ച് ശുപാർശ ചെയ്യപ്പെട്ട ഒരു സംവിധാനമാണ് അതെങ്കിൽപോലും നോമ്പിനെ പോലെ അത് നിർബ്ബന്ധമാക്കേണ്ട കാര്യമില്ല എന്ന ഒരഭിപ്രായമുണ്ട്. ഫിദ്‌യ നൽകാൻ കഴിവുള്ളവർ ഫിദ്‌യ നൽകട്ടെ. കഴിവില്ലാത്തവരെ ഫിദ്‌യ നൽകാൻ നിർബന്ധിക്കുന്നതെങ്ങനെ? ഖലീഫത്തുൽ മസീഹ് റാബിഅ് പറഞ്ഞത് 'ഒരു വ്യക്തി കഴിവുള്ള അവസ്ഥയിലാണെങ്കിൽ അയാൾ ഫിദ്‌യ നൽകുകയും വിട്ടുപോയ നോമ്പ് നോറ്റുവീട്ടുകയും ചെയ്യണം' എന്നാണ്. പിന്നീട് നോമ്പ് നോറ്റുവീട്ടാൻ പ്രേരകമായിത്തീരുന്ന ഒരു ഉപാധിയാണ് ഫിദ്‌യ എന്ന് വാഗ്ദത്ത മസീഹ്(അ) പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: 'റമദാനിൽ നോമ്പ് നോൽക്കാൻ കഴിയാത്ത വ്യക്തിക്ക്, പിന്നീട് മറ്റൊരു ഘട്ടത്തിൽ നോമ്പ് നോറ്റുവീട്ടാൻ ഫിദ്‌യ കഴിവുണ്ടാക്കുന്നു'. നോമ്പിന്റെ ബാധ്യത നിറവേറ്റുവാൻ അല്ലാഹുവിന്റെ സഹായം തേടുന്ന മാർഗ്ഗമാണ് ഫിദ്‌യ. ചുരുക്കത്തിൽ സ്വന്തം അവസ്ഥയനുസരിച്ച് ഒരാൾക്ക് 1) നോമ്പ് നോൽക്കാം, ഫിദ്‌യ നൽകുകയും ആവാം. 2) നോമ്പ് നോൽക്കാം. ഫിദ്‌യ നൽകാതിരിക്കാം. 3) നോമ്പ് നീട്ടിവയ്ക്കാം, ഫിദ്‌യ നൽകാം. 4) നിത്യരോഗിയാണെങ്കിൽ ഫിദ്‌യ മാത്രം നൽകാം. അല്ലാഹു എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. ഒരിക്കലും പ്രയാസത്തെയല്ല. യാത്രക്കാരന്റെ കാര്യത്തിലും ഇതേ തത്വം തന്നെയാണ്. അവന് യാത്രാവേളയിൽ നോമ്പ് ഒഴിവാക്കപ്പെട്ടിരിക്കുന്നു. യാത്ര കഴിഞ്ഞാൽ എത്രയാണോ വിട്ടുപോയത് അത്രയും എണ്ണം പിന്നീട് നോറ്റുവീട്ടണം. ഹസ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഒരു യാത്രാവേളയിൽ ഒരു ജനക്കൂട്ടത്തെ കണ്ടു. ഒരാളെ അവർ വളഞ്ഞുനില്ക്കുന്നു. ഇയാൾക്കെന്തുപറ്റിയെന്ന് തിരുമേനി ചോദിച്ചപ്പോൾ അയാൾ നോമ്പുകാരനാണെന്ന് പറഞ്ഞു. ഉടനെ തിരുമേനി പറഞ്ഞു. യാത്രയിൽ നോമ്പുപിടിക്കൽ നന്മയല്ല. അത് തികച്ചും അനാവശ്യമാണ്.

ചെറിയ യാത്രയാണ് ഇവിടുന്നവിടെ. കാറിലാണ്. തീവണ്ടിയിലാണ്. വിമാനത്തിലാണ്. ബുദ്ധിമുട്ടൊന്നുമില്ല. അപ്പോൾ പിന്നെ നോമ്പെടുത്തുകൂടെ എന്ന് ചിലർ ചോദിക്കാറുണ്ട്. നോമ്പെടുക്കുന്നവരും ഉണ്ട്. അല്ലാഹുവിന്റെ ഇംഗിതത്തിനെതിരാണിത്. യാത്രയുടെ രീതിയോ ദൈർഘ്യമോ അല്ലാഹു പറഞ്ഞിട്ടില്ല. ഏത് യാത്രയും യാത്രയാണ്. കാറും തീവണ്ടിയും വിമാനവും അല്ലാഹുവിനറിയാത്തതല്ല. അല്ലാഹുവിനെ പരീക്ഷിക്കേണ്ട ആവശ്യം സൃഷ്ടികൾക്കില്ലതാനും. യാത്രയാണെങ്കിൽ നോമ്പിനെ മാറ്റിവയ്ക്കുകതന്നെ വേണം. ഏതു യാത്രയായാലും യാത്രയ്ക്ക് പുറപ്പെടുമ്പോഴും യാത്ര ചെയ്യുമ്പോഴും യാത്ര ചെയ്തെത്തുമ്പോഴുമൊക്കെ യാത്രയുടെ ഉദ്ദേശ്യമായിരിക്കും മനസ്സിൽ നിറഞ്ഞുനില്ക്കുക. നോമ്പ് അവിടെ മറന്നുപോവുന്നു. ദിക്റും ദുആയും കൃത്യമായ നമസ്കാരങ്ങളും നഫ്‌ലുകളും ഒക്കെ ഭംഗപ്പെടുന്നു. യാത്രയിൽ നോമ്പ് പാടില്ലെന്ന് പറയുന്നതിന്റെ പ്രധാന കാരണം ഇതാണ്. എല്ലാം അറിയുന്ന അല്ലാഹുവിന്റെ കല്പനകളാണ് മനുഷ്യൻ സ്വീകരിക്കേണ്ടത്. ദുർവാശിയോ ദുഃസാമർത്ഥ്യമോ മനുഷ്യന് നല്ല ഫലം നൽകുകയില്ല.

നോമ്പു വിട്ടുപോകുന്നതിൽ പ്രയാസമുള്ളവർക്ക് തീർച്ചയായും സ്വീകരിക്കാവുന്ന മാർഗ്ഗമുണ്ട്. നോമ്പിനുവേണ്ടി തങ്ങളുടെ യാത്രയെ മാറ്റിവയ്ക്കലാണത്. അങ്ങനെ ചിന്തിച്ചാൽ, ശ്രമിക്കുകയും ചെയ്താൽ പല യാത്രകളും മാറ്റിവയ്ക്കാനും നോമ്പിനെ പരമാവധി സുരക്ഷിതമാക്കാനും കഴിഞ്ഞു എന്നുവരും തീർച്ച.

**13. നോമ്പുകാരന് നിയ്യത്ത് ആവശ്യം**:– നോമ്പെടുക്കുന്ന ആൾക്ക് 'ഞാൻ നോമ്പെടുക്കുന്നു, അല്ലാഹുവിന്റെ വഴിയിൽ പ്രവേശിക്കുന്നു.' എന്ന ഉത്തമബോധ്യം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഏതു കാര്യവും ഫലദായകമാവുക മനസ്സിന്റെ നിയ്യത്തനുസരിച്ചായിരിക്കും എന്ന് നിബി(സ) പ്രത്യേകം

അരുൾചെയ്തിട്ടുണ്ട്. 'ഇന്നമൽ അഅ്മാലു ബിന്നി യ്യാത്ത്'– ഉദ്ദേശ്യമനുസരിച്ചാണ് കർമ്മം എന്ന തിരു വചനം പ്രശസ്തമാണല്ലോ. നോമ്പിനും ഇത് ബാധ കമാണ്. മനസ്സിനെ ചലിപ്പിക്കാതെ, മനസ്സിൽ നോമ്പിന്റെ വിശുദ്ധചിന്തയെ ഉദിപ്പിക്കാതെ അത്താഴം കഴിക്കുകയും പിന്നീട് ഭക്ഷണം ഉപേക്ഷിക്കുകയും ചെയ്യുന്ന ആൾ ആർക്കുവേണ്ടിയോ ഒരു ക്രിയ കഴി ച്ചുകൂട്ടുകയാണ് ചെയ്യുന്നത്. അല്ലാഹുവിനുവേണ്ടി യാണ് ഒരാൾ ഭക്ഷണപാനീയങ്ങളും ദേഹേച്ഛയും ഉപേക്ഷിച്ച് നോമ്പെടുക്കുന്നതെങ്കിൽ നോമ്പെടുക്കാൻ തുടങ്ങുമ്പോൾതന്നെ അക്കാര്യം അയാൾ മനസ്സിൽ ഉറപ്പിച്ചിരിക്കേണ്ടതാണ്. ഇതിനാണ് 'നിയ്യത്ത്' എന്നു പറയുന്നത്. ഈ നിയ്യത്ത് അവന്റെ നോമ്പിനെ സംര ക്ഷിക്കുന്ന ഒരു പരിചയായി മാറുന്നു. നിയ്യത്തിന് പ്രത്യേകമായ രൂപമോ ഭാവമോ ഇല്ല. മനസ്സിൽ ഉറപ്പി ക്കുക എന്നതാണ് അതുകൊണ്ടുള്ള ഉദ്ദേശ്യം.

**14. ധൃതിപ്പെട്ട് നോമ്പ് മുറിക്കുന്നത് ഉത്തമം:**– മഗ്രിബ് ബാങ്ക് കേൾക്കുന്നതോടെ ധൃതിപ്പെട്ട് നോമ്പ് മുറിക്കു ന്നതാണ് നോമ്പുകാരന് ഉത്തമം. അഥവാ ബാങ്ക് കേൾക്കാൻ നിവൃത്തിയില്ലാത്ത സ്ഥലത്തും സാഹച ര്യത്തിലുമാണെങ്കിൽ അസ്തമയസമയം കണക്കു കൂട്ടി നോമ്പ് മുറിക്കേണ്ടതാണ്. 'നോമ്പ് മുറിക്കാൻ ജനങ്ങൾ ധൃതികാണിക്കുന്ന കാലം വരേക്കും ജന ങ്ങൾ നന്മയിൽ ആയിരിക്കും' എന്ന് തിരുദൂതർ അരുൾചെയ്തിട്ടുണ്ടെന്ന് സഹ്ൽ(റ) നിവേദനം ചെയ്തിട്ടുണ്ട്. നോമ്പിനെ അലംഭാവത്തോടെ കാണ രുതെന്ന പാഠമാണ് ഈ ഉപദേശത്തിലൂടെ തിരുദൂതർ നല്കുന്നത്. നോമ്പിന് കൃത്യമായ ഒരു തുടക്കവും അത് അവസാനിപ്പിക്കുന്നതിന് വ്യക്തമായ ഒരു സമ യനിർണ്ണയവും ഉണ്ട്. അത് അതേ രീതിയിൽ നിഷ്ഠ യോടെ പാലിക്കുമ്പോഴാണ് ആ ആരാധനാകർമ്മ ത്തോട് പ്രതിബദ്ധത ജനിക്കുന്നത്.

**15. നോമ്പുമുറിക്കുമ്പോഴുള്ള പ്രാർത്ഥന:**– തിരുമേനി നോമ്പു മുറിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുകയു ണ്ടായി. '***അല്ലാഹുമ്മ ലക സുംതു വഅലാ റിസ്ഖിക അഫ്തർതു***. അല്ലാഹുവേ നിന്റെ തൃപ്തിക്കുവേണ്ടി ഞാൻ നോമ്പു നോറ്റു. നീ തന്ന റിസ്ഖ് കൊണ്ട് ഞാനിതാ നോമ്പു മുറിക്കുന്നു' ഉയർന്ന രീതിയിലുള്ള അല്ലാഹുവിന്റെ സ്മരണയാണിത്. നമ്മുടെ സന്തോഷം നാം അറിയിക്കുന്നു. നന്ദിയും അറിയിക്കുന്നു. അല്ലാഹു ഇഷ്ടപ്പെടുന്ന ഈ പ്രാർത്ഥനകൊണ്ട് നോമ്പു മുറിക്കുവാൻ നോമ്പുകാരൻ ഉത്സാഹം കാണിക്കേണ്ടതാണ്.

**16. നോമ്പുകാരൻ അത്താഴം കഴിക്കുന്നത് നന്മ:**–അനസ്(റ) വിൽനിന്ന് നിവേദനം. നബി(സ) അരുൾചെയ്യുന്നു. 'നിശ്ചമായും അത്താഴത്തിൽ നന്മയുണ്ട്.' (*ബുഖാരി*) രാത്രിയുടെ അപരയാമത്തിലോ പുലർച്ചയ്ക്കു മുമ്പായോ ലഘുവായ ഭക്ഷണം കഴിച്ച് ആവശ്യമായ ശാരീരികോർജ്ജം നേടുകയെന്നത് നോമ്പിന് ഉത്തമ മാണ്. അത് സുന്നത്തും ആണ്. അതുകൊണ്ട് രണ്ട് ഗുണങ്ങളുണ്ട്. ഒന്ന് വിശപ്പിന്റേയും ദാഹത്തിന്റേയും സമയദൈർഘ്യം അത് ലഘൂകരിക്കുന്നു. രണ്ട് നോമ്പ് നോല്ക്കാനുള്ള മാനസികമായ ഒരു കരുത്ത് അത് പ്രദാനം ചെയ്യുന്നു. മറ്റൊരു ഗുണം കൂടിയുണ്ട്. അത്താഴം കഴിക്കാൻ വെളുപ്പിനുണരുമ്പോൾ വീടു ണരുന്നു എന്നതാണത്. കുട്ടികൾക്കും നോമ്പ് നോക്കാ നുള്ള പ്രചോദനവും പ്രേരണയുമായി അത് മാറുന്നു.

അത്താഴം ഏതുവരെ എന്ന ഒരു ചോദ്യമുണ്ട്. ഫജ്ർ ബാങ്കു കേൾക്കുന്നതുവരെ എന്നതാണുത്ത രം. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ബാങ്ക് കേൾക്കു കയാണെങ്കിൽ ഭക്ഷണപാത്രം ഇട്ടോടേണ്ട കാര്യമില്ല. ഭക്ഷണം മുഴുമിക്കാവുന്നതാണ്. ഹ: അബൂഹുറൈറ യിൽനിന്ന് നിവേദനം. തിരുമേനി(സ) പറഞ്ഞു: 'നിങ്ങ ളിലാരെങ്കിലും ബാങ്ക് കേട്ടാൽ ഭക്ഷണപാത്രം അയാ ളുടെ കയ്യിലാണെങ്കിൽ അത് താഴെവയ്ക്കരുത്, ആവ ശ്യത്തിന് തിന്നു കഴിയാതെ.'

**17. നോമ്പ് പ്രായശ്ചിത്തമെന്ന നിലയ്ക്ക്:**–റമദാനിലെ നോമ്പ് പ്രത്യേക നിലയ്ക്ക് സത്യവിശ്വാസികൾക്ക് കല്പിക്കപ്പെട്ട ഒരു നിർബന്ധ അനുഷ്ഠാനമാണ്. റമ ദാനു പുറമെ പ്രായശ്ചിത്തമെന്ന നിലയ്ക്ക് നോമ്പിനെ അല്ലാഹു നിർദ്ദേശിച്ചിരിക്കുന്നു. അതായത്, ഏതെ ങ്കിലും വീഴ്ചയോ കുറ്റമോ സത്യവിശ്വാസികളിൽനി ന്നുണ്ടാകുന്ന പക്ഷം പ്രായശ്ചിത്തമായി നോമ്പ് വിധി ക്കപ്പെട്ടിരിക്കുന്നു.

ഉദാഹരണമായി ഹജ്ജും ഉംറയും പൂർത്തിയാക്കു ന്നതിന്റെ ഭാഗമായി ബലികർമ്മം നടത്തേണ്ടതാണ് എന്ന് അല്ലാഹു സൂറ ബഖറയിൽ പറയുന്നു. അഥവാ മനഃപൂർവ്വമായിട്ടല്ലാതെ ഒരു വിശ്വാസിക്ക് അത് സാധി ക്കാതെ വരികയാണെങ്കിൽ അയാൾ 'വ്രതമോ ദാന ധർമ്മമോ ബലിയോ' കൊണ്ട് പ്രായശ്ചിത്തം നല്ക ണം. ഹജ്ജുവേളയിൽ മൂന്നു ദിവസം, സ്വദേശത്തെ ത്തിയാൽ ഏഴ് ദിവസം– ആകെ 10 ദിവസം വ്രതമെ ടുത്ത് ആത്മശുദ്ധിയിലൂടെ പശ്ചാത്താപം പ്രകടിപ്പി ക്കണമെന്നാണ് അല്ലാഹു സത്യവിശ്വാസികളോടാവ ശ്യപ്പെടുന്നത് (*2:197*)

അബദ്ധവശാൽ ഒരു സത്യവിശ്വാസിയുടെ കയ്യിൽ നിന്ന് മറ്റൊരു സത്യവിശ്വാസി വധിക്കപ്പെടുകയാണെ ങ്കിൽ അതിനുള്ള പ്രായശ്ചിത്തം ഒരടിമയെ മോചിപ്പി ക്കുക, അതല്ലെങ്കിൽ വധിക്കപ്പെട്ട വ്യക്തിയുടെ കുടും ബത്തിന് നഷ്ടപരിഹാരം നല്കുക, അതുമല്ലെങ്കിൽ– അഥവാ അതിനു കഴിവില്ലെങ്കിൽ രണ്ടുമാസം തുടർച്ച യായി നോമ്പനുഷ്ഠിക്കുക എന്നതാണ് എന്ന് അല്ലാഹു സൂറഃഅന്നിസാഉൽ വിധിക്കുന്നു. ശപഥ ങ്ങളോ വാഗ്ദാനങ്ങളോ പാലിക്കപ്പെടുക എന്നത് വളരെ നിർബന്ധമുള്ള കാര്യമാണ്. ***ഖൂലൂ ഖൗലൻ സദീദഃ*** എന്ന സുദപദേശത്തിന്റെ ഭാഗമാണത്. മറ്റൊരു

തരത്തിൽ പറഞ്ഞാൽ വാക്കുകൾ പാലിക്കാത്തവർ, പ്രത്യേകിച്ച് ശപഥം നിറവേറ്റാത്തവർ ഇസ്‌ലാമിന കത്ത് നില്ക്കാൻതന്നെ അർഹരല്ല.

ചിലർക്ക് വെറുതേ ശപഥം ചെയ്യുന്ന പതിവുണ്ട്. 'വല്ലാഹി', 'വല്ലാഹി' എന്നു പറഞ്ഞ് ആവേശത്തോടെ സത്യം ചെയ്യുന്നവരുമുണ്ട്. ഇങ്ങനെയുള്ളവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഇവർ അനാവശ്യമായ ഈ പ്രയോഗം ഒഴിവാക്കുകയും ഇസ്തിഗ്ഫാർ ചെയ്യുക യുമാണ് വേണ്ടത്. എന്നാൽ മറ്റു ചിലരുണ്ട്. ഉറപ്പിച്ചി ട്ടുള്ള ശപഥങ്ങളെ മനഃപൂർവ്വം ലംഘിക്കുന്നവർ. അത് കുറ്റകരമാണ്. അതിനുള്ള പ്രായശ്ചിത്തം 10 അഗതി കൾക്കു മിതമായ ആഹാരം നല്കുകയാണ്. അല്ലെ ങ്കിൽ അവർക്ക് വസ്ത്രം നല്കുക. അതുമല്ലെങ്കിൽ ഒരടിമയെ സ്വതന്ത്രമാക്കുക. അതിനും നിവൃത്തിയി ല്ലെങ്കിൽ മൂന്നു ദിവസം തുടർച്ചയായി നോമ്പനുഷ്ഠി ക്കണമെന്ന് അല്ലാഹു വിധിക്കുന്നു.

ജാഹിലിയ്യാകാലത്ത് അറബികളിൽ 'ളിഹാർ' എന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. 'നീ എനിക്ക് എന്റെ ഉമ്മയെപ്പോലെയാണെന്ന്' പറഞ്ഞ് ഭാര്യയെ വൈവാ ഹികബന്ധത്തിൽനിന്ന് ഒഴിവാക്കുന്ന ക്രൂരമായ ഒരു സമ്പ്രദായം. ഇസ്‌ലാം ഈ രീതിയെ അംഗീകരിച്ചി ല്ലെന്ന് മാത്രമല്ല 'ളിഹാറി'നെ വേരോടെ പിഴുതെറിയു കയും ചെയ്തു. അഥവാ ആരെങ്കിലും 'ളിഹാർ' ചെയ്യുകയാണെങ്കിൽ പ്രായശ്ചിത്തമെന്ന നിലയ്ക്ക് അവർ ഒരടിമയെ സ്വതന്ത്രമാക്കണമെന്ന് അല്ലാഹു കല്പിച്ചു. അതിനു നിവൃത്തിയില്ലെങ്കിൽ അവരിരു വരും പരസ്പരം സ്പർശിക്കുന്നതിനു മുമ്പേ രണ്ടു മാസം തുടർച്ചയായി വ്രതമനുഷ്ഠിക്കണം. *(58:4,5)*

റമദാന് പുറമേയുള്ള ഈ നോമ്പുകൾ വ്യത്യസ്ത മായ നിലയ്ക്കുള്ളതാണെങ്കിലും ആത്യന്തികമായി നോമ്പിന്റെയെല്ലാം ഉദ്ദേശ്യം ഒന്നുതന്നെയാണ്. ഭൗതി കജീവിതത്തിന്റെ പ്രലോഭനങ്ങളിൽപ്പെട്ട് ആത്മാവിനു പറ്റിച്ചേർന്ന പൊടിപടലങ്ങളെ ശുദ്ധീകരിക്കുക, ശരീ രത്തിന്റെ അധമമായ ആഗ്രഹങ്ങൾക്ക് കടിഞ്ഞാണി ടുക, ജീവിതത്തിന് അത്യുത്തമമായ ഒരു ലക്ഷ്യമു ണ്ടെന്നറിയുക, ത്യാഗത്തിലൂടെ, ധ്യാനത്തിലൂടെ മന നത്തിലൂടെ ആ ലക്ഷ്യസാക്ഷാത്ക്കാരം നേടുക.

---

**18. നോമ്പ് മുറിയുന്നു:**– നോമ്പെടുത്ത അവസ്ഥയിൽ മനഃപൂർവ്വം ഭക്ഷണം കഴിച്ചാൽ, വെള്ളം കുടിച്ചാൽ, ലൈംഗികബന്ധത്തിലേർപ്പെട്ടാൽ നോമ്പു മുറിയു മെന്ന കാര്യത്തിൽ സംശയം വേണ്ട. ഇവയുടെ വർജ്ജനമാണ് നോമ്പ്. അതുകൊണ്ടുതന്നെ ഈ പറഞ്ഞ കാര്യങ്ങളെതൊട്ട് നോമ്പുകാരൻ ജാഗ്രത പാലിക്കണം. ആദ്യം പറഞ്ഞ രണ്ടുകാര്യങ്ങൾ എല്ലാ വർക്കും ബാധകമാണ്. ഓരോ വ്യക്തിയും അവരവ രെപ്പറ്റി ശ്രദ്ധിക്കേണ്ട കാര്യവുമാണിത്. ഒടുവിൽ പറഞ്ഞ കാര്യം ഭാര്യാഭർത്താക്കന്മാർക്കു മാത്രം ബാധ കമായ കാര്യമാണ്. അനുവദനീയമായ കാര്യം സാഹ ചര്യവും സാധ്യതയും സാമാന്യത്തിലേറെയാണെന്നി രിക്കെ അനുവദനീയമല്ലാതെയായി മാറുമ്പോൾ അസ ഹ്യത അനുഭവപ്പെടും, അസഹിഷ്ണുതയുമുണ്ടാകും, എളുപ്പം അതിനോട് പൊരുത്തപ്പെടാൻ കഴി ഞ്ഞെന്നും വരില്ല. ചിലപ്പോൾ, പലപ്പോഴും അത്തരം ആവശ്യങ്ങളോട് അത്തരം അവസരങ്ങളിൽ അദമ്യ മായ ആവേശംതന്നെ ഉണ്ടായെന്നുവരും. ശയ്ത്താൻ ഉണർന്നു പ്രവർത്തിക്കുന്നു എന്നതാണ് കാര്യം. ശയ്താനെക്കാൾ ഉണർച്ച നോമ്പുകാർക്കുണ്ടായെ ങ്കിലേ ഒരു ദുസ്ഥിതിയിലകപ്പെട്ടാതെ നോക്കാനൊക്കൂ. അതുകൊണ്ട് ഭാര്യാഭർത്താക്കന്മാർ ഇക്കാര്യത്തിൽ അത്യന്തം സൂക്ഷ്മത കാണിക്കുകതന്നെ വേണം. ഏതെങ്കിലും കാരണവശാൽ ഒരാൾക്ക് നോമ്പില്ലെ ങ്കിൽ ആ ആൾ കൂടുതൽ സംയമനം പാലിക്കണം. തനിക്കു നോമ്പില്ലെന്ന് കരുതി നോമ്പിന്റെ വിശുദ്ധ മായ അന്തരീക്ഷത്തെ മലിനപ്പെടുത്തിക്കൂടാത്തതാണ്, മറ്റേ ആളിന്റെ നോമ്പ് മുറിയാനിടവരുന്ന അവസ്ഥ യിലേക്ക് കാര്യങ്ങളെ എത്തിച്ചുകൂടാത്തതുമാണ്. നോമ്പ് സൂക്ഷ്മതയും ഭക്തിയും ആവശ്യപ്പെടുന്ന അനുഷ്ഠാനമാണെന്ന കാര്യം എപ്പോഴും ശ്രദ്ധയിലു ണ്ടായിരിക്കണം.

---

**19. നോമ്പ് മുറിയുന്നില്ല:**– നോമ്പിന്റെ അവസ്ഥയിൽ അറിയാതെ ആഹാരാപാനീയം കഴിച്ചുപോയാൽ അത് നോമ്പിനെ മുറിക്കുന്നില്ല. തിരുമേനി അരുൾചെയ്ത തായി അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു. 'നോമ്പുദിവസം ആരെങ്കിലും മറന്നുകൊണ്ട് ഭക്ഷണം കഴിച്ചുപോയാൽ അവൻ ആ നോമ്പ് പൂർത്തിയാക്കി ക്കൊള്ളട്ടെ. അല്ലാഹുവാണ് അവനെ അപ്പോൾ ആഹാരം കഴിപ്പിച്ചത്, കുടിപ്പിച്ചത്.' അതായത് അവൻ സ്വയമായി, മനഃപൂർവ്വം ചെയ്തതല്ല അത്. അതു കൊണ്ട് യഥാർത്ഥമായ മറവിയുടെ അവസ്ഥയിൽ അവൻ തിന്നുകയോ കുടിക്കുകയോ ചെയ്തുപോലാ യൽ അത് അവന്റെ നോമ്പിനെ ബാധിക്കുന്നില്ല. അല്ലാ ഹുവിനോട് പൊറുമയെത്തേടിക്കൊണ്ട് നോമ്പ് തുട രുകയാണ് വേണ്ടത്. പാചകവൃത്തിയിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് 'ഉപ്പുനോക്കുക', 'മധുരം നോക്കുക' എന്ന ഒരു ജോലിയുണ്ട്. അത് ചെയ്യുന്നതുകൊണ്ടും നോമ്പ് മുറിയുന്നില്ല. അവരുടെ ജോലിയുടെ ഭാഗമാ ണത്. ഉപ്പും മധുരവും ആവശ്യത്തിലധികം നോക്കാ തിരിക്കാനുള്ള മുൻകരുതലുകൾ അവർക്കുണ്ടായിരി ക്കണമെന്ന് പ്രത്യേകം ഉണർത്തുന്നു.

---

**20. സ്വപ്നസ്ഖലനം:**– സ്വപ്നസ്ഖലനംമൂലം നോമ്പ് മുറിയുന്നില്ല. മനഃപൂർവ്വമായ കാരണം അതിനില്ല. അത് മനുഷ്യരെ സംബന്ധിച്ചിടത്തോളം നിയന്ത്രണാതീത വുമാണ്. അത് സംഭവിച്ചാൽ കുളിച്ചു ശുദ്ധിവരു ത്തുക മാത്രമാണ് കരണീയം. കുളി നോമ്പിന് തടസ്സ മാണെന്ന ചിന്തയുള്ളവരുണ്ട്. അതിലർത്ഥമില്ല. സാധാ രണരീതിയിലുള്ള കുളിയും അത്യാവശ്യം വേണ്ടിവ ന്നേക്കാവുന്ന നനയും ഒഴിവാക്കേണ്ട കാര്യമില്ല.

സാധാരണയിൽനിന്ന് വ്യത്യസ്തമായി സുഖം കിട്ടട്ടെ എന്ന ഉദ്ദേശ്യത്തോടെ കൂടുതൽ സമയവും കൂടുതൽ തവണയും കുളിക്കുന്നത് ഭൂഷണമല്ല. കുളിക്കുമ്പോൾ വെള്ളം ചെവിയ്ക്കകത്ത് കടന്നാൽ നോമ്പ് മുറിയില്ല. കുലുക്കിത്തുപ്പുന്നതുകൊണ്ടും നോമ്പിന് ദോഷം വരില്ല. കുലുക്കുഴിയുമ്പോൾ വെള്ളം വായ്ക്കകത്താകാതിരിക്കാൻ ശ്രദ്ധയുണ്ടായിരിക്കണം. അഥവാ അബദ്ധത്തിൽ വായ്ക്കകത്തായാൽ അത് നോമ്പിനെ ബാധിക്കുകയില്ല. അല്ലാഹു അൽഅഹ്സാബിൽ പറഞ്ഞതാണ് അടിസ്ഥാനം. "നിങ്ങൾക്ക് തെറ്റുപറ്റിപ്പോകുന്നതിൽ കുറ്റമില്ല. മനഃപൂർവ്വം തെറ്റു ചെയ്യുന്നതിലാണ് കുറ്റം." (*33:6*)

**21. കുത്തിവെപ്പും നോമ്പും**:– കുത്തിവെപ്പ് നോമ്പുമുറിക്കുമോ എന്ന ഒരു ചോദ്യമുയരാറുണ്ട്. രോഗചികിത്സയുടെ ഭാഗമായുള്ള കുത്തിവയ്പാണെങ്കിൽ രോഗിക്ക് നോമ്പ് നീട്ടിവയ്ക്കാമെന്ന ആനുകൂല്യമുള്ളതാണല്ലോ. അപ്പോഴും ഏതെങ്കിലും തരത്തിൽ ഒരു കുത്തിവെപ്പ് പേശിയിലോ ധമനിയിലോ തൊലിപ്പുറത്തോ ആവശ്യമായി വരികയാണെങ്കിൽ അത് നോമ്പിനെ ബാധിക്കുകയില്ല. അത്തരം കുത്തിവെപ്പിലൂടെ നല്കപ്പെടുന്ന മരുന്നുകൾ ആമാശയത്തിലെത്തുകയോ പ്രത്യേകമായ ഒരു ഊർജ്ജം പകരുകയോ ചെയ്യുന്നില്ലെന്നതിനാൽ അതിനെ ഒരു കാരണമായെടുത്ത് നോമ്പിനെ വിട്ടുകളയേണ്ടതില്ല. എന്നാൽ ഗ്ലൂക്കോസ് കുത്തിവെക്കുമ്പോൾ അത് സൃഷ്ടിക്കുന്ന ഫലം മറിച്ചാണെന്ന കാര്യം ആർക്കും അറിയാവുന്നതാണ്. ഈ കുത്തിവെപ്പും ആമാശയത്തിലെത്തുന്നില്ലെന്നത് ശരിയാണെങ്കിലും ഇത് വിശപ്പിനേയും ദാഹത്തേയും ക്ഷീണത്തേയും അകറ്റുന്നു എന്നതിനാൽ നോമ്പിന്റെ ഉദ്ദേശ്യത്തെ വിപരീതമായി ബാധിക്കുന്നു. അതുകൊണ്ടുതന്നെ ഈ തരം കുത്തിവെപ്പുകൾ നോമ്പുകാരന് അനുവദനീയമാകുന്നില്ല.

**22. തുപ്പുനീരിറക്കൽ**:– നോമ്പുകാലത്ത് തുപ്പിനടക്കുന്ന ഒരേർപ്പാടുണ്ട്. തുപ്പിയില്ലെങ്കിൽ നോമ്പാവില്ലെന്ന് ന്യായമായിത്തന്നെ ചിലരൊക്കെ ധരിച്ചുവെച്ചിരിക്കുന്നു. അതുകൊണ്ട് കാര്യമായും കുശാലായും കിട്ടിയേടത്തും കണ്ടേടത്തും തുപ്പോട് തുപ്പ്. എത്ര തുപ്പാമോ അത്രയ്ക്ക് അധികമാണ് നോമ്പിന്റെ ഊറ്റമെന്നവർ വിചാരിക്കുന്നു. അവർ പറയുന്നത് തുപ്പിയില്ലെങ്കിൽ എന്തു നോമ്പ്, എങ്ങനെ നോമ്പ് കാണിക്കാൻ കഴിയും എന്നാണ്.

ശ്രദ്ധിക്കുക. നോമ്പ് കാണിക്കാനുള്ളതല്ല. അത് നാറ്റിക്കാനുള്ളതുമല്ല. രണ്ടും ചെയ്ത് നോമ്പിനെ നാണിപ്പിക്കരുത്. നോമ്പിന് ശുദ്ധിവേണം. അശുദ്ധി ഒട്ടും അരുത്. അതുകൊണ്ട് നോമ്പുകാരനോ നോമ്പുകാരിയോ തുപ്പി നടക്കരുത്. പരിസരം വൃത്തികേടാക്കരുത്. തുപ്പുനീരു വരുമ്പോൾ വായ്ക്കകത്തുനിന്ന് സ്വയം പൊടിഞ്ഞുണ്ടാകുന്ന ശുദ്ധിയുള്ളതും തെളിഞ്ഞതുമായ തുപ്പുനീരാണെങ്കിൽ മടിവേണ്ട, പേടിയും വേണ്ട– അത് സ്വന്തം 'കോളാമ്പി'യിൽ തന്നെ സൗകര്യപൂർവ്വം ഇറക്കിവയ്ക്കുന്നതാണ് നല്ലത്. മോശമാണെങ്കിൽ മാത്രം പുറത്ത് ആർക്കും ദോഷമാവാത്ത നിലയ്ക്കും ആരും കാണാത്ത നിലയ്ക്കും തുപ്പിക്കളയുക.

ഉമിനീരുപോലും ഇറക്കരുതെന്ന് പണ്ടുള്ളവർ പറഞ്ഞതിന്റെ തീവ്രപാഠഭേദമാണ് ഈ തുപ്പൽ. തുപ്പുനീര് സ്വന്തം ശരീരത്തിന്റെ ഭാഗമാണ്. അതിറക്കുമ്പോൾ പുറമേനിന്ന് യാതൊന്നും സ്വീകരിക്കുന്നില്ല. അതുകൊണ്ടുതന്നെ നോമ്പു മുറിയുന്നില്ലെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്.

**23. മര്യാദ പാലിക്കുക**:– പല കാരണങ്ങളാൽ നോമ്പു നോല്ക്കാൻ കഴിയാത്ത അവസ്ഥയുണ്ടാവാം. നോമ്പില്ലാത്ത അവസ്ഥയിൽപോലും നോമ്പിന്റെ പരിശുദ്ധി സംരക്ഷിക്കാൻ ഒരു മുസ്ലിം ബാധ്യസ്ഥനാണ്. നോമ്പില്ലെങ്കിലും മറ്റുള്ളവർ കാൺകെ അവരുടെ വികാരത്തെ വ്രണപ്പെടുത്തിയോ, അവരിൽ പ്രേരണ ചെലുത്തിയോ ആഹാരപാനീയം കഴിക്കരുത്. അനാവശ്യവിനോദങ്ങളിൽ ഏർപ്പെടരുത്. താൻ നോമ്പുകാരനല്ല എന്ന് അനിവാര്യമായ ഘട്ടത്തിലല്ലാതെ പ്രഖ്യാപിക്കരുത്. നോമ്പുകാലത്ത് 'തനിക്കു നോമ്പുണ്ടോ' എന്ന് മറ്റുള്ളവരോട് ചോദിക്കുകയും അരുത്. നോമ്പു നോല്ക്കാൻ എല്ലാവരും ബാധ്യസ്ഥരാണ് എന്നതിനാൽ ഇത്തരം ചോദ്യങ്ങൾ വിശ്വാസദൗർബല്യത്തിന്റെ ലക്ഷണമായിട്ടാണ് ഫലത്തിൽ അനുഭവപ്പെടുക. ഏതെങ്കിലും കാരണവശാൽ ഒരാൾക്ക് നോമ്പെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ ആളിനെ നോമ്പെടുക്കാത്തതിന്റെ പേരിൽ പരിഹസിക്കുകയോ ആക്ഷേപിക്കുകയോ വിമർശിക്കുകയോ ചെയ്യരുത്. നോമ്പ് മനുഷ്യർക്കു വേണ്ടിയല്ല നോല്ക്കുന്നത്, അല്ലാഹുവിനുവേണ്ടിയാണ്. മനുഷ്യർ അതിന് 'ഹായ്' 'ഹായ്' എന്നു പറയുകയോ 'ഹൂയ്' 'ഹൂയ്' എന്ന് കളിയാക്കുകയോ ചെയ്യേണ്ടതില്ല. വീട്ടിൽ വരുന്ന സാധാരണ സന്ദർശകർക്ക് ഏതെങ്കിലും തരത്തിലുള്ള പാനീയമോ ഭക്ഷ്യവസ്തുക്കളോ നോമ്പുകാലത്ത് സല്ക്കരിക്കുകയും അരുത്. മറ്റു വീടുകൾ അത്യാവശ്യത്തിനല്ലാതെ സന്ദർശിക്കുകയും അരുത്. ഏറ്റവും കൂടുതൽ അടക്കവും ഒതുക്കവും പാലിക്കേണ്ടത് നോമ്പുകാലത്താണെന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ്.

**24. ആർത്തവകാലം നോമ്പ് വേണ്ട**:– റമദാനിൽ ആർത്തവബാധിതരാകുന്ന സ്ത്രീകൾക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടിട്ടില്ല. ശാരീരികമായ ക്ലേശവും പീഢയും അനുഭവിക്കുന്നു എന്നതിനാൽ അവർക്ക് അനുവദിക്കപ്പെട്ട ആനുകൂല്യമാണിത്. ഈ ഘട്ടത്തിൽ അവരുടെ ശരീരത്തിനു പതിവിനുവിപരീതമായി കൂടുതൽ ക്ഷീണമനുഭവപ്പെടുകയും അവരുടെ നാഡികൾക്ക് മുറുക്കം സംഭവിക്കുകയും ചെയ്യുന്നു. പലപ്പോഴും അവരുടെ പതിവുശീലങ്ങൾ ഭംഗപ്പെടുകയും ചെയ്യുന്നു. എന്നാൽ ആർത്തവകാലം കഴിഞ്ഞ് സാധാരണ നിലയെ പ്രാപിച്ചാൽ അവർ നോമ്പിലേക്ക് പ്രവേശിക്കേണ്ടതാണ്. 'വിട്ടുപോയ നോമ്പുകൾ കണക്കുകൂട്ടി

അത്രയുമെണ്ണം പിന്നീടവർ നോറ്റുവീട്ടുകയും ചെയ്യണം. ഇതു സംബന്ധിച്ച് വിട്ടുപോയ നോമ്പു നോറ്റുവീട്ടാൻ ഞങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്നു, പക്ഷെ, വിട്ടുപോയ നമസ്കാരത്തിന്റെ കാര്യത്തിൽ അങ്ങനെ കല്പനയില്ല' എന്നു ഹസ്റത്ത് ആയിശ(റ) പറയുകയുണ്ടായിട്ടുണ്ട്.

ആർത്തവം പ്രകൃതിദത്തമാണെന്ന കാര്യം ഇവിടെ മനസ്സിലാക്കേണ്ട കാര്യമാണ്. ഇസ്‌ലാമാണെങ്കിൽ പ്രകൃതിമതവുമാണ്. പ്രകൃത്യാ സംഭവിക്കുന്ന ഏതിനും തൃപ്തികരമായ പരിഹാരവും മറുപടിയും നിർദ്ദേശവും ഇസ്‌ലാം നൽകുന്നു. ആധുനിക ശാസ്ത്രം പല നിലയ്ക്കുള്ള മരുന്നുകളും ഇന്ന് വിപണിയിലെത്തിക്കുന്ന കൂട്ടത്തിൽ ആർത്തവകാലത്തെ ദീർഘിപ്പിക്കുന്ന ഗുളികകളും സജ്ജമാക്കിയിട്ടുണ്ട്. ഇത് കഴിച്ച് ആർത്തവമൊഴിവാക്കി റമദാനിലെ മുഴുവൻ നോമ്പും നോറ്റുകൂടേ എന്ന ഒരു ചിന്തയും ചോദ്യവുമുണ്ട്. ഉത്തരം ലളിതമാണ്. പ്രകൃതിക്കെതിരിലും, അനുവദിക്കപ്പെട്ട ആനുകൂല്യത്തിന്നെതിരിലും മനസ്സിനെ തളച്ചിടാതിരിക്കുകയാണ് ഉത്തമം. സ്വാഭാവികമായ കാര്യത്തെ അതിന്റെ സ്വാഭാവികതയ്ക്ക് വിടണം. ഗുളിക അതിന്നു പരിഹാരമല്ല. ചിലപ്പോൾ അത് കഴിച്ച് മറ്റുവല്ല പാർശ്വഫലങ്ങളും ഉണ്ടായെന്നു വരാം. അല്ലാഹു വെച്ചുനീട്ടുന്ന ഔദാര്യത്തെ പുളകത്തോടെ ഏറ്റുവാങ്ങി നോമ്പിനെ മറ്റൊരവസരത്തിൽ മാറ്റിവയ്ക്കുകതന്നെയാണ് ഇവിടെ എന്തുകൊണ്ടും അഭിലഷണീയം.

**25. അല്ലാഹു എളുപ്പത്തെ ഉദ്ദേശിക്കുന്നു**:– നോമ്പിലൂടെ അല്ലാഹു മനുഷ്യർക്ക് പ്രയാസങ്ങളുണ്ടാക്കുന്നു എന്ന് ചിന്തിക്കുന്ന അല്പജ്ഞരുണ്ട്. നോമ്പിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ശരിയാംവിധം മനസ്സിലാക്കാത്തവരാണവർ. അത് മനസ്സിലാക്കുകയാണെങ്കിൽ എത്ര വലിയ അനുഗ്രഹങ്ങൾക്കുവേണ്ടിയാണ് ഇത്ര ചെറിയ ഒരു അച്ചടക്കപദ്ധതി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതെന്ന് ബോധ്യപ്പെടാതിരിക്കുകയില്ല. ***യുരീദുല്ലാഹു ബികുമുൽ യുസ്‌***റ– അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെ ഉദ്ദേശിക്കുന്നു എന്ന് ഖുർആൻ വിളംബരപ്പെടുത്തുന്നു. പറഞ്ഞതിനെ വീണ്ടും അടിവരയിട്ടുകൊണ്ട് അല്ലാഹു പറയുന്നു. ***വലാ യുരീദുബികുമുൽ ഉസ്‌റ***. നിങ്ങളിൽ അവൻ ഞെരുക്കത്തെ ഉദ്ദേശിക്കുന്നില്ല.

നോമ്പിനുനേരെ മാത്രമുള്ള സമീപനമല്ല ഇത്. അല്ലാഹു സൃഷ്ടികളോട് ഏറ്റവുമധികം കരുണാപൂർവ്വമാണ് പെരുമാറിപ്പോരുന്നതെന്നതാണ് വാസ്തവം. എവിടേയും തന്നെ ബുദ്ധിമുട്ടുകളോ പ്രയാസങ്ങളോ ഉണ്ടാകുമ്പോൾ അതിന് മറ്റുപായങ്ങൾ നിർദ്ദേശിക്കുന്നു. കണ്ടില്ല, കേട്ടില്ല എന്നു നടിക്കുന്ന നിസ്സംഗനല്ല അല്ലാഹു. കണ്ടും കേട്ടും, വേണ്ട രീതികളിൽ ഒത്താശകൾ നല്കി പ്രശ്നങ്ങൾ പരിഹരിച്ച് മനുഷ്യരോടൊപ്പം സഞ്ചരിക്കുന്ന അത്യുദാരനായ മനുഷ്യസ്നേഹിയാണവൻ. സൂറഃ മാഇദയിൽ വുളു എടുക്കുന്നത് സംബന്ധിച്ച് അല്ലാഹു പ്രസ്താവിക്കുന്നു. വെള്ളം കൊണ്ട് നിങ്ങൾ ശുദ്ധിവരുത്തുക. അഥവാ വെള്ളം കിട്ടിയില്ലെങ്കിലോ വെള്ളമില്ലാത്ത ഒരു ചുറ്റുപാടിൽ പെട്ടുപോയാലോ വെള്ളമന്വേഷിച്ചലയണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നില്ല. വെള്ളത്തിനുപകരം തയമ്മും ചെയ്യുക– ശുദ്ധമായ ഭൂമിയെ നിങ്ങൾ ലക്ഷ്യമിടുക. തുടർന്ന് അല്ലാഹു പറയുന്നു. നിങ്ങൾക്ക് ഒരു വിധത്തിലുള്ള ഞെരുക്കവും ഉണ്ടാക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല" എന്ന് (*5:7*)

സൂറഃഹജ്ജിൽ അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അധ്വാനിക്കേണ്ട മുറപ്രകാരം നിങ്ങൾ അത്യധ്വാനം ചെയ്യുവിൻ. അവൻതന്നെയാണ് നിങ്ങൾക്ക് മഹത്വം നല്കിയത്. നിങ്ങൾക്കവൻ മതകാര്യത്തിൽ ഒരു പ്രയാസവും ഉണ്ടാക്കിവെച്ചിട്ടില്ല." (*22:79*)

**26. പൊറുമയുടെ രഥം**:– നോമ്പ് ഒരു ഭാരമാണ് എന്ന് ആരും വിചാരിക്കരുത്. അല്ലാഹു സൃഷ്ടികളെ ഹദ്ദെടുപ്പിക്കുകയാണ്, പട്ടിണിക്കിടുകയാണ്– എന്നും കരുതരുത്. നോമ്പ് ഒരനുഗ്രഹമാണ്. ആത്മശുദ്ധീകരണവും ശരീരശുദ്ധീകരണവും അതിന്റെ ഫലങ്ങളാണ്. നോമ്പുകാരനാവുക എന്നാൽ മനുഷ്യനാവുക എന്നാണർത്ഥം. നോമ്പിലൂടെയാണ് മനുഷ്യൻ മനുഷ്യനെ അറിയുന്നത്, മനുഷ്യൻ മനുഷ്യന്റെ വികാരങ്ങളെ മനസ്സിലാക്കുന്നത്, സുഖദുഃഖങ്ങളെക്കുറിച്ച് വിചാരപ്പെടുന്നത്. നോമ്പ് ഉല്ക്കടമായ സ്നേഹത്തേയും സൗഭാത്രത്തെയും ജനിപ്പിക്കുന്നു. ആത്യന്തികമായി മനുഷ്യരെല്ലാവരും ഒന്നാണെന്ന തത്വത്തെ നോമ്പ് അനുസ്മരിപ്പിക്കുന്നു. മനുഷ്യൻ എത്ര നിസ്സാരനും നിരാലംബനുമാണെന്ന വസ്തുതയും നോമ്പ് ഓർമ്മിപ്പിക്കുന്നു. നോമ്പുകാലത്ത് അല്ലാഹു താഴെ മനുഷ്യർക്കിടയിലേക്കിറങ്ങിവരുന്നു. എവിടെ എന്റെ അടിയാറുകൾ? സ്നേഹകരുണാർദ്രം അല്ലാഹു മനുഷ്യരിലേക്കു ദൃഷ്ടി പായിക്കുന്നു. തീനും കുടിയും വെടിഞ്ഞ്, തിന്മയിൽനിന്നകന്ന്, നന്മയിലേക്കു മാത്രം ദൃഷ്ടിയൂന്നുന്ന അടിയാറുകളെവിടെ? അവർക്ക് അല്ലാഹു അനുഗ്രഹം ചൊരിയുന്നു. അവരുടെ വിളിക്ക് അല്ലാഹു ഉത്തരം നല്കുന്നു. അവരുടെ വീടുകളിൽ അല്ലാഹു വെളിച്ചം പകരുന്നു. അല്ലാഹു അടിയാറുകളെ അഗാധമായി സ്നേഹിക്കുന്നു. അവരുടെ പരിരക്ഷണം അല്ലാഹു സ്വയം ഏറ്റെടുക്കുന്നു. അതിനുവേണ്ടി അല്ലാഹു തിരഞ്ഞെടുത്ത മാസമാണ് റമദാൻ. ഓരോ അടിയാറിനേയും അല്ലാഹു സൂക്ഷ്മനിരീക്ഷണം നടത്തുന്നു. ഓരോ നല്ല അടിയാറിനും അല്ലാഹു പൊറുമയെ അനുവദിക്കുന്നു. പൊറുമ, പൊറുമയുടെ രഥം. അതാണ് റമദാൻ.

**27. നോമ്പു വിലക്കപ്പെട്ട ദിവസങ്ങൾ**:– റമദാൻ മാസത്തിലെ നിർബന്ധമാക്കപ്പെട്ട (ഫർള്) നോമ്പിനുപുറമെ മറ്റു ദിവസങ്ങളിലും ഐച്ഛികമായ (നഫ്ൽ) നോമ്പനുഷ്ഠിക്കാവുന്നതാണ്. എന്നാൽ രണ്ടു പെരുന്നാൾ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാവുന്നതല്ല. വെള്ളിയാഴ്ച ഒഴികെ മറ്റേതു ദിവസവും നോമ്പിനുവേണ്ടി തെരഞ്ഞെടുക്കുന്നതിൽ തെറ്റില്ല. വെള്ളിയാഴ്ച മാത്രമായി നോമ്പു നോല്ക്കുന്നതിനെ തിരുദൂതർ(സ)

നിരോധിച്ചതായി ഹദീസിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. എന്നാൽ വെള്ളിയും ശനിയും ചേർന്ന് അതല്ലെങ്കിൽ വ്യാഴവും വെള്ളിയും ചേർന്ന് അങ്ങനെ മറ്റു ദിവസങ്ങളോടൊപ്പം വെള്ളിയാഴ്ച നോമ്പുനോല്ക്കാവുന്നതാണ്.

അബൂഹുറയ്റയുടെ നിവേദനം. നബി(സ) പറയുന്നതായി ഞാൻ കേട്ടു. നിങ്ങളിലാരുംതന്നെ വെള്ളിയാഴ്ച നോമ്പ് നോല്ക്കരുത്. വെള്ളിയാഴ്ചയ്ക്ക് മുമ്പോ പിമ്പോ നോമ്പ് നോല്ക്കുന്നെങ്കിലല്ലാതെ. (*ബുഖാരി*)

ജുവയ്റിയ ബിൻത് അൽഹാരിസിൽനിന്ന് അബൂ അയ്യൂബിന്റെ നിവേദനം. ഒരു വെള്ളിയാഴ്ച നബി(സ) ജുവൈരിയയെ സന്ദർശിക്കുകയുണ്ടായി. അവർക്ക് അന്ന് നോമ്പുണ്ടെന്ന് മനസ്സിലായപ്പോൾ നബി(സ) ചോദിച്ചു. ഇന്നലെ നിങ്ങൾക്ക് നോമ്പുണ്ടായിരുന്നുവോ? ഇല്ലെന്ന് അവർ പറഞ്ഞപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു. 'നാളെ നോമ്പനുഷ്ഠിക്കുവാൻ ഉദ്ദേശമുണ്ടോ?' അവരുടെ മറുപടി ഇല്ലെന്നുതന്നെയായിരുന്നു. അപ്പോൾ അദ്ദേഹം അവരോട് നോമ്പു മുറിക്കാനാവശ്യപ്പെട്ടു' (*ബുഖാരി*) ശഅബാൻ മാസം ഒടുവിൽ അതായത് റമദാൻ ആരംഭിക്കുന്നതിന് തൊട്ടു മുമ്പ് നോമ്പ് നോല്ക്കുന്നതിനേയും റസൂൽ(സ) നിരോധിച്ചിരിക്കുന്നു, പതിവായി അനുഷ്ഠിക്കുന്നവർക്കൊഴികെ. ഹസ്റത്ത് അബുഹുറയ്റ നിവേദനം ചെയ്യുന്നു: നിങ്ങളിലാരുംതന്നെ റമദാന് ഒരു ദിവസമോ രണ്ടു ദിവസമോ മുമ്പ് നോമ്പുനോല്ക്കരുത്. എന്നാൽ നഫൽ നോമ്പ് പതിവാക്കിയവർക്ക് അവരുടെ നോമ്പ് ആ ദിവസങ്ങളിൽപെടുന്നു എങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്. (*ബുഖാരി*)

**28. നോമ്പിനു വേലി കെട്ടുക**:– നോമ്പിന് വേലിയോ? അത്യാവശ്യമാണത്. പട്ടിണി അല്ലാഹുവിനാവശ്യമില്ല. അല്ലാഹുവിനാവശ്യം തഖ്‌വയാണ്. തഖ്‌വയെന്നാൽ ജാഗ്രത. നിത്യനിതാന്ത ജാഗ്രത. റസൂൽ(സ) പറഞ്ഞു. വ്രതം ആത്മരക്ഷയ്ക്കുള്ള കവചമാണ്. നോമ്പുകാരൻ നിന്ദ്യമായ വചനം ഉച്ചരിക്കുകയോ അറിവില്ലാത്തവനെപ്പോലെ പെരുമാറുകയോ അരുത്. ആരെങ്കിലും അയാളോട് വഴക്കിനു വരികയോ ചീത്ത വിളിക്കുകയോ ചെയ്യുകയാണെങ്കിൽ അയാൾ ആവർത്തിച്ചുപറയട്ടെ. ഞാൻ നോമ്പുകാരനാണ്, നോമ്പുകാരനാണ്.

നിയന്ത്രണമാണ് വലുത്. നോമ്പുകാരൻ വിശാലമായ ഈ ലോകത്തിന്റെ ഒരു ഭാഗംതന്നെ. പക്ഷേ, തൽക്കാലത്തേക്കെങ്കിലും അവൻ തന്നുള്ളിലൊതുങ്ങണം. ആത്മപരിശോധനയ്ക്കുവേണ്ടി ദൈവികസ്മരണയിൽ നിരതനാവുകയും വേണം.

സത്യവിശ്വാസികളെ സംരക്ഷിക്കുന്നത് 'സത്യ'മാണ്. സത്യവിശ്വാസികളെ നശിപ്പിക്കുന്നത് 'കള്ള'വും. ഇതു പറഞ്ഞുതന്നത് പുണ്യപ്രവാചകനാണ്. ഇത് സദാ ഓർക്കാൻ നോമ്പുകാരൻ ഉത്സാഹം കാണിക്കേണ്ടതാണ്. നോമ്പുകാരന്റെ നാവ് ഇടറരുത്. പാദം പതറരുത്. കൈ അശുദ്ധമാകരുത്. അക്രമം അരുത്. ക്രമം മാത്രം. താൻ നോമ്പുകാരനാണ്. അല്ലാഹുവാണ, താൻ നോമ്പുകാരനാണ് എന്ന ബോധം എപ്പോഴും അയാൾക്കുണ്ടായിരിക്കണം. നോമ്പുകാരൻ പ്രലോഭനങ്ങളിലേക്ക് കൺപാർക്കരുത്. സുഖങ്ങളിലേക്ക് മനസ്സിനെ മേയാനനുവദിക്കരുത്. മനസ്സ് മുഗ്ദ്ധമാക്കുന്ന ചിന്തകൾമാത്രം. മനസ്സ് ധന്യമാക്കുന്ന വാക്കുകൾ മാത്രം.

നോമ്പിനു വിലയേറെയുണ്ട്. അമൂല്യമാണത്. അമൂല്യമായതിനു അർഹമായ പരിരക്ഷ നല്കണം. നോമ്പിനു വേലികെട്ടണം. വേലിക്കകത്ത് നോമ്പിനെ ഭദ്രമാക്കണം. നോമ്പ് ഭദ്രമാകുമ്പോൾ നോമ്പുകാരൻ രക്ഷയിലാകുന്നു. നോമ്പ് ഭദ്രമല്ലെങ്കിൽ നോമ്പുകാരന് ശിക്ഷ കിട്ടാനിടയാകുന്നു. അവന്റെ നോമ്പ് വെറും പട്ടിണിയായി മാറുകയും ചെയ്യുന്നു. അത് വെറും പട്ടിണി മാത്രമായി തരംതാഴുന്നു. നോമ്പുകാരന് ശിക്ഷ കിട്ടാനും അത് ഇടയാക്കുന്നു.

അവന്റെ പട്ടിണി ആർക്കു വേണം? അത് അല്ലാഹുവിനു വേണ്ട. മനുഷ്യർക്കും വേണ്ട. ഇതോർക്കുക. നോമ്പുകാരനും നോമ്പുകാരിയും ഇത് ശ്രദ്ധിക്കുക.

**29. അരുത്**:– നോമ്പ് നോല്ക്കുന്ന ആൾ അരുത് എന്ന ഈ പാഠം ശ്രദ്ധിക്കണം.

ഫജർ ബാങ്കുതൊട്ട് മഗരിബ് ബാങ്കുവരെ യാതൊരു തരത്തിലുള്ള ഭക്ഷണപാനീയവും അരുത്. ഭാര്യാഭർത്താക്കന്മാർ പരസ്പരം ലൈംഗികമായി ബന്ധപ്പെടരുത്, രാത്രിയിലൊഴികെ. പതിവായ മയക്കമോ ഉറക്കമോ അല്ലാതെ സമയത്തെ എളുപ്പമാക്കാനുള്ള മയക്കവും ഉറക്കവും നോമ്പുകാലത്ത് അരുത്. പതിവായതോ അത്യാവശ്യമായതോ ആയ കുളിയൊഴിച്ച് മറ്റു കുളികൾ അരുത്. നോമ്പിന്റെ പ്രയാസത്തെ മനഃപൂർവ്വം ലഘൂകരിക്കാൻ സ്വീകരിക്കുന്ന ഇത്തരം നടപടികൾ നോമ്പിന്റെ ഉദ്ദേശ്യത്തെ വിപരീതമായി ബാധിച്ചു എന്നുവരാം. കലഹം അരുത്. അനാവശ്യ സംസാരങ്ങളിൽനിന്ന് വിട്ടുനില്ക്കണം. തമാശ പറയുന്നതുപോലും നിയന്ത്രിക്കണം. വളരേ മിതമായും അത്യാവശ്യമായും മാത്രമുള്ള സംസാരങ്ങളേ ആകാവൂ. രോഗികളേയും പ്രായമുള്ളവരേയും സന്ദർശിക്കണം. മറ്റു സന്ദർശനങ്ങൾ ഒഴിവാക്കുന്നതാണുത്തമം. രോഗാവസ്ഥയിൽ നോമ്പരുത്. യാത്രയിലും അരുത്. നോമ്പുമായി യാത്ര പുറപ്പെടേണ്ടതായി വരുന്ന പക്ഷം നോമ്പുനോല്ക്കുന്ന ആൾ അല്ലാഹുവിന്റെ അനുവാദത്തെ സ്മരിച്ചുകൊണ്ട് നോമ്പ് മുറിക്കുകയും മറ്റൊരു ദിവസത്തേക്ക് നോമ്പിനെ നീട്ടിവയ്ക്കുകയും വേണം.

**30. ലൈംഗികബന്ധം**:– വിശുദ്ധഖുർആൻ പറയുന്നു: വ്രതരാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗ്ഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു' എന്ന് . (*2:186*) പകൽ നോമ്പനുഷ്ഠിച്ചുകൊണ്ടിരിക്കെ ലൈംഗികബന്ധം അരുത്. അഥവാ ആരാകിലും അതിന്നെതിരു പ്രവർത്തിച്ചാൽ അവർ ഉചിതമായ പ്രായ

ശ്ചിത്തം നല്കണം. അബൂഹുറയ്(റ)യിൽനിന്ന് നിവേദനം. ഞങ്ങൾ നബി(സ)യുടെ ഒപ്പം ഇരിക്കുകയായിരുന്നപ്പോൾ ഒരാൾ വന്ന് 'അല്ലാഹുവിന്റെ റസൂലേ, ഞാൻ നശിച്ചുപോയി' എന്ന് സങ്കടത്തോടെ പറയുകയുണ്ടായി. എന്താണ് കാര്യമെന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു. 'നോമ്പുകാരനായിരിക്കെ ഞാൻ ഭാര്യയുമായി ലൈംഗികബന്ധത്തിലേർപ്പെട്ടു.' അല്ലാഹുവിന്റെ റസൂൽ(സ) ആ മനുഷ്യനോട് ചോദിച്ചു. നിങ്ങൾക്ക് ഒരടിമയെ സ്വതന്ത്രനാക്കാനുള്ള കഴിവുണ്ടോ? 'ഇല്ല' എന്ന് അയാൾ മറുപടി പറഞ്ഞപ്പോൾ അല്ലാഹുവിന്റെ ദൂതൻ ചോദിച്ചു. 'നിങ്ങൾക്ക് തുടർച്ചയായി രണ്ടുമാസം നോമ്പനുഷ്ഠിക്കാമോ? 'സാധിക്കുകയില്ല' എന്ന് അയാൾ മറുപടി പറഞ്ഞപ്പോൾ വീണ്ടും അല്ലാഹുവിന്റെ ദൂതൻ അയാളോട് ചോദിച്ചു: 'നിങ്ങൾക്ക് 60 സാധുക്കൾക്ക് ഭക്ഷണം കൊടുക്കാമോ?' നിഷേധാർത്ഥത്തിൽ അയാൾ മറുപടി പറഞ്ഞപ്പോൾ നബി(സ) നിശ്ശബ്ദനായി, ഞങ്ങളെല്ലാവരും ഈ കാഴ്ചയ്ക്ക് സാക്ഷികളായിരിക്കെ അവിടെ ഒരു കൊട്ട നിറയെ ഈത്തപ്പഴം നബി(സ)യുടെ മുമ്പിൽ ആരോ കൊണ്ടുവന്നു. അപ്പോൾ നബി(സ) 'എവിടെ ആ ആൾ' (*താൻ നശിച്ചുപോയി എന്നു പറഞ്ഞ ആൾ*) എന്ന് ചോദിച്ചപ്പോൾ 'താൻ ഇവിടെത്തന്നെയുണ്ട്' എന്ന് അയാൾ മറുപടി പറഞ്ഞു. നബി(സ) പറഞ്ഞു. ഈ കൊട്ട ഈത്തപ്പഴമെടുത്ത് വളരെ സാധുക്കളായവർക്ക് ധർമ്മമായി കൊടുക്കൂ എന്നു പറഞ്ഞു. അപ്പോൾ ആ മനുഷ്യൻ പറഞ്ഞു 'എന്നെക്കാൾ സാധുവായ ഒരു മനുഷ്യന് ഇതു കൊടുക്കണമെന്നാണോ പറയുന്നത്. അല്ലാഹുവാണ, മദീനയിലെ ഈ രണ്ട് മലകൾക്കിടയിൽ എന്നോളം സാധുവായ മറ്റൊരുത്തൻ ഇല്ലതന്നെ.' ഇതുകേട്ട് അല്ലാഹുവിന്റെ ദൂതൻ ചിരിച്ചുപോയി, ചിരിച്ചുകൊണ്ടുതന്നെ ആ പുണ്യാത്മാവ് പറഞ്ഞു. 'പോ, ഇതെടുത്ത് നിങ്ങൾ നിങ്ങളുടെ കുടുംബത്തിന്തന്നെ കൊടുക്കൂ." (*ബുഖാരി*)

ഇതിൽനിന്ന് മനസ്സിലാകുന്ന പാഠമിതാണ്. അബദ്ധത്തിലോ നിയന്ത്രിക്കാൻ കഴിയാത്ത നിലയിലോ ആരെങ്കിലും വ്രതവേളയിൽ ലൈംഗികബന്ധത്തിലേർപ്പെട്ടു പോയെങ്കിൽ (1) നോമ്പ് മുറിയുന്നു, അത് പിന്നീട് നോറ്റുവീട്ടേണ്ടതാണ്. (2) പ്രായശ്ചിത്തമെന്ന നിലയ്ക്ക് രണ്ട് മാസത്തെ നോമ്പ് അല്ലെങ്കിൽ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ അഗതി ഭക്ഷണം നല്കേണ്ടതാണ്.

**31. നോമ്പുനോറ്റു വീട്ടേണ്ടതെപ്പോൾ?:–** ഉത്തരം ലളിതം. അടുത്ത റമദാനു മുമ്പായി വിട്ടുപോയ നോമ്പുകൾ നോറ്റുവീട്ടണം. പക്ഷെ, എത്രവേഗം നോറ്റുവീട്ടാൻ കഴിയുമോ അത്രവേഗം നോറ്റുവീട്ടുന്നതാണ് ഉത്തമം. ഇതൊരു കടമയാണ്. അവധിയുണ്ടെന്നത് ശരിതന്നെ; മുഴുവൻ അവധിയും വേണ്ടവർക്ക് അപ്രകാരം ചെയ്യാം. അല്ലാത്തവർക്ക് റമദാനുശേഷമുള്ള ശവ്വാലിൽതന്നെ നോറ്റുവീട്ടാം. ആയുസ്സിനെക്കുറിച്ച് നിശ്ചയമില്ലാത്ത മനുഷ്യർക്കും പാരത്രികലാഭം ഉറപ്പിക്കാനാഗ്രഹിക്കുന്നവർക്കും ഇതാണ് അത്യുത്തമം. ആയിശ(റ) വിട്ടുപോയ നോമ്പുകൾ ശഅബാനിലാണ് അതായത് റമദാനുശേഷമുള്ള 11–ാം മാസത്തിലാണ് നോറ്റുവീട്ടാറെന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങനെ ചെയ്യുന്നതും ശരിതന്നെയെന്നു സാരം.

**32. കുട്ടികൾ നോമ്പുനോല്ക്കേണ്ടതുണ്ടോ?:–** നോമ്പ് നിർബന്ധമാക്കപ്പെട്ടത് പ്രായപൂർത്തിയെത്തിയവർക്കാണ്. കുട്ടികൾ വലുതാകുന്നതുവരെ, ഉറങ്ങുന്നവൻ ഉണരുന്നതുവരെ, ഭ്രാന്തൻ സുഖം പ്രാപിക്കുന്നതുവരെ പേന ഉയർത്തപ്പെട്ടിരിക്കുന്നു" എന്ന് ഒരു ഹദീസുണ്ട്. പേന ഉയർത്തപ്പെടുക എന്നാൽ ബാധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുക എന്നാണ് സാരം. അതുകൊണ്ടുതന്നെ നോമ്പാകുന്ന ബാധ്യത കുട്ടികൾക്കില്ല. എന്നുവച്ച് അവർ നോമ്പ് നോല്ക്കരുതെന്നോ അവരെ നോമ്പ് നോല്പിക്കരുതെന്നോ ഇതിനർത്ഥമില്ല. പരിശീലനമില്ലാതെ യാതൊരു കർമ്മവും പ്രാവർത്തികമാക്കാൻ കഴിയുകയില്ലെന്ന കാര്യം ആർക്കും അറിയാവുന്ന വസ്തുതയാണ്. വളർന്നു വലുതായി പ്രായപൂർത്തിയായ ഒരാളോട് നോമ്പുനോല്ക്കാൻ പറഞ്ഞാൽ, നേരത്തെ അത് ശീലിച്ചിട്ടില്ലെങ്കിൽ അയാൾക്കത് സാധിച്ചെന്നുവരില്ല.

ശീലമുണ്ടാക്കണം. അതിനു പരിശീലനം നല്കണം. രക്ഷിതാക്കളുടെ ചുമതലയാണത്. എപ്പോൾ മുതൽ നോമ്പെടുക്കുന്ന ഈ ശീലം അവരിലുണ്ടാക്കണം എന്ന് ചോദിച്ചാൽ കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെടുത്തിയേ ഉത്തരം പറയാനാകൂ. ആരോഗ്യവും മനക്കരുത്തുമുള്ള കുട്ടികൾക്ക് വളരേ ചെറുപ്പം മുതല്ക്കെ നോമ്പിന്റെ ശീലമുണ്ടാക്കാം. നമസ്ക്കാരത്തിന്റെ കാര്യത്തിൽ റസൂൽ(സ) പറഞ്ഞത് 7 വയസ്സായാൽ കുട്ടികളെ നമസ്കരിക്കാൻ നിഷ്കർഷിക്കുക. 10 വയസ്സായാൽ അടിച്ചുകൊണ്ട് നമസ്കാരശീലം അവരിലുണ്ടാക്കുക എന്നാണ്. നോമ്പ് നമസ്കാരം പോലെയല്ല. കുറേക്കൂടി ബുദ്ധിമുട്ടുള്ളതും ചെറിയ പ്രായത്തിന് കൈകാര്യം ചെയ്യാൻ പ്രയാസമുള്ളതുമായ അനുഷ്ഠാനമാണ്. എങ്കിലും 10 വയസ്സുമുതല്ക്കെങ്കിലും ഈ ശീലമുണ്ടാക്കിത്തുടങ്ങുന്നതായിരിക്കും നല്ലത്.

**33. ആശുറാ നോമ്പ്:–** റമദാന് മുമ്പ് യഹൂദികൾ അനുഷ്ഠിച്ചുവന്ന ഒരു നോമ്പായിരുന്നു ഇത്. ഒരവസരത്തിൽ റസൂൽ(സ) മദീനയിൽ ചെന്നപ്പോൾ ഈ നോമ്പ് യഹൂദികൾ അനുഷ്ഠിക്കുന്നതായി കണ്ടു. ഇത് ഇസ്രായിലിനെ ശത്രുക്കളിൽനിന്ന് മോചിപ്പിച്ച ദിവസമാകയാൽ ഈ ദിവസം മൂസാനബി നോമ്പു നോറ്റിരുന്നു എന്നും പ്രസ്തുത സ്മരണയെ നില നിർത്തുന്നതിനു വേണ്ടിയാണ് ഈ നോമ്പ് തങ്ങൾ ആചരിക്കുന്നതെന്നും യഹൂദികൾ പറഞ്ഞപ്പോൾ നിങ്ങളെക്കാളും മൂസാനബിയുമായി ബന്ധം ഞങ്ങൾക്കാണ് എന്നു പറഞ്ഞ് നബി(സ) പ്രസ്തുത നോമ്പ് അനുഷ്ഠിക്കുകയും അനുയായികളോട് അനുഷ്ഠിക്കാനാവശ്യപ്പെടുകയും ചെയ്തു.

എന്നാൽ, ***ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽയസുംഹു*** എന്ന കല്പന പ്രാവർത്തികമായതോടെ ഈ പ്രത്യേക നോമ്പ് റദ്ദാക്കപ്പെട്ടു. ഇഷ്ടമുള്ളവർക്ക്

ഈ നോമ്പ് ആചരിക്കാം, ഇഷ്ടമില്ലാത്തവർ ആചരിക്കേണ്ടതില്ല എന്ന് നിർണ്ണയിക്കപ്പെട്ടു. (*ബുഖാരി*)

മുഹർറമാസത്തെ നോമ്പും നഫ്ൽ നോമ്പ് തന്നെ. ഇഷ്ടമുള്ളവർക്ക് നോമ്പെടുക്കാം. അല്ലാത്തവർക്ക് ഒഴിവാക്കാം. മുഹർറം 9ഉം 10ഉം നോമ്പനുഷ്ഠാനം ഒഴിച്ചുകൂടാൻ പറ്റാത്തതല്ല എന്ന് ഒരു ചോദ്യത്തിനുത്തരമായി ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുണ്ട് എന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്.

**34. പിറവി ചന്ദ്രനും നോമ്പും**:– ഇസ്‌ലാമിൽ പിറവിചന്ദ്രനുള്ള പങ്ക് പരമപ്രധാനമാണ്. ഇസ്‌ലാം സ്വീകരിച്ചിട്ടുള്ള കാലഗണനതന്നെ ചന്ദ്രനുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ചന്ദ്രവർഷം സൂര്യവർഷത്തെ അപേക്ഷിച്ച് എണ്ണത്തിൽ 11 ദിവസം ഹ്രസ്വമാണ്. അകൊണ്ടുതന്നെ സൂര്യവർഷത്തിന്റെ ഗണനയിൽ കാര്യങ്ങളെ നിജപ്പെടുത്തിയിട്ടുള്ള ലോകത്തിനുമുമ്പിൽ റമദാനെന്ന മാസം ഓരോ വർഷവും പിന്നിടുന്ന വർഷത്തെ അപേക്ഷിച്ച് 11 ദിവസം മുമ്പിലായി കടന്നുവരുന്നു. ഇതിങ്ങനെ സംഭവിക്കുമ്പോൾ എല്ലാ കാലാവസ്ഥയിലും അനുഗ്രഹവർഷം ചൊരിയുന്ന മാസമായിത്തീരുന്നു റമദാൻ. ശൈത്യകാലത്തും ഉഷ്ണകാലത്തും മിതശീതോഷ്ണകാലത്തും റമദാൻ മനുഷ്യർക്കുമുമ്പിൽ ഹാജർ നല്കുന്നു. ചിലപ്പോൾ ഹ്രസ്വമായ പകലുകൾ, മറ്റു ചിലപ്പോൾ ദീർഘം, വേറെ ചിലപ്പോൾ അതിദീർഘം. ഒരു സത്യവിശ്വാസി എല്ലാ കാലവുമായും എല്ലാ സാഹചര്യവുമായും പരിചയപ്പെടുന്നു. അനുഭവങ്ങളുടെ നിറകുടമായി അവൻ മാറുന്നതോടൊപ്പം ഓരോ കാലാവസ്ഥയുടേയും ഗുണദോഷവിചിന്തനവും അവന്ന് സാധ്യമാവുന്നു. ലോകത്തിന്റെ ഏതു കോണിലുമുള്ള മനുഷ്യർക്കും ഈ അനുഭവം ഒരുപോലെ സമ്മാനിക്കപ്പെടുമ്പോൾ അല്ലാഹു തന്റെ സൃഷ്ടികളോട് പക്ഷപാതരഹിതനായി പെരുമാറുന്ന അതിമനോഹരദൃശ്യം പ്രത്യക്ഷമായിത്തന്നെ കാണാനും കഴിയുന്നു.

പിറവിചന്ദ്രന്റെ പ്രാധാന്യത്തെക്കുറിച്ചാണ് പറഞ്ഞുവന്നത്. റസൂൽ(സ) പറഞ്ഞു: പിറവി ചന്ദ്രനെ കാണുമ്പോൾ നിങ്ങൾ നോമ്പ് നോല്ക്കുക, അടുത്ത പിറവിചന്ദ്രനെ കാണുമ്പോൾ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക." (*ബുഖാരി, മുസ്‌ലിം*) രണ്ടു പിറവിചന്ദ്രന്മാർക്കിടയിൽ 29 ദിവസമോ 30 ദിവസമോ– അതാണ് നോമ്പനുഷ്ഠിക്കാനുള്ള ദിവസങ്ങൾ ആകാശം മേഘാവൃതമാണെങ്കിൽ, ഭൂമിയിൽ വർഷപാതമുള്ള അവസരമാണെങ്കിൽ പിറവിചന്ദ്രനെ കാണാൻ സാധ്യതയുണ്ടാവുകയില്ല. പ്രത്യേകിച്ച് നഗ്നനേത്രങ്ങൾകൊണ്ട് കാണുക അതീവ ദുഷ്കരമായിരിക്കും. ഇങ്ങനെയുള്ള അവസരങ്ങളിൽ ശാസ്ത്രീയമായ കണക്കിനെ ആശ്രയിക്കാവുന്നതാണ്. നബി(സ) പറയുന്നു. 'ആകാശത്ത് മേഘം മൂടിയാൽ നിങ്ങൾ കണക്ക് നോക്കി മാസം പൂർത്തിയാക്കുക.' (*ബുഖാരി*) കണക്ക് നോക്കാൻ നബി(സ) പറഞ്ഞപ്പോൾ കണക്ക് നോക്കിയാൽ മതി പിറവിചന്ദ്രനെ ദർശിക്കേണ്ടതില്ല എന്ന് പറയുന്നവരുണ്ടെങ്കിൽ അത് തിരുസുന്നത്തിന്റെ നിഷേധമാണ്.

**35. ഫിത്വ്ർ സക്കാത്ത്**:– ഉള്ളതിൽനിന്ന് ഇല്ലാത്തവന് ഒരു പങ്കുനല്കുക എന്ന മഹത്തായ ഒരു സന്ദേശത്തിന്റെ പ്രായോഗികമായ രൂപമാണ് ഫ്ത്വ്ർ സക്കാത്ത്. ഇത് നല്കുന്നവർ ധനാഢ്യരാകണമെന്നില്ല. എല്ലാവരും ഫിത്വ്ർ സക്കാത്ത് നല്കാൻ ബാദ്ധ്യസ്ഥരാണ്. ഉള്ളതിൽനിന്ന് ഒരു ഭാഗമാണ് നല്കുന്നത്. സ്വന്തം ഇഷ്ടത്തിനനുസരിച്ച് ആർക്കെങ്കിലുമൊക്കെയായി നല്കുന്ന ചില ഏർപ്പാടുകളുണ്ട്. അത് ശരിയോ പ്രവാചകമാതൃകയോ അല്ല. ഒരു കേന്ദ്രീകൃത നടപടിയായി വേണം ഫിത്വ്ർ സക്കാത്തിന് രൂപം കൊടുക്കാൻ. റസൂലുല്ലാഹ്(സ)യുടെ കാലത്ത് ധനത്തിന്റെ നിർബന്ധസക്കാത്തുപോലെതന്നെ ഫിത്വർസക്കാത്തും എല്ലാവരിൽനിന്നുമായി ശേഖരിച്ച് അർഹതപ്പെട്ട ആളുകളുടെ ഇടയിൽ വിതരണം ചെയ്യുകയായിരുന്നു പതിവ്. ഈ പതിവ് അതുപോലെ ഇന്ന് പുലരുന്നത് അഹ്മദിയ്യാ ജമാഅത്തിലാണെന്ന കാര്യത്തിൽ സംശയമില്ല. അതിനുകാരണം അക്കാലത്തെന്നതുപോലെ ഇക്കാലത്തും സുശക്തമായ ഒരു നേതൃത്വം അഹ്മദിയ്യാ ജമാഅത്തിൽ പുലരുന്നു എന്നതാണ്. അൽജമാഅത്തിന്റെ സവിശേഷതയാണിത്. അഹ്മദിയ്യാ ജമാഅത്ത് അതിലെ അംഗങ്ങളിൽനിന്ന് സക്കാത്ത് പിരിക്കുകയും ആ തുക കേന്ദ്ര നിർദ്ദേശത്തിന് വിധേയമായി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. സ്വന്തനിലയ്ക്ക് ദാനധർമ്മങ്ങളാവാം. അതു പക്ഷെ സക്കാത്തല്ല. സദഖയായിരിക്കും. സക്കാത്ത് ജമാഅത്തിലൂടെ– ഇമാമിലൂടെ മാത്രം നിർവ്വഹിക്കപ്പെടേണ്ട ഒരു സാമൂഹ്യബാധ്യതയാണ്.

റസൂലുല്ലാഹ്(സ) ഫിത്വ്ർ സക്കാത്തായി നിശ്ചയിച്ചിരുന്നത് ഒരു 'സ്വാഅ്' ഭക്ഷണമായിരുന്നു. രണ്ട് മുദ്ദ് ധാന്യം എന്നു പറയാം. ഒരാൾക്ക് ഒരു ദിവസം തൃപ്തികരമായി ആഹരിക്കാവുന്ന അളവാണത്. അത് ഈത്തപ്പഴമാവാം, ബാർലിയോ ഗോതമ്പമോ ആകാം. ഇവിടെ നമ്മുടെ നാട്ടിൽ അരിയുമാവാം. ഇതിന് തുല്യമായ സംഖ്യയുമാവാം. ഒരു സ്വാഅ് എന്നാൽ രണ്ടു കിലോ ഭക്ഷ്യധാന്യം എന്ന് ചിലർ അഭിപ്രായപ്പെടുന്നു. ബുഖാരിയിൽ 3 കിലോ എന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് ഫിത്വ്ർ സക്കാത്തിന്റെ അളവും കേന്ദ്രനേതൃത്വം തന്നെയാണ് തീരുമാനിക്കുന്നത്. മാനദണ്ഡം നേരത്തെ പറഞ്ഞതുപോലെ ഭക്ഷ്യധാന്യംതന്നെ. അതിനാവശ്യമായ പണം എത്രയാണോ, അത്രയാണ് നിശ്ചയിക്കപ്പെടുന്നത്. പ്രസ്തുത തുക ഓരോ വ്യക്തിയും പെരുന്നാളിനു മുമ്പുതന്നെ കൊടുത്തിരിക്കണം. നവജാതശിശുവിനുപോലും ഇതു ബാധകമാണെന്നറിയുക.

●